## ഒന്ന്

ഭൂമിയിലെ സുപരിചിത സീമക്കപ്പുറം നിൽക്കുന്നൊരു ഭീകരമായ ഇരുണ്ട വശത്തെ കുറിച്ചാണ് ഞാൻ ഇതിൽ വിവരിക്കാൻ പോകുന്നത്. നമ്മുടെ ഭൗമിക മണ്ഡലത്തിന്റെ മൂടുപടത്തിനപ്പുറം ഒളിഞ്ഞിരിക്കുന്ന ഭീകരതയുടെ ഒരു ചരിത്രരേഖയുണ്ട് ഇതിൽ. പ്രിയ വായനക്കാരാ, സ്വയം ഉരുക്കുക, കാരണം ഞാൻ തുറക്കാൻ പോകുന്ന കഥ നിങ്ങളുടെ ആത്മാവിനെ തന്നെ തണുപ്പിക്കും. എന്നാൽ ആദ്യം, നിങ്ങൾ ഈ ശപിക്കപ്പെട്ട ഡയറിക്കുറിപ്പുകൾക്ക് സാക്ഷ്യം വഹിക്കണം. മർത്യ മനസ്സുകൾക്ക് മനസ്സിലാക്കാൻ കഴിയാത്തത്ര ഭയാനകമായ ഒരു സത്യത്തിന്റെ ശകലങ്ങളാണ് ഈ ഡയറികുറിപ്പിലുള്ളത്.

### ഡയറി കുറിപ്പുകൾ

വളരെ വിചിത്രം എന്ന് തോന്നിക്കുന്ന ചില സ്വപ്നങ്ങൾ ഞാൻ പണ്ടുമുതലേ കാണാറുണ്ടായിരുന്നു. നമ്മളെ സ്നേഹിക്കുന്നവർ, മരണപ്പെട്ടു കഴിഞ്ഞാൽ നമ്മുടെ സ്വപ്നങ്ങളിൽ വരുമെന്ന് എന്റെ അമ്മച്ചി പറയുമായിരുന്നു. അമ്മച്ചിയടക്കം, എനിക്ക് വളരെ ഇഷ്ടപ്പെട്ട ചിലരെല്ലാം എന്റെ സ്വപ്നത്തിൽ വന്നിട്ടുമുണ്ട്. അതുപോലെ യുദ്ധത്തിൽ മരിച്ച എന്റെ സുഹൃത്തുക്കളെയും, ഞാൻ കൊന്നൊടുക്കിയവരെയും ഞാൻ സ്വപ്നം കാണാറുണ്ടായിരുന്നു. ഇപ്പോൾ, ഇതിൽ നിന്നെല്ലാം വ്യത്യസ്തമായൊരു സ്വപ്നമാണ് ഞാൻ കാണാറ്.

ആ സ്വപ്നത്തിൽ ഞാനൊരു വലിയ മുറിയിൽ കിടക്കുകയായിരുന്നു. കിടക്കയിൽ നിന്നും മുന്നോട്ടു നോക്കിയാൽ, കാണാൻ കഴിയുന്നത് ഒരു വലിയ ഛായാചിത്രമാണ്. ഏകദേശം എഴുപത്ത് വയസ്സുള്ളൊരു ഭീകരരൂപിയായ പള്ളീലച്ചന്റെ ചിത്രമായിരുന്നു അത്. ശരിക്കും

ജീവനുള്ള ഒരാളാണെന്നെ പറയൂ. ഒന്നാമത് എനിക്ക് പള്ളീലച്ഛന്മാരെ ഇഷ്ടമില്ല. ഭംഗിയുള്ള ഒരു മനുഷ്യനാണെങ്കിൽ പോട്ടെ എന്ന് വെക്കാം. എന്നാൽ അത് ശരിക്കും ഡ്രാക്കുളയെ അനുസ്മരിക്കുന്ന തരത്തിലുള്ളൊരു രൂപമായിരുന്നു. അതുമാത്രമല്ല, ഞാൻ മരവിച്ചത് പോലെയായിരുന്നു അവിടെ കിടന്നിരുന്നത്. തിരിഞ്ഞു കിടക്കാനോ തലയൊന്ന് അനക്കാനോ എനിക്ക് കഴിഞ്ഞിരുന്നില്ല. എനിക്ക് ആകെ നോക്കാൻ കഴിഞ്ഞിരുന്നത് ആ ചിത്രത്തിലേക്കും പിന്നെ ഭിത്തിയുടെ അരികിലുള്ള ജനലിലേക്കുമായിരുന്നു. ഭീകരമായ എന്തോ ഒന്ന് നടക്കാൻ പോകുന്നുണ്ടെന്ന മട്ടിൽ നല്ല മഴയും പെയ്തിരുന്നു ആ രാത്രിയിൽ.

മിന്നൽ ഇരുട്ടിനെ കീറിമുറിക്കുമ്പോൾ, അതിന്റെ വ്യക്തമായ പ്രകാശം ചുമരിൽ തൂങ്ങിക്കിടക്കുന്ന ഛായാചിത്രത്തിലേക്ക് അശുദ്ധജീവൻ ശ്വസിക്കും. അപ്പോളാ വൃദ്ധന്റെ കണ്ണുകൾ ദ്രോഹപരമായ അവബോധത്താൽ ജ്വലിക്കുന്നതായി തോന്നും. ആ തുളച്ചുകയറുന്ന നോട്ടത്തിൽ നിന്ന് രക്ഷപ്പെടാൻ ഞാൻ എന്റെ കണ്ണുകൾ മുറുകെ അടയ്ക്കും. എന്നിരുന്നാലും, ഓരോ ഇടിമിന്നലും കത്തുന്ന വിരലുകൾ പോലെ എന്റെ അടഞ്ഞ കൺപോളകളെ കീറിമുറിക്കും. ഛായാചിത്രത്തിന്റെ ഭയാനകമായ പരിവർത്തനത്തിന് വീണ്ടും സാക്ഷ്യം വഹിക്കാൻ എന്നെ നിർബന്ധിക്കും. അനിയന്ത്രിതമായ കാഴ്ചയുടെ ആ നിമിഷങ്ങളിൽ, ആ വൃദ്ധൻ എന്നെ ഉറ്റു നോക്കി നിൽക്കുന്നത് പോലെ എനിക്ക് തോന്നും.

കുറേനേരം ഞാനാ ചിത്രത്തിലേക്കും ജാലകത്തിലേക്കും മാറിമാറി നോക്കിക്കൊണ്ടിരുന്നു. അതിനിടെ എപ്പോഴോ ഞാൻ ഒന്ന് മയങ്ങാൻ വേണ്ടി കണ്ണടച്ചു. പിന്നെ ഒരു ഭീകരമായ ഇടിമുഴക്കം കേട്ടപ്പോളാണ് ഞാൻ കണ്ണുതുറന്നത്. അപ്പോൾ എന്റെ കൺമുന്നിൽ ആ വൃദ്ധന്റെ യഥാർത്ഥ രൂപം, ഒരു ഭീമൻ കടവാതിലിനെ പോലെ നിലയുറച്ച് നിൽക്കുന്നുണ്ടായിരുന്നു. മിന്നൽ വെട്ടത്തിൽ അയാളുടെ ജ്വലിക്കുന്ന കണ്ണുകൾ എന്റെ നേർക്ക് വരുന്നത് പോലെ എനിക്ക് തോന്നി.

അന്ന് ഞാൻ ആ സ്വപ്നത്തെ ഒരു ഭീതിജനകമായ സ്വപ്നമായിട്ട് മാത്രമേ കണക്കാക്കിയിരുന്നുള്ളൂ. എന്നാൽ പിറ്റേ ദിവസവും ഞാൻ അതേ സ്വപ്നം തന്നെയാണ് കണ്ടത്. അതേ മുറി, അതേ ഛായാചിത്രം. മഴക്കോളില്ലാത്തതുകൊണ്ട് എനിക്ക് അന്ന് അല്പം ആശ്വാസം തോന്നിയിരുന്നു. എന്നെ തുറിച്ചു നോക്കുന്ന ആ വൃദ്ധന്റെ രൂപം വീണ്ടും പ്രത്യക്ഷപ്പെടില്ലെന്നൊരു വിശ്വാസം എനിക്കുണ്ടായിരുന്നു. എങ്കിലും വാക്കുകൾക്കതീതമായ ഒരു ഭീകരത എനിക്ക് ചുറ്റും വലയം ചെയ്യുന്നതുപോലെ, എനിക്ക് അപ്പോഴും തോന്നിയിരുന്നു.

***

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുള്ളൊരു ശീതളാവസ്ഥയിലാണ് ഞാനിപ്പോൾ ജീവിച്ചു കൊണ്ടിരിക്കുന്നത്. യുദ്ധത്തിന്റെ എരുതി കെട്ടെങ്കിലും, ദാരിദ്ര്യത്തിന്റെയും വിരഹത്തിന്റെയും ചൂട് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഞാനിപ്പോൾ തങ്ങുന്നത്, രോഗികളെയും മാനസരോഗികളെയും ചികിത്സിക്കുന്ന ഒരു ആശുപത്രിയിലാണ്. ലണ്ടൻ പട്ടണത്തിൽ നിന്നും ഉള്ളോട്ട് ഒതുങ്ങിയ ഒരു വിജനമായ സ്ഥലത്താണ് ഈ ആശുപത്രി സ്ഥിതി ചെയ്യുന്നത്.

മരംകോച്ചുന്ന തണുപ്പിൽ മുങ്ങി കിടക്കുകയാണ് ഇപ്പോൾ ഈ ആശുപത്രി. എന്റെ മുറിയുടെ ജനലുകളെല്ലാം, മഞ്ഞു കണികകളാൽ മൂടപ്പെട്ടിരിക്കുകയാണ്. മഞ്ഞുമൂടിയ ഒരു കൂട്ടിൽ അകപ്പെട്ട അവസ്ഥയാണ് ഇപ്പോൾ. ആകെയുള്ള ആശ്വാസം സീത ഇവിടെ ഉള്ളതാണ്. യുദ്ധമെല്ലാം കഴിഞ്ഞശേഷം അവളെ ഞാൻ ലണ്ടനിലേക്ക് കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. അത് നടപ്പാക്കാൻ സാധിച്ചതിൽ എനിക്ക് ഇപ്പോൾ അഭിമാനം തോന്നുന്നു. അവളിപ്പോൾ ഇവിടെ നേഴ്സായി ജോലി എടുക്കുകയാണ്. യുദ്ധത്തിലെറ്റ കേടുപാടുകൾ കാരണം എനിക്ക് കുറച്ച് കാലത്തേക്ക് വിശ്രമിക്കേണ്ടിവരും. രാത്രികാലത്തെ ഭീതി നിറഞ്ഞ സ്വപ്നവും പുലർകാലത്തെ മൂകമായ

ജീവിതവും കാരണം ഞാൻ വല്ലാതെ തളർന്നിരിക്കുന്നു. സീതയ്ക്ക് ജോലിത്തിരക്കായതുകൊണ്ട് അവളോട് കൂടുതൽ നേരം സല്ലപിക്കാൻ കഴിയുന്നില്ല. അവൾക്കാണെങ്കിൽ എന്നോട് ശൃംഗരിക്കാൻ ഒരു മടിയുള്ളതുപോലെ. അതുകൊണ്ട് ഞാൻ സമയം കളയാൻ വേണ്ടി, തൊട്ടടുത്ത മുറിയിലുള്ള മേജർ ഷോട്ടോയെ കാണാൻ പോകും. രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടനിലെ ഒരു സൈന്യത്തെ അദ്ദേഹമായിരുന്നു നയിച്ചിരുന്നത്. തന്റെ സാമർത്ഥ്യം കൊണ്ട് വിജയിച്ച യുദ്ധ കഥകളാണ് അദ്ദേഹത്തിന് പറയാനുണ്ടാവുക. യുദ്ധം വരുത്തിവെച്ച പരിണിതഫലത്തെ കുറിച്ചൊന്നും അദ്ദേഹം ബോധവാനായിരുന്നില്ല. ഞാനൊരു സർജന്റ് ആയതുകൊണ്ട് തന്നെ, എന്നോടുള്ള അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ ഒരു ഔന്നത്യം നിലനിന്നിരുന്നു. അദ്ദേഹം എന്തെങ്കിലും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇടയിൽ കയറി സംസാരിക്കുന്നതൊന്നും, അദ്ദേഹത്തിന് ഇഷ്ടപ്പെടില്ല. അതുപോലെ എന്തെങ്കിലും കാര്യത്തെക്കുറിച്ച് ചോദിച്ചാൽ അദ്ദേഹം മൗനം പാലിച്ചിരിക്കും, അല്ലെങ്കിൽ ബന്ധമില്ലാത്ത എന്തിനെയെങ്കിലും കുറിച്ച് സംസാരിക്കും. എന്നിരുന്നാലും അദ്ദേഹത്തിന്റെ വിശ്വസിക്കാൻ പറ്റാത്ത കഥകൾ കേട്ടുകൊണ്ടാണ് ഞാൻ സമയം പോക്കാറ്.

ആകാശത്തിൽ ഇരുൾ മൂടി കഴിഞ്ഞാൽ പിന്നെ എന്റെ മനസ്സിലെ വെളിച്ചം നഷ്ടപ്പെടും. ഒരു തണുത്ത ഭീതി എന്റെ അസ്ഥികളിലേക്ക് ഇഴഞ്ഞു കയറാൻ തുടങ്ങും. ക്ഷീണം കാരണം എനിക്ക് ഉറക്കത്തെ തടഞ്ഞുനിർത്താനും ആവില്ല.  എന്റെ ഇഷ്ടത്തിന് വിരുദ്ധമായി എന്റെ കണ്ണുകൾ അടയും, വീണ്ടും ഞാനാ ഗാഢമായ സ്വപ്നത്തിലേക്ക് വീഴും. ഒരിക്കൽ കൂടി, ഞാൻ ആ ശപിക്കപ്പെട്ട മന്ദിരത്തിലെത്തും.

***

ഇന്ന് എന്റെ സ്വപ്നത്തിൽ ചില വ്യത്യാസങ്ങൾ സംഭവിച്ചിരുന്നു. ഈ പ്രാവശ്യം എനിക്ക് ആ ഭീകരമാർന്ന മുറിയിൽ കിടക്കേണ്ടി വന്നില്ല.

പകരം ഞാൻ ആ വലിയ മന്ദിരത്തിലൂടെ ഒരു അനാഥ പ്രേതം പോലെ നടക്കുകയായിരുന്നു. രണ്ടു കൂട്ടുകുടുംബങ്ങൾക്ക് വരെ തങ്ങാനുള്ളത്ര സൗകര്യമുണ്ടായിരുന്നു അവിടെ. പണ്ട് കാലത്തെ ഏതോ രാജാവ് നിർമ്മിച്ചതായിരിക്കാം ആ മന്ദിരം. പഴക്കത്തിന്റെ നിഴലിലേക്ക് ആഴ്ന്നിറങ്ങുന്ന ഇടനാഴികളും, നൂറ്റാണ്ടുകളുടെ ദുർഗന്ധം നിറഞ്ഞ മുറികളുമായിരുന്നു അവിടെ ഉണ്ടായിരുന്നത്.

കുറേക്കാലത്തോളം ആ മന്ദിരം ഉപയോഗശൂന്യമായി കിടന്നിട്ടുണ്ടാവാം. ആ മന്ദിരത്തിന്റെ മുക്കും മൂലയും എനിക്ക് സുപരിചിതമായിരുന്നു. ഓരോ വഴിയും, ഓരോ മറഞ്ഞിരിക്കുന്ന പടവുകളും എനിക്ക് വിശദീകരിക്കാൻ കഴിയാത്ത ഒരു അടുപ്പത്തോടെ എനിക്കറിയാമായിരുന്നു. ഞാൻ അവിടെ കുറെ വർഷങ്ങളോളം തങ്ങിയിട്ടുണ്ടെന്ന തോന്നലായിരുന്നു എനിക്കപ്പോൾ.

ഇരുളിന്റെ നിഴൽ മൂടിയ ആ മന്ദിരത്തിൽ ഞാൻ ഒറ്റയ്ക്ക് അകപ്പെട്ടതുപോലെ. ഭീതി കൊണ്ടാണോ വിഷമം കൊണ്ടാണോ എന്നെനിക്കറിയില്ല, എന്റെ മനസ്സ് അപ്പോൾ വല്ലാതെ തളരാൻ തുടങ്ങിയിരുന്നു. പുലർകാലത്തെ വെളിച്ചം എന്റെ കണ്ണുകളിൽ വന്ന് തട്ടിയപ്പോഴാണ്, എനിക്കാ മ്ലാനതയിൽ നിന്നും രക്ഷപ്പെടാൻ കഴിഞ്ഞത്.

എന്റെ പുലർകാല ജീവിതം എന്നും ഒരേപോലെ തന്നെയാണ്. എന്റെ സ്വപ്നത്തിൽ മാത്രമാണ് വ്യതിയാനം സംഭവിക്കുന്നത്. ജീവിതത്തിൽ കടിഞ്ഞാനിട്ടത് പോലെയുള്ള മൂകതയാണ്. ശരീരത്തിനും മനസ്സിനും സുഖം പ്രാപിച്ചു കഴിഞ്ഞാൽ, നാട്ടിലേക്ക് ഒന്ന് പോകാമായിരുന്നു. കുറേ വർഷമായി പുറം ലോകം ഒന്ന് കണ്ടിട്ട്.

***

സ്വപ്നത്തിൽ വീണ്ടും ചില മാറ്റങ്ങൾ സംഭവിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ പ്രാവശ്യം ഞാൻ ഒറ്റയ്ക്കായിരുന്നില്ല. എന്റെ കൂടെ ജാക്ക് എന്ന് പേരുള്ളൊരു പയ്യനുണ്ടായിരുന്നു. എപ്പോളോ ഞങ്ങൾ തമ്മിൽ പരിചയപ്പെട്ടിരുന്നു. അവന് ഏകദേശമൊരു പതിനെട്ട് വയസ്സു കാണും. മന്ദിരത്തിന്റെ മുകൾഭാഗത്തുള്ള ഇടനാഴിയിൽ നിന്നുമാണ് ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത്.

"നിങ്ങൾ പണ്ടേ ഇവിടെ തന്നെയാണോ," അവൻ എന്നോട് ചോദിച്ചു.

"അല്ല. ഇവിടെ വന്നിട്ട് ഇപ്പോൾ കുറേ മാസങ്ങളായി കാണും. ചിലപ്പോൾ കുറെ കൊല്ലങ്ങൾ ആയിട്ടുണ്ടാവും" എനിക്ക് വ്യക്തമായ ഒരു ഉത്തരം നൽകാൻ കഴിഞ്ഞിരുന്നില്ല.

അവൻ വീണ്ടും എന്നോട് കുറേ ചോദ്യങ്ങൾ ചോദിച്ചു. അതിൽ ചില ചോദ്യങ്ങൾക്കെല്ലാം ഞാൻ ഉത്തരം നൽകി. ഈ സമയത്താണ് അവന്റെ വല്യമ്മച്ചി അവനെ പ്രാതൽ കഴിക്കാൻ വേണ്ടി വിളിച്ചത്. അവനുടനെ എന്നെയും കൂട്ടികൊണ്ട് താഴേക്ക് നടന്നു.

തീൻമേശയ്ക്ക് ചുറ്റുമായി അവന്റെ കുടുംബാംഗങ്ങൾ ഇരിക്കുന്നുണ്ടായിരുന്നു. നടുഭാഗത്തായിട്ടായിരുന്നു അവന്റെ വല്യമ്മച്ചി ഇരുന്നിരുന്നത്. മറുവശത്ത് അവന്റെ രണ്ട് സഹോദരിമാരും.

എനിക്കൊഴിച്ച് ബാക്കിയുള്ളവർക്കെല്ലാം ഭക്ഷണം വിളമ്പിവെച്ചിരുന്നു. ഭക്ഷണം കഴിക്കുന്നതിനു മുൻപായി വല്യമ്മച്ചി എല്ലാവരോടും പ്രാർത്ഥിക്കാൻ വേണ്ടി പറഞ്ഞു. വല്യമ്മച്ചിയുടെ ആജ്ഞ പ്രകാരം, എല്ലാവരും പ്രാർത്ഥിച്ചശേഷമായിരുന്നു ഭക്ഷണം കഴിച്ചത്.

ജാക്കിന്റെ ഇരട്ട സഹോദരിയായ ജാക്കി എന്നെ ഇടയ്ക്കിടെ ഉറ്റു നോക്കുന്നുണ്ടായിരുന്നു. ഭക്ഷണം കഴിച്ച ശേഷം ജാക്കിന്റെ മൂത്ത സഹോദരിയായ ജൂലി ഒരു ബാഗെടുത്തു കൊണ്ട്, പുറത്തേക്കിറങ്ങി. അവൾ ജോലിക്ക് പോയതായിരിക്കും എന്ന് എനിക്ക് ഊഹിക്കാൻ കഴിഞ്ഞു. അവൾ ചെറുപ്പമാണ്, കൂടിയാൽ ഇരുപത്തിനാല് വയസ്സ് വരും. ആ കുടുംബത്തിന്റെ ഭാരം മുഴുവനും അവളുടെ തലയിൽ

ആണെന്നാണ് തോന്നുന്നത്. അവളുടെ മുഖത്തിലെ വാട്ടം കണ്ടാൽ തന്നെ, അതറിയാൻ കഴിയും.

ഭക്ഷണം കഴിച്ച ശേഷം ജാക്ക് എന്നെയും കൂട്ടി മുകളിലെ നിലയിലേക്ക് പോയി. അവിടെയുള്ള ഓരോ മുറികളും സൂക്ഷ്മമായി പരിശോധിക്കാൻ വേണ്ടിയായിരുന്നു അവൻ എന്നെ കൂട്ടിയത്. ഞങ്ങളുടെ കൂടെ ജാക്കിയുമുണ്ടായിരുന്നു. അവൾ ഒരു നാണം കുലുങ്ങിയായിരുന്നു. എന്നെ ഭയത്തോടെയായിരുന്നു അവൾ നോക്കിയിരുന്നത്. അപരിചിതത്വം മാറാൻ വേണ്ടി, അവളെന്നെ നോക്കുന്ന സമയത്തെല്ലാം ഞാൻ വളരെ വിനയത്തോടെ പുഞ്ചിരിച്ചിരുന്നു. അത് അവൾക്ക് ചെറിയൊരു ആശ്വാസം നൽകിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

അവരിരുവരും ആവേശത്തോടെ ആ മന്ദിരത്തിലുള്ള മുറികളെല്ലാം ചുറ്റിക്കറങ്ങി കാണുകയായിരുന്നു. എനിക്കാ മന്ദിരവും അവിടെയുള്ള മുറികളും സുപരിചിതമായിരുന്നു. കുറേ വർഷങ്ങളോളം ഞാനാ മുറികളിലൂടെ വെറുതെ ഇങ്ങനെ ഉലാത്തിയിരുന്നു. അവർ ഇപ്പോൾ അനുഭവിക്കുന്ന കൗതുകം, മുൻപെങ്ങോ ഞാനും അനുഭവിച്ചിരുന്നു. അത് എപ്പോഴാണെന്ന് എനിക്ക് കൃത്യമായി ഓർമ്മയില്ല.

ചില മുറികൾ എല്ലാം ചുറ്റി കണ്ട ശേഷം അവർ ഞാൻ ഏറ്റവും ഭയപ്പെട്ടിരുന്ന മുറിയുടെ വാതിലിന്റെ അരികിൽ എത്തി. ഞാൻ ജാക്കിനോട് ആ മുറി തുറക്കരുതെന്ന് പറഞ്ഞു. എന്നാൽ എന്റെ വാക്ക് ധിക്കരിച്ചു കൊണ്ട്, അവനാ മുറി തുറന്നു. അവരുടെ കൂടെ ആ മുറിയിലേക്ക് കടക്കാൻ എനിക്കെന്തോ ധൈര്യം വന്നില്ല. ആ മുറിയെ ഞാൻ വല്ലാതെ ഭയപ്പെട്ടിരുന്നു. പിന്നെയെന്താണ് ആ സ്വപ്നത്തിൽ സംഭവിച്ചതെന്ന് എനിക്കറിയില്ല. എവിടെ വെച്ചോ എന്റെ ആ സ്വപ്നം ദിശ തെറ്റിക്കൊണ്ട്, യുദ്ധകളത്തിൽ ചെന്നാണവസാനിച്ചത്.

ദുസ്വപ്നങ്ങൾ അല്ലാതെ നല്ല സ്വപ്നങ്ങൾ കാണാനുള്ളൊരു യോഗം എനിക്കില്ല. ഭീതിജനകമായ സ്വപ്നം കാരണം എനിക്ക് വല്ലാത്തൊരു

തളർച്ച അനുഭവപ്പെടാൻ തുടങ്ങിയിട്ടുണ്ട്. എന്റെ ഊർജ്ജം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് സീതയും പറഞ്ഞിരുന്നു.

"നിനക്ക് ഇവിടുത്തെ ജീവിതം ഇഷ്ടപ്പെടുന്നില്ല?" അവൾ എന്നോട് ചോദിച്ചു.

മരവിച്ച പുലർകാലവും, ഭീതിജനകമായ രാവുകളും നിറഞ്ഞ ഇവിടുത്തെ ജീവിതം ആർക്കാണ് ഇഷ്ടപ്പെടുക. എങ്കിലും അവളെ വിഷമിപ്പിക്കേണ്ടെന്നു കരുതി എനിക്ക് ഇവിടം ഇഷ്ടപ്പെടുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

"നീ മെഡിറ്റേഷൻ ചെയ്യാൻ തുടങ്ങണം. അത് നിന്റെ ഊർജ്ജം തിരിച്ചു കൊണ്ടുവരാൻ സഹായിക്കും"

"നിനക്ക് മാത്രമേ എനിക്ക് ഊർജ്ജം നൽകാൻ കഴിയു" ഞാൻ അവളുടെ കൈകൾ കൂട്ടി പിടിച്ചുകൊണ്ടു പറഞ്ഞു.

അവൾ നാണത്തോടെ എഴുന്നേൽക്കാൻ തുനിഞ്ഞു. അപ്പോൾ ഞാൻ അവളെ ചേർത്തുപിടിച്ചുകൊണ്ട് ചുംബിക്കാൻ ശ്രമിച്ചു. അവൾ അത് നിരസിച്ചു കൊണ്ട് എന്റെ കയ്യിൽ നിന്നും കുതറി എഴുന്നേറ്റു

"നീ മെഡിറ്റേഷൻ ചെയ്താൽ മാത്രമേ ഞാൻ ഇനി ഇങ്ങോട്ട് വരു" അത് പറഞ്ഞുകൊണ്ട് അവൾ എന്റെ മുറിയിൽ നിന്നും പുറത്തിറങ്ങി.

അവൾ ഒരുപാട് മാറിപ്പോയിരിക്കുന്നു. പണ്ട് എനിക്കായിരുന്നു നാണം. ഇപ്പോൾ നേരെ മറിച്ചായിരിക്കുന്നു. ഇങ്ങനെ പോയാൽ എന്താണ് ചെയ്യുക. എന്തായാലും അവളെ പിണക്കേണ്ടെന്നു കരുതി ഞാൻ, മെഡിറ്റേഷൻ ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. അവൾ പറഞ്ഞതുപോലെ അതെനിക്കൊരു ഊർജ്ജം നൽകുന്നുണ്ട്.

## രണ്ട്

വീണ്ടും അതേ സ്വപ്നം തന്നെ. ഇത്തവണ തീൻമേശയിൽ നിന്നും ആയിരുന്നു തുടക്കം. വല്യമ്മച്ചി എല്ലാവരോടും പ്രാർത്ഥിക്കാൻ പറയുന്നു. അവർ വല്യമ്മച്ചിയെ അനുസരിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു.

ഈ പ്രാവശ്യം പ്രാതലിനു ശേഷം ജാക്ക് എന്നെ കളിക്കാനാണ് കൂട്ടിക്കൊണ്ടുപോയത്. പകിട പോലുള്ള ഒരു കളിയായിരുന്നു അത്. ജാക്ക് എനിക്ക് കളിയുടെ നിയമങ്ങളെല്ലാം പറഞ്ഞുതന്നു. ജാക്കിയും ഉണ്ടായിരുന്നു ഞങ്ങളുടെ കൂടെ കളിക്കാൻ.

അപ്പോഴാണ് ഞാനൊരു കാര്യം ശ്രദ്ധിക്കുന്നത്. ജാക്കിന്റെ പെരുമാറ്റത്തിൽ എന്തൊക്കെയോ ചില കുഴപ്പങ്ങൾ ഉണ്ടായിരുന്നു. ചില സമയങ്ങളിൽ മാത്രമാണ് അവൻ പക്വതയോടെ പെരുമാറുക. അല്ലാത്ത സമയങ്ങളിൽ പക്വത നിറഞ്ഞ ഒരു കുട്ടിയെ പോലെയായിരുന്നു അവൻ പെരുമാറിയിരുന്നത്. ജാക്കിയും അതേ. ജാക്കിനെക്കാളും കൂടുതൽ കുട്ടിക്കളി അവൾക്കാണ്.

കളിക്കിടെ ജാക്കിയുടെ കരുവെട്ടാൻ എനിക്കൊരു അവസരം ലഭിച്ചെങ്കിലും, ഞാനാ അവസരം ഉപയോഗിച്ചില്ല. അത് അവൾക്ക് വളരെ സന്തോഷമേകിയിരുന്നു. പക്ഷേ ജാക്കിന് അത് ഒട്ടും ഇഷ്ടപ്പെട്ടില്ല. കളി അവൾ ജയിച്ചതോടെ അവർ തമ്മിൽ അടിപിടിയായി. അവരെ പിടിച്ചു മാറ്റാൻ ശ്രമിച്ചെങ്കിലും എനിക്ക് അതിന് സാധിച്ചില്ല. ഞാൻ ഒടുവിൽ ശബ്ദം ഉയർത്തി. അപ്പോൾ അവരെന്നെ ഒന്ന് തലപൊക്കി നോക്കി. അടി കൂടുന്നത് നിർത്തിയില്ലെങ്കിൽ ഞാൻ ജൂലിയോട് പറഞ്ഞു കൊടുക്കും എന്ന് ഞാൻ അവരോട് പറഞ്ഞു. പക്ഷേ അവർക്കത് വിഷയമുള്ളൊരു കാര്യമല്ലായിരുന്നു. ഞാൻ പറഞ്ഞത് വകവയ്ക്കാതെ അവർ വീണ്ടും തല്ലുകൂടാൻ തുടങ്ങി. അപ്പോഴാണ് വല്യമ്മച്ചിയുടെ ശബ്ദമുയർന്നത്. ആ ശബ്ദം കേട്ടതും അവർ എങ്ങോട്ടെന്നില്ലാതെ എഴുന്നേറ്റോടി.

രാത്രിയായപ്പോൾ ജാക്ക് തന്റെ മുറിയിലേക്ക് പോകുന്നതാണ് ഞാൻ കണ്ടത്. അപ്പോൾ എന്റെ മുന്നിൽ ആ ഭീകരമായ മുറിയായിരുന്നു. ഞാൻ അവിടെയാണ് കിടക്കേണ്ടതെന്നാണ് തോന്നുന്നത്. എനിക്ക്

എന്തോ ആ മുറി തുറക്കാൻ തന്നെ ധൈര്യം വന്നില്ല. ഞാൻ പേടിച്ചു നിൽക്കുന്നത് കണ്ടിട്ടാവണം, ജാക്ക് എന്റെ അരികിലേക്ക് വന്നു.

"നിങ്ങളാ വികാരിയച്ചനെയാണോ ഭയപ്പെടുന്നത്," അവൻ ചോദിച്ചു.

ഞാൻ അതെയെന്ന രീതിയിൽ തലയട്ടി.

"ഞാനും ഇടയ്ക്കിടെ അയാളെ കാണാറുണ്ട്. അയാളുടെ മുഖം കണ്ടാൽ തന്നെ പേടിയാവും. ഞാൻ ഇക്കാര്യം ജൂലിയോട് പറഞ്ഞിരുന്നു. പക്ഷേ അതെല്ലാം എന്റെ തോന്നലാണെന്നാ അവൾ പറഞ്ഞത്,"

"അയാൾ ആരാണ്?" ഞാൻ ചോദിച്ചു.

"പ്രേതം"

അവൻ പറഞ്ഞത് കേട്ടപ്പോൾ, ഒരു അസ്വസ്ഥതയുടെ വിറയൽ എന്നിൽ അലയടിച്ചു. പിന്നെ അവന്റെ നിശബ്ദമായ വാഗ്ദാനം വന്നു
"പേടിയുണ്ടെങ്കിൽ എന്റെ മുറിയിലേക്ക് വന്നോ"

അപ്പോഴാണ് എന്റെ നെഞ്ചിലെ അഗ്നി ഒന്ന് കെട്ടണിഞ്ഞത്.

"ഇതാണ് എന്റെ മുറി"

അവൻ തന്റെ വിശാലമായ മുറി എനിക്ക് കാണിച്ചു തന്നു. ആ ഭീകര മുറി പോലെ തന്നെയായിരുന്നു അവന്റെ മുറിയും. മൂന്ന് പേർക്ക് കിടക്കാൻ പറ്റുന്ന ഒരു വലിയ കട്ടിൽ. ഇടതുഭാഗത്തായി ഒരു വലിയ അലമാര. പിന്നെ അവന്റേതായ ചില സാധനങ്ങളും.

ഞാൻ കട്ടിലിന്റെ അരികിലുള്ള കസേരയിൽ ചെന്നിരുന്നു.

"നിങ്ങൾ ഇതിനുമുമ്പ് ഇവിടെ വന്നിട്ടുണ്ടോ?" അവൻ എന്നോട് ചോദിച്ചു.

"എപ്പോഴോ ഒരിക്കൽ" ഞാൻ പറഞ്ഞു.

"സൊ.." അവൻ എന്തോ പറയാൻ തുടങ്ങുന്നത് പോലെ നടിച്ചു. പക്ഷേ അവൻ ഒന്നും മിണ്ടിയില്ല. അവൻ നേരെ കിടക്കയിൽ കയറിയിരുന്നു കൊണ്ട് പ്രാർത്ഥിക്കാൻ തുടങ്ങി.

"ഉറങ്ങുന്നതിനു മുന്നേ ദൈവത്തോട് പ്രാർത്ഥിക്കണം" അവൻ എന്നെ നോക്കിക്കൊണ്ട് തുടർന്നു. "പ്രാർത്ഥിക്കുന്നില്ലേ?"

"എനിക്ക് ദൈവത്തിൽ വിശ്വാസമില്ല" ഞാൻ പറഞ്ഞു.

"അതെന്താ?"

"വിശ്വാസമില്ല അത്രതന്നെ"

"നിങ്ങൾക്ക് പ്രേതത്തിൽ വിശ്വാസം ഉണ്ടോ"

ഞാൻ അതെ എന്ന രീതിയിൽ തലയട്ടി.

"യു ആർ ഫണ്ണി മാൻ" അവൻ കുസൃതിയോടെ ചിരിച്ചുകൊണ്ട് നേരെ ഉറങ്ങാൻ കിടന്നു.

പിറ്റേദിവസം ഇതേ സ്വപ്നം തന്നെ. തീൻമേശാ, വല്യമ്മച്ചിയുടെ പ്രാർത്ഥനയ്ക്ക് ശേഷമുള്ള അത്താഴം, അതെ ചതുരക്കളി. ഇടയ്ക്കെപ്പോഴോ വല്യമ്മച്ചി ഞങ്ങളുട കളി കാണാൻ വന്നിരുന്നു. അവർ ദയനീയമായി ജാക്കിനെയും ജാക്കിയേയും നോക്കിയ ശേഷം, വിചിത്രമായൊരു നോട്ടം എന്നിലേക്കും എറിഞ്ഞു. ആ നോട്ടത്തിന്റെ അർത്ഥം എന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല.

***

ഈ സ്വപ്നം സ്ഥിരമായി കാണാൻ തുടങ്ങിയതോടെ ഞാനും ആ വീട്ടിലെ ഒരു അംഗമായി മാറി. ഇപ്പോൾ ഞാൻ ജാക്കിനൊപ്പമാണ് കിടക്കാറ്. അവനുമായി ഞാൻ കൂടുതൽ അടുത്തിരിക്കുന്നു. ഒരു പ്രത്യേക സ്വഭാവക്കാരനായിരുന്നു ജാക്ക്. മിക്കപ്പോഴും കുസൃതി നിറഞ്ഞ ഒരു ചിരിയോടെയാണ് അവൻ സംസാരിക്കുക. എല്ലാ

കാര്യവും അവൻ നിസ്സാരമായിട്ടാണ് എടുക്കാറ്. ചില സമയം അവൻ എന്തെങ്കിലും ആലോചിച്ചിരിക്കും. അല്ലാത്ത സമയങ്ങളിൽ അവൻ വളരെ ഉന്മേഷവാനായിരിക്കും. ഒരു സൈക്യാട്രിസ്റ്റിനെ കാണിച്ചാൽ മാറാവുന്ന പ്രശ്നമേ അവനുണ്ടായിരുന്നുള്ളൂ. ജൂലി അതിനുള്ള ശ്രമം നടത്തുന്നുണ്ടെന്നാണ് തോന്നുന്നത്. ഒരു ദിവസം അവർ രണ്ടുപേരും ഏതോ ഡോക്ടറെ കാണാനായിട്ട് പോയിരുന്നു. ആ കാര്യം എന്നോട് വളരെ രഹസ്യമായിട്ടാണ് അവൻ പറഞ്ഞത്. ജൂലിയുടെ സാന്നിധ്യത്തിൽ അവൻ അങ്ങനെയാണ് എന്നോട് സംസാരിക്കാറ്.

അവൻ എന്നോട് സംസാരിക്കുന്നത് ജൂലിക്ക് ഇഷ്ടമില്ലായിരുന്നു. പ്രാതലിനു മുൻപുള്ള വല്യമ്മച്ചിയുടെ പ്രാർത്ഥന കാണുമ്പോൾ അവന് ചിരി വരും. അവൻ ഒരു ഇടം കണ്ണിട്ടു കൊണ്ട് എന്നെ നോക്കി ചിരിക്കും. അത് ജൂലിക്ക് ഇഷ്ടപ്പെടില്ല. അവൾ അവനെ കണ്ണുരുട്ടി പേടിപ്പിക്കും. അവനാണെങ്കിൽ ജൂലിയെ ഭയങ്കര പേടിയാണ്. അവളൊന്ന് കോപത്തോടെ അവന്റെ പേര് വിളിച്ചാൽ പിന്നെ, അവൻ ഒന്നും മിണ്ടില്ല.

ജാക്കിനെ പോലെ തന്നെ ജാക്കിയുമായി ഞാൻ അടുത്തു തുടങ്ങിയിരിക്കുന്നു. അവൾ വലിയ നാണക്കാരിയാണ്. ചില സമയങ്ങളിൽ മാത്രമേ സംസാരിക്കുകയുള്ളൂ. അല്ലാത്തപ്പോൾ അവൾ മൂകമായി ഒരേ ഇരിപ്പിരിക്കും. ജാക്കിനോട് മാത്രമാണ് അവൾ കൂടുതലായി സംസാരിക്കുക. അവൾക്കും ജൂലിയെ പേടിയായിരുന്നു.

എന്നോടുള്ള അവളുടെ പെരുമാറ്റത്തിൽ എന്തോ കുഴപ്പമുള്ളത് പോലെയാണ് എനിക്ക് തോന്നുന്നത്. അവൾ വളരെ താല്പര്യത്തോടെയാണ് എന്നെ നോക്കാറ്. ആ നോട്ടത്തിൽ ഒരു പ്രണയത്തിന്റെ അംശം ഉണ്ടാവാറുണ്ട്. ഒരുപക്ഷേ അതെന്റെ തോന്നലായിരിക്കാം.

അവരുടെ മാതാപിതാക്കളെ ഞാൻ ഇതുവരെ കണ്ടില്ലായിരുന്നു. ജാക്ക് ഉറങ്ങാൻ കിടക്കുമ്പോൾ ഞാൻ ഇക്കാര്യം അവനോട് ചോദിച്ചിരുന്നു.

അവൻ മറുപടിയായി, തലയ്ക്ക് വെടിയേക്കുന്നത് പോലെയുള്ളൊരു ആംഗ്യമാണ് കാണിച്ചത്.

"അവർ മരിച്ചോ?" ഞാൻ സംശയത്തോടെ അവനോട് ചോദിച്ചു.

അവൻ അതെയെന്ന രീതിയിൽ തലയാട്ടി.

"യൂ നോ സംതിങ്, മരിക്കുന്നവരാരും ഇവിടം വിട്ടു പോകുന്നില്ല" അത് പറഞ്ഞുകൊണ്ട് അവൻ ഭീതിയോടെ ആരെയോ നോക്കിക്കൊണ്ടിരുന്നു.

ഞാൻ അല്പം നടുക്കത്തോടെ തിരിഞ്ഞു നോക്കി.

വാതിൽക്കൽ ഒരു നിഴൽ രൂപം, അവളുടെ നീണ്ട മുടി തോളിൽ ഒരു ഇരുണ്ട മൂടുപടം പോലെ വീണു കിടക്കുന്നു. ഒരു നിമിഷം ഭയം എന്നെ പൂർണ്ണമായും തളർത്തി. പക്ഷേ, അവൾ മുറിയുടെ മങ്ങിയ വെളിച്ചത്തിലേക്ക് കാലെടുത്തുവച്ചപ്പോളാണ്, അമ്പരപ്പിക്കുന്ന വ്യക്തതയോടെ എന്നിൽ തിരിച്ചറിവ് ഉദിച്ചത്. അത് ജൂലി ആയിരുന്നു.

"നിനക്ക് ഇതുവരെ കിടക്കാനായില്ലേ?" അവൾ ശബ്ദമുയർത്തിക്കൊണ്ട് ജാക്കിനോട് ചോദിച്ചു.

അവൻ ഒന്നും മിണ്ടാതെ പുതപ്പിനുള്ളിലേക്ക് നുഴഞ്ഞു കയറി. തുടർന്നുള്ള കനത്ത നിശബ്ദതയിൽ, അവളുടെ നോട്ടം എന്നിലേക്ക് ഒഴുകിവന്നു. എനിക്ക് മനസ്സിലാക്കാൻ കഴിയാത്ത അർത്ഥങ്ങൾ നിറഞ്ഞൊരു നോട്ടം. തുടർന്ന് അവൾ ഒന്നും പറയാതെ ആ മുറിയിൽ നിന്നും പുറത്തേക്കിറങ്ങി.

***

പരിചിതമായ ആ പേടിസ്വപ്നം വീണ്ടും എന്നെ പിടികൂടി, പക്ഷേ ഇത്തവണ ഞാൻ മുമ്പ് സഹിച്ചതിനേക്കാൾ വളരെ ആഴത്തിലുള്ള ഒരു ഭീകരതയിലാണ് ചെന്നെത്തിയത്.

പതിവുപോലെ പ്രാതലിനു ശേഷം ഞങ്ങൾ പകിട കളിയിൽ ഏർപ്പെട്ടു. എനിക്ക് ആ കളിയോട് വളരെ മടുപ്പ് തോന്നിയിരുന്നു. എനിക്കാ കളി തുടരാൻ താല്പര്യമില്ലെന്ന വിവരം ഞാൻ അവരെ അറിയിച്ചു.

"എങ്കിൽ നമുക്ക് മറ്റെന്തെങ്കിലും കളിക്കാം" ജാക്ക് അഭിപ്രായപ്പെട്ടു.

"നമുക്ക് പുറത്തുപോയി കളിച്ചാലോ" ജാക്കി പറഞ്ഞു.

അന്ന് ആദ്യമായിട്ട് ഞാൻ ആ മന്ദിരത്തിൽ നിന്നും പുറത്തിറങ്ങി. ഞാൻ വിചാരിച്ചതിനെക്കാളും വലുപ്പമുണ്ടായിരുന്നു ആ മന്ദിരത്തിന്. പുതിയ പെയിന്റ് അടിച്ചതുകൊണ്ട് ആളൊന്നു മിനുങ്ങിയിട്ടുണ്ടായിരുന്നു.

കെട്ടിടത്തിന്റെ മുൻഭാഗം ശ്രദ്ധാപൂർവ്വം വരച്ച ഒരു ചിത്രം പോലെ മനോഹരമായിരുന്നു. അതിന്റെ പ്രധാന വീഥി സമൃദ്ധമായ ചെടികളാൽ അലങ്കരിച്ചിരുന്നു.

വലതുവശത്ത് ഒരു ഉദ്യാനവുമുണ്ട്, അതിലെ പൂക്കൾ കലാസൃഷ്ടി നിറഞ്ഞ സമൃദ്ധിയിൽ ഒഴുകി നടക്കുന്നത് പോലെ തോന്നും. ഇടതുവശത്താണെങ്കിൽ ഒരു ഗംഭീരമായ ലാബ്രിന്തുമുണ്ട്. അതിന്റെ സങ്കീർണ്ണമായ പാതകൾ നിഗൂഢമായി വളഞ്ഞുപുളഞ്ഞു കിടപ്പുണ്ടാരിരുന്നു. ആ കുരുക്കിലേക്കായിരുന്നു ജാക്കി ഞങ്ങളുടെ ആകാംക്ഷയുള്ള ചുവടുകൾ നയിച്ചത്.

"നമുക്ക് ഒളിച്ചു കളിച്ചാലോ. ഇവിടെയാകുമ്പോൾ പെട്ടെന്ന് ആർക്കും കണ്ടുപിടിക്കാൻ കഴിയില്ല."

അത് പറഞ്ഞുകൊണ്ട് അവളാ ലാബ്രിന്തിന്റെ അരികിലേക്ക് നീങ്ങി.

"യൂ നോ, അവൾക്ക് ചെറിയൊരു തകരാറുണ്ട്," ജാക്ക് അല്പം ഗൗരവത്തോടെ പറഞ്ഞു.

"ഇവിടേക്ക് അവസാനം വരുന്ന ആളു വേണം ബാക്കിയുള്ളവരെ കണ്ടുപിടിക്കാൻ" ലാബ്രിന്തിലെക്ക് പ്രവേശിക്കുന്നതിനു മുൻപായി ജാക്കി ഉറക്കെ വിളിച്ചു പറഞ്ഞു.

അത് കേട്ടതും ഒരു കുസൃതി നിറഞ്ഞ ചിരിയോടെ ജാക്ക് ലാബ്രിന്തിന്റെ അരികിലേക്ക് ഓടാൻ തുടങ്ങി. അങ്ങനെ അവരെ കണ്ടെത്തേണ്ട ചുമതല എനിക്കായി.

ഒരാളെ വട്ടംചുറ്റിക്കുന്ന തരത്തിലായിരുന്നു ആ ലാബ്രിന്ത് നിർമ്മിച്ചിരുന്നത്. ഞാൻ കുറേസമയം അതിനുള്ളിലൂടെ വട്ടം കറങ്ങി കളിച്ചിട്ടുണ്ടാവും. പക്ഷേ അതെന്നെ ഒട്ടും തളർത്തിയില്ലായിരുന്നു. അവരെ കണ്ടെത്താനുള്ളൊരു ആവേശത്തോടെ ഞാൻ മുന്നോട്ടു കുതിക്കാൻ ഒരുങ്ങി. അപ്പോഴാണ് ഞാൻ ആ കാഴ്ച കണ്ടത്.

എന്റെ മുൻപിലായി ഒരു സൈനികന്റെ ജീർണിച്ച രൂപം നിലയുറച്ചു നിൽക്കുന്നു. അയാളുടെ വിളറി വെളുത്ത മുഖത്ത്, കട്ടപിടിച്ച ചോരയുടെ അംശങ്ങൾ ഒട്ടി നിൽക്കുന്നുണ്ടായിരുന്നു. ഒരു ഗാഢമായ തണുപ്പ് എന്റെ ശരീരത്തെ പിടികൂടി. എതിർക്കാൻ കഴിയാത്ത ഒരു ഭീതിയിൽ ഞാൻ നിലത്തുവീണു. പിന്നെ ഞാൻ പിന്നോട്ട് നോക്കാൻ ധൈര്യപ്പെടാതെ ആ ശപിക്കപ്പെട്ട ലാബിരിന്തിന്റെ ഇടനാഴികളിലൂടെ ശ്വാസം കിട്ടാതെ, അന്ധമായി ഓടാൻ തുടങ്ങി.

വളഞ്ഞുപുളഞ്ഞു കിടക്കുന്ന ആ ലാബ്രിന്തിൽ നിന്നും പുറത്ത് കടക്കുകയെന്ന് പറയുന്നത് വളരെ പ്രയാസമുള്ളൊരു കാര്യമായിരുന്നു. പോരാത്തതിന്, ഭയം കാരണം എന്നോട് വന്ന വഴി മറന്നുപോയിരുന്നു. ഞാൻ എങ്ങോട്ടെന്നില്ലാതെ ആയിരുന്നു ഓടിയിരുന്നത്. അതിനിടയിൽ ഞാൻ ജാക്കിയുമായി കൂട്ടിയിടിച്ചു. ഭയന്ന് വിറങ്ങലിച്ച് നിൽക്കുന്ന എന്നെ കണ്ട് അവൾ ചിരിക്കാൻ തുടങ്ങി. സുരക്ഷിതത്വം കൈവന്ന സന്തോഷത്തിൽ ഞാൻ അപ്പോൾ അവളെ കെട്ടിപ്പുണർന്നു.

ഭയം മാറിയ ശേഷമായിരുന്നു ഞാൻ അവളുടെ ദേഹത്തിൽ നിന്നും കൈയെടുത്തത്. അവളപ്പോൾ എന്നെ ലജ്ജയോടെ ആയിരുന്നു നോക്കിയിരുന്നത്. ഞാനെന്തിനാണ് അവളെ കെട്ടിപ്പിടിച്ചതെന്ന്

അവൾക്ക് മനസ്സിലായിരുന്നില്ല. ഞാനാണെങ്കിൽ അത് അവളോട് വിവരിക്കാനും നിന്നില്ല.

ഞാൻ സമയം കളയാതെ വേഗം അവളെയും കൂട്ടി ജാക്കിനെ അന്വേഷിക്കാൻ തുടങ്ങി. ലാബ്രിന്തിന്റെ നടുഭാഗത്തായി എന്തോ ചിന്തിച്ചു നിൽക്കുകയായിരുന്നു ജാക്ക്.

"ജാക്ക്," ഞാൻ അവനെ വിളിച്ചു.

"ശൂ..ശൂ. യു ഗയ്സ് ഫീൽ സംതിങ്," അവൻ ഞങ്ങളോട് ചോദിച്ചു.

അവൻ പറഞ്ഞതുപോലെ അവിടെ ആരുടെയൊക്കെ സാന്നിധ്യം ഉള്ളതുപോലെ എനിക്ക് തോന്നിയിരുന്നു. പോരാത്തതിന് എന്റെ കാലിൽ എന്തോ ഒന്ന് നുഴഞ്ഞുകയറുന്നത് പോലെ. അപ്പോഴാണ് ഞാൻ എന്റെ കാലിലേക്ക് നോക്കിയത്. വളരെ വിചിത്രമായ ഒരു വൃത്തം എന്റെ കാലിന് ചുറ്റും രൂപം കൊണ്ടു വരുന്നുണ്ടായിരുന്നു. അതിൽ എന്തൊക്കെയോ ചിഹ്നങ്ങളുമുണ്ടായിരുന്നു.

പെട്ടെന്ന് കാലാവസ്ഥ മാറാൻ തുടങ്ങി. ചുറ്റും ഇരുട്ട് വ്യാപിച്ചു. ഞാനപ്പോൾ തലയുയർത്തി നോക്കി. എന്റെ മുന്നിൽ ജാക്ക് ഉണ്ടായിരുന്നില്ല. ഞാൻ ഉടനെ ജാക്കിയെ തിരിഞ്ഞുനോക്കി, അവളും അവിടെ ഉണ്ടായിരുന്നില്ല. പെട്ടെന്ന് എന്റെ ചുറ്റും, മരിച്ചു മണ്ണടിഞ്ഞ സൈനികരുടെ രൂപങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. പൊടുന്നനെ ഒരു ഇടിയും വെട്ടി, അതോടൊപ്പം 'ട്ടോ' എന്നൊരു ശബ്ദവും. ഞാൻ പേടിച്ചു തിരിഞ്ഞുനോക്കി. അത് ജാക്കിയായിരുന്നു. ആ സമയം ഇടിമിന്നലും, അന്ധകാരവും, ജീർണിച്ച മനുഷ്യശരീരങ്ങളും, എല്ലാം മാഞ്ഞു പോയിരുന്നു.

"യു ഫീൽ സംതിങ്," ജാക്ക് വീണ്ടും എന്നോട് ചോദിച്ചു.

ഞാനെന്താണ് അവിടെ കണ്ടതെന്ന് അവനോട് പറയാൻ നിന്നില്ല. ഞാൻ അവരെയും കൂട്ടി ആ ലാബ്രിന്തിൽ നിന്നും പുറത്തിറങ്ങി. ഇനിയൊരിക്കലും ആ ലാബ്രിന്തിലേക്ക് പോകരുതെന്ന് ഞാൻ അവരോട് പറഞ്ഞു.

സ്വപ്നത്തിൽ ഭീകരത പടർന്നതോടെ എന്റെ മനസ്സമാധാനം ആക്കെ തകർന്നിരിക്കുന്നു. ഇക്കാര്യം ആരോടെങ്കിലും പറഞ്ഞാലോ എന്ന് ഞാൻ കരുതി. സീതയോട് പറഞ്ഞിട്ട് കാര്യമില്ല. അവൾ ഇത്തരത്തിലുള്ള കാര്യങ്ങളൊന്നും വിശ്വസിക്കില്ല.

അവളല്ലാതെ എനിക്ക് ഇവിടെ പരിചയമുള്ളത് മേജർ ഷോൾടോവിനെയാണ്. അദ്ദേഹം ഈ കാര്യം എങ്ങനെ എടുക്കുമെന്ന് എനിക്കറിയില്ല. എങ്കിലും ഞാൻ ഈ കാര്യം അദ്ദേഹത്തോട് പറഞ്ഞു. പക്ഷേ അദ്ദേഹം ഇക്കാര്യം വളരെ ഗൗരവത്തോടെയായിരുന്നു എടുത്തത്.

"നീ കാണുന്ന സ്വപ്നത്തിന് എന്തെങ്കിലും അർത്ഥം ഉണ്ടാവാൻ സാധ്യതയുണ്ട്," അദ്ദേഹം ഗൗരവത്തോടെ കസേരയിലേക്ക് ചാരിയിരുന്നുകൊണ്ട് തുടർന്നു. "നമ്മൾ നടക്കാൻ പോകുന്ന ഒരു സംഭവത്തെക്കുറിച്ച് സ്വപ്നം കണ്ടെന്നു വരും. അതുപോലെ അമാനുഷ്യമായ ഒരു ശക്തി കാരണം നമ്മൾ ചില സ്വപ്നങ്ങൾ കണ്ടെന്നും വരാം. ഞാൻ യുദ്ധത്തിലായ സമയത്ത് ഇത്തരത്തിലുള്ള ഒരു സ്വപ്നം ഞാൻ കണ്ടിട്ടുണ്ട്. ആ സ്വപ്നത്തിൽ ഒരു സോൾജിയർ എന്റെ ക്യാബിനിലേക്ക് കടന്നുവന്നു കൊണ്ട്, ശത്രുക്കൾ പുൽക്കെട്ടുകൾ കൂട്ടിവച്ച സ്ഥലത്തിലൂടെ നുഴഞ്ഞുകയറുന്നുണ്ടെന്ന് പറഞ്ഞു. നീ അവരെ കണ്ടിട്ടുണ്ടോ എന്ന് ഞാൻ അവനോട് ചോദിച്ചു. ആ സമയം അവൻ ഒന്നും സംസാരിക്കാതെ തിരിച്ചുപോയി. അപ്പോഴാണ് ഞാൻ അവന്റെ തലയുടെ പുറംഭാഗം ശ്രദ്ധിച്ചത്. അവന്റെ തലയുടെ പുറംഭാഗത്ത് വെടിയേറ്റിരുന്നു. ആ വലിയ മുറിവിലൂടെ ചോര ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. പെട്ടെന്ന് ഞാനാ സ്വപ്നത്തിൽ നിന്നും ഞെട്ടി ഉണർന്നു. ഞാൻ ഉടനെ തന്നെ സർജന്റിനെയും കുറച്ച് സൈനികരെയും കൂട്ടിക്കൊണ്ട് പുൽക്കെട്ടുകൾ കൂട്ടിവെച്ച സ്ഥലത്തേക്ക് പോയി നോക്കി. ആ ഭാഗത്തിലൂടെ ശത്രുക്കൾ നുഴഞ്ഞുകേറുന്നുണ്ടായിരുന്നു. ഞങ്ങളുടെ വരവ് അവർ ഒട്ടും പ്രതീക്ഷിച്ചില്ലായിരുന്നു. അതുകൊണ്ട് ഞങ്ങൾക്ക് അവരെ

എളുപ്പത്തിൽ കീഴ്പ്പെടുത്താൻ കഴിഞ്ഞു. ആ ഭാഗത്ത് കാവൽ നിന്ന ഒരുവനെ അവർ വെടിവെച്ചു കൊന്നിരുന്നു. അവന്റെ മൃതദേഹം കണ്ടപ്പോഴാണ് ഞാൻ ശരിക്കും ഞെട്ടി പോയത്. ആ വെടിയേറ്റ് മരിച്ചു കിടക്കുന്ന സൈനികനായിരുന്നു എന്റെ സ്വപ്നത്തിൽ വന്നിരുന്നത്. ഈ സംഭവം ഞാൻ അങ്ങനെ ആരോടും പറഞ്ഞിരുന്നില്ല. കാരണം പലരും എന്നെ വിശ്വസിക്കില്ലെന്ന് എനിക്കറിയാം. പക്ഷേ മനുഷ്യമനസ്സിന് അളക്കാൻ പറ്റാത്ത പലതും ഈ ഭൂമിയിലുണ്ട്."

അദ്ദേഹം പറഞ്ഞത് സത്യമാണെന്ന് ഞാൻ കരുതുന്നു. കാരണം അദ്ദേഹം അത്രയും ഗൗരവത്തോടെ ആയിരുന്നു ആ സംഭവത്തെക്കുറിച്ച് വിശദീകരിച്ചത്. മാത്രവുമല്ല അത്തരത്തിലുള്ളൊരു സ്വപ്നം ഞാനും കണ്ടിട്ടുണ്ട്. പക്ഷേ ഈ സ്വപ്നം അതിൽ നിന്നും വ്യത്യസ്തമാണ്. എന്നിരുന്നാലും, അദ്ദേഹം പറഞ്ഞതുപോലെ ഈ സ്വപ്നങ്ങൾക്കെല്ലാം എന്തെങ്കിലും ഒരു അർത്ഥമുണ്ടാവാം. അതെന്താണെന്ന് ആദ്യം കണ്ടെത്തണം.

## മൂന്ന്

ഇന്നലെയുമാ സ്വപ്നത്തിൽ വീഴുമെന്ന് എനിക്ക്  ഉറപ്പായിരുന്നു. ഇതിന്റെ എല്ലാം അർത്ഥം എന്താണെന്ന് കണ്ടെത്തണമെന്നൊരു മനോഭാവത്തോടെ ആയിരുന്നു ഞാൻ കിടന്നത്.

സ്വപ്നത്തിൽ പതിവുപോലെ പ്രാർത്ഥനയും അതിനുശേഷം ഉള്ള പ്രാതലും. പക്ഷേ പ്രാതലിനു ശേഷം ഞാൻ ജാക്കിനെ കണ്ടില്ല. ജാക്കില്ലാത്തതുകൊണ്ട് ഞങ്ങൾ അന്ന് കളിച്ചിട്ടുമില്ല. ഞാൻ കുറച്ചുനേരം മന്ദിരത്തിലൂടെ വെറുതെ അലഞ്ഞുതിരിഞ്ഞു നടന്നു. അല്പസമയം കഴിഞ്ഞപ്പോൾ ജാക്കി എന്റെ അരികിലേക്ക് വന്നു.

"നമുക്ക് പുറത്തു പോയാലോ?" അവൾ എന്നോട് ചോദിച്ചു.

"വീണ്ടും ആ നശിച്ച സ്ഥലത്തേക്ക്  തന്നെയാണോ?"

"അവിടെക്കല്ല പൂന്തോട്ടത്തിലേക്ക്,"

അവൾ ആവേശത്തോടെ എന്റെ കൈപിടിച്ചുകൊണ്ട് പുറത്തേക്കിറങ്ങി.

അന്നത്തെ സായാഹ്നം ഞങ്ങളാ ഉദ്യാനത്തിൽ ചിലവഴിച്ചു. ചില സമയത്ത് അവളെന്റെ കയ്യിൽ തല ചായ്ച്ചു കൊണ്ടായിരുന്നു നടന്നത്. കുറെ വർഷങ്ങൾക്കുശേഷം ഒരു പെണ്ണിന്റെ സ്പർശനം എന്റെ ശരീരത്തിൽ ഏറ്റത് പോലെയാണ് എനിക്ക് അപ്പോൾ തോന്നിയത്. ആ ദിവസം, പറയാനറിയാത്ത എന്തോ ഒന്ന് ഞങ്ങളെ കൂടുതൽ അടുപ്പിക്കുന്നതായി എനിക് തോന്നി. ആ നിമിഷം, ശാശ്വതമായി തോന്നുന്ന ഒരു സന്തോഷം എനിക്ക് അനുഭവപ്പെട്ടു.

അന്ന് രാത്രിയായപ്പോളാണ് ജാക്ക് വന്നത്. അവന് മറ്റ് ചില വിശേഷങ്ങൾ ആയിരുന്നു പറയാനുണ്ടായിരുന്നത്. അവനെ ചികിത്സിക്കുന്ന ഡോക്ടറോട് അവനൊരു അനുകമ്പ തോന്നിയിട്ടുണ്ടത്രേ.

"എനിക്ക് അവളെ വല്ലാതെ അങ്ങ് ഇഷ്ടപ്പെട്ടു. ഇതിനെയാണോ നമ്മൾ പ്രണയം എന്ന് പറയുന്നത്?" അവൻ എന്നോട് ചോദിച്ചു. ഞാൻ പ്രത്യേകിച്ച് ഒന്നും അവനോട് പറയാൻ നിന്നില്ല.

"നിങ്ങൾ പ്രണയിച്ചിട്ടുണ്ടോ?"

ഞാനതെ എന്ന രീതിയിൽ തലയാട്ടി. അപ്പോൾ അവന് ആവേശം കൂടി.

"ആരെയാണ്," അവൻ ചോദിച്ചു.

"സീത" ഞാൻ പറഞ്ഞു.

"സീത.. നിങ്ങൾ എങ്ങനെയാണ് കണ്ടുമുട്ടിയത്?"

"കോളേജിൽ വെച്ച്."

"ഓക്കേ, അപ്പോൾ കോളേജിൽ പോയാൽ പ്രണയിക്കാൻ പറ്റും അല്ലേ?"

അവന്റെ ചോദ്യം കേട്ടപ്പോൾ എനിക്ക് ചിരിയാണ് വന്നത്. അതിനുശേഷം അവൻ കൂടുതൽ ചോദ്യങ്ങൾ ഒന്നും ചോദിച്ചില്ല. എന്തൊക്കെയോ ആലോചിച്ചുകൊണ്ട് അവൻ കിടന്നു.

ഭയമുള്ള സ്വപ്നങ്ങൾ ഒഴിഞ്ഞു മാറിയെങ്കിലും രാവിലെ എഴുന്നേൽക്കുമ്പോൾ വല്ലാത്ത ക്ഷീണം അനുഭവപ്പെടും. ഇത് കാരണം ഇപ്പോൾ ഉച്ചമയക്കവുമുണ്ട്. അപ്പോൾ ഞാൻ മനോഹരമായ സ്വപ്നങ്ങളാണ് കാണാറ്, മിക്കവാറും അത് സീതയോടൊത്തുള്ള കുടുംബജീവിതം ആയിരിക്കും. അല്ലെങ്കിൽ ശൂന്യമായ ഉറക്കം. ചുരുക്കി പറയുകയാണെങ്കിൽ ഞാനിപ്പോൾ കൂടുതൽ സമയവും ഉറങ്ങാൻ വേണ്ടിയാണ് ചിലവഴിക്കുന്നത്.

***

വീണ്ടും അതെ ഉദ്യാനം, ഞാനും ജാക്കിയും മാത്രം. അവൾ വളരെ സന്തുഷ്ടയായി കാണപ്പെട്ടിരുന്നു. അവളുടെ ഉല്ലാസത്തിൽ ഞാനും പങ്കുചേർന്നു. കുറച്ചു കഴിഞ്ഞപ്പോൾ, ഞാൻ ആ പൂന്തോട്ടത്തിലെ ഒരു ശാന്തമായ ഇരിപ്പിടത്തിലേക്ക് നീങ്ങി. അവിടുന്ന് നോക്കിയാൽ മങ്ങിപ്പോകുന്ന വെളിച്ചത്തിനു കീഴിൽ, മൃദുവായി ആടുന്ന ഒരു വിശാലമായ പുൽമേട് കാണാം. സായംസന്ധ്യയുടെ സ്വർണ്ണ വെളിച്ചത്തിൽ തിളങ്ങുന്ന ഒരു അത്ഭുത കാഴ്ചയായിരുന്നു അത്.

വൈകാതെ ജാക്കിയും എന്റെ അരികിലേക്ക് വന്നിരുന്നു. ആ കാഴ്ച അവളിലും മതിപ്പുളവാക്കി. ഒരു ശാന്തമായ പുഞ്ചിരിയോടെ, അവൾ എന്റെ തോളിൽ തല ചായ്ച്ചു. പതിയെ അവൾ എന്റെ മുഖത്തോടടുത്തു. അവളുടെ തേൻ തുളുമ്പുന്ന ചുണ്ടുകൾ കൊണ്ട് അവൾ എനിക്കൊരു ചുംബനം നൽകി. എന്ത് ചെയ്യണമെന്നറിയാതെ ഞാൻ പിന്നിലേക്ക് മാറി നിന്നു. പിന്നെ, ഒരു ലജ്ജാകരമായ പുഞ്ചിരിയോടെ, അവൾ എഴുന്നേറ്റു പോയി.

ആ നിമിഷം ഞാൻ വീണ്ടും പ്രണയത്തിൽ വീഴുകയാണോ എന്ന സംശയം എന്നിൽ ഉടലെടുക്കാതിരുന്നില്ല. ഞാനറിയാതെ തന്നെ, ഞാൻ ജാക്കിയുമായി അടുത്തത് പോലെ.

അവളുമായി ചിലവഴിക്കുന്ന സ്വപ്നങ്ങൾ ആയിരുന്നു പിന്നീട് അങ്ങോട്ട് ഉണ്ടായിരുന്നത്. ചില ദിവസങ്ങളിൽ ജാക്ക് ഞങ്ങളുടെ കൂടെയുണ്ടാവും. അവന് ഞങ്ങളുടെ പെരുമാറ്റത്തിൽ എന്തോ സംശയം ഉള്ളതുപോലെ തോന്നിയിരുന്നു. പക്ഷേ അവൻ അതിനെക്കുറിച്ചൊന്നും എന്നോട് ചോദിച്ചിരുന്നില്ല.

അവനില്ലാത്ത സമയങ്ങളിൽ ഞാനും ജാക്കിയും കമിതാക്കളെ പോലെയായിരുന്നു പെരുമാറിയത്. ഞങ്ങളുടെ മനസ്സുകൾ പരസ്പരം അത്രയ്ക്കും അടുത്തിരുന്നു.

പതിവില്ലാത്ത ഒരു ഉത്സാഹത്തോടെ ആയിരുന്നു ഞാൻ അന്നെല്ലാം എഴുന്നേറ്റിരുന്നത്. എന്റെ മാറ്റം കണ്ട് സീതക്ക് അത്ഭുതം തോന്നിയിരുന്നു. ഇക്കാര്യം അവളോട് പറഞ്ഞാൽ, അവളെന്നെ കൊല്ലുമെന്ന് എനിക്കറിയാം. അതുകൊണ്ട് ഞാൻ എന്റെ സ്വപ്നസുന്ദരിയെ, എന്റെ ഹൃദയത്തിൽ തന്നെ സൂക്ഷിച്ചു വെക്കുകയാണ്.

***

വീണ്ടും പതിവുപോലെ പ്രാതലിൽ നിന്നുമാ സ്വപ്നം ആരംഭിച്ചു. പ്രാതൽ കഴിക്കുന്ന സമയത്ത് ജാക്കിയുടെ കണ്ണുകൾ എനിക്ക് സ്നേഹത്തിന്റെ ചെറിയ സന്ദേശങ്ങൾ അയച്ചുകൊണ്ടിരുന്നു. ജാക്കിന് സംശയം തോന്നേണ്ടെന്ന് കരുതി, ഞാൻ അവളിൽ നിന്നും കണ്ണെടുത്തുകൊണ്ട് മുന്നോട്ട് നോക്കി. എന്റെ മുൻപിലായുള്ള കസേരയിൽ ആ പുരോഹിതന്റെ പ്രേതം ഇരിപ്പുണ്ടായിരുന്നു. അതുവരെ ശൂന്യമായി കിടന്നിരുന്ന ആ കസേരയിൽ

പെട്ടെന്നായിരുന്നു അയാളുടെ രൂപം പ്രത്യക്ഷപ്പെട്ടത്. പോരാത്തതിന് അയാൾ തന്റെ തീഷ്ണമായ കണ്ണുകൾ കൊണ്ട് എന്നെ ദഹിപ്പിക്കുന്ന തരത്തിലായിരുന്നു നോക്കിയിരുന്നത്. ഭയം എന്നെ പിടികൂടി, വിറയ്ക്കുന്ന ശരീരവുമായി എനിക്ക് അവിടെ ഇരിക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. ജാക്ക് എന്നെ തട്ടി വിളിച്ചപ്പോളാണ് ഞാനാ ഞെട്ടലിൽ നിന്നും ഉണർന്നത്.

അവൻ കണ്ണുകൾ കൊണ്ട്, കാര്യം എന്താണെന്ന് തിരക്കി. ഞാൻ വീണ്ടും അവിടേക്ക് നോക്കിയെങ്കിലും അയാളുടെ രൂപം അവിടെ നിന്നും അപ്രത്യക്ഷമായിരുന്നു.

തുടക്കം തന്നെ ആ ഭീകരരൂപിയെ കണ്ടതുകൊണ്ട് എനിക്കന്ന് വലിയ ഉത്സാഹമില്ലായിരുന്നു. എന്നെപ്പോലെ തന്നെ ജാക്കും അന്ന് ഉല്ലാസരഹിതനായിരുന്നു. എപ്പോഴും ആവേശവാനായിരിക്കുന്ന അവനിതെന്തുപറ്റി എന്ന് ഞാൻ അപ്പോൾ ചിന്തിച്ചിരുന്നു. രാത്രി ഉറങ്ങാൻ കിടന്ന സമയത്താണ് അവൻ അതിന്റെ കാരണം പറഞ്ഞത്.

അവനെ ചികിത്സിക്കുന്ന ഡോക്ടർ, അവനെ ഒരു സുഹൃത്തായിട്ടാണ് കാണുന്നത്. അത് അവന് അംഗീകരിക്കാൻ പറ്റാത്തൊരു കാര്യമായിരുന്നു.

"സ്വദവേ ഡോക്ടർമാർ തങ്ങളുടെ പേഷ്യൻസിനെ ഒരു ഫ്രണ്ടായിട്ടാണ് കാണാറ്. നിന്നെയും അങ്ങനെ തന്നെയായിരിക്കും അവർ കണ്ടിട്ടുണ്ടാവുക" അവനെ സമാധാനിപ്പിക്കാൻ വേണ്ടി ഞാൻ പറഞ്ഞു.

"അപ്പോൾ അവർക്ക് എന്നോട് ഇഷ്ടം ഇല്ല."

"നിന്നെ അവർ ഇഷ്ടപ്പെടുന്നുണ്ടാവാം. പക്ഷേ അത് പ്രണയമായിരിക്കില്ല."

"പിന്നെ അതെന്താണ്?"

"അതൊരു ഫ്രണ്ടിനോട് തോന്നുന്ന ഇഷ്ടമായിരിക്കും. ഉദാഹരണത്തിന് എനിക്ക് നിന്നെ ഇഷ്ടമാണ്. പക്ഷേ അതൊരു പ്രണയമല്ല. അതൊരു സഹോദരനോട് തോന്നുന്ന സ്നേഹമാണ്."

"അപ്പോൾ നിനക്ക് ജാക്കിയെ ഇഷ്ടമാണോ?"

അവന്റെ ചോദ്യം കേട്ടപ്പോൾ ഞാൻ ഒന്ന് പകച്ചു പോയി. എനിക്ക് അതിനു മറുപടി നൽകാൻ കഴിഞ്ഞില്ല.

"അവൾ എല്ലാ കാര്യവും എന്നോട് പറഞ്ഞിട്ടുണ്ട്."

അവനൊരു കുത്തുന്ന നോട്ടത്തോടെയായിരുന്നു അത് പറഞ്ഞത്. അവന് ഉത്തരം നൽകാൻ കഴിയാതെ ഞാൻ നിശബ്ദനായി.

"അപ്പോ സീതയോ?" ഞാൻ മൗനം പാലിച്ചു നിൽക്കുന്നത് കണ്ട് അവൻ വീണ്ടും ചോദിച്ചു.

"സീത എവിടെപ്പോയി"

ഞാനൊന്നും മിണ്ടിയില്ല.

"സീത മരിച്ചുപോയോ"

എനിക്ക് പെട്ടെന്ന് ദേഷ്യം വന്നു. ഞാൻ അവന്റെ കോളറയിൽ കയറി പിടിച്ചു. എന്റെ പ്രവർത്തികണ്ട് അവൻ ഭയന്നുപോയി. പതുക്കെ, ഞാൻ എന്റെ പിടിവിട്ടു. ഞങ്ങൾക്കിടയിൽ കനത്ത നിശബ്ദത തളംകെട്ടി. മറ്റൊന്നും പറയാതെ, ഞാൻ ആ മുറിയിൽ നിന്നും പുറത്തേക്കിറങ്ങി.

പിറ്റേദിവസം ഞാൻ അവനോട് ക്ഷമചോദിച്ചെങ്കിലും, അവൻ എനിക്ക് മാപ്പ് തരാൻ തയ്യാറായിരുന്നില്ല. അവൻ എന്നോട് മിണ്ടാൻ പോലും താല്പര്യപ്പെട്ടില്ല.

അവൻ എന്നോട് പിണങ്ങിയതിൽ എനിക്ക് വല്ലാത്ത വിഷമമുണ്ട്. അടുത്ത സ്വപ്നത്തിലെങ്കിലും അവൻ എന്നോട് മിണ്ടിയാൽ മതിയായിരുന്നു.

***

പ്രതീക്ഷിച്ചത് പോലെ ജാക്ക് എന്തോ സംസാരിക്കാനുണ്ടെന്ന് പറഞ്ഞെന്നെ മുകളിലെ ഇടനായിലേക്ക് കൂട്ടിക്കൊണ്ടു പോയിരുന്നു. അവൻ എന്നോട് മാപ്പ് പറയാൻ വേണ്ടി വിളിച്ചതായിരിക്കും എന്നാണ് ഞാൻ ആദ്യം കരുതിയത്. പക്ഷേ എനിക്ക് തെറ്റി.

"ദേർ ഈസ് എ ഗുഡ് ന്യൂസ് ആൻഡ് എ ബാഡ് ന്യൂസ്. ആദ്യം ഏതാ കേൾക്കേണ്ടത്?"  അവൻ എന്നോട് ചോദിച്ചു.

"ഗുഡ് ന്യൂസ്," ഞാൻ മറുപടി നൽകി.

"എന്നാൽ ബാഡ് ന്യൂസ് പറയാം. വി ആർ ലിവിങ്."

"എന്ത്!" ഞാൻ അമ്പരപ്പോടെ ചോദിച്ചു.

"ഞങ്ങൾ ഇവിടുന്ന് പോകുകയാണെന്ന്."

അതുകേട്ടപ്പോൾ ഞാൻ വല്ലാതെ അസ്വസ്ഥനായി. അവർ പോയി കഴിഞ്ഞാൽ പിന്നെ ഞാൻ വീണ്ടും ഒറ്റയ്ക്കാവും. പോരാത്തതിന് എന്നെ പേടിപ്പിക്കാനായി ആ പുരോഹിതന്റെ പ്രേതവും.

"എന്നെ നിങ്ങളുടെ കൂടെ കൂട്ടുമോ?" ഞാൻ അവനോട് ചോദിച്ചു.

"നോ. അല്ല നീ ശരിക്കും ആരാണ്. ഓ എന്റെ പെങ്ങളെ കല്യാണം കഴിക്കാൻ പോകുന്നവനാണല്ലോ" അതുവരെ ഇല്ലാത്ത ഒരു വൃത്തികെട്ട സ്വരത്തിലായിരുന്നു അവനത് പറഞ്ഞത്. എനിക്കപ്പോൾ വല്ലാതെ ദേഷ്യം വന്നു. ഞാൻ അവനോട് മിണ്ടാതിരിക്കാൻ പറഞ്ഞു.

"യൂ നോ വൺ തിങ്, ഐ ഡോണ്ട് ലൈക് യു. നിന്നെക്കുറിച്ച് ആ പുരോഹിതൻ പറഞ്ഞത് നേരാ. യു ആർ എ ബാഡ് പേഴ്സൺ."

"നീ ആ പ്രേതം പറഞ്ഞത് വിശ്വസിക്കുകയാണ്?"

"ഹി ഈസ് ബെറ്റർ ദാൻ യു."

അവനാ പറഞ്ഞത് എനിക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല.

"ഷട്ടപ്പ്," ഞാൻ വീണ്ടും അവന്റെ നേരെ ശബ്ദം ഉയർത്തി.

"ഫക്ക്യൂ"

"സ്റ്റോപ്പിറ്റ്."

"ഫക്ക്യൂ, ഫക്ക്യൂ, ഫക്ക്യൂ"

എനിക്കപ്പോൾ അവനോട് വല്ലാത്ത ദേഷ്യം വന്നു. ഞാനവന്റെ കഴുത്ത് പിടിച്ച് എന്റെ നേർക്കുയർത്തി. പിന്നെ ഞാൻ അവനെ എന്താണ് ചെയ്തതെന്ന് എനിക്കറിയില്ല. ഞാനെന്തോ അരുതാത്തത് ചെയ്തത് പോലെയാണ് എനിക്ക് തോന്നുന്നത്.

***

പിന്നെയുള്ള സ്വപ്നങ്ങളിൽ ഞാൻ ജാക്കിനെ കണ്ടതായി ഓർക്കുന്നില്ല. പക്ഷേ അവന്റെ സാന്നിധ്യം എനിക്ക് ഉണരാൻ കഴിഞ്ഞിരുന്നു. തുടർന്ന് അങ്ങോട്ട് വലിയ മാറ്റങ്ങളായിരുന്നു ആ സ്വപ്നങ്ങളിൽ സംഭവിച്ചത്. അതുവരെ എന്നോട് സംസാരിക്കാത്ത ജൂലിയും വല്യമ്മച്ചിയും എന്നോട് സംസാരിക്കാൻ തുടങ്ങി. അതുപോലെ ഞാൻ കുറച്ചുകൂടി സ്വാതന്ത്ര്യം ആസ്വദിക്കാൻ തുടങ്ങി..

ഇതുവരെയുള്ള സംഭവങ്ങളെല്ലാം എനിക്കൊരു മായ കാഴ്ച പോലെയായിരുന്നു തോന്നിയിരുന്നത്. പക്ഷേ ഇപ്പോൾ അങ്ങനെയല്ല. ഞാൻ യഥാർത്ഥത്തിൽ ജീവിക്കുകയാണോ എന്ന തോന്നലാണ്.

ഞാൻ ശരിക്കും ഒരു നൂൽ വിട്ട പട്ടം പോലെയായി മാറിയിരുന്നു. അത് ജൂലിക്കും വല്യമ്മച്ചിക്കും ഇഷ്ടപ്പെട്ടില്ലായിരുന്നു. ഇടയ്ക്കിടെ അവർ ജാക്കിനോട് ശബ്ദം ഉയർത്തുന്നതുപോലെ എന്നോടും ശബ്ദം ഉയർത്തുമായിരുന്നു. എന്നാൽ ഞാൻ ജാക്കിനെ പോലെ മൗനം പാലിച്ചിരുന്നില്ല. അവരെ എതിർത്തുകൊണ്ട് ഞാനും സംസാരിച്ചിരുന്നു.

അതുപോലെ എന്റെ സ്വഭാവത്തിലും ചില മാറ്റം വന്നതുപോലെ. എനിക്ക് ദേഷ്യം വരുന്ന സമയത്ത് ഞാൻ മറ്റാരെയോ

പോലെയായിരുന്നു പെരുമാറിയത്. എങ്കിലും ഞാൻ എന്നെ നിയന്ത്രിക്കാൻ ശ്രമിച്ചിരുന്നു, അല്ലെങ്കിൽ ജാക്ക് എന്നെ നിയന്ത്രിക്കുമായിരുന്നു.

എന്തൊക്കെയായാലും ഞാൻ ഇപ്പോൾ ആ കുടുംബത്തിലെ ഒരു അംഗമായി മാറിയിട്ടുണ്ട്. ഇപ്പോൾ എനിക്ക് ജാക്കിയുമായി കുറുകി നടക്കാൻ കുറെ സമയം ലഭിക്കുന്നുണ്ട്.

## നാല്

വീണ്ടും അതെ സ്വപ്നം തന്നെ. ഇപ്രാവശ്യവും ഞാൻ ജാക്കിയോടത്തായിരുന്നു സമയം ചെലവഴിച്ചിരുന്നത്. അവളുടെ കൂടെയാണെങ്കിൽ സമയം പോകുന്നത് അറിയുകയേയില്ല.

ഉദ്യാനത്തിൽ വെച്ചാണ് ഞങ്ങളുടെ പ്രണയം പൂവണിയുക. അവിടെ ഞങ്ങൾ മാത്രമേ ഉണ്ടാവാറുള്ളൂ. എന്നാൽ അന്ന് ഞാനും ജാക്കിയും സല്ലപിച്ച് നടക്കുന്നത് അവളുടെ വല്യമ്മച്ചി കണ്ടിട്ടുണ്ടെന്നാണ് തോന്നുന്നത്. കാരണം അന്ന് രാത്രി അവർ എന്റെ മുറിയിലേക്ക് വന്നിരുന്നു.

നിന്നിൽ എന്തോ മാറ്റം വന്നിട്ടുണ്ട്, നീ ഇങ്ങനെയൊന്നും പ്രവർത്തിക്കുമെന്ന് ഞാൻ ഒരിക്കലും ചിന്തിച്ചില്ല, നീ ഇപ്പോൾ ഒരു വൃത്തികെട്ടവനായി മാറിയിരിക്കുന്നു, എന്നൊക്കെ പറഞ്ഞു അവരെന്നെ കുറെ ശകാരിച്ചു. എനിക്ക് അത് കേട്ട് നിൽക്കാൻ കഴിഞ്ഞിരുന്നില്ല. ഞാൻ അവരെ എതിർത്തുകൊണ്ട് സംസാരിക്കാൻ തുടങ്ങി. അത് അവർക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ലായിരുന്നു. അവർ എന്നെ ബലമായി പിടിച്ചു വലിച്ചു, പ്രാർത്ഥനാ മുറിയിലേക്ക് കൊണ്ടുപോയി. അവിടെ എത്തിയശേഷം അവർ എന്റെ നേർക്ക് ഒരു ബൈബിൾ നീട്ടിക്കൊണ്ട് പറഞ്ഞു.

"നീ ഇനി ജാക്കിയോട് അപമര്യാതയായി പെരുമാറില്ലെന്ന് സത്യം ചെയ്യണം"

ഞാൻ അതിനു വഴങ്ങിയില്ല.

"ധിക്കാരി" അവർ അലറിക്കൊണ്ട് എന്നെ മർദ്ദിക്കാൻ തുടങ്ങി.

എനിക്ക് വേദന സഹിച്ചു നിൽക്കാൻ കഴിഞ്ഞിരുന്നില്ല. ഞാൻ കോപത്തോടെ അവരുടെ കഴുത്ത് പിടിച്ചു ഞെരിച്ചു. അവർക്ക് ശ്വാസം മുട്ടുന്നുണ്ടായിരുന്നു. പക്ഷേ ഞാൻ അവരുടെ കഴുത്തിൽ നിന്നും കൈയെടുത്തില്ല. അവരുടെ ശരീരം ശക്തമായി പിടച്ചു. പതിയെ ആ പിടച്ചിൽ നിശ്ചലമായി. അപ്പോൾ മാത്രമാണ് ഞാൻ എന്റെ പിടി അയഞ്ഞത്.

അവർ മരിച്ചിരുന്നു. പക്ഷേ അവരെ കൊന്നതിൽ എനിക്ക് കുറ്റബോധം തോന്നിയിരുന്നില്ല.

പിറ്റേദിവസം ഞാൻ അവരുടെ മരണാനന്തര ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു. കറുത്ത വസ്ത്രം അണിഞ്ഞ സുപരിചിതരല്ലാത്ത കുറേ ആളുകൾ അവിടെ കൂട്ടം കൂടി നിൽപ്പുണ്ടായിരുന്നു. ജാക്കിയും ജൂലിയും അവരുടെ വേർപാടിൽ വിരഹിക്കുകയായിരുന്നു. ചടങ്ങുകളെല്ലാം കഴിഞ്ഞ ശേഷം ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. പോകുന്ന വഴിക്ക് ജൂലി എന്നെ സംശയാസ്പദമായി നോക്കുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു. വീട്ടിലെത്തിയപ്പോഴും അവളുടെ ദൃഷ്ടി എന്റെ നേർക്കു തന്നെയായിരുന്നു.

ആ സ്വപ്നത്തിൽ നിന്നും ഉണർന്നപ്പോളാണ് എനിക്ക് ശരിക്കും കുറ്റബോധം തോന്നിയത്. യുദ്ധത്തിന്റെ സമയത്ത് ഞാൻ പലരെയും കൊല്ലുന്ന സ്വപ്നങ്ങൾ കണ്ടിട്ടുണ്ട്. അത് യുദ്ധത്തിന്റെ കാലത്തായതുകൊണ്ട് മറന്നു കളയാൻ പറ്റിയിരുന്നു. പക്ഷേ ഇത് അങ്ങനെയല്ല. എന്റെ ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത ഈ സ്വപ്നത്തിൽ ഞാൻ ഇത്തരത്തിലുള്ള സൽകർമ്മം ചെയ്യുമെന്ന്, ഒരിക്കലും കരുതിയിരുന്നില്ല. ഇന്ന് മുഴുവനും ഞാൻ ഇതേക്കുറിച്ച് മാത്രമാണ് ചിന്തിച്ചത്. ഇനിയെങ്കിലും ഈ സ്വപ്നത്തിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ അരങ്ങേറാതിരുന്നാൽ മതിയായിരുന്നു.

***

വല്യമ്മച്ചി മരിച്ചിട്ട് കുറച്ചുദിവസം കഴിഞ്ഞെന്നാണ് തോന്നുന്നത്. ഇപ്രാവശ്യം പ്രാർത്ഥന ചൊല്ലാൻ വല്യമ്മച്ചി ഇല്ലായിരുന്നു. വല്യമ്മച്ചിയുടെ അഭാവത്തിൽ ആരും ഒന്നും സംസാരിച്ചിട്ടുമില്ല. അലോസരമായ ഒരു നിശബ്ദത അവിടെയെങ്ങും തളംകെട്ടി നിന്നിരുന്നു.

പതിവുപോലെ ഞാനും ജാക്കിയും ആ ഉദ്യാനത്തിലേക്ക് പോയിരുന്നു. അവൾക്ക് പണ്ടുള്ളത് പോലെയുള്ളൊരു ആവേശം ഇല്ലായിരുന്നു. കൂടുതൽ സമയവും അവൾ എന്റെ തോളിൽ കിടന്നുകൊണ്ട് എന്തോ ഗാഢമായി ചിന്തിക്കുകയായിരുന്നു. എന്നെക്കൊണ്ട് കഴിയുന്ന വിധത്തിലെല്ലാം ഞാൻ അവളെ സന്തോഷിപ്പിക്കാൻ ശ്രമിച്ചിരുന്നു.

അന്ന് രാത്രി ഒറ്റയ്ക്ക് കിടക്കാൻ ഭയമാണെന്ന് പറഞ്ഞ് അവൾ എന്റെ മുറിയിലേക്ക് വന്നിരുന്നു. മഴക്കോള് നിറഞ്ഞൊരു കാലാവസ്ഥ ആയിരുന്നു അന്ന് ഉണ്ടായിരുന്നത്.

മിന്നൽ വെട്ടുന്ന ഓരോ നിമിഷവും അവൾ എന്നെ മുറുകെ കെട്ടിപ്പിടിക്കും. ആ തണുത്ത രാത്രിയിൽ അവളുടെ ദേഹത്തിന്റെ ചൂട് എനിക്ക് ഉണരാൻ കഴിഞ്ഞിരുന്നു.

അവളുടെ പേടി മാറ്റാൻ വേണ്ടി ഞാൻ അവളെ സ്നേഹത്തോടെ ചുംബിച്ചു. അവൾക്ക് താല്പര്യമില്ലെങ്കിൽ കൂടി ഞാൻ അവളെ വീണ്ടും ചുംബിച്ചു. മഴപെയ്യാൻ തുടങ്ങിയപ്പോൾ, ഞാൻ അവളെ കോരിയെടുത്ത് എന്റെ മാറോടു ചേർത്തു.

ഞങ്ങളുടെ ശരീരവും മനസ്സും ആ സമയം വല്ലാതെ ഒട്ടിച്ചേർന്നിരുന്നു. പതിയെ ഞങ്ങൾ രതിയിൽ ഏർപ്പെട്ടു. അവളുടെ ശരീരം, ശരിക്കും എനിക്ക് ആസ്വദിക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ കാമവിരാമത്തിനു ശേഷമുള്ള പ്രണയ നിമിഷം എനിക്ക് ആസ്വദിക്കാൻ കഴിഞ്ഞിരുന്നില്ല. അപ്പോഴേക്കും വാതിൽ തള്ളി തുറന്നു കൊണ്ട് ജൂലി അകത്തേക്ക്

പ്രവേശിച്ചിരുന്നു. അവൾ വന്നപാടെ എന്നെ കിടക്കയിൽ നിന്നും പിടിച്ചിറക്കി.

"നിന്നെ മര്യാദ പഠിപ്പിക്കാൻ പറ്റുമോയെന്ന് ഞാൻ ഒന്ന് നോക്കട്ടെ" അവൾ കോപത്തോടെ അലറിക്കൊണ്ട് എന്നെ ആ മുറിയിൽ നിന്നും വലിച്ചിറക്കി.

ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്ന മുറി ലക്ഷ്യമാക്കി കൊണ്ടായിരുന്നു അവൾ നടന്നത്. എനിക്കെന്തെങ്കിലും ചെയ്യാൻ കഴിയുന്നതിനു മുൻപേ അവളെന്നെ ആ മുറിയിലേക്ക് തള്ളിയിട്ടു.

"കുറച്ചുദിവസത്തേക്ക് ഇവിടെ കിടക്ക്," അത് പറഞ്ഞുകൊണ്ട് അവളാ മുറിയുടെ വാതിൽ കുറ്റിയിട്ടു.

ഞാൻ വാതിൽ മുട്ടിക്കൊണ്ട് അവളെ ഉറക്കെ വിളിച്ചെങ്കിലും മറുഭാഗത്ത് നിന്നും യാതൊരു പ്രതികരണവുമുണ്ടായിരുന്നില്ല. ഞാൻ വീണ്ടും വാതിൽ ശക്തിയിൽ മുട്ടിയെങ്കിലും, ജൂലി ആ വാതിൽ തുറക്കാൻ കൂട്ടാക്കിയില്ല. അപ്പോഴാണ്, ഒരു നേർത്ത ഞരക്കം വായുവിൽ പ്രതിധ്വനിച്ചത്. ഞാൻ പെട്ടെന്ന് തിരിഞ്ഞു നോക്കി. എന്റെ മുൻപിലായി ആ പുരോഹിതന്റെ പ്രേതം നിൽപ്പുണ്ടായിരുന്നു.

അയാൾ എന്നെ ഒരു ഉഗ്രമായ നോട്ടത്തോടെ നിശ്ചലമാക്കി, തുടർന്ന് താഴ്ന്നതും മനസ്സിലാക്കാൻ കഴിയാത്തതുമായ എന്തോ മന്ത്രം അയാൾ ജപിക്കാൻ തുടങ്ങി. ശബ്ദം കൂടുതൽ മൂർച്ചയുള്ളതായിരുന്നു, അത് എന്റെ ചെവികളിലേക്ക് തുളച്ചുകയറിയിരുന്നു. അതുവരെ തോന്നാത്തൊരു അസഹനീയമായ വേദനയും നീറ്റലും എന്നിൽ അപ്പോൾ ഉടലെടുക്കാൻ തുടങ്ങി.

സഹിക്കാൻ പറ്റാത്ത വേദന കാരണം ഞാൻ ആർത്തു നിലവിളിച്ചു. പിന്നെ എന്താണ് സംഭവിച്ചതെന്ന് എനിക്ക് ഓർമ്മയില്ല. അഗാധമായ ഏതോ അന്ധകാരത്തിൽ ഞാൻ അകപ്പെട്ടു പോയതുപോലെ.

രാവിലെ വല്ലാത്തൊരു ക്ഷീണത്തോടെ ആയിരുന്നു ഞാൻ എഴുന്നേറ്റത്. ഈ സ്വപ്നം ഇപ്പോൾ എന്നെ കൊന്നുകൊണ്ടിരിക്കുകയാണ്. എന്റെ ഊർജ്ജം എല്ലാം നഷ്ടപ്പെടുന്നതുപോലെ. ഈ ദുഃസ്വപ്നങ്ങളിൽ നിന്നും എനിക്ക് എന്നാണ് ഒരു മോചനം ഉണ്ടാവുക.

***

കുറച്ചുദിവസത്തേക്ക് ഞാൻ ആ സ്വപ്നം ഒന്നും കണ്ടില്ല. അതിന്റെ കാരണം എന്താണെന്ന് എനിക്ക് മനസ്സിലാവുന്നില്ല. ദുഃസ്വപ്നങ്ങൾ ഇല്ലാതായതുകൊണ്ട് എനിക്കിപ്പോൾ അൽപ്പം ആശ്വാസം തോന്നുന്നുണ്ട്. എങ്കിലും ജീർണിച്ച പുലർകാലം ഇപ്പോഴും ഒരു വില്ലനായി തന്നെ മുന്നിൽ നിൽക്കുകയാണ്. എന്തുചെയ്യാൻ ഇനിയും കുറച്ചുകാലത്തേക്ക് ഇങ്ങനെ തന്നെ ജീവിച്ച് പോകേണ്ടിവരും.

***

സീതയുടെ കൂടെ ഇവിടെ ജോലി ചെയ്യുന്ന ജെമി, ഒരു പുതിയ ഭവനം വാങ്ങിയിട്ടുണ്ട്. അവൾ അതൊരു ഹോട്ടൽ ആക്കാനുള്ള പദ്ധതികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നിലവിൽ അവിടെ മുറികൾ ഒഴിവുള്ളതുകൊണ്ട്, ഞങ്ങളോട് അവിടേക്ക് താമസം മാറാൻ താല്പര്യമുണ്ടോ എന്ന് അവൾ ചോദിച്ചിരുന്നു. ഞാനിവിടെ നിന്നും മാറി നിൽക്കാൻ വേണ്ടി പറഞ്ഞ കാര്യം സീത അവളോട് പറഞ്ഞിരുന്നു. ഒരു കണക്കിന് അത് എന്തായാലും നന്നായി. അതുകൊണ്ട് ഞങ്ങളിപ്പോൾ അവിടേക്ക് താമസം മാറാനാണ് തീരുമാനിച്ചിരിക്കുന്നത്. ശരിക്കും ഇവിടെ നിന്നൊന്ന് മാറി നിന്നാൽ തന്നെ എന്റെ ആരോഗ്യം ഒന്ന് മെച്ചപ്പെടും.

## അഞ്ച്

വൈകാതെ തന്നെ ഞങ്ങൾ പുറപ്പെട്ടു. ഇതുവരെയുള്ള മരവിച്ച ജീവിതത്തിൽ നിന്നും മുക്തി നേടുന്നതിന്റെ സന്തോഷത്തിലായിരുന്നു ഞാൻ.

ആ യാത്രയ്ക്കിടെയാണ് ഞാൻ ചില കാര്യങ്ങൾ ശ്രദ്ധിച്ചത്. പട്ടണങ്ങളെല്ലാം വലിയ രീതിയിൽ മാറിയിരിക്കുന്നു. വാഹനങ്ങൾക്കും, ആളുകളുടെ വസ്ത്രധാരണയിലും വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമങ്ങളെല്ലാം പഴയതുപോലെ തന്നെയായിരുന്നു. ഞാൻ കുറച്ചുനേരം യാത്ര ആസ്വദിച്ചിരുന്നു. പിന്നെ എപ്പോഴോ ഞാൻ ഒന്ന് മയങ്ങിപ്പോയി. കുറച്ചു കഴിഞ്ഞാണ് ഞാൻ ഉണർന്നത്. കാർമേഘങ്ങൾ മൂടിയ അസുലഭമായ ഒരു അന്തരീക്ഷമായിരുന്നു അപ്പോൾ ഉണ്ടായിരുന്നത്. എന്തോ ആപത്ത് വരാൻ പോകുന്നുണ്ടെന്നൊരു തോന്നൽ എന്നിൽ ഗ്രസിച്ചു.

എന്റെ സംശയം തെറ്റിയില്ല. വലിയൊരു ആപത്തു തന്നെയായിരുന്നു എന്നെ കാത്തിരുന്നത്.

ഞാൻ സ്വപ്നത്തിൽ കാണാറുള്ള അതേ മന്ദിരത്തിന്റെ മുൻപിൽ ആയിരുന്നു കാർ ചെന്ന് നിർത്തിയത്. എന്റെ സ്വപ്നത്തിലുള്ള അതേ മന്ദിരം തന്നെ, യാതൊരു വ്യത്യാസവുമില്ല.

സീത മുൻകൈയെടുത്തു കൊണ്ട് എന്നെ ആ മന്ദിരത്തിന്റെ അകത്തേക്ക് ആനയിച്ചു. ജെമിയുടെ കുടുംബം അവിടെ ഞങ്ങളെ കാത്തിരിക്കുന്നുണ്ടായിരുന്നു. ആളുകൾ വ്യത്യസ്തരായിരുന്നെങ്കിലും, ഞാൻ സ്വപ്നത്തിൽ കണ്ട അതേ കുടുംബാംഗങ്ങളായിരുന്നു അവിടെ ഉണ്ടായിരുന്നത്. ജെമിക്ക് ജൂലിയുടെ അതേ പ്രായം വരും. അവളുടെ സഹോദരനായ ജെറിക്ക് ജാക്കിന്റെ പ്രായവും അവന്റെ ഇരട്ട സഹോദരിയായ ജെസ്സിക്ക് ജാക്കിയുടെ പ്രായവും വരും. പിന്നെയുള്ളത് വല്യമ്മച്ചി, അവർക്കും ഞാൻ സ്വപ്നത്തിൽ കണ്ട വല്യമ്മച്ചിയുടെ അതേ പ്രായമാണ്.

ഞങ്ങൾക്ക് വേണ്ടി അവർ അത്താഴം തയ്യാറാക്കി വെച്ചിരുന്നു. എല്ലാം എഴുതിവെച്ചത് പോലെ. ഭക്ഷണം കഴിക്കുന്നതിനു മുൻപായി വല്യമ്മച്ചി ഞങ്ങളോട് പ്രാർത്ഥിക്കാൻ പറഞ്ഞു. ആ പ്രാർത്ഥനയ്ക്ക് ശേഷമാണ് ഞങ്ങൾ ഭക്ഷണം കഴിച്ചത്. ഭക്ഷണം കഴിക്കുമ്പോൾ ജെറിയും ജെസ്സിയും എന്നെ ഉറ്റു നോക്കുന്നുണ്ടായിരുന്നു.

ഭക്ഷണം കഴിച്ച ശേഷം ജെമി, എനിക്കായി ഒരുക്കി വെച്ച മുറി കാണിച്ചു തന്നു. സ്വപ്നത്തിൽ ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെട്ടിരുന്ന അതേ മുറി. അവളാ മുറിയുടെ വാതിൽ തുറന്നു കൊണ്ട് എന്നോട് അകത്തേക്ക് കടക്കാൻ വേണ്ടി പറഞ്ഞു.

"എനിക്ക് ഈ മുറി വേണ്ട. വേറെ ഏതെങ്കിലും മുറിയുണ്ടോ?" ഞാൻ അവളോട് ചോദിച്ചു.

"മറ്റു മുറികളിലൊന്നും കിടക്കയും മറ്റു സൗകര്യങ്ങളൊന്നുമില്ല. നിനക്ക് വേണമെങ്കിൽ ജെറിയുടെ കൂടെ കിടക്കാം"

അത് ഞാൻ പ്രതീക്ഷിച്ചതായിരുന്നു. ഞാൻ അല്പം നേരം എന്തു ചെയ്യണമെന്ന് ചിന്തിച്ചു. അപ്പോഴേക്കും ജെമി ആ മുറി വിട്ടു പോയിരുന്നു.

ഞാൻ ഭിത്തിയിൽ തൂക്കിയിട്ട ചിത്രത്തിലേക്ക് നോക്കി. എണ്ണമറ്റ രാത്രികളോളം എന്റെ ഉറക്കത്തെ വേദനിപ്പിച്ച പുരോഹിതന്റെ അതേ വേട്ടയാടുന്ന മുഖം. സ്വപ്നങ്ങൾക്കും യാഥാർത്ഥ്യത്തിനും ഇടയിലുള്ള മൂടുപടത്തിലൂടെ അയാളുടെ പെയിന്റ് ചെയ്ത കണ്ണുകൾ തുളച്ചുകയറുന്നതായി തോന്നി. ആ ചിത്രം അവിടെയുണ്ടെങ്കിൽ എന്തായാലും എനിക്ക് ഉറങ്ങാൻ കഴിയില്ല.

ഞാൻ ചുമരിൽ നിന്നുമാ ചിത്രം എടുത്തുമാറ്റാൻ കൈ നീട്ടി. പക്ഷേ എന്റെ വിരലുകൾ ഫ്രെയിമിന്റെ അരികിൽ സ്പർശിച്ച നിമിഷം, തണുത്തതും നിശ്ചലവുമായ ഒരു ശബ്ദം മന്ത്രിച്ചു 'ലീവ് ദാറ്റ് ബോയ്,'. എന്നെ ഭയത്തിൽ ആഴ്ത്താൻ ആ ശബ്ദം മാത്രം മതിയായിരുന്നു.

ഞാൻ ഉടനെ തന്നെ എന്റെ ബാഗുമെടുത്ത് ആ മുറിയിൽ നിന്നും പുറത്തേക്കിറങ്ങി.

ഞാൻ നേരെ ജെറിയുടെ മുറിയിലേക്കാണ് ചെന്നത്. അവൻ എന്നെയും കാത്ത് നിൽക്കുകയായിരുന്നു. ഞാനൊന്നും മിണ്ടാതെ നേരെ ഉറങ്ങാൻ കിടന്നു.

"മരിക്കുന്നവരാരും ഈ ലോകം വിട്ടു പോകുന്നില്ല. അവരെല്ലാം ഇവിടെത്തന്നെയുണ്ട്," അവൻ ആരോടെന്നില്ലാതെ പറഞ്ഞു. ഞാനത് ശ്രദ്ധിക്കാൻ നിന്നില്ല. ഞാൻ ഉറങ്ങുന്നത് പോലെ അഭിനയിച്ചു. പിന്നെ അവൻ ഒന്നും മിണ്ടിയില്ല.

ഇന്നു രാവിലെ പതിവ് പോലെ വല്യമ്മച്ചിയുടെ പ്രാർത്ഥനയ്ക്ക് ശേഷമുള്ള പ്രാതൽ ഉണ്ടായിരുന്നു. പ്രാതൽ കഴിച്ച ശേഷം ജെമിയും സീതയും ജോലിക്ക് പോയി. സ്വപ്നത്തിൽ ഉള്ളതുപോലെ ജെറി എന്നെ ചതുര കളി കളിക്കാൻ വിളിച്ചു. അവന്റെ ഒപ്പം ജെസ്സിയുമുണ്ടായിരുന്നു. എനിക്ക് അവരുടെ കൂടെ കളിക്കാൻ കഴിഞ്ഞില്ല. എന്റെ സമനില ആകെ തെറ്റുന്നത് പോലെയായിരുന്നു എനിക്ക് അപ്പോൾ തോന്നിയത്. കളി തുടരാൻ ഞാനില്ലെന്ന് അവരോട് പറഞ്ഞു. "എങ്കിൽ നമുക്ക് പുറത്തേക്ക് പോകാം" ജെസ്സി പറഞ്ഞു. അവൾ എങ്ങോട്ടാണ് പോകാൻ ഉദ്ദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലായിരുന്നു. എങ്കിലും അത് ഉറപ്പുവരുത്താൻ വേണ്ടി ഞാൻ അവരുടെ കൂടെ പുറത്തേക്കിറങ്ങി.

എന്റെ ഊഹം തെറ്റിയില്ല. അവർ ആ ലാബ്രിന്തിൽ ഒളിച്ചു കളിക്കാൻ വേണ്ടിയായിരുന്നു എന്നെ വിളിച്ചത്. ആ ലാബ്രിന്തിന്റെ അകത്ത് ആപത്ത് നിറഞ്ഞു നിൽക്കുന്നുണ്ടെന്ന് എനിക്കറിയാം. ഒരു സാഹസ്യത്തിന് മുതിരാൻ താല്പര്യം ഇല്ലാത്തതുകൊണ്ട് ഞാൻ അതിന്റെ അകത്തേക്ക് കയറാൻ നിന്നില്ല. ഞാൻ തിരിച്ച് എന്റെ മുറിയിലേക്ക് തന്നെ പോന്നു.

എനിക്കൊന്നും മനസ്സിലാവുന്നില്ല. ഭീകരമായ സ്വപ്നങ്ങൾ ഒഴിഞ്ഞുമാറി എന്ന് കരുതിയതായിരുന്നു. ഇപ്പോൾ ഇതാ അതെല്ലാം

എന്റെ ജീവിതത്തിൽ നടക്കാൻ തുടങ്ങിയിരിക്കുന്നു. ഇതിന്റെയൊക്കെ അർത്ഥം എന്താണ്. ഒരൊട്ടും പിടികിട്ടുന്നില്ല.

***

ഇന്നും ഒരേ പ്രവർത്തി തന്നെ. ഒരു കഥ രണ്ടാമത് വായിച്ചാൽ എങ്ങനെയായിരിക്കും അതേപോലെതന്നെ.

ഇന്ന് ജെറി എവിടെയോ പോയതു കാരണം, ജെസ്സി എന്നെ പൂന്തോട്ടത്തിലേക്ക് വിളിച്ചു കൊണ്ടുപോയി. ജാക്കിയെപ്പോലെ തന്നെ അവളും എന്റെ തോളിൽ ചാരി കൊണ്ടായിരുന്നു ഉദ്യാനത്തിലൂടെ നടന്നത്. എന്നാൽ, അതെനിക്കൊട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട് ഞാൻ അവളുടെ കൂടെ നടക്കാതെ തനിച്ചു നടക്കാനാണ് ശ്രമിച്ചത്.

സംഭവങ്ങളെല്ലാം വഷളായി കൊണ്ടിരിക്കുകയാണ്. ഇനി നടക്കാൻ പോകുന്നത് ഭീകരമായ സംഭവങ്ങളായിരിക്കും. അതിനു മുന്നേ ഇക്കാര്യം എന്തായാലും സീതയോട് പറയണം. അവൾ വിശ്വസിച്ചില്ലെങ്കിലും. അവൾ എല്ലാം കാര്യങ്ങളും അറിയുന്നത് നല്ലതായിരിക്കും.

***

പതിവുപോലെ സ്വപ്നത്തിലുള്ള വികാസങ്ങൾ നടക്കുന്ന സമയത്ത്, എന്റെ സ്വപ്നത്തിൽ ഇല്ലാത്ത രണ്ടുപേർ അവിടേക്ക് വന്നു. അവർ മുറികൾ വൃത്തിയാക്കാൻ വേണ്ടി വന്നതായിരുന്നു. അവരുടെ വരവിന്റെ ഉദ്ദേശം എന്താണെന്ന് അറിയാനുള്ളൊരു ആകാംക്ഷ എനിക്കുണ്ടായിരുന്നു. അതേത്തുടർന്ന് ഞാൻ അവർ വൃത്തിയാക്കുന്ന മുറിയിൽ ചെന്ന് നോക്കി. അവർ ആ മുറിയിലുള്ള സാധനങ്ങൾ മാറ്റുന്ന തിരക്കിലായിരുന്നു. അതിലൊരാൾ അല്പം കനമുള്ളൊരു പെട്ടി എടുക്കാൻ കഷ്ടപ്പെടുകയായിരുന്നു. ഞാൻ അയാളെ സഹായിക്കാൻ

വേണ്ടി ചെന്നു. അയാൾ ആ പെട്ടി ഒറ്റയ്ക്ക് എടുത്തോളാം എന്ന് പറഞ്ഞെങ്കിലും, ഞാൻ അയാളെ സഹായിച്ചു.

ഞങ്ങൾ ഇരുവരും ചേർന്ന് ആ പെട്ടി മുകളിലെ നിലയിലുള്ളൊരു മുറിയിൽ കൊണ്ട് വെച്ചു. ആ പെട്ടിയുടെ വാതിൽ തുറന്നു കിടക്കുന്നത് കണ്ട് ഞാൻ അത് അടയ്ക്കാൻ വേണ്ടി ഒരുങ്ങി. അപ്പോഴാണ് ഞാൻ ആ പെട്ടിക്കുള്ളിലെ ഒരു ഫോട്ടോ ശ്രദ്ധിച്ചത്. അത് ജാക്കിന്റെ കുടുംബ ഫോട്ടോ ആയിരുന്നു. ഞാൻ സ്തബ്ധനായി അതിലേക്ക് നോക്കി.

ഞാൻ ജാക്കിന്റെ ഫോട്ടോ ചൂണ്ടിക്കൊണ്ട്, അയാളോട് ഇത് ആരാണെന്ന് അറിയാമോ എന്ന് ചോദിച്ചു. അയാൾ ഒരു കള്ളച്ചിരിയോടെ എന്റെ മുഖത്തേക്ക് നോക്കി. ഞാൻ വീണ്ടും ചോദ്യം ആവർത്തിച്ചു.

"ഇത് താങ്കൾ തന്നെയാണ് സാർ" അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

"താങ്കൾ എന്നെ കളിയാക്കുകയാണോ" ഞാൻ അയാളോട് ചോദിച്ചു. അപ്പോൾ അയാൾ ഞങ്ങളുടെ മുൻപിൽ മൂടി വെച്ചിരുന്നൊരു വലിയ കണ്ണാടി തുറന്നു കാണിച്ചു.

കണ്ണാടിയിൽ പ്രതിഫലിച്ച രൂപം ജാക്കിന്റെതായിരുന്നു. ഞാൻ അത്ഭുതത്തോടെ ആ രൂപത്തിലേക്ക് നോക്കി.

"നിങ്ങൾ എന്താണ് ഇവിടെ കാണിക്കുന്നത്," സീതയുടെ ശബ്ദമായിരുന്നു അത്. പക്ഷേ കണ്ണാടിയിൽ പ്രതിഫലിച്ച രൂപം അവളുടേതല്ലായിരുന്നു. അത് മറ്റേതോ പെൺകുട്ടിയുടെതായിരുന്നു. എനിക്കപ്പോൾ തലകറങ്ങുന്നത് പോലെ തോന്നി. പതിയെ എന്റെ ബോധവും നഷ്ടപ്പെട്ടു.

ഞാനിപ്പോൾ ഈ ഡയറി എഴുതുന്നത് ഞാൻ തങ്ങിയിരുന്ന ഭ്രാന്താശുപത്രിയിൽ നിന്നുമാണ്. ഇനിയൊരിക്കലും ഞാൻ ഡയറി എഴുതാൻ പോകുന്നില്ല. ഞാനാരാണെന്ന കാര്യം എനിക്കിപ്പോളാണ് മനസ്സിലായത്. എന്റെ ജീവിതം നശിപ്പിച്ച ഒരാളെപ്പോലും ഞാൻ വെറുതെ വിടാൻ പോകുന്നില്ല.

## ആറ്

ഈ ഡയറിക്കുറിപ്പുകളെല്ലാം ജാക്ക് എഴുതിയതാണെന്ന് പറഞ്ഞാൽ, നിങ്ങൾ വിശ്വസിക്കുമോ. എന്നാൽ അതാണ് സത്യം. ജാക്ക് ഡാനി എന്ന ഒരാളായിട്ട് എഴുതിയ ഡയറിക്കുറിപ്പുകളാണ് ഇവയെല്ലാം.

വളരെ വിചിത്രവും, അതിലേറെ ഭയാനകവുമായ ഒരു കേസായിരുന്നു ജാക്കിന്റേത്. ഇത്രയും ഭീകരവുമായൊരു കേസ് എന്റെ സൈക്യാട്രിക് ജീവിതത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാവാൻ പോകുന്നുമില്ല.

എല്ലാം തുടങ്ങുന്നത് ജൂലിയിൽ നിന്നുമാണ്. ലണ്ടനിലെ ഒരു വസ്ത്രശാലയിൽ സെയിൽസ് ഗേറ്റളായി ജോലി എടുക്കുന്നവളായിരുന്നു ജൂലി. ഞാൻ  ഒട്ടുമിക്കപ്പോഴും ആ കടയിൽ നിന്നാണ്  വസ്ത്രം വാങ്ങാറ്. ആരുമായിട്ടും പെട്ടെന്ന് ഇണങ്ങുന്ന ഒരു സ്വഭാവമായിരുന്നു ജൂലിയുടേത്. ഞങ്ങൾ വളരെ പെട്ടെന്ന് തന്നെ സുഹൃത്തുക്കളായി. എനിക്ക് ലണ്ടനിൽ വലിയ സുഹൃത്തുക്കളാരുമില്ലാത്തതുകൊണ്ട് ഞാൻ പുറത്തു പോകുന്ന സമയങ്ങളിൽ എല്ലാം അവളെയും കൂടെ കൂട്ടുമായിരുന്നു. അത് അവർക്ക് വലിയ സന്തോഷമേകിയിരുന്നു. അവൾ പുറമേ വളരെ സന്തോഷം പ്രകടിപ്പിക്കുമെങ്കിലും, അവളുടെ ഉള്ളിൽ നീറുന്ന ഒരു ഹൃദയമുണ്ടെന്ന് എനിക്ക് മനസ്സിലായിരുന്നു. പതിയെ പതിയെ ഞാൻ അവളുടെ ജീവിതത്തിൽ നടന്ന കാര്യങ്ങളെക്കുറിച്ച് ചോദിച്ചു മനസ്സിലാക്കാൻ തുടങ്ങി.

അവളുടെ അച്ഛൻ ഒരു ബിസിനസ്മെനായിരുന്നു. അത്യാവശ്യം സമ്പന്നമായ ഒരു കുടുംബമായിരുന്നു അവളുടേത്. അവളുടെ അച്ഛൻ ബിസിനസിന്റെ ഉയർച്ചയ്ക്ക് വേണ്ടി ചില നെറികേടുകൾ എല്ലാം കാണിക്കുമായിരുന്നു. ഇതു കാരണം അദ്ദേഹത്തിന് ശത്രുക്കൾ കൂടുതലായിരുന്നു. അദ്ദേഹത്തിന്റെ ഉയർച്ച ഇഷ്ടപ്പെടാത്തവരെല്ലാം ചേർന്നുകൊണ്ട് അദ്ദേഹത്തിന്റെ ബിസിനസ് പൊളിക്കാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു.

ബിസിനസ് പൊളിയാൻ തുടങ്ങിയതോടെ അവളുടെ അച്ഛന്റെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ സംഭവിച്ചു. അത് ചില കുടുംബ വയക്കുകൾക്ക് കാരണമായി. അവളുടെ അമ്മ ആ സമയം ഗർഭിണിയായിരുന്നു. ഭർത്താവുമായുള്ള വഴക്കു കാരണം അവർ മദ്യപിക്കാനും പുകവലിക്കാനും തുടങ്ങിയിരുന്നു. താമസിയാതെ അവർക്ക് ഇരട്ടക്കുട്ടികൾ ജനിച്ചു. ജാക്ക്, ജാക്കി എന്നായിരുന്നു അവർക്ക് അവർ പേര് നൽകിയത്. അവർ ജനിച്ചപ്പോൾ അവളുടെ അച്ഛന്റെ ബിസിനസ് വീണ്ടും മെച്ചപ്പെടാൻ തുടങ്ങി. അവരെ ഐശ്വര്യത്തിന്റെ ഒരു പ്രതീകമായിട്ടായിരുന്നു അവർ അപ്പോൾ കണ്ടിരുന്നത്.

പക്ഷേ വിധി അവളുടെ കുടുംബത്തെ വെറുതെ വിട്ടില്ല. അവളുടെ മാതാപിതാക്കളെ, മൂന്നു പേരടങ്ങുന്ന ഒരു സംഘം കൊലപ്പെടുത്തി. സംഭവം നടക്കുന്ന സമയത്ത് ജൂലി സ്കൂളിൽ പോയതായിരുന്നു. അവളെ സ്കൂളിലാക്കി തിരികെ വന്ന അവളുടെ വല്യമ്മച്ചിയായിരുന്നു അവരുടെ മൃതദേഹം ആദ്യം കണ്ടത്. കൊല നടക്കുന്ന സമയത്ത് ജാക്കും ജാക്കിയും ആ വീട്ടിലുണ്ടായിരുന്നു. അവർ അന്ന് കൊച്ചുകുട്ടികൾ ആയതുകൊണ്ട്, അവിടെ വന്ന സംഘം അവരിരുവരെയും കൊല്ലാതെ വെറുതെ വിടുകയായിരുന്നു. ആ കൊലപാതകത്തെക്കുറിച്ച് അന്വേഷണം നടന്നെങ്കിലും മതിയായ തെളിവുകൾ ഒന്നുമില്ലാത്തതുകൊണ്ട് പോലീസിന് കുറ്റവാളികളെ കണ്ടെത്താനായില്ല.

പിന്നീട് അങ്ങോട്ട് ജൂലിക്ക് ദുർദിനങ്ങളായിരുന്നു. പൈസ ഇല്ലാത്തത് കാരണം അവർക്ക് അപ്പന്റെ സ്വത്തുക്കളെല്ലാം വിൽക്കേണ്ടി വന്നു. അവൾ പത്താം തരത്തിൽ പഠനം നിർത്തിക്കൊണ്ട് ജോലിക്ക് പോകാൻ തുടങ്ങി. അവർ താമസിച്ചിരുന്ന വീട് വിറ്റുകൊണ്ട് അവർ, ചെറിയ ഒരു വാടക വീട്ടിലേക്ക് താമസം മാറി.

ദാരിദ്ര്യം വിട്ടുമാറാത്തത് കൊണ്ട്, അവൾ ജാക്കിനെയും ജാക്കിയേയും ഹൈസ്കൂൾ വരെ മാത്രമേ പഠിപ്പിച്ചിരുന്നുള്ളൂ. തുടർന്ന് അങ്ങോട്ട് അവൾക്ക് ഒഴിവുള്ള സമയങ്ങളിൽ അവരെ പഠിപ്പിക്കാൻ വേണ്ടി

അവൾ സമയം കണ്ടെത്തുകയായിരുന്നു. ചുരുക്കി പറയുകയാണെങ്കിൽ അവരുടെ ടീച്ചറും പേരെന്റും എല്ലാം അവൾ തന്നെയായിരുന്നു.

ഇത്ര ചെറുപ്പത്തിൽ തന്നെ, ഇത്രയും അധികം വേദന സഹിക്കേണ്ടി വന്ന അവളോട് എനിക്കൊരു പ്രത്യേക താൽപ്പര്യം തോന്നി. എന്നെക്കൊണ്ട് ആവുന്ന വിധത്തിലെല്ലാം അവളെ സഹായിക്കണമെന്ന് ഞാൻ ഒരു തീരുമാനമെടുത്തു.

ഞങ്ങളുടെ സൗഹൃദം വളരെ പെട്ടെന്ന് തന്നെ വലുതായി. അതിനിടയിലാണ് അവൾ വാടകവീട് മാറിക്കൊണ്ട് പുതുതായി തുറക്കാൻ പോകുന്ന ഒരു  ഹോട്ടലിലേക്ക് താമസം മാറിയത്. അവിടെ മേൽനോട്ടം വഹിക്കാനുള്ള ജോലി അവളുടെ വല്യമ്മച്ചിക്കായിരുന്നു ലഭിച്ചത്. നിലവിൽ അവിടെ ആരും താമസിക്കാത്തത് കൊണ്ട് അവർക്ക് നാല് പേർക്കും അവിടേക്ക് താമസം മാറാൻ പറ്റി. ഈ വിവരം അറിഞ്ഞപ്പോൾ എനിക്ക് വളരെ സന്തോഷം തോന്നി. അവർക്ക് താമസിക്കാൻ നല്ലൊരു വീട് ലഭിച്ചല്ലോ.

ആ വലിയ ഭവനത്തിൽ അവർ നാലുപേര് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇടയ്ക്ക് പൂന്തോട്ടം വൃത്തിയാക്കാനും മുറികൾ വൃത്തിയാക്കാനും ചില പണിക്കാർ വരും.  അല്ലാത്ത സമയങ്ങളിലെല്ലാം അവർ മാത്രമാണ് അവിടെ ഉണ്ടാവുക.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ, അവളുടെ സഹോദരന്റെയും സഹോദരിയുടെയും പെരുമാറ്റത്തിൽ മാറ്റം വന്നിട്ടുണ്ടെന്ന് പറയാൻ അവൾ എന്നെ സമീപിച്ചു. ഒരു സൈക്രാറ്റിസ്റ്റ് എന്ന നിലയിൽ അവരെ കുറച്ച് കൂടുതൽ അറിയാൻ ഞാൻ താല്പര്യപ്പെട്ടു. അവൾ എനിക്ക് അവരെ കുറിച്ചുള്ള ചില വിവരങ്ങൾ എല്ലാം പറഞ്ഞു തന്നു.

മാതാപിതാക്കളുടെ മരണശേഷം അവരുടെ സ്വഭാവത്തിൽ ചെറിയ വ്യത്യാസങ്ങൾ കണ്ടു തുടങ്ങിയിരുന്നു. ചില സമയങ്ങളിൽ അവർ തങ്ങളുടെ മാതാപിതാക്കളെ കാണാറുണ്ടെന്ന്, അവർ ജൂലിയോട് പറഞ്ഞിരുന്നു. അപ്പോൾ അവൾ അതത്ര

കാര്യമാക്കിയിരുന്നില്ലായിരുന്നു. അവർ ശൂന്യതയിലേക്ക് നോക്കി സംസാരിക്കാനും കളിക്കാനും തുടങ്ങിയപ്പോഴാണ് അവൾക്ക് ഭയമായത്. അവളാ വീട് വിൽക്കാൻ, ഇതും ഒരു കാരണമായിരുന്നു.

വാടകവീട്ടിൽ താമസിച്ച സമയത്തൊന്നും അവർക്ക് അത്തരത്തിലുള്ള പ്രശ്നങ്ങളൊന്നും ഇല്ലായിരുന്നു. അവർ പരസ്പരം പിറുപിറുക്കുമെന്നല്ലാതെ, ശൂന്യതയിലേക്ക് നോക്കിക്കൊണ്ട് സംസാരിക്കാറില്ലായിരുന്നു. ഇപ്പോൾ അവർ വീണ്ടും ആരോടെന്നില്ലാതെ സംസാരിക്കാനും കളിക്കാൻ തുടങ്ങിയിരിക്കുന്നു.

ഡാനി എന്ന ഒരാളോടാണത്രേ അവർ സംസാരിക്കുന്നത്. അതൊരു ആത്മാവാണെന്നാണ് ജാക്കിന്റെ വാദം. ഡാനിയെപ്പോലെ ഒരു പുരോഹിതന്റെ ആത്മാവും അവിടെയുണ്ടെന്ന് അവൻ അവളോട് പറഞ്ഞിരുന്നു.

മരിച്ചവർ ആരും ഭൂമി വിട്ടു പോകുന്നില്ലെന്ന് അവൻ ജൂലിയോട് ഇടയ്ക്കിടെ പറയാറുണ്ടത്രേ. അതെല്ലാം അവരുടെ തോന്നലാണെന്ന്, ജൂലി എത്ര പറഞ്ഞിട്ടും അവർക്ക് മനസ്സിലാവുന്നില്ല. ഇത്രയൊക്കെ ആയതുകൊണ്ട് ഞാൻ അവരെ ഒന്ന് കണ്ടുകളയാമെന്ന് കരുതി. എനിക്ക് ഒഴിവുള്ള സമയത്ത്, അവരെയും കൂട്ടി ജൂലിയോട് എന്റെ വീട്ടിലേക്ക് വരാൻ വേണ്ടി ഞാൻ പറഞ്ഞു.

അവർ രണ്ടുപേരും കാണാൻ വ്യത്യസ്തനായിരുന്നു. സ്വഭാവവും അതുപോലെതന്നെ. ജാക്കി ഒരു നാണക്കാരിയായിരുന്നു. ഞാൻ അവൾക്ക് നേരെ കൈനീട്ടിയപ്പോൾ അവൾ ഒരു മിണ്ടാപ്പൂച്ചയെ പോലെ പതുങ്ങുകയാണ് ചെയ്തത്. എന്നാൽ ജാക്ക് ആവേശത്തോടെ എന്റെ കൈ പിടിച്ചു കുലുക്കിക്കൊണ്ട് എന്നെ അഭിവാദ്യം ചെയ്തു.

"നിന്റെ പെങ്ങൾ സംസാരിക്കില്ലേ?" ഞാൻ അവനോട് ചോദിച്ചു.

"അവൾ അങ്ങനെ ആരോടും സംസാരിക്കാറില്ല. അവൾക്ക് ചെറിയ പ്രശ്നമുണ്ട്, യൂ നോ" അവൻ വളരെ പക്വതയോടെയായിരുന്നു സംസാരിച്ചു തുടങ്ങിയത്. പക്ഷേ അവൻ പറഞ്ഞത് ജൂലിക്ക്

ഇഷ്ടപ്പെട്ടില്ല. അവൾ അവന് നേരെ ശബ്ദം ഉയർത്തിയപ്പോൾ, അവനൊന്നും മിണ്ടാതെ തലതാഴ്ത്തിയിരുന്നു.

ഞാൻ അവരോട്, ഞാനൊരു ഡോക്ടർ ആണെന്നുള്ള കാര്യം പറഞ്ഞു.

"ഐ ന്യൂ ഇറ്റ്. അതുകൊണ്ടാണ് നിങ്ങളെ കാണാൻ ഒരു പ്രത്യേകത ഭംഗി" ഒരു കള്ളച്ചിരിയോടെ ജാക്ക് പറഞ്ഞു.

എന്നോടുള്ള അവന്റെ പെരുമാറ്റം ജൂലിക്കൊട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. അവൾ വീണ്ടും അവന് നേരെ ശബ്ദം ഉയർത്തി. അവൻ നിരാശയോടെ വീണ്ടും മിണ്ടാതിരുന്നു. അവനെ പറഞ്ഞിട്ടും കാര്യമില്ല. സ്ത്രീകളോട് ആകർഷണം തോന്നുന്ന ഒരു പ്രായമായിരുന്നു അവന്റേത്. ഹയർ സ്റ്റഡീസിനൊന്നും പോവാത്തത് കൊണ്ട്, അവന് അപരിചിതയായ ഒരു പെൺകുട്ടിയെ കാണാനോ സംസാരിക്കാനോ ഉള്ള ഒരു അവസരവും ലഭിച്ചിട്ടുണ്ടാവില്ല.

ഞാനവരോട് കൂടുതൽ അടുക്കാൻ വേണ്ടി ശ്രമിച്ചു. എന്നെ ഒരു സുഹൃത്തായി കാണാൻ വേണ്ടി ഞാൻ അവരോട് ആവശ്യപ്പെട്ടു.

"നിങ്ങൾക്ക് എന്ത് പ്രശ്നമുണ്ടെങ്കിലും എന്നോട് തുറന്നു പറയാം" ഞാൻ അവരോട് പറഞ്ഞു.

കിട്ടിയ അവസരം മുതലെടുത്തുകൊണ്ട് ജാക്ക് പറഞ്ഞു. "എന്റെ പ്രധാന പ്രശ്നം, എന്റെ ചേച്ചിയാണ്."

അത് കേട്ടതും ജൂലി വീണ്ടും അവനുനേരെ ശബ്ദം ഉയർത്തി. ജൂലിയെ അവിടെ നിർത്തുന്നത് അത്ര നല്ലതല്ലെന്ന് എനിക്ക് തോന്നി. ഞാൻ അവളോട് പുറത്തുപോകാൻ വേണ്ടി പറഞ്ഞു. അത് ജാക്കിന് വളരെ ഇഷ്ടമായി. പക്ഷേ ജൂലി പോകുന്നത് കണ്ട്, ജാക്കിയും അവളുടെ പിന്നാലെ പുറത്തേക്ക് ഇറങ്ങി. അവളെ ഞാൻ തിരിച്ചു വിളിച്ചെങ്കിലും. അവൾ തിരികെ വരാൻ തയ്യാറായിരുന്നില്ല.

"ഐ ഹാവ് എ ഗ്രേറ്റ് ഫാമിലി" എന്റെ നിരാശ കണ്ടു കൊണ്ട് ജാക്ക് പറഞ്ഞു. അത് എന്നിൽ അല്പം ചിരിയുണർത്തി. ഞാൻ ചിരിക്കുന്നത് കണ്ടപ്പോൾ അവന് ആവേശം കൂടി.

പിന്നെ കുറച്ചുനേരം ഞങ്ങൾ സംസാരിച്ചിരുന്നു.

ജാക്ക് ഒരു രസികനായിരുന്നു. അവന്റെ സംസാരം ഇങ്ങനെ കേട്ടിരിക്കാൻ തോന്നും. ഇടയ്ക്കിടെ അവൻ ചില തമാശയും പറയും. അവൻ പറയുന്ന കാര്യങ്ങളെല്ലാം തമാശ അല്ലെങ്കിൽ കൂടി അത് കേൾക്കുമ്പോൾ ചിരി വരും.

അവനെ കൗൺസിലിംഗ് ചെയ്താൽ മാറാവുന്ന പ്രശ്നമേ ഉണ്ടായിരുന്നുള്ളൂ. അവർ പോകുന്നതിനു മുൻപേ ഇക്കാര്യം ഞാൻ ജൂലിയോട് സൂചിപ്പിച്ചു. പക്ഷേ അവൾക്ക് അതിൽ അത്ര വലിയ താല്പര്യമില്ലായിരുന്നു. പണം ഇല്ലാത്തതായിരുന്നു അവളുടെ പ്രധാന പ്രശ്നം. അവനെ ചികിത്സിക്കാൻ എനിക്ക് പണം വേണ്ടെന്ന് ഞാൻ അവളോട് പറഞ്ഞു. എന്നിട്ടും അവൾ അതിനു സമ്മതിച്ചില്ല. പക്ഷേ ജാക്കിന്റെ ജീവിതം നശിപ്പിക്കാൻ ഞാൻ ഒരുക്കമല്ലായിരുന്നു.

"ഇപ്പോൾ അവനെ ചികിത്സിക്കാൻ പറ്റിയ സമയമാണ്. വൈകുംതോറും അവന്റെ സ്വഭാവം വഷളാവുകയാണ് ചെയ്യുക. നീ സമ്മതിച്ചില്ലെങ്കിലും ഞാൻ അവനെ ചികിത്സിക്കും"

ഞാൻ അത്രയും തറപ്പിച്ചു പറഞ്ഞപ്പോൾ. അവൾക്ക് അത് എതിർക്കാൻ കഴിഞ്ഞില്ല.

"ഇതിനൊക്കെ പ്രത്യുപകാരമായി നിൽക്കാൻ എന്റെ പക്കിലൊന്നുമില്ല" അവൾ വിതുമ്പിക്കൊണ്ട് പറഞ്ഞു.

"നീ എനിക്ക് പ്രത്യേകിച്ചൊന്നും നൽകേണ്ട. സൗഹൃദത്തിൽ പണത്തിന് പ്രശസ്തി ഇല്ലെന്ന് നിനക്കറിയില്ലേ"

ഞാൻ അവളെ ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു.

## ഏയ്

ജാക്കിന്റെ ഒപ്പം തന്നെ ജാക്കിയേയും ചികിത്സിക്കണമെന്നൊരു ആഗ്രഹം എനിക്കുണ്ടായിരുന്നു. പക്ഷേ ജാക്കിയുടെ കണ്ടീഷൻ ജാക്കിനേക്കാൾ മോശമായിരുന്നു. എന്നെക്കാൾ യോഗ്യതയുള്ള ഒരു സൈക്യാട്രിസ്റ്റിനെക്കൊണ്ട് അവളെ ചികിത്സിക്കുന്നതാണ് നല്ലതെന്ന് എനിക്ക് തോന്നി. ജൂലി അവരുടെ രണ്ടുപേരുടെയും ചികിത്സയ്ക്ക് വേണ്ടി കുറച്ചു പണം ഉരുക്കൂട്ടി വെക്കുന്നുണ്ടായിരുന്നു. ജാക്കിന്റെ അസുഖം എനിക്ക് സുഖപ്പെടുത്താൻ കഴിഞ്ഞാൽ പിന്നെ ജാക്കിയുടെ കാര്യം മാത്രം ജൂലി നോക്കിയാൽ മതിയല്ലോ. ഈ കാര്യം ഞാൻ അവളോട് പറഞ്ഞിരുന്നു. ആ വാക്ക് കേട്ടപ്പോൾ തന്നെ അവൾ എന്നെ വാരിപ്പുണർന്നു.

"നിങ്ങൾ ശരിക്കും ഒരു മാലാഖയാണ്. ഇത്രയും കാലം ഞാൻ ഇരുട്ടിലായിരുന്നു. നിങ്ങൾ വന്നപ്പോഴാണ് എന്റെ ജീവിതത്തിൽ ഒരു വെളിച്ചം വന്നത്."

ആ നിമിഷം, ഞാൻ മനോഹരമായ എന്തോ വലിയ കാര്യം ചെയ്തത് പോലെയാണ് എനിക്ക് തോന്നിയത്. ഒരാളെ സഹായിക്കുമ്പോൾ ഉള്ളിൽ വിരിയുന്ന ഒരു ഊഷ്മളതയുണ്ട്, വാക്കുകൾക്ക് ഒരിക്കലും പകർത്താൻ കഴിയാത്ത ഒരു ശാന്തവും പ്രസന്നവുമായ സന്തോഷം. അത് എങ്ങനെയാണ് വിവരിക്കേണ്ടതെന്ന് എനിക്കറിയില്ല കാരണം, അത് വാക്കുകൾക്ക് അതീതമായ ഒരു വികാരമാണ്.

***

എനിക്ക് ഒഴിവു കിട്ടുന്ന സമയങ്ങളിലായിരുന്നു ഞാൻ ജാക്കിനെ ചികിത്സിച്ചത്. ആദ്യദിവസം തന്നെ അവൻ എന്റെ വീട് മുഴുവനും ഒന്ന് ചുറ്റി കണ്ടു. ഒരു കൊച്ചു കുട്ടികളുടെ ലാഘവത്തോടെയായിരുന്നു

അവൻ എന്റെ മുറിയിലുള്ള സാധനങ്ങൾ എല്ലാം എടുത്തു നോക്കിയിരുന്നത്.

"ഈ വീട്ടിൽ നിങ്ങൾ ഒറ്റയ്ക്കാണോ താമസിക്കുന്നത്," അവൻ ചോദിച്ചു.

"അതെ. എന്റെ സ്വന്തക്കാരൊക്കെ ഇന്ത്യയിലാണ്. ഞാനിവിടെ പഠിക്കാൻ വേണ്ടിയായിരുന്നു വന്നത്. ഇവിടെ എനിക്ക് പരിചയമുള്ള ഒരു ആന്റി ഉണ്ട്. പഠനശേഷം ഇവിടെ തന്നെ ജോലി കിട്ടിയത് കൊണ്ടാണ്, ഞാൻ ഇവിടെ തന്നെ അങ്ങ് തങ്ങി."

"അപ്പോൾ നിങ്ങൾ കല്യാണം കഴിച്ചില്ലേ?"

"ഇല്ല."

"അതു നന്നായി" ഒരു കുസൃതി ചിരിയോടെ അവൻ പറഞ്ഞു.

അന്ന് ഞങ്ങൾ പരസ്പരം ഒന്ന് പരിചയപ്പെട്ടു. എന്നെക്കാൾ കൂടുതൽ ചോദ്യം ചോദിച്ചത് അവനായിരുന്നു. ചില സമയത്ത് അവന്റെ ചിന്തകൾ മറ്റെന്തിലേക്കെങ്കിലും പോവും, അപ്പോൾ അവൻ ഒന്നും മിണ്ടില്ല. ചില സമയം എന്തെങ്കിലുമൊന്ന് പറയാൻ ഒരുങ്ങുമ്പോഴും അവൻ ഇത്തരത്തിലുള്ള പ്രവണത കാണിക്കും.

'യൂനോ സംതിങ്,' അത് പറഞ്ഞുകൊണ്ട് അവൻ എന്തെങ്കിലും ചിന്തിച്ചിരിക്കും. ആ കാര്യം എന്താണെന്ന് തിരക്കുമ്പോൾ മാത്രമേ അവൻ സ്വബോധത്തിലേക്ക് വരുകയുള്ളൂ. അതും ഉറക്കെ ചോദിക്കണം. അപ്പോൾ മിക്കവാറും അവന്റെ മറുപടി 'നത്തിംഗ്,' എന്നായിരിക്കും.

രണ്ടാം സെക്ഷനായപ്പോൾ അവൻ എന്നെ മയക്കാനുള്ള ഓരോ ശ്രമങ്ങൾ നടത്താൻ തുടങ്ങി.

"യൂനോ സംതിങ്," അവൻ തന്റെ സ്ഥിരം പല്ലവി ആവർത്തിച്ചു. ഞാൻ കാര്യം എന്താണെന്ന് തിരക്കി. അവൻ മറുപടി നൽകുമോ എന്നെനിക്ക്

സംശയമായിരുന്നു. കാരണം ചുരുക്കം ചില അവസരങ്ങളിൽ മാത്രമേ അവൻ മറുപടി പറയാറുള്ളൂ.

എന്നാൽ ആ ദിവസം അപ്രതീക്ഷിതമായി 'യു ആർ ബ്യൂട്ടിഫുൾ' എന്ന മറുപടി അവൻ എനിക്ക് നൽകിയ. അത് എന്നിൽ ഒരു ചിരി ഉണർത്തിയിരുന്നു.

"നിങ്ങളുടെ ചിരി കാണാനും ഭംഗിയുണ്ട്," അവൻ നാണത്തോടെ പറഞ്ഞു.

അന്ന് അവൻ വളരെ സന്തോഷവാനായിട്ടായിരുന്നു കാണപ്പെട്ടിരുന്നത്. അതുകൊണ്ട് കൂടുതൽ കാര്യമൊന്നും ഞാൻ അവനോട് ചോദിക്കാൻ നിന്നില്ല.

അടുത്ത സെഷനിൽ ഞാൻ അവനോട് അവനെ നിരാശപ്പെടുത്തുന്ന കാര്യം എന്താണെന്ന് ചോദിച്ചു.

"എന്റെ ജീവിതം തന്നെ ഒരു നിരാശയാണ് മേം. എനിക്ക് ജീവിതം മടുത്തു തുടങ്ങിയിരിക്കുന്നു. എന്നും ഒരേ പ്രഭാതം ആണ്. സമയം ചിലവഴിക്കാൻ വേണ്ടി ഞങ്ങൾ എന്തെങ്കിലും കളിക്കും. അതും ഒരുതരത്തിലുള്ള മടപ്പു തന്നെയാണ്. കോളേജിൽ പോകുന്നത് നല്ലതാണ് അല്ലേ മേം?"

"അതെന്താ നീ അങ്ങനെ ചോദിച്ചത്?"

"കോളേജിൽ പഠിച്ചാൽ പ്രണയിക്കാൻ പറ്റുമല്ലോ."

"നിന്നോട് ഇക്കാര്യം ആരാണ് പറഞ്ഞത്?" ഞാനവനോട് ചോദിച്ചു.

"ആരും പറഞ്ഞില്ല."

അവൻ കള്ളം പറയുകയാണെന്ന് എനിക്ക് മനസ്സിലായി.

"സുഹൃത്തുക്കൾ തമ്മിൽ ഒരിക്കലും കള്ളം പറയാൻ പാടില്ല. നീ സത്യം പറഞ്ഞില്ലെങ്കിൽ ഇനി ഞാൻ നിന്നോട് മിണ്ടില്ല" ഞാൻ അവനോട് പിണങ്ങിയത് പോലെ സംസാരിച്ചു.

ഒടുവിൽ അല്പം മടിച്ചിട്ടാണെങ്കിലും അവൻ എന്നോട് സത്യം പറഞ്ഞു.

ഡാനിയെന്ന് പേരുള്ളൊരു  ആത്മാവായിരുന്നുവത്രേ അവനോട് ആ കാര്യം പറഞ്ഞത്.

"ആത്മാക്കൾ നിന്നോട് സംസാരിക്കാറുണ്ടോ?" ഞാൻ അപ്പോൾ ചോദിച്ചു.

"എല്ലാവരും സംസാരിക്കില്ല. ചിലരൊക്കെ സംസാരിക്കും."

ഞാൻ അവനോട് ഡാനിയെ കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. ഹലൂസിനേഷനുള്ള വ്യക്തികൾ ഇങ്ങനെയുള്ള ഇമേജിനറി ഫ്രണ്ട്സിനെ ഭാവനയിൽ സൃഷ്ടിക്കാറുണ്ട്. പക്ഷേ ഡാനി അത്തരത്തിലുള്ളൊരു ഇമേജിനറി ഫ്രണ്ടായിരുന്നില്ല. സാധാരണ ഇത്തരത്തിലുള്ള കേസുകളിൽ ഇമേജിനറി ഫ്രണ്ട് അവരെ പ്രോത്സാഹിപ്പിക്കുകയോ അല്ലെങ്കിൽ അവരെ പ്രലോഭിക്കുകയോ ചെയ്യാറാണ് പതിവ്. പക്ഷേ ജാക്കിന്റെ കാര്യത്തിൽ അങ്ങനെയൊന്നും ഉണ്ടായിരുന്നില്ല. സാധാരണ ഒരു വ്യക്തിയോട് പെരുമാറുന്നത് പോലെയായിരുന്നു അവൻ ഡാനിയോട് പെരുമാറിയിരുന്നത്. മാത്രവുമല്ല ഡാനിയേ ജാക്കിക്കും കാണാൻ കഴിയുമെന്നായിരുന്നു അവൻ പറഞ്ഞത്.

സംഭവം ആകെ കുഴഞ്ഞു കിടക്കുകയായിരുന്നു. അതുകൊണ്ട് അന്നെനിക്ക് പെട്ടെന്നൊരു നിഗമനത്തിലേക്ക് എത്താൻ സാധിച്ചില്ലായിരുന്നു.

നാലാം ദിവസത്തെ സെക്ഷനിൽ ഞാൻ വീണ്ടും ഡാനിയെ കുറിച്ച് അവനോട് ചോദിച്ചു. അന്ന് അവൻ ഡാനിയെ കുറിച്ചൊന്നും മിണ്ടിയില്ല. ഡാനിയുമായി അവൻ പിണങ്ങിയിരിക്കുകയാണെന്ന കാര്യം അവൻ പിന്നെയാണ് എന്നോട് പറഞ്ഞത്. അതുകൊണ്ട് ഞാൻ അവനോട് ഡാനിയെ കുറിച്ചുള്ള ചോദ്യങ്ങൾ ഒന്നും ചോദിക്കാനും പോയില്ല.

ആശുപത്രിയിലെ തിരക്ക് കാരണം, പിന്നെ കുറച്ചു ദിവസത്തേക്ക് എനിക്ക് അവനെ ചികിത്സിക്കാൻ പറ്റിയില്ല. അതിനിടെയാണ് ജൂലിയുടെ വല്യമ്മച്ചി മരിച്ച വിവരം ഞാൻ അറിഞ്ഞത്. ഒരു ദിവസം അവളെ കാണാൻ പോകണമെന്ന് വിചാരിക്കുമ്പോളാണ്, ഒരു മുന്നറിയിപ്പും കൂടാതെ അവൾ എന്നെ തേടിയെത്തിയത്.

അവളുടെ മുഖം ആകെ വിളറി വെളുത്തിരുന്നു. ഞാൻ അവളോട് കാര്യം തിരക്കിയപ്പോഴാണ്, ജാക്കിന് ബോധം നഷ്ടപ്പെട്ട വിവരം എനിക്ക് അറിയാൻ കഴിഞ്ഞത്. ഞങ്ങളുടനെ അവനെ, ഞാൻ ജോലി ചെയ്യുന്ന ഭ്രാന്താശുപത്രിയിലേക്ക് കൊണ്ടുവന്നു.

അവന് എന്താണ് സംഭവിച്ചതെന്ന് അവൾ എനിക്ക് വിശദമായി പറഞ്ഞു തന്നു. ഈ അടുത്തകാലത്തായി അവന്റെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ വന്നതായി അവർ ശ്രദ്ധിച്ചിരുന്നു. അവൻ മറ്റാരെയോ പോലെയായിരുന്നു പെരുമാറിയിരുന്നത്. അവൻ അവളോടും വല്യമ്മച്ചിയോടും എതിർത്ത് സംസാരിക്കാൻ തുടങ്ങിയിരുന്നു. ഇതിനിടയിലാണ് അവളുടെ വല്യമ്മച്ചി മരിക്കുന്നത്. അവർ ശ്വാസംമുട്ടി ആയിരുന്നു മരിച്ചത്. അവരെ ജാക്ക് കൊന്നതാണോ എന്ന സംശയം ജൂലിക്കുണ്ടായിരുന്നു. കാരണം അത്തരത്തിലുള്ളൊരു മാറ്റമായിരുന്നു അവനിൽ സംഭവിച്ചിരുന്നത്. ജാക്കിയുമായുള്ള അവന്റെ പെരുമാറ്റത്തിലും അവൾക്ക് എന്തോ സംശയമുണ്ടായിരുന്നു. ഒരു കമിതാകളെ പോലെയായിരുന്നു അവർ പെരുമാറിയിരുന്നത്. സംഭവം നടന്നിരുന്ന രാത്രി, അവർ രണ്ടുപേരും ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നത് ജൂലി കണ്ടിരുന്നു. അവൾ ഉണക്കാൻ ഇട്ടിരുന്ന തുണികളെല്ലാം എടുത്തു വരുമ്പോളാണ്, ജാക്കിന്റെ മുറിയുടെ ജനലിലൂടെ അവളാ കാഴ്ച കണ്ടത്. അവൾ വേഗം അവന്റെ മുറിയിൽ പ്രവേശിച്ചു കൊണ്ട് അവനെ പിടിച്ചു വലിച്ചു പുറത്തിറക്കി. തുടർന്ന് അവൾ അവനെ ഒരു മുറിയിൽ പൂട്ടിയിട്ടു. അവൻ ഏറ്റവും ഭയപ്പെട്ടിരുന്ന മുറിയായിരുന്നു അത്. അവൻ എത്ര കെഞ്ചിയിട്ടും അവളാ മുറി തുറക്കാൻ കൂട്ടാക്കിയില്ല. തുടർന്ന് അവന്റെ നിലവിളി

കേട്ടപ്പോഴാണ് അവളാ മുറി തുറന്നു നോക്കിയത്. അപ്പോൾ അവൻ ബോധരഹിതനായി നിലത്ത് വീണു കിടക്കുന്നതാണ് അവൾ കണ്ടത്.

## എട്ട്

അവന് ബോധം തിരിച്ചു വന്നപ്പോൾ, അവൻ ഡാനി എന്ന് പേരുള്ളൊരു ആളായിട്ടാണ് ഞങ്ങളോട് സംസാരിച്ചത്. താൻ രണ്ടാം ലോകയുദ്ധത്തിൽ പങ്കെടുക്കാൻ, ഇന്ത്യയിൽ നിന്നും ഇംഗ്ലണ്ടിലേക്ക് വന്നതാണെന്നാണ് അവൻ  ഞങ്ങളോട് പറഞ്ഞത്. ഞങ്ങൾ എത്ര ശ്രമിച്ചിട്ടും ജാക്കുമായി ഞങ്ങൾക്ക് സംസാരിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ ഞങ്ങൾ അവനെ ചികിത്സിക്കാൻ വേണ്ടി അവനോട് ചില കള്ളങ്ങൾ ഒക്കെ പറഞ്ഞു. യുദ്ധത്തിൽ ഉണ്ടായ പരിക്ക് മാറാൻ വേണ്ടിയാണ് അവനെ ഇവിടെ നിർത്തിയതെന്ന് ഞങ്ങൾ അവനെ പറഞ്ഞ് മനസ്സിലാക്കി. എങ്കിലും അവൻ ഇവിടെ അടങ്ങി നിൽക്കാൻ തയ്യാറായിരുന്നില്ല.

അവൻ സ്വദവേ കണ്ണാടി നോക്കാറില്ല. അബദ്ധവശാൽ നോക്കി കഴിഞ്ഞാൽ പിന്നെ അവൻ ബോധരഹിതനാവും. വീണ്ടും നോർമലായി കഴിഞ്ഞാൽ ഉടൻ, തനിക്ക് ഇന്ത്യയിൽ പോകണം എന്ന് പറഞ്ഞ് അവൻ വാശി പിടിക്കും. യുദ്ധം കഴിഞ്ഞാൽ ഉടനെ അവൻ തന്റെ കാമുകിയെ കാണാൻ ചെല്ലുമെന്ന് അവൾക്ക് വാക്ക് കൊടുത്തിരുന്നുവത്രേ. ആ പ്രശ്നം പരിഹരിക്കാൻ വേണ്ടി ഞാൻ അവന്റെ കാമുകിയായ സീതയായിട്ട് അഭിനയിച്ചു. ഞാൻ സീതയാണെന്ന് കൺവിൻസ് ചെയ്യാൻ വേണ്ടി, ഞങ്ങൾക്ക് അവനെ ഒരുപാട് വട്ടം ഹിപ്നോട്ടൈസ് ചെയ്യേണ്ടിവന്നിരുന്നു. ഒടുവിൽ ഞാൻ സീതയാണെന്ന് വിശ്വസിക്കാൻ തുടങ്ങിയപ്പോളാണ്, അവനൊന്ന് ശാന്തനായത്. പിന്നീട് അങ്ങോട്ട് അവൻ ഡാനിയായിട്ടാണ് ജീവിച്ചത്.

രാത്രി കാലങ്ങളിൽ മാത്രമാണ് ഞങ്ങൾക്ക് അവനെ ഹിപ്നോട്ടിസത്തിന് വിധേയനാക്കാൻ സാധിച്ചിരുന്നത്. ആ മന്ദിരത്തിതെ കുറിച്ച് ചോദിച്ചപ്പോൾ, താൻ അവിടെ കുറേക്കാലം തങ്ങിയിട്ടുണ്ടെന്നായിരുന്നു അവൻ ഞങ്ങളോട് പറഞ്ഞത്. ആ സമയങ്ങളിൽ അവന്റെ ഒപ്പം ളോഹ അണിഞ്ഞ ഒരു പള്ളീലച്ചനും ഉണ്ടായിരുന്നുവെന്ന് അവൻ പറഞ്ഞിരുന്നു.

രണ്ടുമൂന്ന് സെക്ഷൻ കഴിഞ്ഞപ്പോഴാണ് അവൻ ജൂലിയുടെ കുടുംബത്തെക്കുറിച്ച് പറഞ്ഞു തുടങ്ങിയത്. ആ സമയങ്ങളിലെല്ലാം ജാക്കിനെയും ജാക്കിയേയും അവൻ മറ്റൊരാളായിട്ടായിരുന്നു കണ്ടിരുന്നത്. അപ്പോളെല്ലാം അത് ജാക്കിന്റെ മറ്റൊരു പേഴ്സണാലിറ്റി ആണെന്നാണ് ഞങ്ങൾ കരുതിയിരുന്നത്. എന്നാൽ ജാക്കിയോട് പ്രണയം തോന്നിയ സംഭവത്തെ കുറിച്ച് അവൻ വിശദീകരിച്ചപ്പോൾ, സംഭവം മറ്റെന്തോ ആണെന്ന് എനിക്ക് തോന്നിത്തുടങ്ങിയത്. എങ്ങനെയൊക്കെ നോക്കിയാലും ഒരു സഹോദരന് സ്വന്തം സഹോദരിയോട് പ്രണയം തോന്നുക എന്ന് പറയുന്നത് അപൂർവവും ആഴത്തിൽ അസ്വസ്ഥത ഉളവാക്കുന്നതുമായ ഒരു കാര്യമാണ്. മാത്രവുമല്ല ആ നിമിഷം വരെ, ജാക്കിൽ നിന്ന് ഒരു വാക്കുപോലും ഞങ്ങൾക്ക് ലഭിച്ചിരുന്നുമില്ല.

***

ഹിപ്നോട്ടിസം ചെയ്യുന്ന സമയത്ത് അവൻ കാണുന്ന സംഭവങ്ങൾ ആയിരുന്നു അവൻ തന്റെ ഡയറിയിൽ എഴുതിയിരുന്നത്. ജാക്ക് സ്വദവേ ഡയറി എഴുതാത്തൊരു വ്യക്തിയായിരുന്നു. ഡാനി എന്ന പേരിൽ അവൻ ഡയറി എഴുതാൻ തുടങ്ങിയത്, ഞങ്ങളെയെല്ലാം ശരിക്കും ഞെട്ടിച്ചിരുന്നു.

പകൽ സമയങ്ങളിലെല്ലാം അവൻ മേജർ ഷാൾട്ടോയുടെ മുറിയിലേക്കായിരുന്നു പോയിരുന്നത്. പ്രായം വരുത്തിവെച്ച ചില തകരാറുകൾ മാത്രമേ അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട്

അപ്പോൾ ഞങ്ങളാരും അവനെ ശ്രദ്ധിക്കാൻ പോയിരുന്നില്ല. ചില സമയങ്ങളിൽ അവൻ എന്നോട് ശൃംഗരിക്കാൻ വരും. അപ്പോഴെല്ലാം ഒരു വിധത്തിൽ ആയിരുന്നു ഞാൻ അവനെ ഒഴിവാക്കിയിരുന്നത്.

ഹിപ്നോട്ടിസത്തിന്റെ അന്തിമഘട്ടത്തിൽ എത്തിയപ്പോഴാണ്, ജൂലിയുടെ വല്യമ്മച്ചിയെ കൊന്ന കാര്യം അവൻ ഞങ്ങളോട് പറഞ്ഞത്. അതേപോലെ ജാക്കിയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നതിനെക്കുറിച്ചും അവൻ ഞങ്ങളോട് പറഞ്ഞു. ഈ സമയങ്ങളിൽ എല്ലാം അവൻ ജാക്കിനെ കണ്ടതായി പറഞ്ഞിരുന്നില്ല. അത് ഞങ്ങളെയെല്ലാം വീണ്ടും അത്ഭുതപ്പെടുത്തിയിരുന്നു. ആ സമയം അവന്റെ ശരീരത്തിൽ ആത്മാവ് കേറിയതാണോ എന്ന സംശയം ചിലരിൽ എല്ലാം ഉദിച്ചിരുന്നു. അത് പരസ്യമായ ഒരു രഹസ്യമായി മാറുകയും ചെയ്തിരുന്നു. അതുകൊണ്ട് ഞാനാ മന്ദിരത്തിന്റെ ചരിത്രത്തെ കുറിച്ച് അന്വേഷിക്കാൻ തീരുമാനിച്ചു.

ഫ്രഞ്ച് വിപ്ലവം നടക്കുന്ന കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ടതായിരുന്നു ആ മന്ദിരം. തുടക്കകാലങ്ങളിൽ അവിടം പ്രഭുക്കന്മാരായിരുന്നു താമസിച്ചു വന്നത്. പിന്നീട് അത് പള്ളിയുടെ കീഴിലായി. അക്കാലത്തെ പള്ളിയുടെ ഉയർന്ന വികാരികളും ബിഷപ്പുകളുമായിരുന്നു അവിടെ താമസിച്ചിരുന്നത്. മന്ത്രവാദത്തിലും ഭൂതോച്ചാടനത്തിലും പേരുകേട്ട ഫാദർ ഡേവിസ് ആ കാലത്ത് അവിടെ താമസിച്ചിരുന്നു. അദ്ദേഹം ആ മന്ദിരത്തിൽ വെച്ചായിരുന്നു മരണമടഞ്ഞത്. അദ്ദേഹത്തെ അടക്കം ചെയ്തതും അവിടെ തന്നെയായിരുന്നു.

ഒന്നാം ലോകമഹായുദ്ധം നടക്കുന്ന സമയത്ത്, ആ മന്ദിരം ബ്രിട്ടൻ ആർമിയുടെ കീഴിലായി. പട്ടാളക്കാർക്ക് താമസിക്കാനും അവരെ ചികിത്സിക്കാനും വേണ്ടിയായിരുന്നു ആ മന്ദിരം ഉപയോഗിച്ചിരുന്നത്. ആ സമയത്ത് ഫാദർ ഡേവിസിന്റെ ആത്മാവിനെ ചിലരെല്ലാം കണ്ടതായുള്ള കിംവദന്തികൾ ഉടലെടുത്തിരുന്നു. അദ്ദേഹത്തിന്റെ

പ്രേതരൂപത്തിന്റെ പ്രത്യക്ഷത ഒഴികെ, വിചിത്രമോ, അമാനുഷികമോ ആയ സംഭവങ്ങളൊന്നും അവിടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ആ മന്ദിരം കുറെ കാലം ഒഴിഞ്ഞു കിടന്നു. രണ്ടാം ലോകമഹായുദ്ധമായപ്പോൾ, അവിടം പട്ടാളക്കാരെ ചികിത്സിക്കാൻ വേണ്ടിയുള്ള ഒരു സത്രമാക്കി മാറ്റി. ആ സമയത്തും അപൂർവ്വം ചിലർ ഫാദറുടെ രൂപം കണ്ടതായി വാദിച്ചിരുന്നു. എന്നാൽ അത് വലിയ രീതിയിൽ ഒന്നും ചർച്ച ചെയ്യപ്പെട്ടിരുന്നില്ല. രണ്ടാം ലോകയുദ്ധത്തിനുശേഷം വീണ്ടും ആ കെട്ടിടം കുറേക്കാലത്തേക്ക് ഒറ്റപ്പെട്ട് കിടന്നു. അവസാനം, ഒരു കൂട്ടം ആളുകൾ ചേർന്ന് അത് വിലയ്ക്ക് വാങ്ങി. അവരായിരുന്നു ആ മന്ദിരം ഒരു ഹോട്ടലാക്കാൻ തീരുമാനിച്ചത്.

ഫാദർ ഡേവിസിന്റെ ആത്മാവിനെ കണ്ടതായിട്ടാണ് പലരും വാദിച്ചിരുന്നത്. ജാക്കും, ഫാദർ ഡേവിസിന്റെ ആത്മാവിനെ കണ്ടതായി ജൂലിയോട് പറഞ്ഞിരുന്നു. എന്നാൽ ഡാനി എന്നൊരു ആത്മാവിനെ അവിടെ കണ്ടതായുള്ള കിംവദന്തികൾ ഒന്നുമില്ലായിരുന്നു. അത് എന്നെ വീണ്ടും കുഴക്കി. ജാക്കിന്റെ കേസ് ഒരുവിധത്തിലും മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ലെന്ന് കരുതിയപ്പോളാണ്, ഞങ്ങൾ ഒരു പുതിയ പരീക്ഷണം നടത്താൻ തീരുമാനിച്ചത്.

ജാക്കിനെ വീണ്ടും തിരിച്ചു കൊണ്ടുവരാൻ വേണ്ടി ഞങ്ങൾ അവൻ പറഞ്ഞ കാര്യങ്ങളെല്ലാം റീ ക്രിയേറ്റ് ചെയ്യാൻ തീരുമാനിച്ചു. എനിക്കറിയാവുന്ന ഇരട്ടക്കുട്ടികളായ ജെസ്സിയെയും ജെറിയെയും ഞങ്ങൾ ഇതിൽ പങ്കു ചേർത്തു. അതുപോലെ ഇവിടെ ജോലി ചെയ്യുന്ന മേരിയേയും ജെമിയെയും, ഞങ്ങൾ വല്യമ്മച്ചിയായും ജൂലിയായും വേഷമണിയിപ്പിച്ചു. ജാക്ക് ഡയറിയിൽ എഴുതിയത് പോലെ ഓരോ ദിവസവും ഞങ്ങൾ ഷെഡ്യൂൾഡ് ചെയ്തുവെച്ചു.

പക്ഷേ കാര്യങ്ങൾ ഞങ്ങൾ പ്രതീക്ഷിച്ചതുപോലെയല്ല സംഭവിച്ചത്. അവൻ അത്ഭുതത്തോടെയായിരുന്നു എല്ലാം നോക്കി കണ്ടിരുന്നത്.

അത്ഭുതമല്ലാതെ മറ്റൊന്നും അവനാ സമയങ്ങളിൽ പ്രകടമാക്കിയിരുന്നില്ല. ഡാനിയുടെ വ്യക്തിത്വം കണക്കിലെടുക്കുമ്പോൾ, അവൻ ജെസിയുമായി അടുക്കേണ്ടതായിരുന്നു. പക്ഷേ അവൻ അവളെ അവഗണിക്കുകയാണ് ചെയ്തത്. അവൻ ഒന്നിനോടും പ്രതികരിക്കാത്തത് കൊണ്ട് ഞങ്ങളുടെ പരിശ്രമങ്ങളെല്ലാം പാഴായി പോവുകയായിരുന്നു. അതിനിടയിൽ മുറി വൃത്തിയാക്കാൻ വേണ്ടി രണ്ടുപേർ ആ മന്ദിരത്തിലേക്ക് വന്നിരുന്നു. അവർ ഞങ്ങളുടെ പദ്ധതികൾ ഒന്നും തകർക്കില്ലെന്നായിരുന്നു ഞങ്ങൾ കരുതിയത്. പക്ഷേ അതിലൊരുവൻ ഞങ്ങളുടെ പദ്ധതികളെല്ലാം തകർത്തു.

ഹാളിലും പൂന്തോട്ടത്തിലും ജാക്കിനെ കാണാതായപ്പോഴാണ് ഞാൻ മുകളിലെ നിലയിലേക്ക് പോയി നോക്കിയത്. അവിടെ കണ്ണാടിയുടെ മുന്നിൽ സ്തംഭിച്ചു നിൽക്കുകയായിരുന്നു ജാക്ക്. എന്റെ പ്രതിബിംബം കണ്ണാടിയിൽ കണ്ടമാത്രേ, അവൻ ബോധരഹിതനായി നിലത്ത് വീണു.

അങ്ങനെ ഞങ്ങൾ ജാക്കിനെ ഭ്രാന്താശുപത്രിയിലേക്ക് തിരികെ കൊണ്ടുപോയി. അവന് പിറ്റേ ദിവസമായിരുന്നു ബോധം വീണത്. ഞാൻ അവനെ കാണാൻ ചെന്ന സമയത്ത്, അവനാകെ ഭയന്ന് തളർന്നിരുന്നു.

"അവനിപ്പോൾ എല്ലാം മനസ്സിലായിട്ടുണ്ട്," അവൻ ജാക്കായിട്ടായിരുന്നു എന്നോട് സംസാരിച്ചിരുന്നത്. അതെന്നെ വല്ലാതെ അത്ഭുതപ്പെടുത്തിയിരുന്നു.

"എന്ത് മനസ്സിലായിട്ടുണ്ടെന്ന്," ഞാൻ അവനോട് ചോദിച്ചു.

"അവൻ ഒരു പ്രേതമാണെന്നുള്ള കാര്യം."

അവന്റെ വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തി, പക്ഷേ അവന്റെ ശബ്ദത്തിലെ ഭയമാണ് എന്നെ ശരിക്കും ഞെട്ടിച്ചത്.

"ഇത്രയും കാലം ഞാനൊരു സ്വപ്നലോകത്തായിരുന്നു. ഇന്നാണ് എനിക്ക് അതിൽ നിന്നും തിരിച്ചു വരാൻ കഴിഞ്ഞത്."

"അപ്പോൾ ആരാണ് ഡാനി," ഞാൻ ചോദിച്ചു

"ശ്..ശ് അവനിത് കേൾക്കുന്നുണ്ട്. അവൻ ഏത് നിമിഷം വേണമെങ്കിലും വരും. പ്ലീസ് ഹെല്പ് മി"

ഞാൻ വീണ്ടും ചോദ്യം ആവർത്തിച്ചെങ്കിലും, അവനൊന്നും മിണ്ടിയില്ല. തുടർന്നവൻ, ക്ഷീണം കാരണം പതിയെ മയങ്ങാൻ തുടങ്ങി.

അന്ന് വീണ്ടും അവന് ബോധം വീണപ്പോൾ ഞാൻ ഒരു വട്ടം കൂടി അവനെ കാണാൻ വേണ്ടി പോയി.

ഞാൻ ജാക്ക് ആണെന്ന് കരുതി കൊണ്ട് അവനോട് സംസാരിക്കാൻ തുടങ്ങി.

"ദേർ ഈസ് നോ ജാക്ക്.  ഇനി ഈ ശരീരം നിയന്ത്രിക്കുന്നത് ഞാനായിരിക്കും. നിങ്ങളോട് എനിക്ക് ശത്രുതയില്ല. നിങ്ങൾ നിങ്ങളുടെ ജോലിയാണ് ചെയ്തത്, അതുകൊണ്ട് ഞാൻ നിങ്ങളോട് ക്ഷമിക്കുന്നു. പക്ഷേ എന്നെ ഇവിടെ ഇരുത്തിക്കൊണ്ട് ചികിത്സിക്കാനാണ് നിങ്ങളുടെ ഭാവമെങ്കിൽ, അത് ഞാൻ സമ്മതിക്കില്ല. എന്നെ എത്രയും പെട്ടെന്ന് ഇന്ത്യയിൽ എത്തിക്കണം."

വളരെ വ്യത്യസ്തമായ ഒരു സ്വരത്തിലായിരുന്നു അവനത് പറഞ്ഞത്. ഞാൻ അവനോട്, ജാക്ക് എവിടെയാണെന്ന് ചോദിച്ചു. പക്ഷേ അവൻ വീണ്ടും ഇന്ത്യയിൽ പോകണമെന്ന ആവശ്യമുന്നയിച്ചു.

"എനിക്ക് നിന്നോട് അല്ല സംസാരിക്കേണ്ടത് ജാക്കിനോടാണ്," ഞാൻ അല്പം രൂക്ഷമായി കൊണ്ട് പറഞ്ഞു.

പെട്ടെന്ന് അവൻ എന്റെ കഴുത്തിൽ കയറി പിടിച്ചു.

"നീ ആദ്യം ഞാൻ പറഞ്ഞ കാര്യം ചെയ്യ്. അല്ലെങ്കിൽ നിന്നെ അടക്കം ഇവിടെയുള്ളവരെ എല്ലാം ഞാൻ കൊല്ലും"

ആ സമയം ഞാനവന്റെ കയ്യിൽ കിടന്നു ഞെരുങ്ങുകയായിരുന്നു. എന്റെ കാഴ്ച മങ്ങുന്നതുവരെ അവന്റെ പിടി മുറുകി. തുടർന്ന്, അവൻ

എന്നെ മനുഷ്യത്വരഹിതമായ ശക്തിയോടെ ഉയർത്തി പിന്നിലേക്ക് എറിഞ്ഞു.

ഒരു സാധാരണ പുരുഷന്റെ ശക്തിയായിരുന്നില്ല അവനുണ്ടായിരുന്നത്. ഒരു പൂച്ചയെ തൂക്കി എറിയുന്നത് പോലെയായിരുന്നു അവൻ എന്നെ എറിഞ്ഞത്. എന്റെ ശരീരം ആകമാനം വിറയ്ക്കാൻ തുടങ്ങിയിരുന്നു. ജാക്കിനുള്ളിൽ മറ്റെന്തോ അമാനുഷിക ശക്തി ഉള്ളതുപോലെ എനിക്ക് തോന്നി.

ഞാൻ വൈകാതെ ഫാദർ ഗബ്രിയേലിനെ കാണാൻ ചെന്നു. അദ്ദേഹം ഒരു സൈക്യാട്രിസ്റ്റ് കൂടി ആയിരുന്നു. യുക്തിക്ക് നിരക്കാത്ത ചില സംഭവങ്ങളുടെ സയന്റിഫിക്സ് വശങ്ങളെക്കുറിച്ച് എല്ലാം അദ്ദേഹത്തിന് അറിവുണ്ടായിരുന്നു.

ഞാൻ നടന്ന സംഭവങ്ങളെക്കുറിച്ച് എല്ലാം അദ്ദേഹത്തിനോട് വിശദീകരിച്ചു. അപ്പോൾ അദ്ദേഹം ജാക്കിനെ കാണണമെന്ന് ആവശ്യപ്പെട്ടു. അതുപ്രകാരം ഞാൻ അദ്ദേഹത്തെ ജാക്കിന്റെ അരികിലേക്ക് കൊണ്ടുപോയി. ജാക്കിനെ കണ്ടപ്പോൾ തന്നെ അദ്ദേഹത്തിന്റെ മനസ്സിൽ ചില സംശയങ്ങളെല്ലാം ഉദിച്ചിരുന്നു. അന്ന് ജാക്ക്, ജാക്ക് ആയിട്ട് തന്നെയായിരുന്നു പെരുമാറിയിരുന്നത്. അവൻ തന്റെ വിഷമങ്ങളെല്ലാം ഫാദറിനോട് പറഞ്ഞു. അദ്ദേഹം അവനെ ശാന്തനാക്കിക്കൊണ്ട് നെറ്റിയിൽ കുരിശു വരക്കാൻ ഒരുങ്ങി. പെട്ടെന്ന് എന്തോ കണ്ട് ഭയന്നത് പോലെ അദ്ദേഹം നിലത്തേക്ക് വീണു. തുടർന്ന് അദ്ദേഹം ഒന്നും പറയാതെ മുറിക്കു പുറത്തേക്കിറങ്ങി. ഞാൻ അദ്ദേഹത്തെ പിന്തുടർന്നുപോയി.

"എന്തുപറ്റി ഫാദർ?" ഞാൻ ചോദിച്ചു.

"ജാക്കിനെ കുറിച്ചുള്ള എല്ലാ രേഖകളും എനിക്ക് വേണം അവന്റെ ഡയറി ഉൾപ്പെടെ" അദ്ദേഹം പറഞ്ഞു.

"അതെന്തിനാണ് ഫാദർ?" ഞാൻ ചോദിച്ചു.

"അവന്റെ ശരീരത്തിൽ മറ്റാരോ ഉണ്ട്. ഞാൻ കുരിശു വരച്ച സമയത്ത് ജാക്കിന്റെ രൂപമല്ല ഞാൻ കണ്ടത്,"

അദ്ദേഹം മറ്റൊന്നും പറയാൻ നിന്നില്ല. ജാക്കിനെ കുറിച്ചുള്ള രേഖകളെല്ലാം വാങ്ങിയ ശേഷം അദ്ദേഹം പോയി.

## ഒൻപത്

രണ്ടു ദിവസങ്ങൾക്കുശേഷമാണ് അദ്ദേഹം തിരിച്ചുവന്നത്. വന്നപാടെ അദ്ദേഹം, താൻ കണ്ടെത്തിയ ചില വിവരങ്ങളെല്ലാം എന്നോട് വിശദീകരിക്കാൻ തുടങ്ങി.

"ഈ കേസ് പഠിച്ചതിൽ നിന്നും എനിക്ക് മനസ്സിലാക്കാൻ പറ്റിയ ചില കാര്യങ്ങളാണ് ഞാൻ പറയാൻ പോകുന്നത്. അതിനു മുന്നേയായി നിനക്ക് പ്രേതങ്ങളിൽ വിശ്വാസം ഉണ്ടോയെന്ന് എനിക്കറിയണം"

"അതെന്താ ഫാദർ, അങ്ങനെ ചോദിച്ചത്?" ഞാൻ സംശയത്തോടെ അദ്ദേഹത്തോട് ചോദിച്ചു.

"ഈ പ്രപഞ്ചത്തിൽ നമുക്ക് വിശ്വസിക്കാൻ പറ്റാത്ത ചില കാര്യങ്ങളുമുണ്ട്. ചരിത്രം എടുത്തുനോക്കിയാൽ, പണ്ടുമുതലേ അത്തരത്തിലുള്ള കാര്യങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. അതിലൊന്നാണ് ആത്മാവ്. ഒരാൾ മരിക്കുകയാണെങ്കിൽ അയാളുടെ ആത്മാവ് ഭൂമിയിലൊരു നിശ്ചിത സമയം വരെ നിലനിൽക്കും. ചില ആത്മാക്കൾ മോശം കിട്ടാതെ അലയുകയും ചെയ്യും. അത്തരത്തിലുള്ള ആത്മാക്കൾ സ്വതവേ കുറവായിരിക്കും. ശരിക്കും ഈ ആത്മാവ് എന്ന് പറയുന്നത് ഒരു എനർജിയാണ്. ഒരാളുടെ പ്രതിബിംബമാണെന്ന് വേണമെങ്കിൽ നമുക്ക് പറയാം. അതിനെ എല്ലാവർക്കും കാണാൻ കഴിയില്ല. സമയവും, കാലവും, പ്രസ്തുത ആത്മാവിന്റെ ശക്തിയും, ഇതിൽ ഏതെങ്കിലും ചില ഘടകങ്ങൾ ഒത്തുചേർന്നാൽ മാത്രമേ ആത്മാവിനെ കാണാൻ കഴിയുള്ളൂ. അതുകൊണ്ടാണ് വളരെ ചുരുക്കം ആളുകൾ മാത്രം,

തങ്ങൾ ആത്മാക്കളെ കണ്ടതായി വാദിക്കുന്നത്. ജാക്കിന്റെ ഹിസ്റ്ററി പഠിച്ചതിൽ നിന്നും, അവൻ ഒരു ഹൈ സെൻസിറ്റീവ് പേഴ്സണാണെന്ന് എനിക്ക് മനസ്സിലായി. ഇത്തരത്തിലുള്ള ആളുകൾക്ക് അദൃശ്യമായ ശക്തികളെ കാണാൻ സാധിക്കും. ജാക്കിനെ പോലെ ജാക്കിക്കും ഇത്തരത്തിലുള്ള ഒരു സിദ്ധി ലഭിച്ചിട്ടുണ്ട്. ചുരുക്ക ചിലർക്ക് മാത്രമേ ഇത്തരത്തിലുള്ള സിദ്ധികൾ ലഭിക്കുകയുള്ളൂ."

"ഇനി ഞാൻ പറയാൻ പോകുന്നത് ആ മന്ദിരത്തെ കുറിച്ചാണ്. ആ മന്ദിരത്തിന്റെ ചരിത്രത്തെ കുറിച്ച് നീ അന്വേഷിച്ചു കാണുമെന്നെനിക്കറിയാം. അവിടെ പലരും കണ്ടതായി പറയുന്നത്, ഫാദർ ഡേവിസിന്റെ ആത്മാവിനെയാണ്. അതിന്റെ പിന്നിൽ പലർക്കും അറിയാത്ത ഒരു കഥയുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിലാണ് അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും ആ മന്ദിരത്തിൽ താമസമാക്കിയത്. അദ്ദേഹം പള്ളിക്ക് വേണ്ടപ്പെട്ട ഒരാളായിരുന്നു. മാത്രവുമല്ല ആ കാലത്ത് ഭൂതോച്ചാടനം നടത്താൻ തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് മന്ത്രവിദ്യകളെല്ലാം വശം ഉണ്ടായിരുന്നു. അദ്ദേഹം പഠിച്ചെടുത്ത വിദ്യകളെല്ലാം തന്റെ പിൻഗാമികൾക്ക് പറഞ്ഞുകൊടുക്കണമെന്നൊരു ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. അതിനിടയിലാണ് അദ്ദേഹം കോളറ ബാധിച്ച് മരണപ്പെടുന്നത്. സങ്കീർണമായ ഭൂതോച്ചാടങ്ങളിൽ അദ്ദേഹത്തിന്റെ സഹായം, അദ്ദേഹത്തിന്റെ ശിഷ്യന്മാർക്ക് വേണ്ടി വന്നിരുന്നു. ഇതുകാരണം അദ്ദേഹത്തിന്റെ ശിഷ്യന്മാർ അദ്ദേഹത്തിന്റെ ആത്മാവിനെ വിളിച്ചുവരുത്താൻ തീരുമാനിച്ചു. പല മന്ത്രവിദ്യകളും പരീക്ഷിച്ചു കൊണ്ട് അവർ ഫാദർ ഡേവിസിന്റെ ആത്മാവിനെ ആ മന്ദിരത്തിലേക്ക് വിളിച്ചുവരുത്തി. അവർക്ക് സംശയം വരുമ്പോൾ, അവർ മന്ത്രഫലകത്തിലൂടെ ഫാദർ ഡേവിസിന്റെ ആത്മാവുമായി സംവാദം നടത്തും. ഫാദർ ഡേവിസിന്റെ ആത്മാവ് അവർക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങളെല്ലാം പറഞ്ഞുകൊടുക്കുകയും ചെയ്യുമായിരുന്നു."

"അതിനിടയിൽ അപ്രതീക്ഷിതമായിട്ടാണ് ഒന്നാം ലോകമഹായുദ്ധം മുള പൊട്ടിയത്. അപ്പോഴാണ് പള്ളിയുടെ കയ്യിൽ നിന്നും ആ മന്ദിരം ബ്രിട്ടൻ ആർമി വാങ്ങുന്നത്. ഫാദറിന്റെ ആത്മാവിന്റെ സാന്നിധ്യമുള്ളതുകൊണ്ട്. ഫാദർ ഡേവിസിന്റെ മുറി ഒരു കാരണവശാലും ഉപയോഗിക്കരുതെന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാർ അവരോട് പറഞ്ഞിരുന്നു. പക്ഷേ പിൻകാലത്ത് എപ്പോയോ അവരുടെ വാക്ക് ലംഘിച്ചുകൊണ്ട് ബ്രിട്ടൻ ആർമി ആ മുറി ഉപയോഗിക്കാൻ തുടങ്ങി. അവിടെ താമസിച്ച ചിലരൊക്കെ ഫാദറിന്റെ ആത്മാവിനെ കണ്ടിരുന്നു. എന്നാൽ ഫാദറിന്റെ ആത്മാവിനെ കൊണ്ട് അവർക്കാർക്കും യാതൊരു ശല്യവും ഉണ്ടായിരുന്നില്ല. എന്നാൽ ജാക്കിന്റെ ശരീരത്തിൽ ഇപ്പോൾ ഉള്ളത് ഫാദർ ഡേവിസിന്റെ ആത്മാവല്ല അത് മറ്റാരുടെയോ ആത്മാവാണ്. അത് ചിലപ്പോൾ, അകാലത്തിൽ മരണപ്പെട്ട ഏതെങ്കിലും ഒരു ആർമിക്കാരന്റെ ആത്മാവായിരിക്കാം."

"അപ്പോൾ ജാക്കിന്റെ ശരീരത്തിൽ ഒരു ആത്മാവ് ഉണ്ടെന്നാണോ അച്ചൻ പറഞ്ഞു വരുന്നത്." ഞാൻ സംശയത്തോടെ ചോദിച്ചു.

"അതെ. പ്രതികാരദാഹിയായ ഒരു ആത്മാവാണ് അവന്റെ ഉള്ളിൽ കുടികൊള്ളുന്നത്. ശരീരവും മനസ്സും യോജിക്കാത്ത ആളുകളിലാണ് സാധാരണ ആത്മാക്കൾ പ്രവേശിക്കാറ്. ഉദാഹരണത്തിന് ചെറിയ കുട്ടികൾ, ഓർമ്മ നഷ്ടപ്പെട്ടവർ, വയസ്സായവർ അല്ലെങ്കിൽ ജാക്കിനെ പോലെ മാനസിക രോഗമുള്ളവർ. അല്ലാത്തവരുടെ ശരീരത്തിലേക്കും ആത്മാവിന് പ്രവേശിക്കാൻ കഴിയും പക്ഷേ പ്രസ്തുത ആളിന്റെ സമ്മതം വേണമെന്ന് മാത്രം."

"അതൊരു ആത്മാവ് തന്നെയാണെന്ന് ഫാദറിനെന്താ ഇത്ര ഉറപ്പ്." ഞാൻ വീണ്ടും ചോദിച്ചു.

"ഡാനി എന്ന പേരിൽ ജാക്ക് എഴുതിയ ഡയറി സൂക്ഷ്മമായി വായിച്ചു നോക്കിയാൽ അതെല്ലാം മനസ്സിലാവും. കുറേ വർഷങ്ങളോളം ഡാനി എന്ന ആത്മാവ് ആ മന്ദിരത്തിലായിരുന്നു. ജാക്ക് അവനെ

കാണുന്നുണ്ടെന്ന് മനസ്സിലാക്കിയപ്പോഴാണ് ഡാനിക്ക് ആവേശം കൂടിയത്. ആത്മാക്കൾ സ്വദവേ തങ്ങൾ മരിച്ചതാണെന്ന സത്യത്തെ മറക്കാനാണ് ശ്രമിക്കാറ്. ഡാനിയും അങ്ങനെ തന്നെയായിരുന്നു ചെയ്തിരുന്നത്. അവൻ ഒരു ചെറുപ്പക്കാരനാണ് ഏകദേശം ഒരു മുപ്പത് വയസ്സ് കാണും. അതുകൊണ്ടാണ് ജാക്ക് പെട്ടെന്ന് അവനുമായി ഒരു സൗഹൃദത്തിൽ ഏർപ്പെട്ടത്. ജാക്കുമായുള്ള സൗഹൃദം അവനു വളരെ ഇഷ്ടപ്പെട്ടിരുന്നു പോരാത്തതിന് ജാക്കി അവനെ സ്നേഹിക്കാൻ തുടങ്ങിയതോടെ താൻ വീണ്ടും ജീവിക്കുകയാണെന്ന തോന്നൽ അവനിൽ ഉണ്ടായിട്ടുണ്ടാവാം. ജാക്ക് അവിടുന്ന് പോവുകയാണെന്ന് വിവരം അവനോട് പറഞ്ഞപ്പോളാണ് അവൻ വീണ്ടും തളർന്നത്. വീണ്ടും താൻ ഒറ്റപ്പെടുമോ എന്ന ചിന്ത അവനിൽ ഉടലെടുത്തിട്ടുണ്ടാവും."

"ഈ ഒരു സമയത്തിലാണ് അവനിലെ ഡീമൺ പ്രവർത്തിക്കാൻ തുടങ്ങിയത്. ഡീമൺ അഥവാ സാത്താൻ, അത് ഒരാളുടെ ഇരുണ്ട വശമാണ്. ഒരാളുടെ ജീവിതത്തിൽ കൊണ്ടുനടന്ന വെറുപ്പും വിദ്വേഷവും പകയും ആണ് ആ ഇരുണ്ട വശം. ഒരു ആത്മാവിന് കോപം വന്നു കഴിഞ്ഞാൽ അതൊരു സാത്താനായി മാറും അഥവാ ഒരു കെട്ട ശക്തിയായി മാറും. ഇവിടെ ശരിക്കും ജാക്ക് ഡാനിയെ ശുണ്ഠി പിടിപ്പിക്കുകയാണ് ചെയ്തത്. അവന് ജാക്കിന്റെ ശരീരത്തിൽ പ്രവേശിക്കാൻ കഴിയുമെന്ന് അവന് അറിവുണ്ടയിരുന്നു. ആ അവസരം മുതലെടുത്തുകൊണ്ടാണ് അവൻ ജാക്കിന്റെ ശരീരത്തിൽ കയറിയത്."

"പിന്നെ അങ്ങോട്ട് ജാക്കിനെ നിയന്ത്രിച്ചത് ഡാനിയായിരുന്നു. ഡാനിയിലുള്ള ഇരുണ്ട വശമായിരുന്നു. ജാക്കിന്റെ സ്വഭാവത്തിൽ മാറ്റം വരാനുള്ള കാരണം ഡാനി എന്ന സാത്താൻ അവന്റെ ഉള്ളിലുള്ളത് കൊണ്ടായിരുന്നു. ജാക്കിയുമായി ലൈംഗികബന്ധത്തിലേർപ്പെട്ടതും, ജൂലിയോട് തർക്കിച്ചതും, അവരുടെ വല്യമ്മച്ചിയെ കൊന്നതും, എല്ലാം ഡാനിയുടെ പ്രവർത്തിയായിരുന്നു. എന്റെ ഊഹം ശരിയാണെങ്കിൽ ഫാദർ ഡേവിസിന് ഡാനിയുടെ പ്രവർത്തികളൊന്നും ഇഷ്ടപ്പെട്ടിട്ടുണ്ടാവില്ല. അന്ന് ജൂലി ജാക്കിനെ ഫാദർ ഡേവിസിന്റെ

മുറിയിൽ അടച്ചിട്ടപ്പോൾ. ഫാദർ ഡേവിസ് ഡാനിയെ ജാക്കിന്റെ ശരീരത്തിൽ നിന്നും ഒഴിപ്പിച്ചെടുക്കാൻ ശ്രമിച്ചിട്ടുണ്ടാവും. അതുകൊണ്ടാവാം അന്ന് ജാക്ക് ആർത്തു നിലവിളിച്ച്. എന്തായാലും അന്ന് എന്തോ ഒന്ന് സംഭവിച്ചിട്ടുണ്ട്. അവനു ബോധം തിരിച്ചു കിട്ടിയപ്പോൾ അവൻ നടന്ന കാര്യങ്ങളെല്ലാം മറക്കാനാണ് ശ്രമിച്ചത്. ജാക്കിന്റെ സാന്നിധ്യം ശരീരത്തിൽ ഇല്ലാത്തതുകൊണ്ട് അത് തന്റെ ശരീരമാണെന്ന് അവൻ വിചാരിച്ചിട്ടുണ്ടാവും."

"ചില ആത്മാക്കൾ അങ്ങനെയാണ്, ഒരു ശരീരം മുഴുവനായി നിയന്ത്രിക്കാൻ കഴിഞ്ഞാൽ പിന്നെ അത് തന്റെ ശരീരമാണെന്ന് കരുതും. താൻ ഇപ്പോഴും ജീവിച്ചിരിക്കുകയാണെന്ന് അവർക്ക് തോന്നും. തന്റെ കൂടെയുള്ളവർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും അവർ വിശ്വസിക്കും. അതുകൊണ്ടാണ് നീ സീതയാണെന്ന് പറഞ്ഞപ്പോൾ അവൻ പെട്ടെന്ന് തന്നെ അത് വിശ്വസിച്ചത്. പിന്നീട് അങ്ങോട്ട് അവൻ ഈ ചിന്തയിലാണ് ജീവിച്ചത്. പിൻകാലത്ത് നടന്നതെല്ലാം അവൻ തന്റെ സ്വപ്നമാണെന്നാണ് കരുതിയത്. സ്വപ്നങ്ങൾ അവന്റെ ജീവിതത്തിൽ എന്തോ സാന്നിധ്യം ചെലുത്തിയിട്ടുണ്ടാവാം. അതുകൊണ്ടാണ് നടന്ന സംഭവങ്ങളെല്ലാം അവൻ സ്വപ്നത്തോട് ഇണക്കി ചേർക്കാൻ ശ്രമിച്ചത്."

"നിങ്ങളാ സംഭവങ്ങൾ റീക്രീറ്റ് ചെയ്യാൻ ശ്രമിച്ചപ്പോഴും അവൻ തന്റെ പഴയ ഓർമ്മയിലേക്ക് പോകാൻ താല്പര്യപ്പെട്ടില്ല. പകരം അവിടുന്നു രക്ഷപ്പെടാനാണ് ശ്രമിച്ചത്. അത്രയും കാലത്തെ ഒരു സാധാരണ ജീവിതത്തിനൊടുവിലാണ് അവൻ വീണ്ടും കണ്ണാടി നോക്കാൻ ഇടയായത്. കണ്ണാടിയിൽ വീണ്ടും ജാക്കിനെ കണ്ടപ്പോഴാണ് അവന് പഴയ കാര്യങ്ങളെല്ലാം ഓർമ്മ വന്നത്. താൻ ഒരു ആത്മാവാണെന്നുള്ള സത്യം, അവനപ്പോഴാണ് മനസ്സിലാവുന്നത്. ഇതുകൊണ്ടാണ് പിറ്റേദിവസം ജാക്കിന് നിന്നോട് സംസാരിക്കാൻ കഴിഞ്ഞത്."

"ആ സമയങ്ങളിലെല്ലാം ഡാനിയുടെ ആത്മാവ് അവന്റെ ശരീരത്തിൽ തന്നെ ഉണ്ടായിരുന്നു. തന്റെ നല്ലവശം വെടിഞ്ഞുകൊണ്ട് ഒരു കെട്ട ശക്തിയായി മാറുകയായിരുന്നു അപ്പോൾ അവൻ. ഡാനി എന്ന

ആത്മാവിന് എന്തോ ചില ലക്ഷ്യങ്ങൾ ഉണ്ടാവാം. അതുകൊണ്ടാണ് അവൻ ഇന്ത്യയിലേക്ക് പോകണമെന്ന് പറയുന്നത്. ഇനിയും ആ ആത്മാവിനെ ജാക്കിന്റെ ശരീരത്തിൽ നിൽക്കാൻ അനുവദിച്ചു കൂടാ. ഈ സമയങ്ങളിലെല്ലാം, ശക്തി ആർജിക്കാനുള്ള ശ്രമം നടത്തുകയായിരിക്കും അവൻ. എത്രയും പെട്ടെന്ന് ആ ആത്മാവിനെ ഇല്ലാതാക്കണം. അതിന് എക്സോസിസം അല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ജാക്കിന്റെ ശരീരം മുഴുവനും ഡാനിയുടെ അധീനതയിൽ വന്നു കഴിഞ്ഞാൽ പിന്നെ നമുക്കൊന്നും ചെയ്യാൻ കഴിയില്ല."

ഫാദർ പറഞ്ഞ ഓരോ വാക്കുകളും കേട്ടുകൊണ്ട് ഞാൻ അത്ഭുതത്തോടെ അവിടെ നിൽക്കുകയായിരുന്നു. തീർച്ചയായും ഞാൻ മുമ്പ് എക്സോസിസത്തെക്കുറിച്ച് കേട്ടിട്ടുണ്ട്, പക്ഷേ ഞാൻ ഒരിക്കലും അതിൽ പങ്കെടുത്തിട്ടില്ല, നേരിട്ട് കണ്ടിട്ടുമില്ല.

"എക്സോസിസം നടത്തണമെന്നാണോ ഫാദർ പറയുന്നത്!" ഞാൻ അത്ഭുതത്തോടെ ചോദിച്ചു.

"നിന്റെ ശങ്ക എനിക്ക് മനസ്സിലാവുന്നുണ്ട്. കൃത്യമായ ഒരു എക്സോസിസം നടത്തണമെങ്കിൽ ആദ്യം സഭയുടെ അംഗീകാരം വേണം. അതിനുമുൻപായി അവർ ഈ കേസിനെ കുറിച്ച് വിശദമായി അന്വേഷിക്കും. ചില അന്വേഷണങ്ങൾ വർഷങ്ങളോളം നീണ്ടുനിൽക്കും. പക്ഷേ നമുക്ക് അതിനൊന്നും ഇപ്പോൾ സമയമില്ല. അതുകൊണ്ട് ആരും അറിയാതെ വേണം നമുക്ക് എക്സോസിസം നടത്താൻ. എക്സോസിസം നടത്തുകയല്ലാതെ മറ്റൊരു മാർഗ്ഗവും ഞാൻ കാണുന്നില്ല."

## പത്ത്

ഫാദർ പറഞ്ഞ കാര്യത്തോട് എനിക്ക് പൂർണമായി യോജിക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ഫാദർ അത്രയും സൂക്ഷ്മമായി വിശദീകരിച്ച് പറഞ്ഞതുകൊണ്ട്, എനിക്കത് വിശ്വസിക്കാതിരിക്കാനും

കഴിഞ്ഞില്ല. ഞാനത് വിശ്വസിച്ചാലും ജൂലി അത് വിശ്വസിക്കുമോ എന്നുള്ളതായിരുന്നു എന്റെ അടുത്ത പ്രശ്നം. എനിക്ക് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു. തന്മൂലം എനിക്ക് പെട്ടെന്നൊരു തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. പക്ഷേ അധികം വൈകാതെ തന്നെ ഫാദറിന്റെ നിഗമനങ്ങൾ ശരിവയ്ക്കുന്ന ഒരു സംഭവം നടന്നു.

അന്ന് രാവിലെ ഞാൻ ആശുപത്രിയിൽ ചെന്നപ്പോഴാണ്, പ്രാർത്ഥന മുറിക്ക് തീ പിടിച്ച വിവരം ഞാൻ അറിഞ്ഞത്. സംഭവം നടക്കുന്ന സമയത്ത് നേഴ്സ് അഗത ആ മുറിയിൽ കുടുങ്ങിയിരുന്നു. അഗതയ്ക്ക് പൊള്ളൽ ഒന്നും ഏറ്റില്ലായിരുന്നു. എന്നാൽ അവർ പൂർണ്ണമായും ക്ഷീണിതരായിരുന്നു. അവരുടെ മുഖത്ത് ഭയം നിഴലിച്ചിരുന്നു. ഞാൻ അവരോട് നടന്ന സംഭവം വിശദീകരിക്കാൻ വേണ്ടി പറഞ്ഞു.

"ഞാൻ ഇതുവരെ ആരോടും ഇന്നലെ സത്യത്തിൽ എന്താണ് നടന്നതെന്ന് വിശദീകരിച്ചിട്ടില്ല. അവരോട് എല്ലാം ഞാൻ കള്ളമാണ് പറഞ്ഞത്. പക്ഷേ മാഡം സത്യം അറിയണം" അവരൊരു നെടുവീർപ്പിട്ടു കൊണ്ട്  തുടർന്നു. "ഇന്നലെ രാത്രി ഞാൻ ജാക്കിന് ഭക്ഷണം നൽകാൻ വേണ്ടി പോയിരുന്നു. അപ്പോൾ അവന് ആ സൂപ്പ് കുടിക്കാൻ ഒരു വൈമുഖ്യം കാണിച്ചു. അവനപ്പോൾ കുടിക്കാൻ കരിങ്കോഴിയുടെ രക്തമായിരുന്നു വേണ്ടത്. അത് നൽകാൻ കഴിയില്ലെന്ന് ഞാൻ പറഞ്ഞു. അപ്പോൾ അവൻ മാഡത്തെ അന്വേഷിച്ചു. മാഡം അവന്റെ അടുത്തേക്ക് ചെന്നില്ലെങ്കിൽ ഇവിടെയുള്ള എല്ലാവരെയും അവൻ കൊല്ലും എന്ന് പറഞ്ഞു. 'അങ്ങനെയൊന്നും പറയാൻ പാടില്ല, നീ ഇപ്പോൾ ഭക്ഷണം കഴിച്ച് ദൈവത്തെ ധ്യാനിച്ച് കിടന്നോ' ഞാൻ സൗമ്യമായി കൊണ്ട് അവനോട് പറഞ്ഞു.

'നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടോ' അവൻ എന്നോട് ചോദിച്ചു. ഞാൻ വിശ്വസിക്കുന്നുണ്ടെന്ന് മറുപടി നൽകി. എങ്കിൽ നിങ്ങൾ സാത്താനിലും വിശ്വസിക്കണമെന്ന് അവൻ പറഞ്ഞു. അവനത് തമാശയ്ക്ക് പറഞ്ഞതാണെന്നാണ് ഞാൻ കരുതിയത്. പക്ഷേ പെട്ടെന്ന് ബൾബുകളെല്ലാം മിന്നി അണയാൻ തുടങ്ങി. അതോടൊപ്പം നിലമെല്ലാം

കോരിത്തരിക്കാനും തുടങ്ങി. ആ മങ്ങിയ വെളിച്ചത്തിലൂടെ അവൻ എന്നെ നോക്കിക്കൊണ്ട് പൈശാചികമായി ചിരിക്കുന്നുണ്ടായിരുന്നു. എനിക്ക് അപ്പോൾ വല്ലാത്തൊരു ഭയം തോന്നി."

"ഞാൻ പെട്ടെന്ന് തന്നെ ആ മുറിയിൽ നിന്നും പുറത്തേക്കിറങ്ങി. ഞാൻ തിരിഞ്ഞു നോക്കാതെ മുന്നോട്ടോടി. അപ്പോൾ എന്നെ ആരോ പിന്തുടരുന്നത് പോലെ എനിക്ക് തോന്നി. എന്റെ മുന്നിൽ നീണ്ടതും മങ്ങിയതുമായ ഇടനാഴി നീണ്ടു. മുകളിലുള്ള ബൾബുകളെല്ലാം ഓരോന്നായി മങ്ങി. ഞാൻ പേടിച്ചു വിറച്ചു കൊണ്ട് നേരെ പ്രാർത്ഥന മുറിയിലേക്ക് ചെന്നു. അവിടെ മുട്ടുകുത്തിയിരുന്നു കൊണ്ട് ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങി. അപ്പോഴാണ് ഞാനാ ഞെട്ടിക്കുന്ന കാഴ്ച കണ്ടത്. യേശുവിന്റെ കണ്ണിൽ നിന്നും ചോര ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. അതുപോലെ അവിടെ തൂക്കി വെച്ച കുരിശുകളെല്ലാം തല കീഴായിട്ടായിരുന്നു നിന്നത്. പെട്ടെന്ന് ഞാൻ വെപ്രാളത്തോടെ എഴുന്നേറ്റു. അതിനിടയിൽ എന്റെ കൈ തട്ടിക്കൊണ്ട് മെഴുകുതിരി നിലത്തേക്ക് വീണിരുന്നു. അതിന്റെ തീനാളം വളരെ വേഗത്തിൽ അവിടെയുള്ള തുണിയിൽ പടർന്നു പിടിക്കാൻ തുടങ്ങി. ഞാൻ ഉടനെ സഹായത്തിന് ആളെ വിളിക്കാൻ വേണ്ടി പുറത്തേക്കിറങ്ങാൻ ഒരുങ്ങി. പക്ഷേ ഞാൻ വാതിൽക്കൽ എത്തുന്നതിനുമുമ്പ്, ഒരു അദൃശ്യ ശക്തിയാൽ പിടിക്കപ്പെട്ടതുപോലെ, ആ വാതിൽ തനിയെ അടഞ്ഞു. അപ്പോൾ ഞാൻ ആർത്തു നിലവിളിച്ചു. ദൈവം സഹായിച്ച് ആരൊക്കെയോ അപ്പോൾ ഓടി വന്നു. അവർ വാതിൽ തുറന്നു കൊണ്ട് എന്നെ രക്ഷപ്പെടുത്തി. മാഡം, ദൈവം ഇപ്പോഴും നമ്മളുടെ കൂടെയാണ്. അതുകൊണ്ടാണ് എനിക്കൊന്നും പറ്റാതിരുന്നത്. അതുപോലെ പ്രാർത്ഥന മുറിയിലെ വിരിപ്പ് മാത്രമേ കത്തി നശിച്ചുള്ളൂ. ബാക്കിയുള്ള ഒന്നിനും ഒരു പോറലുപോലും പറ്റിയില്ല. മാഡം വിശ്വസിച്ചാലും ഇല്ലെങ്കിലും ഇതാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. ജാക്കിനെ ഇവിടെ നിർത്തുന്നത് അപകടമാണ്. ഉടനടി അവനെ പറഞ്ഞയക്കുന്നതാണ് നമുക്ക് നല്ലത്."

അഗതയുടെ അനുഭവം കൂടിയായപ്പോൾ ഞാൻ പിന്നെ കൂടുതൽ ഒന്നും ചിന്തിക്കാൻ നിന്നില്ല. ഞാൻ ഉടനെ ഫാദറിനെ കാണാൻ പോയി. അഗതക്കുണ്ടായ അനുഭവത്തെക്കുറിച്ച് ഞാൻ അദ്ദേഹത്തിനോട് പറഞ്ഞു കൊടുത്തു.

"ഞാൻ പ്രതീക്ഷിച്ചത് പോലെ തന്നെയാണ് സംഭവിച്ചത്. അവനുള്ളിലെ സാത്താൻ പണി തുടങ്ങിയിരിക്കുന്നു. ഇനിയും വൈകിച്ചുകൂട എത്രയും പെട്ടെന്ന് എക്സോസിസത്തിനുള്ള ഒരുക്കങ്ങൾ ചെയ്തേ മതിയാവും."

ഫാദർ പറഞ്ഞത് പ്രകാരം ഞാൻ എക്സോസിസത്തിനുള്ള ഒരുക്കങ്ങൾ എല്ലാം ചെയ്തു വെക്കാൻ തീരുമാനിച്ചു. അതിനുമുൻപായി ഞങ്ങൾ എക്സോസിസം നടത്തുന്ന വിവരം ജൂലിയെ അറിയിച്ചു.

"നിങ്ങൾ പറഞ്ഞത് എനിക്ക് പൂർണമായി വിശ്വസിക്കാൻ കഴിയുന്നില്ല. എങ്കിലും എക്സോസിസം നടത്താൻ ഞാൻ എതിരു നിൽക്കുന്നില്ല. പക്ഷേ എക്സോസിസം ചെയ്യുമ്പോൾ, ഞാനും നിങ്ങളുടെ കൂടെയുണ്ടാവും" അവൾ ഞങ്ങളോട് പറഞ്ഞു.

"ശരി നിങ്ങൾക്കും ഇതിൽ പങ്കുചേരാം" ഫാദർ മറുപടി നൽകി.

പിറ്റേദിവസം ഞങ്ങൾ എക്സോസിസത്തിന് വേണ്ടിയുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തുവെച്ചു. പ്രാർത്ഥന മുറിയിൽ വെച്ചായിരുന്നു ഞങ്ങൾ എക്സോസിസം നടത്താൻ തീരുമാനിച്ചിരുന്നത്.

"ഈയൊരു എക്സോസിസത്തിലൂടെ ജാക്കിന്റെ ശരീരത്തിൽ കൂടിയേറിയ ആത്മാവിനെ ഒഴിപ്പിക്കാൻ പറ്റുമെന്ന് എനിക്ക് ഉറപ്പു നൽകാൻ കഴിയില്ല. ദൈവം നമ്മളെ തുണക്കുകയാണെങ്കിൽ, ഈ ഒറ്റ എക്സോസിയത്തിലൂടെ തന്നെ നമുക്ക് ആ ആത്മാവിനെ ഇല്ലാതാക്കാൻ സാധിച്ചേക്കും. പക്ഷേ ആത്മാവ് ശക്തനാണെങ്കിൽ, നമ്മൾ ഇതിൽ പരാജയപ്പെടും." എക്സോസിസം തുടങ്ങുന്നതിനു മുമ്പായി ഫാദർ പറഞ്ഞു.

ഞങ്ങളെല്ലാവരും ദൈവത്തെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് എക്സോസിസം നടത്താൻ തയ്യാറെടുത്തു. ഫാദറിനെ സഹായിക്കാനായി ഡേവിഡ് എന്ന് പേരുള്ളൊരു പള്ളീലച്ചനുണ്ടായിരുന്നു ഞങ്ങൾക്കൊപ്പം.

ഞങ്ങൾ ജാക്കിനെ മയക്കിയ ശേഷം അവനെ പ്രാർത്ഥന മുറിയിൽ എത്തിച്ചു. അവിടെ ഞങ്ങൾ വെച്ചിരുന്ന കിടക്കയിൽ, ഞങ്ങൾ അവനെ ബന്ധനസ്ഥനാക്കി കിടത്തി. തുടർന്ന് ഫാദർ എക്സോസിസം നടത്താൻ തുടങ്ങി.

ഫാദർ ഗബ്രിയലും, ഫാദർ ഡേവിഡും ചേർന്ന് പ്രാർത്ഥന ചൊല്ലാൻ ആരംഭിച്ചു. അപ്പോൾ ജാക്കിന്റെ ശരീരത്തിൽ നിന്നും വിചിത്രമായൊരു ആർത്തനാദം ഉയരാൻ തുടങ്ങി. ജാക്കിന്റെ ഹൃദയമിടിപ്പ് ഞാനൊരു ടെലസ്കോപ്പ് ഉപയോഗിച്ച് കൊണ്ട് പരിശോധിച്ചു നോക്കി. അവന്റെ ഹൃദയം, പെരുമ്പറ മുഴങ്ങുന്നത് പോലെ ആഞ്ഞടിക്കുകയായിരുന്നു. ഫാദർ പ്രാർത്ഥനയുടെ ശബ്ദം ഉയർത്തിയപ്പോൾ, പെട്ടെന്ന് അവൻ തന്റെ കണ്ണുകൾ തുറന്നു. അവന്റെ കണ്ണുകൾ ഒരു ഇരുണ്ട ഭൂഗോളം പോലെയായി മാറിയിരുന്നു.

അവൻ സർവ്വശക്തിയുമെടുത്ത് തന്നെ ബന്ധിപ്പിച്ച കയറുകൾ അഴിക്കാനുള്ള ശ്രമം നടത്താൻ തുടങ്ങി.

"ഇന്ത നെയിം ഓഫ് ലോഡ്, ഐ കമാൻഡ് യു"  ഫാദർ കുരിശ് അവന്റെ നേരെ നീട്ടിക്കൊണ്ട് പറഞ്ഞു.

പെട്ടെന്നവൻ കയറുകൾ പൊട്ടിച്ചുകൊണ്ട് ഫാദറിന്റെ നേർക്ക് ഉയർന്നു നിന്നു. അവൻ ഒരു കൈകൊണ്ട് ഫാദറിന്റെ കഴുത്ത് പിടിച്ച് പൊക്കി.

"ഇന്ത നെയിം ഓഫ് ഫക്കിങ് ലോഡ്," അവൻ ഉറക്കെ അലറി കൊണ്ട്, ഫാദറിനെ പുറകോട്ട് എറിഞ്ഞു. ഫാദർ ചുമരിന്റെ അരികിലേക്ക് തെറിച്ചു വീണു.

തുടർന്ന് ഒരു പൈശാചികമായ ചിരിയോടെ അവൻ, ഞങ്ങളെയെല്ലാം ഉറ്റു നോക്കാൻ തുടങ്ങി. ആ സമയം ഞങ്ങൾ എന്ത്

ചെയ്യണമെന്നറിയാതെ തരിച്ചു നിൽക്കുകയായിരുന്നു. അത്തരത്തിലുള്ളൊരു കാഴ്ച ഞാൻ എന്റെ ജീവിതത്തിൽ കണ്ടില്ലായിരുന്നു.

അവൻ ഞങ്ങളെ ആക്രമിക്കാൻ മുതിരുന്നതിനു മുൻപേ ഫാദർ ഡേവിഡ് അവന്റെ ദേഹത്തേക്ക് ഹന്നാൻ ജലം തെളിച്ചു. അപ്പോൾ അവൻ പൊള്ളലേറ്റതുപോലെ പിടയാൻ തുടങ്ങി. ഫാദർ ഡേവിഡ് എന്തോ മന്ത്രം ചൊല്ലിക്കൊണ്ട് വീണ്ടും ഹന്നാൻ ജലം അവന്റെ ദേഹത്തേക്ക് തെളിക്കാനായി ഒരുങ്ങി. പെട്ടെന്ന് ജാക്ക് കോപത്തോടെ ഡേവിഡച്ചന്റെ ദേഹത്തേക്ക് ചാടിവീണു. അവൻ സർവ്വശക്തിയുമെടുത്ത് ഡേവിഡച്ചന്റെ കഴുത്ത് ഞെരിക്കാൻ തുടങ്ങി. അപ്പോഴേക്കും ഫാദർ ഗബ്രിയേൽ വന്ന് ജാക്കിന്റെ ശരീരത്തിലേക്ക് സിറിഞ്ച് കുത്തിവെച്ചുകൊണ്ട്, അവനെ മയക്കി കിടത്തി. തുടർന്ന് ഞങ്ങൾ വീണ്ടും അവനെ കിടക്കയിൽ കിടത്തിക്കൊണ്ട് ബന്ധനസ്ഥനാക്കി.

തുടർന്ന് അവന് ബോധം വരുന്നത് വരെ ഞങ്ങൾ കാത്തിരുന്നു. അവന് ബോധം വന്നയുടനെ ഫാദർ കുരിശ് അവന്റെ നേരെ നീട്ടിക്കൊണ്ട് തിടുക്കത്തിൽ ചോദിച്ചു.

"നീ ആരാണ്, നിന്റെ ലക്ഷ്യം എന്താണ്."

അവൻ അതിനു മറുപടി നൽകിയില്ല. പകരം അവൻ ഫാദറിനെ നോക്കിക്കൊണ്ട് പൈശാചികമായി പുഞ്ചിരിച്ചു.

" ഇന്ത നെയിം ഓഫ് ഗോഡ്. ഐ കമാൻഡ് യു, ടെൽ മി യുവർ നെയിം" ഫാദർ കുരിശ് അവന്റെ നെറ്റിയോട് അടുപ്പിച്ചു കൊണ്ട് ചോദിച്ചു.

"ഡാനി ഡോയൽ" വളരെ വിചിത്രമായ സ്വരത്തിലായിരുന്നു അവൻ മറുപടി നൽകിയത്.

"ഈ ശരീരം നിനക്ക് ജീവിക്കാനുള്ളതല്ല. നിന്റെ ജീവിതം പണ്ടേ ഇല്ലാതായതാണ്. അതുകൊണ്ട് നീ ഈ ശരീരം വിട്ടു പോകണം" ഫാദർ അവനോട് ആജ്ഞാപിച്ചു.

"ഇല്ല ഇതിപ്പോൾ എന്റെ ശരീരമാണ്. എന്റെ ജീവിതം നശിപ്പിച്ച നീ അടങ്ങുന്ന വെള്ളക്കാരെയെല്ലാം ഞാൻ നശിപ്പിക്കും. എന്റെ ജീവൻ എടുത്ത നിന്റെ ദൈവത്തെയും ഞാൻ വെറുതെ വിടില്ല."

"ഗോഡ് ഔവർ ലോഡ്. കിംഗ് ഓഫ് എയ്ഞ്ചൽസ്. ഓൾ പവർ ആൻഡ് ഓൾ മൈറ്റി" ഫാദർ ശബ്ദമുയർത്തിക്കൊണ്ട് പ്രാർത്ഥന ചൊല്ലാൻ തുടങ്ങി.

അപ്പോൾ ജാക്ക്, പൊള്ളലേറ്റതുപോലെ ആർത്തു നിലവിളിക്കുന്നുണ്ടായിരുന്നു. അത്ഭുതമെന്ന് പറയട്ടെ, അവന്റെ മുഖത്ത് പൊള്ളലേറ്റ പാടുകൾ രൂപം കൊണ്ട് വന്നിരുന്നു. അത് എങ്ങനെയാണ് വന്നതെന്ന് എനിക്ക് മനസ്സിലായിരുന്നില്ല.

ഫാദർ വീണ്ടും ചില പ്രാർത്ഥനകളെല്ലാം ചൊല്ലിക്കൊണ്ട് അവനെ മയക്കി കിടത്തി.

"ജാക്കിന്റെ ശരീരത്തിലുള്ള ആത്മാവ് ഞാൻ വിചാരിച്ചതിനേക്കാൾ ശക്തനാണ്. വലിയൊരു എക്സോസിസത്തിലൂടെ മാത്രമേ നമുക്ക് ഈ ആത്മാവിനെ ഒഴിപ്പിച്ചെടുക്കാൻ സാധിക്കുകയുള്ളൂ" ഫാദർ ഗബ്രിയേൽ പറഞ്ഞു.

ഞാൻ ജൂലിയുടെ നേരെ നോക്കി. അവൾ എന്തു പറയണമെന്നറിയാതെ കരയുകയായിരുന്നു.

"എന്തുകൊണ്ടാണ് ഞങ്ങളോട് ദൈവം ഇത്ര ക്രൂരത കാണിക്കുന്നത്," അവൾ തേങ്ങികൊണ്ട് ചോദിച്ചു.

"നീ സമാധാനപ്പെട്, ദൈവം നമ്മളെ കയ്യൊഴിയില്ല. ഇവിടെ ഇപ്പോൾ തീരുമാനം പറയേണ്ടത് നീയാണ്," ഞാൻ പറഞ്ഞു.

"എനിക്കെന്റെ ജാക്കിനെ തിരിച്ചു കിട്ടിയാൽ മതി. അതിന് നിങ്ങൾ എന്തു വേണമെങ്കിലും ചെയ്തോളൂ" അവൾ തേങ്ങിക്കൊണ്ടു പറഞ്ഞു.

"അതേ ഫാദർ, നമുക്ക് വീണ്ടും എക്സോസിസം നടത്താം. ഇപ്പോൾ ഈ ആത്മാവിനെ ഇല്ലാതാക്കേണ്ടത് എന്റെ കൂടി ലക്ഷ്യമാണ്," ഞാൻ ഫാദറിനോട് പറഞ്ഞു.

"നല്ലത്. ഇനി നമുക്ക് കുറേ കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. ആദ്യം നമുക്ക് ജാക്കിന്റെ ശരീരത്തിൽ കുടിയേറിയ ആത്മാവ് ആരാണെന്നറിയണം. അവന്റെ ജീവിതത്തിൽ നടന്ന സംഭവങ്ങൾ എല്ലാം അറിയണം. ആ ആത്മാവിന്റെ വീക്ക്നെസ്സ് അറിഞ്ഞിരിക്കുന്നത് എന്തുകൊണ്ടും നല്ലതാണ്. ഒരു കാര്യം ഉറപ്പാണ് അവനൊരു ദൈവവിശ്വാസിയല്ല."

## പതിനൊന്ന്

ഫാദർ പറഞ്ഞതനുസരിച്ച് ഞങ്ങൾ ഡാനിയെ കുറിച്ചുള്ള വിവരങ്ങളെല്ലാം അന്വേഷിക്കാൻ തുടങ്ങി. അല്പം ബുദ്ധിമുട്ടിയെങ്കിലും, രണ്ടാം ലോക യുദ്ധത്തിൽ ആ മന്ദിരത്തിൽ ചികിത്സയ്ക്ക് വന്നവരുടെ ലിസ്റ്റ് ഞങ്ങൾക്ക് ലഭിച്ചു. അതിൽ ഡാനി എന്ന് പേരുള്ള അഞ്ചു പേരുണ്ടായിരുന്നു. ഭാഗ്യത്തിന് അതിൽ ഇന്ത്യയിൽ നിന്ന് വന്ന ഒരാൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഡാനിയൽ ഡോയൽ. എക്സോസിസത്തിനിടയിൽ ജാക്ക് പറഞ്ഞത് ഇതേ പേര് തന്നെയായിരുന്നു.

ഡാനിയുടെ അതെ അഡ്രസ്സിൽ അവിടെ ചികിത്സയിൽ കഴിഞ്ഞ സത്യ എന്ന് പേരുള്ള ഒരാളുമുണ്ടായിരുന്നു. ഒരു മുൻകരുതലിന് വേണ്ടി ഞങ്ങൾ, അയാളുടെ പേരും കുറിച്ച് വച്ചു. ഫാദർ ഗബ്രിയേലിന് ചില ബിഷപ്പുന്മാരെയും, അച്ചന്മാരെയും കാണാനുള്ളതുകൊണ്ട് ഞങ്ങളുടെ കൂടെ ഇന്ത്യയിലേക്ക് വരാൻ കയ്യിലെന്ന് പറഞ്ഞിരുന്നു. അതുകൊണ്ട് ഞാനും ജൂലിയുമായിരുന്നു ഇന്ത്യയിലേക്ക് പോകാൻ തീരുമാനിച്ചത്. പോകുന്നതിനു മുൻപേ ഡാനിയുടെ ആത്മാവിനെ ശാന്തനാക്കണമെന്ന് ഫാദർ എനിക്ക് നിർദ്ദേശം തന്നിരുന്നു. അതുപ്രകാരം ഞാൻ ജാക്കിനെ കാണാൻ ചെന്നിരുന്നു. ഫാദർ

ഗബ്രിയേൽ ഒരുക്കി വെച്ച മന്ത്രക്കളത്തിനുള്ളിലായിരുന്നു അവനെ ബന്ധനസ്ഥനാക്കി കിടത്തിയിരുന്നത്.

ഞാൻ പ്രതീക്ഷിച്ചത് പോലെ ഡാനി തന്നെയായിരുന്നു അവന്റെ ശരീരത്തിൽ  ഉണ്ടായിരുന്നത്.

"നീ എന്തായാലും ഈ ശരീരം വിട്ടു പോകില്ലെന്ന് എനിക്കറിയാം. അതുകൊണ്ട് നിന്റെ ആഗ്രഹം ഞാൻ സാധിച്ചു തരാം, പക്ഷേ എനിക്ക് കുറച്ച് സാവകാശം വേണം" ഞാൻ അവനോട് പറഞ്ഞു.

"നിന്നെ ഞാൻ പൂർണ്ണമായി വിശ്വസിച്ചുവെന്ന് നീ കരുതേണ്ട, എങ്കിലും ഞാൻ നിനക്ക് കുറച്ച് സമയം തരാം. അതിനുള്ളിൽ നീ എന്നെ ഇന്ത്യയിൽ എത്തിക്കണം"

"ഓക്കേ"

ഞാൻ ഉടനെ തന്നെ മുറിക്ക് പുറത്തേക്ക് ഇറങ്ങാൻ പുറപ്പെട്ടു. അപ്പോൾ അവൻ എന്നെ പുറകിൽ നിന്ന് വിളിച്ചു.

"റിമംബർ വൺ തിംഗ്, യു ആർ ഡീലിംഗ് വിത്തെ ഡെവിൾ. നീ പറഞ്ഞതിൽ എന്തെങ്കിലും മാറ്റം വന്നാൽ. അന്ന് പ്രാർത്ഥന മുറി കത്തിയത് പോലെ, ഈ ആശുപത്രി, നിന്ന് കത്തും. യുവർ കൗണ്ട് ഡൗൺ സ്റ്റാർട്ട് നൗ. ടിക് ടോക്ക് ടിക് ടോക്ക്," അവൻ അത് നിർത്താതെ പറഞ്ഞുകൊണ്ടിരുന്നു.

ഞാനാ മുറിയിൽ നിന്നും പുറത്തിറങ്ങാൻ തുനിഞ്ഞപ്പോൾ, പെട്ടെന്ന് ഭിത്തിയിൽ തൂക്കിയിട്ട ക്ലോക്ക് നിലത്ത് വീണുടഞ്ഞു. ഞാൻ ആശ്ചര്യത്തോടെ ജാക്കിന്റെ മുഖത്തേക്ക് നോക്കി. അവൻ എന്നെ നോക്കിക്കൊണ്ട് പൈശാചികമായി ചിരിക്കുന്നുണ്ടായിരുന്നു. അത് അവൻ എനിക്കൊരു താക്കീത് നൽകിയതാണെന്ന് എനിക്ക് മനസ്സിലായി.

പിറ്റേദിവസം ഞാനും ജൂലിയും ഇന്ത്യയിലേക്ക് പുറപ്പെട്ടു. ഞങ്ങൾ ഡാനിയുടെ അഡ്രസ് തേടിക്കൊണ്ട് കുറെ അലഞ്ഞു. ഒടുവിൽ ഞങ്ങൾ അത് കണ്ടെത്തി. പക്ഷേ ഇപ്പോൾ അവിടെ താമസിക്കുന്നത് പുതിയ താമസക്കാരായിരുന്നു. അവർക്ക് ഡാനിയെ കുറിച്ചൊന്നും അറിയില്ലായിരുന്നു.  സത്യയുടെ അഡ്രസ്സ് ഞങ്ങളുടെ കൈയിൽ ഉള്ളതുകൊണ്ട്, ഞങ്ങൾ നേരെ സത്യയെ കാണാൻ വേണ്ടി ചെന്നു. അവിടെ സത്യയുടെ മകനും കുടുംബവുമായിരുന്നു ഉള്ളത്. സത്യ മൂന്നു വർഷങ്ങൾക്ക് മുമ്പ് മരിച്ചിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തവരെ കുറിച്ചൊരു ലേഖനം തയ്യാറാക്കാനാണെന്ന് കള്ളം പറഞ്ഞു കൊണ്ടായിരുന്നു ഞങ്ങൾ സത്യയുടെ മകനെ സമീപിച്ചത്. അതുകൊണ്ട് വലിയ ബുദ്ധിമുട്ടില്ലാതെ, ഡാനിയെ കുറിച്ചുള്ള വിവരം അയാളോട് ഞങ്ങൾക്ക് ചോദിക്കാൻ കഴിഞ്ഞു.

"അച്ഛന്റെ ഉറ്റ സുഹൃത്തായിരുന്നു അദ്ദേഹം. യുദ്ധത്തിൽ അച്ഛന്റെ ജീവൻ രക്ഷിച്ചത് അദ്ദേഹമായിരുന്നു. അദ്ദേഹത്തെ ഒരു ദൈവത്തെ പോലെ ആയിരുന്നു അച്ഛൻ കണ്ടിരുന്നത്."

ഡാനിയെ കുറിച്ച് കൂടുതൽ അറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ടെന്ന് ഞങ്ങൾ അയാളോട് പറഞ്ഞു. അപ്പോൾ അദ്ദേഹം രണ്ട് ഡയറി തപ്പി പിടിച്ചുകൊണ്ട് ഞങ്ങളുടെ അരികിലേക്ക് വന്നു.

"അച്ഛൻ മരിച്ച ശേഷം, അച്ഛന്റെ ചില സാധനങ്ങളെല്ലാം ഞാനൊരു പെട്ടിയിലാക്കി വെച്ചിരുന്നു. അതിലുള്ള രണ്ട് ഡയറികളാണ് ഇത്. അതിലൊന്ന് എന്റെ അച്ഛന്റേതാണ് മറ്റേത് ഡാനിയുടെതും."

ഞങ്ങൾക്ക് വളരെ സന്തോഷമായി. ആ ഡയറികൾ വായിച്ചുനോക്കി തരാമെന്ന് പറഞ്ഞുകൊണ്ട് ഞങ്ങൾ അവിടെ നിന്നും ഇറങ്ങി.

ഡാനിയുടെ ഡയറിയിൽ ഉള്ള പ്രധാന സംഭവങ്ങളെല്ലാം കൂട്ടിയിണക്കിക്കൊണ്ട് ഞാൻ ഡാനിയുടെ ഒരു ജീവിത കുറിപ്പ് തയ്യാറാക്കിയിരുന്നു. അതാണ് ഞാൻ ഇനി വിവരിക്കാൻ പോകുന്നത്.

***

ചെറുപ്പത്തിൽ ഞാൻ ഭക്ഷണം കഴിക്കാത്ത സമയത്ത് അമ്മച്ചി എന്നെ പേടിപ്പിക്കാൻ വേണ്ടി ചെകുത്താന്റെ കഥ പറഞ്ഞു തരുമായിരുന്നു. മനുഷ്യർ നല്ല രീതിയിൽ നടന്നില്ലെങ്കിൽ ചെകുത്താൻ ഇടിമിന്നലിന്റെ ഇടയിലൂടെ ഭൂമിയിലേക്ക് വരുമത്രേ. ചുവന്ന കണ്ണുകളും, കാർമേഘങ്ങൾ കൊണ്ടു മൂടിയ ഭീകര ശരീരവും ആയിരിക്കും ചെകുത്താനുണ്ടാവുക. ആകാശത്ത് അത്തരത്തിൽ ഒരു പ്രതിഭാസം കണ്ടുകഴിഞ്ഞാൽ ചെകുത്താൻ ഭൂമിയിൽ എത്തിയെന്നാണ് അർത്ഥം. ഇതു കാരണം ഞാൻ മഴക്കാറുള്ള സമയങ്ങളിലെല്ലാം ആകാശത്തേക്ക് നോക്കുമായിരുന്നു.

എനിക്ക് പൊതുവേ പ്രേത കഥകൾ കേൾക്കാൻ താല്പര്യം ഇല്ലായിരുന്നു. ഞാനെന്തെങ്കിലും കുരുത്തക്കേട് കാണിച്ചാൽ, അന്ന് രാത്രി അമ്മച്ചി എനിക്കൊരു പ്രേത കഥ പറഞ്ഞുതരും. തുടക്കം അത് സാധാരണ കഥയായിരിക്കും, പക്ഷേ അതിൽ എവിടെയെങ്കിലും ഒരു ഭൂതമോ പ്രേതമോ ഒളിച്ചിരിക്കുന്നുണ്ടാവും. അത്തരത്തിൽ അമ്മച്ചി പറഞ്ഞ കഥകളിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു കഥയുണ്ട്. ഒരു ദുഷ്ടനായ രാജാവിന്റെ കഥ.

പണ്ട് പണ്ട് ഒരു രാജ്യത്ത് ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന് രണ്ട് ആൺമക്കളായിരുന്നു ഉണ്ടായിരുന്നത്. ആദ്യത്തെ ഭാര്യയിൽ ജനിച്ച അലക്സാണ്ടറും, രണ്ടാമത്തെ ഭാര്യയിൽ ജനിച്ച ബിർസയും. രാജാവിന്റെ കാലശേഷം ആ രാജ്യം അവർക്ക് രണ്ടുപേർക്കും തുല്യമായി വീതിച്ചു കൊടുത്തു. ബിർസക്ക് രാജ്യം മൊത്തമായി കയ്യേറണമെന്നുള്ളൊരു ആഗ്രഹം ഉണ്ടായിരുന്നു. അതിനുവേണ്ടി അവനൊരു പ്രശ്നമുണ്ടാക്കാനായി കാത്തുനിൽക്കുകയായിരുന്നു. അപ്പോഴാണ് അതിർത്തിയെ വേർതിരിക്കാൻ വേണ്ടി ഒരു മതിൽ നിർമ്മിക്കാൻ അലക്സാണ്ടർ തീരുമാനിക്കുന്നത്. മതിൽ നിർമ്മിച്ച് കഴിഞ്ഞപ്പോൾ. തന്റെ സ്ഥലം കയ്യേറിയെന്ന വാദവുമായി ബിർസ

അലക്സാണ്ടറിന്റെ അരികിലേക്ക് ചെന്നു. അവർക്ക് ആ പ്രശ്നം പറഞ്ഞു തീർക്കാൻ കഴിഞ്ഞില്ല. അലക്സാണ്ടറിന്റെ രാജ്യം കീഴടക്കാൻ വേണ്ടി ബിർസ യുദ്ധം പ്രഖ്യാപിച്ചു. കുറേ ദിവസം നീണ്ടുനിന്ന യുദ്ധത്തിൽ അലക്സാണ്ടറിന്റെ പട ബിർസയുടെ പടയെ കീഴടക്കി. അലക്സാണ്ടർ താൻ വിജയിച്ചു എന്ന് കരുതി നിൽക്കുമ്പോളാണ്, ചെന്നായിയുടെയും കുറുക്കന്റെയും തലയുള്ള മനുഷ്യരൂപങ്ങൾ അലക്സാണ്ടറിന്റെ സൈന്യത്തെ ആക്രമിക്കാൻ തുടങ്ങിയത്. അവയുടെ കൂട്ടത്തിൽ തീ തുപ്പുന്ന ഡ്രാഗണുമുണ്ടായിരുന്നു. ബിർസ ആഭിചാര തന്ത്രങ്ങളിലൂടെ നിർമ്മിച്ച സത്വങ്ങളായിരുന്നു അവ. അവയെ എതിർത്തു പോരാടാൻ അലക്സാണ്ടറിനും പടയാളികൾക്കും കഴിഞ്ഞിരുന്നല്ല. ഒടുവിൽ അലക്സാണ്ടർ മരിച്ചതോടെ ബിർസ ആ യുദ്ധത്തിൽ വിജയിച്ചു.

കുറച്ചു ദിവസങ്ങൾക്ക് ശേഷമാണ് ബിർസക്ക് താൻ ചെയ്ത തെറ്റ് മനസ്സിലാവുന്നത്. ഒരു രാജ്യം കീഴടക്കാൻ വേണ്ടി, താൻ തന്റെ സഹോദരനെയും കുടുംബാംഗങ്ങളെയും കൊന്നല്ലോയെന്നോർത്ത് കൊണ്ട് ബിർസ പശ്ചാത്തപിക്കാൻ തുടങ്ങി. പിന്നീടങ്ങോട്ട് ബിർസക്ക് ഉറക്കമില്ലാത്ത രാവുകളായിരുന്നു. കണ്ണടച്ചാൽ കാണുന്നത് യുദ്ധവും മരണവുമായിരുന്നു. അയാൾ താൻ ചെയ്ത തെറ്റുകളെ ഓർത്തുകൊണ്ട് നീറി നീറി മരിക്കുകയായിരുന്നു.

ഈ കഥയിൽ നിന്നും എനിക്ക് വലിയൊരു കാര്യമാണ് പഠിച്ചെടുക്കാൻ കഴിഞ്ഞത്. ഒരിക്കലും ഞാൻ നീച പ്രവർത്തി ചെയ്യില്ലെന്ന് അന്ന് ഞാൻ അമ്മച്ചിക്ക് വാക്കു കൊടുത്തിരുന്നു.

***

ഒരു സമയത്ത് ഞങ്ങളുടെ നാട്ടിൽ എങ്ങും വസൂരി പടർന്നു പിടിച്ചിരുന്നു. നിർഭാഗ്യവശാൽ എന്റെ അമ്മച്ചിക്കും വസൂരി ബാധിച്ചു. അമ്മച്ചിയെ ഒരു മുറിയിൽ അടച്ചിട്ടതായിരുന്നു. ആ മുറിയിലേക്ക് എനിക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. അപ്പച്ചൻ തന്നെ വല്ലപ്പോഴുമാണ്

ആ മുറിയിലേക്ക് പ്രവേശിക്കാറ്. വസൂരി ബാധിച്ച ക്രിസ്ത്യൻ വീടുകളിലേക്ക് പച്ച മരുന്നുമായി ഞങ്ങളുടെ ഇടവകയിലുള്ള പള്ളീലച്ചൻ പോകാറുണ്ടായിരുന്നു. പച്ചമരുന്ന് നൽകിയ ശേഷം അച്ചന്റെ വക ഒരു പ്രാർത്ഥനയും ഉണ്ടാകും. പക്ഷേ ഞങ്ങളുടെ വീട്ടിലേക്ക് മാത്രം അച്ചൻ വന്നില്ല. ഞങ്ങൾ ഒരു സത്യ ക്രിസ്ത്യാനി അല്ലെന്ന കാര്യം എനിക്ക് അപ്പോഴാണ് മനസ്സിലാവുന്നത്. എന്റെ വല്യപ്പച്ചന്റെ അപ്പൻ ഹിന്ദുമതത്തിൽ നിന്നും ക്രിസ്ത്യൻ മതത്തിലേക്ക് മാറിയതാണ്. ആ കാലഘട്ടത്തിൽ ഒട്ടുമിക്കത്താഴ്ന്ന ജാതിക്കാറും ക്രിസ്ത്യൻ മതത്തിലേക്ക് മാറിയിരുന്നു. ക്രിസ്ത്യൻ മതത്തിൽ ചെന്നു കഴിഞ്ഞാൽ അല്പമെങ്കിലും മുൻഗണന കിട്ടുമെന്ന പ്രതീക്ഷയോടെ ആയിരുന്നു അവർ അങ്ങനെ ചെയ്തിരുന്നത്. എന്നാൽ പള്ളിയിൽ കയറാമെന്നല്ലാതെ ഞങ്ങൾക്ക് സഭയിൽ സ്ഥാനം ഒന്നുമുണ്ടായിരുന്നില്ല. സംഭവം ഇങ്ങനെയൊക്കെയാണെങ്കിൽ കൂടി ഞാൻ പള്ളിയിൽ പോയി മുട്ടിപ്പായി പ്രാർത്ഥിക്കുമായിരുന്നു. പക്ഷേ ദൈവം എന്റെ അമ്മച്ചിയെ കൈവിട്ടു. അമ്മച്ചിയെ അവസാനമായി ഒരു നോക്കുപോലും കാണാനുള്ള ഭാഗ്യം എനിക്ക് കിട്ടിയില്ല. വസൂരി വന്ന് മരിച്ചത് കൊണ്ട് അമ്മച്ചിയുടെ ശരീരം മുഴുവനും മൂടിയ ശേഷമായിരുന്നു അമ്മച്ചിയെ മുറിക്ക് പുറത്തേക്ക് ഇറക്കിയത്.

പള്ളിയുടെ സെമിത്തേരിയിൽ അമ്മച്ചിയെ അടക്കാൻ അവിടെയുള്ള പുരോഹിതർ സമ്മതിച്ചില്ല. അതുകാരണം ഞങ്ങളുടെ വീട്ടിന്റെ അരികിലുള്ളൊരു പറമ്പിലായിരുന്നു അമ്മച്ചിയെ അടക്കം ചെയ്തത്. എന്റെ അമ്മച്ചിയെ സംസ്കരിച്ചതുപോലെ. ആ ദിവസം ഞാൻ, ദൈവത്തിലുള്ള എന്റെ വിശ്വാസത്തെയും അടക്കം ചെയ്തു. വെള്ള ളോഹ ഇട്ടു നടക്കുന്നവരെല്ലാം ചെകുത്താൻമാരാണെന്ന് അല്പം വൈകിയിട്ടാണെങ്കിലും എനിക്ക് മനസ്സിലായി.

അമ്മച്ചി മരിച്ച പിറ്റേ ദിവസം, ഞാനൊരു വിചിത്രമായ സ്വപ്നം കണ്ടു. സ്വപ്നത്തിൽ എന്റെ മുറിയിലേക്ക് വികൃത രൂപമുള്ളൊരു സ്ത്രീ കടന്നുവരുകയായിരുന്നു. ആ സ്ത്രീയുടെ മുഖത്ത് മുഴുവനും കറുത്ത പാടുകളായിരുന്നു. ആ രൂപം എന്റെ അരികിലേക്ക്

അടുത്തുകൊണ്ടിരുന്നു. ഞാൻ പെട്ടെന്ന് ഞെട്ടി ഉണർന്നുകൊണ്ട് നിലവിളിക്കാൻ തുടങ്ങി. എന്റെ നിലവിളി കേട്ടുകൊണ്ട് അപ്പൻ മുറിയിലേക്ക് ഓടി വന്നു. അന്ന് അപ്പൻ മദ്യപിച്ചിരുന്നു. ഞാൻ സ്വപ്നം കണ്ടതാണെന്ന് അപ്പന് മനസ്സിലായപ്പോൾ, അപ്പന്റെ വായിലുള്ളതെല്ലാം എനിക്ക് കേൾക്കേണ്ടിവന്നു.

പിറ്റേ ദിവസവും ആ രൂപം എന്റെ സ്വപ്നത്തിൽ വന്നു. ഇരുട്ടാണെങ്കിലും അതിന്റെ ജീർണിച്ച മുഖം എനിക്ക് കാണാൻ കഴിഞ്ഞിരുന്നു. എനിക്കന്ന് പെട്ടെന്ന് ഞെട്ടി ഉണരാൻ കഴിഞ്ഞിരുന്നില്ല. ആ രൂപം അപ്രത്യക്ഷമാകണേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ കണ്ണുകൾ ഇറുക്കി അടച്ചു, പക്ഷേ അതിന്റെ അലോസരമായ ശബ്ദം ഇരുട്ടിലേക്ക് ഇഴഞ്ഞു നീങ്ങുന്നുണ്ടായിരുന്നു. അതെന്റെ ചർമ്മത്തിനടിയിലൂടെ ഇഴയുന്നതുപോലെ തോന്നി. പിന്നെ ഒരു സ്പർശനം വന്നു. ആ രൂപ എന്റെ തലമുടി തലോടുന്നത് പോലെ എനിക്ക് തോന്നി. ഒരു നിമിഷം കൊണ്ട്, ഒരു പേടിസ്വപ്നത്തിൽ നിന്ന് പുറത്തുകടന്നതുപോലെ ഞാൻ ശ്വാസം മുട്ടി ഞെട്ടി ഉണർന്നു. ഈ പ്രാവശ്യം ഞാൻ ഒച്ച വെക്കാൻ നിന്നില്ല.

അടുത്ത ദിവസം ആ സ്വപ്നം കാണുമെന്ന് പേടിച്ചുകൊണ്ട് ഞാൻ അപ്പന്റെ കൂടെ കിടക്കാൻ തീരുമാനിച്ചു. അമ്മച്ചി മരിച്ച ശേഷം അപ്പൻ സ്ഥിരമായി മദ്യപിക്കുമായിരുന്നു. അപ്പന്റെ ശരീരത്തിൽ, മദ്യത്തിന്റെയും വിയർപ്പിന്റെയും അസഹീനയമായ ദുർഗന്ധമായിരുന്നു. പോരാത്തതിന് അപ്പൻ ഇടയ്ക്കിടെ എന്തെങ്കിലും പുലമ്പി കൊണ്ടിരിക്കും. മനസ്സമാധാനമായിട്ട് ഒന്ന് ഉറങ്ങാൻ പോലും പറ്റില്ല. അതുകൊണ്ട് ഞാൻ പിറ്റേദിവസം മുതൽ  തനിച്ച് കിടക്കാമെന്ന് തീരുമാനിച്ചു. ദൈവത്തിൽ വിശ്വസിച്ചിട്ട് കാര്യമില്ലെന്ന് അറിയാവുന്നത് കൊണ്ട് ഞാൻ പ്രാർത്ഥിക്കാൻ ഒന്നും നിന്നില്ല. എന്തുവന്നാലും നേരിടാം എന്ന മനോഭാവത്തോടെയായിരുന്നു ഞാൻ കിടന്നത്. പക്ഷേ പിന്നെ അങ്ങോട്ട് ആ രൂപത്തെ ഞാൻ കണ്ടില്ല.

കുറച്ചു വർഷങ്ങൾക്കുശേഷമാണ് ഞാൻ അത്തരത്തിലുള്ള ഒരു സ്വപ്നം വീണ്ടും കാണുന്നത്. എന്റെ വീടിന്റെ അരികിൽ, എനിക്ക് വളരെ ഇഷ്ടപ്പെട്ട ഒരു അപ്പൂപ്പനുണ്ടായിരുന്നു. അമ്മച്ചി പോയതിനുശേഷം എനിക്ക് സ്നേഹവും വാത്സല്യം തന്നത് അദ്ദേഹമായിരുന്നു.

അദ്ദേഹത്തെ ആയിരുന്നു ഞാൻ അന്ന് സ്വപ്നം കണ്ടത്. സ്വപ്നത്തിൽ അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് വിളിച്ചു വരുത്തുകയായിരുന്നു.

"ഇനി നീ എന്നെ കണ്ടെന്ന് വരില്ല. നീ പഠിച്ച് പഠിച്ച് വലിയ ആളാവണം. നിന്നിൽ ഞാനൊരു ഭാവി കാണുന്നുണ്ട്," എന്റെ കൈ പിടിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു.

അദ്ദേഹം പറഞ്ഞ കാര്യം എനിക്ക് മനസ്സിലായില്ല. ക്രമേണ ആ സ്വപ്നം അപ്രത്യക്ഷമായി. പിന്നെ, നിഴലുകളിൽ നിന്ന് മറ്റൊന്ന് ഉയർന്നുവന്നു.

അന്ന് രാവിലെ എഴുന്നേറ്റപ്പോളാണ് അദ്ദേഹം മരിച്ച വിവരം ഞാൻ അറിഞ്ഞത്. ഞാൻ ശരിക്കും ഞെട്ടിപ്പോയി. നമ്മളെ സ്നേഹിക്കുന്നവർ, മരണപ്പെട്ടു കഴിഞ്ഞാൽ നമ്മുടെ സ്വപ്നങ്ങളിൽ വരുമെന്ന് എന്റെ അമ്മച്ചി പറയുമായിരുന്നു. അപ്പോഴാണ് ഞാൻ അന്ന് സ്വപ്നം കണ്ട രൂപത്തെ കുറിച്ച് ഓർത്തത്. ആ വികൃത രൂപി എന്റെ അമ്മച്ചി ആയിരുന്നു. വസൂരി വന്നത് കാരണമായിരുന്നു അമ്മച്ചിയുടെ മുഖം വികൃതമായത്. അമ്മച്ചിയുടെ ആണ്ടടുത്തപ്പോളാണ് ഞാൻ വീണ്ടും അമ്മച്ചിയെ സ്വപ്നം കണ്ടത്. ആ സമയം തേജസ് തുളുമ്പുന്ന അമ്മച്ചിയുടെ യഥാർത്ഥ രൂപമായിരുന്നു ഞാൻ കണ്ടത്. പക്ഷേ ആ സ്വപ്നം ക്ഷണികമായിരുന്നു, എനിക്ക് അത് ഉൾക്കൊള്ളാൻ കഴിയുന്നതിന് മുമ്പ് അത് വഴുതിപ്പോയി. ഇപ്പോഴുമാ ഓർമ്മകൾ മങ്ങുകയും അവ്യക്തമായി തുടരുകയും ചെയ്യുന്നു.

## പന്ത്രണ്ട്

സ്കൂൾ പഠനം പൂർത്തിയാക്കിയതിനു ശേഷം കോളേജിൽ പോകാനായിരുന്നു എന്റെ ആഗ്രഹം. കയ്യിൽ പൈസ ഇല്ലാത്തതുകൊണ്ട്, അപ്പൻ ആദ്യം അതിന് സമ്മതിച്ചില്ലായിരുന്നു. അല്ലെങ്കിലും അപ്പനെ ബുദ്ധിമുട്ടിക്കണമെന്ന് ഞാനൊരിക്കലും വിചാരിച്ചിരുന്നില്ല. പണിയെടുത്തു കൊണ്ട് പഠിക്കാനായിരുന്നു എന്റെ ആഗ്രഹം. അങ്ങനെയിരിക്കെ സത്യ മദ്രാസിലുള്ള ഒരു കോളേജിൽ ചേരാൻ വേണ്ടി എന്നെ നിർബന്ധിച്ചു. അവന് അവിടെ അഡ്മിഷൻ കിട്ടിയിട്ടുണ്ടായിരുന്നു. ആ കോളേജിൽ ജോയിൻ ചെയ്യാനുള്ള സഹായം ഒക്കെ അവൻ എനിക്ക് ചെയ്തു തന്നു.

അങ്ങനെ ഞാൻ എന്റെ നാട് വിട്ടുകൊണ്ട് മദ്രാസിലെത്തി. പട്ടണവും കലാലയവും എനിക്ക് പുതിയൊരു അനുഭവമായിരുന്നു.

കോളേജിന്റെ അടുത്തുള്ള ഒരു ഹോട്ടലിൽ ഞാൻ രാത്രികാലങ്ങളിൽ പണിക്കു നിന്നു. അതൊരു പഞ്ചനക്ഷത്രം ഹോട്ടലായിരുന്നു. ഭക്ഷണം വിളമ്പാനും ഇടയ്ക്കിടെ പാചകം ചെയ്യാനുമായിരുന്നു എന്നെ അവിടെ നിയമിച്ചിരുന്നത്.

ആദ്യം കുറച്ചു ദിവസങ്ങളിൽ ഞാൻ വളരെ ബുദ്ധിമുട്ടി. ഉറങ്ങാൻ സമയം കിട്ടാത്തതായിരുന്നു എന്റെ പ്രധാന പ്രശ്നം. പിന്നെ പിന്നെ അതുമായി അങ്ങ് പൊരുത്തപ്പെട്ടു പോയി.

കലാലയ ജീവിതം വളരെ വ്യത്യസ്തമായിരുന്നു. ഞാനും സത്യയും ഒരേ ക്ലാസ്സിൽ ആയതുകൊണ്ട്, ഒറ്റപ്പെട്ടെന്നൊരു തോന്നൽ എന്നിൽ ഉണ്ടായിരുന്നില്ല. കോളേജിൽ അധികവും പണക്കാരുടെ മക്കളായിരുന്നു. എന്നെപ്പോലെ പണിയെടുത്ത് പഠിക്കുന്നവർ താരതമ്യേ കുറവായിരുന്നു.

അധികം പണമുള്ളവരേക്കാളും അഹങ്കാരം അല്പം പണം ഉള്ളവർക്കാണ്. ആ കൂട്ടത്തിൽ സ്ത്രീകളുമുണ്ടായിരുന്നു എന്നതാണ് അത്ഭുതം. ഭാഗ്യത്തിന് ഞങ്ങളുടെ ക്ലാസ്സിൽ അത്തരത്തിലുള്ളവർ കുറവായിരുന്നു. പിന്നെ ഞാൻ അങ്ങനെ അധികം ആളുകളുമായി കൂട്ടുകൂടാൻ നിന്നിട്ടുമില്ല. എന്റെ അവസ്ഥ കണ്ടാൽ അവർ

എങ്ങനെയായിരിക്കും പ്രതികരിക്കുക എന്നറിയില്ലല്ലോ. അല്ലെങ്കിലും കൂട്ടുകൂടി ധൂർത്തടിക്കാനൊന്നും ഞാൻ വിചാരിച്ചിരുന്നില്ല. ഞാൻ കൂടുതൽ സമയം പഠനത്തിനു വേണ്ടിയായിരുന്നു മാറ്റിവെച്ചിരുന്നത്. എന്റെ പ്രധാന ഒളിത്താവളമായിരുന്നു ലൈബ്രറി. നാട്ടിലുള്ളതുപോലെ ഓലമേഞ്ഞൊരു ലൈബ്രറി ആയിരുന്നില്ല ഇവിടുത്തെത്. ഒരു മൂന്നു വലിയ ക്ലാസ് മുറിയുടെ വലുപ്പം കാണും. എങ്ങോട്ട് തിരിഞ്ഞാലും നീണ്ടു നിവർന്നു കിടക്കുന്ന ഷെൽഫുകൾ. അതിൽ എല്ലാം ഞാൻ ഇതുവരെ കണ്ടില്ലാത്ത കുറെ പുസ്തകങ്ങളും. അവിടെയുള്ള എല്ലാ പുസ്തകങ്ങളും വായിച്ചു തീർക്കാനുള്ള ആഗ്രഹമുണ്ടായിരുന്നു എനിക്ക്. അതൊരിക്കലും നടക്കില്ലെന്ന് എനിക്കറിയാം. എങ്കിലും ഞാൻ അതിനുവേണ്ടി പരിശ്രമിച്ചിരുന്നു. പതിയെ പതിയെ എനിക്ക് സാഹിത്യത്തിനോട് വലിയ താല്പര്യം തോന്നാൻ തുടങ്ങി. എനിക്ക് ഒഴിവു കിട്ടുന്ന സമയങ്ങളിലെല്ലാം ഞാൻ ചില കവിതകളെല്ലാം കുത്തിക്കുറിച്ചു വെക്കുമായിരുന്നു. അക്കാലത്ത് ഞാൻ കോളേജ് മാഗസിനിലേക്ക് ഒരു കവിത തയ്യാറാക്കി കൊടുത്തിരുന്നു. ആ കവിത പ്രസിദ്ധീകരിച്ചതോടെ എനിക്ക് അതുവരെ ലഭിക്കാത്ത ഒരു ആദരവ്, ക്ലാസ്സിൽ നിന്നായാലും കോളേജിൽ നിന്നായാലും കിട്ടാൻ തുടങ്ങി.

അതുവരെ എന്നോട് മിണ്ടാത്ത ചില പെൺകുട്ടികൾ ഒക്കെ എന്നോട് സംസാരിക്കാൻ തുടങ്ങി. ഞങ്ങളുടെ കോളേജിൽ പഠിക്കുന്ന പെൺകുട്ടികളെല്ലാം വ്യത്യസ്തരായിരുന്നു. നാട്ടിലുള്ള പെൺകുട്ടികളെ പോലെ നാണം കുലുങ്ങികളല്ലായിരുന്നു ഇവർ. ഒന്ന് അടുത്ത് കഴിഞ്ഞാൽ പിന്നെ ഇവർ വാതോരാതെ സംസാരിക്കാൻ തുടങ്ങും. സൗന്ദര്യത്തിന്റെ കാര്യത്തിലായാലും ഇവർ തന്നെയാണ് മുൻപന്തിയിൽ. ചിലരെയെല്ലാം വളരെ എളുപ്പത്തിൽ തന്നെ പ്രണയത്തിൽ വീഴ്ത്താൻ പറ്റും. പക്ഷേ ഞാനാ സൽക്കർമ്മത്തിന് മുതിർന്നില്ല. എന്റെ ജീവിതം എങ്ങനെയാണ് മുന്നോട്ട് കൊണ്ടുപോകേണ്ടതെന്ന് എനിക്കറിയില്ല, അതിനിടയിൽ ഒരു കാമുകി കൂടി വന്നു കഴിഞ്ഞാൽ പിന്നെ പറയുകയേ വേണ്ട.

***

കോളേജിൽ വന്നിട്ട് ഒരു കൊല്ലമായെങ്കിലും ഇതുവരെ എനിക്ക് ആരാവണമെന്ന ആഗ്രഹം വന്നില്ല. സാഹിത്യമാണ് എനിക്കിഷ്ടം, പക്ഷേ സാഹിത്യകാരന്മാർക്ക് പറ്റിയ പണിയൊന്നുമില്ലല്ലോ. ഒരു പുസ്തകം പ്രസിദ്ധീകരിക്കുക എന്ന് പറയുന്നതും വളരെ ബുദ്ധിമുട്ടുള്ളൊരു കാര്യമാണ്. പോരാത്തതിന് പുസ്തകം പ്രസിദ്ധീകരിച്ചു വരുന്നതിനെ കുറിച്ചൊന്നും എനിക്ക് വലിയ അറിവൊന്നുമില്ല. അതിന് ആരെയാണ് സമീപിക്കേണ്ടതെന്നോ, എങ്ങനെയാണ് പ്രസിദ്ധീകരിക്കേണ്ടതെന്നോ, ഒന്നും അറിയില്ല. ഇതൊന്നും അറിയാത്തതുകൊണ്ട് സാഹിത്യം വിടണമെന്നാണ് ഞാൻ കരുതിയത്. ഇനിയൊന്നും എഴുതില്ലെന്ന് വിചാരിച്ച സമയത്താണ് സത്യയുടെ വരവ്.

അവനു വൈദ്യശാസ്ത്രത്തിൽ പഠിക്കുന്ന ഒരു പെൺകൊച്ചിനെ ഇഷ്ടമാണ്. അവനവളുമായി സൗഹൃദം പുലർത്തുന്നുണ്ടെങ്കിലും ഇതുവരെ പ്രണയം തുറന്നു പറഞ്ഞില്ല.

അവളെ മയക്കാൻ വേണ്ടി ഞാനവനൊരു പ്രേമലേഖനം എഴുതി കൊടുക്കണമത്രേ.

"വായിക്കുമ്പോൾ അതൊരു പ്രേമലേഖനം ആണെന്ന് തോന്നരുത്. പക്ഷേ അതിൽ അവളോട് പ്രണയം വേണം. പിന്നെ കവിത പോലെയൊരു ഒഴുക്കുണ്ടാവണം" ഇതായിരുന്നു അവന്റെ നിബന്ധന.

"വേറെ എന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടോ?" ഞാൻ ചോദിച്ചു.

"വേറെ എന്തെങ്കിലും വേണമെങ്കിൽ ഞാൻ പറയാം"

"നീ എന്താണ് കരുതിയത്. എഴുത്തെന്ന് പറയുന്നത് മാങ്ങ പറിക്കുന്നത് പോലെ എളുപ്പമുള്ള പരിപാടിയാണെന്നാണോ?" ഞാൻ അല്പം രൂക്ഷമായി കൊണ്ട് അവനോട് ചോദിച്ചു.

"പിണങ്ങല്ലേ ചങ്ങാതി. നീ സമയമെടുത്ത് ആലോചിച്ച് എഴുതിയാൽ മതി. പക്ഷേ നീ എന്നെ കൈവിടരുത്."

അവനോട് പറ്റില്ലെന്ന് പറയാൻ എനിക്ക് കഴിയില്ലായിരുന്നു. കാരണം അവൻ എനിക്ക് വേണ്ടി കുറെ സഹായങ്ങൾ ചെയ്തു തന്നിട്ടുണ്ട്. അതുകൊണ്ട് എന്റെ എല്ലാ കഴിവുകളും എടുത്തു കൊണ്ട് ഞാൻ അവനുവേണ്ടി ഒരു പ്രണയലേഖനം തയ്യാറാക്കി. അത് അവന്റെ പ്രണയത്തെ ഒട്ടിച്ചേർക്കുമെന്ന് എനിക്ക് വിശ്വാസമുണ്ടായിരുന്നു.

***

എന്റെ പ്രതീക്ഷ തെറ്റിയില്ല. അവൻ എന്നെ ഒരു വലിയ ഹോട്ടലിലേക്ക് കൊണ്ടുപോകുമ്പോളേ എനിക്ക് തോന്നിയിരുന്നു അവൾ ആ കത്തിൽ വീണെന്ന്.

"നിനക്ക് ഇഷ്ടമുള്ള എന്തുവേണമെങ്കിലും പറഞ്ഞോ. അല്ലെങ്കിൽ വേണ്ട നീ പൈസ കുറഞ്ഞ എന്തെങ്കിലുമായിരിക്കും ഓർഡർ ചെയ്യുക. അതുകൊണ്ട് നമുക്ക് മട്ടൻ സൂപ്പ് കഴിക്കാം"

"എടാ നിനക്ക് ഭ്രാന്ത് പിടിച്ചോ അതിനു നല്ല പൈസയാവും" ഞാൻ പറഞ്ഞു.

"നീ വിഷമിക്കേണ്ടാ, എന്റെ കുറെ ദിവസത്തെയൊരു ആഗ്രഹമായിരുന്നു മട്ടൻ സൂപ്പ് കുടിക്കണമെന്നുള്ളത്. ആ ആഗ്രഹമെന്തായാലും എനിക്ക് ഇന്ന് തീർക്കണം."

അവൻ ആവേശത്തോടെ രണ്ട് മട്ടൻ സൂപ്പ് ഓർഡർ ചെയ്തു.

"എനിക്ക് മനസ്സിലായി ആ കത്തിൽ അവൾ വീണെന്ന്."

"വീണെന്ന് മാത്രമല്ല അവൾ തിരിച്ച് എനിക്കൊരു കത്തും എഴുതി. അതിൽ അവസാനം അവൾ എന്താണ് എഴുതിയതെന്ന് അറിയോ?" ഞാൻ ജിജ്ഞാസത്തോടെ അവന്റെ മുഖത്തേക്ക് നോക്കി. "ഇനിയും ഇതുപോലെയുള്ള കത്തുകൾ പ്രതീക്ഷിക്കുന്നുവെന്ന്."

ആ കത്ത് എനിക്കൊരു കുത്തായി തീരുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. അവൻ മട്ടൻ സൂപ്പ് ഓർഡർ ചെയ്തതിന്റെ പൊരുൾ എനിക്ക് അപ്പോളാണ് മനസ്സിലായത്.

"നീ വിഷമിക്കരുത് ചങ്ങാതി. ഇതിലൂടെ നിനക്ക് നിന്റെ സാഹിത്യത്തിന്റെ മൂർച്ച കൂട്ടാൻ പറ്റും."

അവൻ കാര്യം കാണാൻ വേണ്ടി എന്നെ പൊക്കി പറയുകയാണെന്ന് എനിക്ക് മനസ്സിലായി. എങ്കിലും അവനെ വിഷമിപ്പിക്കേണ്ടല്ലോ എന്ന് കരുതി കൊണ്ട് ഞാൻ അവന് രണ്ട് കത്തു കൂടി എഴുതിക്കൊടുത്തു.

## പതിമൂന്നു

അങ്ങനെ സത്യയുടെ പ്രണയം വിജയം കണ്ടിരിക്കുന്നു. അവനുമായുള്ള ഒരു കൂടിക്കാഴ്ചയ്ക്ക് വേണ്ടി സിമി അവനെ പട്ടണത്തിലുള്ള പാർക്കിലേക്ക് വിളിച്ചു. ധൈര്യക്കുറവ് കാരണം അവൻ എന്നെയും അങ്ങോട്ടു കൂട്ടിയിരുന്നു. അവിടെ സിമിക്കൊപ്പം അവളുടെ സുഹൃത്തായ സീതയുമുണ്ടായിരുന്നു. സീതാദേവിയെ വർണ്ണിച്ചത് പോലെ വേണം അവളെ വർണ്ണിക്കാൻ. നല്ല വടിവൊത്ത ശരീരം, വാലിട്ടെഴുതിയ മീൻ മിഴികൾ, മുല്ലമൊട്ടു പോലെയുള്ള പല്ലുകൾ, ആരെയും ആകർഷിക്കുന്ന ചർമ്മനിറം. ഇതെല്ലാം കൂടിച്ചേർന്ന ഒരു വിശ്വസുന്ദരിയാണ് അവൾ. അവളെ ഞാൻ ഇടയ്ക്കിടെ ലൈബ്രറിയിൽ വെച്ച് കണ്ടിട്ടുണ്ടായിരുന്നു. എന്നാൽ ഇത്രയും പെട്ടെന്ന് അടുത്ത് കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. സത്യയും സിമിയും സല്ലപിക്കാൻ പോയതോടെ ഞങ്ങൾ രണ്ടുപേരും മാത്രമായി. അവളോട് സംസാരിക്കാൻ ഞാൻ തീവ്രമായി ആഗ്രഹിച്ചു, പക്ഷേ എന്റെ മനസ്സ് അത് അനുസരിക്കാൻ വിസമ്മതിച്ചു. വാക്കുകൾ എന്റെ തൊണ്ടയിൽ കുരുങ്ങി, ഞങ്ങൾക്കിടയിൽ എന്നെന്നേക്കുമായി നീണ്ടുനിൽക്കുന്നതുപോലെ അലസവും, മർദ്ദകവുമായ ഒരു നിശബ്ദത തൂങ്ങിക്കിടക്കുന്നു. ഒടുവിൽ അവൾ മുൻകൈയെടുത്തു കൊണ്ട് ആ നിശബ്ദതയെ ഭഞ്ജിച്ചു.

"നിങ്ങളുടെ പേര് എന്താണ്?" അവൾ ചോദിച്ചു.

"ഡാനിയൽ ഡോയൽ" ഞാൻ പറഞ്ഞു.

"എവിടെയോ കേട്ട പേര്," അവൾ എന്തോ ആലോചിച്ചുകൊണ്ട് തുടർന്നു. "അതെ നിങ്ങളല്ലേ കഴിഞ്ഞകൊല്ലം മാഗസിനിൽ കവിത എഴുതിയത്?"

എന്റെ ജീവിതത്തിൽ ആദ്യമായി, എനിക്ക് എന്നിൽ തന്നെ ആഴമേറിയതും യഥാർത്ഥവുമായ ഒരു അഭിമാനം തോന്നി.

"അതെ" ഞാൻ പറഞ്ഞു.

"വെയിറ്റേ മിനിറ്റ്," അവൾ എന്തൊക്കെ ഓർത്തെടുത്തുകൊണ്ട് വീണ്ടും തുടർന്നു. "നിങ്ങളാണ് ആ പ്രേമലേഖനം ഒക്കെ എഴുതിയത്, അല്ലേ?"

അത്തരത്തിലുള്ളൊരു ചോദ്യം ഞാൻ അവളിൽ നിന്നും പ്രതീക്ഷിച്ചില്ലായിരുന്നു. അമ്പരപ്പ് മാറിയ ശേഷം 'അത് ഞാനല്ല എഴുതിയതെന്ന്,' ഞാൻ അവളോട് പറഞ്ഞു.

"നിങ്ങൾ കള്ളം പറയുകയാണ്. ഞാനാ കത്തുകൾ വായിച്ചിരുന്നു. അത് നിങ്ങളുടെ കവിതയുടെ ശൈലിയുമായി ഒത്തുപോകുന്ന ചില സാമ്യങ്ങളുണ്ട്."

ഞാൻ വിട്ടുകൊടുക്കാതെ വീണ്ടും ഞാനല്ല എഴുതിയതെന്ന് അവളോട് പറഞ്ഞു.

"നിങ്ങൾ സത്യം പറഞ്ഞില്ലെങ്കിൽ ഞാനീക്കാര്യം സിമിയോട് പറയും. "

"ചതിക്കല്ലേ സഹോദരി. അത് എഴുതിയത് ഞാനാണ്. പക്ഷേ എങ്ങനെയാണ് എഴുതേണ്ടതെന്ന് പറഞ്ഞു തന്നത് അവനാണ്."

"നിങ്ങളുടെ വാക്കുകൾ കള്ളം പറയുന്നുണ്ടെങ്കിലും നിങ്ങളുടെ കണ്ണുകൾ കള്ളം പറയുന്നില്ല. സത്യം പറ നിങ്ങളാ കത്തുകൾ ഒറ്റയ്ക്കിരുന്നല്ലേ എഴുതിയത്."

ഞാൻ അത്ഭുതപ്പെട്ടുപോയി. അവൾക്ക് മുഖം നോക്കി എല്ലാ കാര്യങ്ങളും വായിച്ചെടുക്കാൻ കഴിയുന്നുണ്ട്. അവൾ ബുദ്ധികൂർമ്മതയുള്ളൊരു പെൺകിടാവാണെന്ന് എനിക്ക് അപ്പോൾ മനസ്സിലായി. അവളുടെ മുന്നിൽ കീഴടങ്ങുന്നതായിരിക്കും നല്ലതെന്ന് എനിക്ക് തോന്നി.

"ആ കത്തുകൾ എഴുതിയത് ഞാനാണ്. നിങ്ങൾ ദയവുചെയ്ത് ഈ കാര്യം സിമിയോട് പറയരുത്."

"നിങ്ങൾ ഇത്ര പാവമായി പോയല്ലോ" അവൾ തന്റെ മുല്ലമൊട്ട് പോലെയുള്ള പല്ലുകൾ കാണിച്ചുകൊണ്ട് ചിരിക്കാൻ തുടങ്ങി. ആ ചിരി എന്റെ നെഞ്ചിൻകൂട് പൊളിച്ചുള്ളിൽ കടന്നു.

അൽപ്പനേരം ഞാൻ അവളുടെ സൗന്ദര്യത്തിൽ വീണുപോയി.

"അവൾക്ക് അവനെ ഇഷ്ടമായിരുന്നു. പിന്നെ അവരുടെ പ്രേമത്തെ കൂട്ടിച്ചേർക്കാൻ ഈ കത്തുകൾ ഒരു നിമിത്തമായെന്നേയുള്ളൂ" അവൾ പറഞ്ഞു.

എനിക്ക് അതിനുള്ള മറുപടി പറയാൻ കഴിഞ്ഞില്ല. ഞാൻ അവളുടെ മുഖത്തേക്ക് തന്നെ നോക്കി നിൽക്കുകയായിരുന്നു. അവൾ എന്നെ നോക്കിക്കൊണ്ട് വീണ്ടും മന്ദഹസിച്ചു.

"നിങ്ങളുടെ ചിരി കാണാൻ നല്ല ചേലുണ്ട്," ഞാൻ പറഞ്ഞു.

അത് കേട്ടപ്പോൾ അവൾ കുടു കുടാ ചിരിക്കാൻ തുടങ്ങി. അതുവരെ തോന്നാത്ത ഒരു ഘാതമായൊരു തണുപ്പ് എന്റെ ശരീരത്തിലേക്ക് കയറിയത് പോലെ എനിക്ക് തോന്നി. എന്റെ രോമകുണ്ഡലങ്ങളെല്ലാം ഉയർന്നുനിൽക്കുകയായിരുന്നു അപ്പോൾ. ഞാൻ സ്വപ്നം കാണുകയാണോ എന്നുവരെ എനിക്ക് തോന്നിപ്പോയി. കാരണം അവളുടെ ചുറ്റും ഒരു പ്രകാശം ആവരണം ചെയ്തിരുന്നു. ആ പ്രകാശത്തിലൂടെ ചില ചിത്രശലഭങ്ങളെല്ലാം പറക്കുന്നുണ്ടായിരുന്നു.

അവൾ ചിരി നിർത്തിയപ്പോളാണ് വീണ്ടും ഞാൻ യാഥാർത്ഥ്യത്തിലേക്ക് തിരിച്ചെത്തിയത്.

"അല്ല, ആ കത്തുകൾ ഞാനാണ് എഴുതിയതെന്ന് നിങ്ങൾക്ക് എങ്ങനെ മനസ്സിലായി" ഞാൻ വിഷയം മാറ്റാൻ വേണ്ടി അവളോട് ചോദിച്ചു.

"സത്യയെ പരിചയപ്പെട്ട സമയത്ത് തന്നെ അവൻ ഇത്തരത്തിലുള്ള കത്തുകൾ എഴുതാനുള്ള സാധ്യത കുറവാണെന്ന് എനിക്ക് തോന്നിയിരുന്നു. പിന്നെ നിങ്ങൾ എഴുതിയ കവിതയിലെ ശൈലി എനിക്കീ കത്തുകളിലും കാണാൻ കഴിഞ്ഞിരുന്നു. അതുമാത്രമല്ല നിങ്ങളെ ഞാൻ പലവട്ടം ലൈബ്രറിയിൽ വെച്ച് കണ്ടിട്ടുമുണ്ട്."

അവളെന്നെ വീണ്ടും അത്ഭുതപ്പെടുത്തി. ഞാൻ വിചാരിച്ചത് അവൾ എന്നെ ശ്രദ്ധിച്ചില്ലെന്നായിരുന്നു. പക്ഷേ അവൾ എന്നെ ശ്രദ്ധിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം ഞാൻ അവളെ നോക്കിയത് പോലെ അവളെന്നെയും നോക്കിയിട്ടുണ്ടെന്നല്ലേ. എനിക്ക് ആവേശമായി. പിന്നെ എനിക്ക് അവളോട് സംസാരിക്കാൻ തീരെ ഭയം തോന്നിയില്ല.

സത്യയും സിമിയും തിരിച്ചു വരുന്നതുവരെ ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. ഞങ്ങൾ സാഹിത്യത്തെ കുറിച്ചായിരുന്നു കൂടുതലായും ചർച്ച ചെയ്തിരുന്നത്. സാഹിത്യത്തിനോടുള്ള ഞങ്ങളുടെ അഭിരുചി ഏകദേശം ഒന്നായിരുന്നു. അവൾക്ക് ഇഷ്ടപ്പെട്ട പുസ്തകങ്ങളിൽ ചിലതെല്ലാം എനിക്കും ഇഷ്ടമായിരുന്നു. അവയിൽ ചില പുസ്തകങ്ങളുടെ പേരുകൾ ഞങ്ങൾ ഒരുമിച്ചായിരുന്നു പറഞ്ഞിരുന്നത്. അത് ഞങ്ങളെ രണ്ടുപേരെയും അത്ഭുതപ്പെടുത്തിയിരുന്നു.

അവർ രണ്ടുപേരും തിരിച്ചെത്തിയപ്പോളും ഞങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു.

"നിങ്ങൾ ഇത്ര പെട്ടെന്ന് സുഹൃത്തുക്കളായോ" വന്നപാടെ സിമി ഞങ്ങളോട് ചോദിച്ചു.

"പിന്നെ നിങ്ങൾ വരുന്നത് വരെ ഞങ്ങൾ ഒന്നും സംസാരിക്കാതെ ഇരിക്കേണ്ടിയിരുന്നോ" സീതയായിരുന്നു മറുപടി നൽകിയത്.

"ഓ.. നിങ്ങളുടെ സംസാരം കഴിഞ്ഞെങ്കിൽ നമുക്ക് പോകാമായിരുന്നു" സിമി പരിഹാസ രൂപേണ പറഞ്ഞു.

മടങ്ങാൻ സമയമായതുകൊണ്ട് അവൾ എന്റെ നേരെ കൈ വീശിക്കൊണ്ട് വിട പറഞ്ഞു.

അന്നെനിക്ക് ഉറക്കം വന്നില്ല. കണ്ണടയ്ക്കുമ്പോൾ എല്ലാം സീതയുടെ ചിരിക്കുന്ന മുഖമാണ് തെളിഞ്ഞിരുന്നത്.

ലൈബ്രറിയിൽ വെച്ച് ഞാൻ സീതയെ വീണ്ടും കണ്ടുമുട്ടി. ലൈബ്രറിയിൽ ആയതുകൊണ്ട് ഞങ്ങൾക്ക് കൂടുതലൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. ഞങ്ങൾ പതിഞ്ഞ ശബ്ദത്തിൽ സംസാരിച്ചത് പോലും മറ്റുള്ളവർക്ക് ഒരു അലോസരമായി തോന്നിയിരുന്നു. അന്ന് വൈകുന്നേരം വീണ്ടും കാണണമെന്ന നിർദ്ദേശത്തോടെ ഞങ്ങൾ പിരിഞ്ഞു.

***

ഞങ്ങൾ വളരെ പെട്ടെന്ന് തന്നെ ഉറ്റ സുഹൃത്തുക്കളായി മാറി. ക്ലാസ്സ് ഇല്ലാത്ത ഇടവേളകളിൽ സത്യ സിമിയെ കാണാൻ പോകുമ്പോഴൊക്കെ ഞാനും അവന്റെ കൂടെ ചെല്ലും. സിമിയുടെ കൂടെ എന്തായാലും സീതയുണ്ടാകുമെന്ന് എനിക്കുറപ്പായിരുന്നു.

സത്യയും സിമിയും സല്ലപിക്കുന്ന സമയത്ത്, ഞങ്ങൾ രണ്ടുപേരും സംസാരിച്ചുകൊണ്ടിരിക്കും. കോളേജിന്റെ വിശാലമായ ഗ്രൗണ്ടിൽ നിന്നുമായിരുന്നു ഞങ്ങൾ മിക്കവാറും സംസാരിക്കാറ്. അവിടെ വലിയൊരു വാകമരമുണ്ട്. അതിന്റെ തണലിൽ നിന്നും സംസാരിക്കാനൊരു പ്രത്യേക സുഖമാണ്.

ഞങ്ങൾ ഒരേ തൂവൽ പക്ഷികളെ പോലെയായിരുന്നു. എന്റെ എല്ലാ നിഗമനങ്ങളോടും അവൾ യോജിച്ചിരുന്നു. എന്നെ പോലെ അവളും ഒരു ദൈവവിശ്വാസിയായിരുന്നില്ല. അവൾ ഒരു ആധുനിക ചിന്താഗതിയുള്ള വ്യക്തിയായിരുന്നു.

അവളുടെ അച്ഛൻ ഒരു പോലീസ് ഓഫീസറാണ്. പക്ഷേ അതിന്റേതായ ഒരു പൊങ്ങച്ചം ഒന്നും അവൾക്കുണ്ടായിരുന്നില്ല. എല്ലാവരോടും പെട്ടെന്ന് കൂട്ടുകൂടുന്ന ഒരു സ്വഭാവകാരിയായിരുന്നു അവൾ.

ഞാനിതുവരെ ഒരു പെൺകുട്ടിയോട് ഇത്രയും അടുത്ത് പെരുമാറിയില്ലായിരുന്നു. സാധാരണ പെൺകുട്ടികളിൽ കാണപ്പെടുന്ന ഒരു നാണക്കുലുക്കമൊന്നും അവൾക്കില്ലായിരുന്നു. പക്വതയും ബുദ്ധികൂർമതയുമായിരുന്നു അവളുടെ പ്രധാന ആകർഷണം.

ഞാനിപ്പോൾ പതിവില്ലാത്തൊരു ആവേശത്തോടെയാണ് കോളേജിലേക്ക് പോകാറ്. അതിന്റെ പ്രധാന കാരണം സീതയാണ്. അവളുമൊത്ത് സമയം ചിലവഴിക്കാൻ കിട്ടുന്ന ഒരു അവസരം പോലും ഞാൻ പാഴാക്കാറില്ല. എനിക്ക് അവളെ വളരെ ഇഷ്ടപ്പെട്ടെന്നാണ് തോന്നുന്നത്. ഇതുവരെ ഞാൻ കല്യാണത്തെക്കുറിച്ചൊന്നും ചിന്തിച്ചില്ലായിരുന്നു. പക്ഷേ ഇപ്പോൾ അവളുമൊത്തുള്ള വിവാഹത്തെക്കുറിച്ചൊക്കെയാണ് ഞാൻ ചിന്തിക്കാറ്. വിവാഹം എവിടെ വെച്ച് നടത്തണമെന്നും എത്ര പേരെ ക്ഷണിക്കണമെന്നൊക്കെ. ഇതൊന്നും നടക്കാൻ പോകുന്നില്ലെന്ന് എനിക്കറിയാം. എങ്കിലും ഞാൻ ഇതെല്ലാം വെറുതെ ചിന്തിച്ചു പോകും.

***

ഈ കൊല്ലത്തെ മാഗസിനിലേക്ക് ഒരു കവിത എഴുതാൻ വേണ്ടി സീത എന്നെ നിർബന്ധിക്കുന്നുണ്ട്. ഞാൻ എഴുത്ത് നിർത്തണമെന്ന്

കരുതിയതാണ്. അബദ്ധവശാൽ ഇക്കാര്യം ഞാൻ അവളോട് ഒന്ന് പറഞ്ഞു പോയി. അപ്പം തന്നെ അവൾ എന്നെ ചാടിക്കടിക്കാൻ വന്നു.

"എഴുത്തൊരു ജീവിത തൊഴിലാക്കാൻ കഴിയില്ലല്ലോ" അവളുടെ ഉപദേശം സഹിക്കാൻ വയ്യാതെ ഞാൻ പറഞ്ഞു.

"ഒക്കെ. നീയിപ്പോൾ മറ്റെന്തെങ്കിലും തൊഴിൽ ചെയ്താലും. ഫ്രീ ടൈം കിട്ടുമ്പോൾ നിനക്ക് എഴുതാൻ പറ്റുമല്ലോ?" അവൾ ചോദിച്ചു.

"അതും ശരിയാണ്."

"ആ അതാണ് ഞാൻ പറഞ്ഞത്. പക്ഷേ അതിനിപ്പോളെ പ്രാക്ടീസ് ചെയ്യണം. അതുകൊണ്ട് മോൻ, ഈ കൊല്ലത്തെ മാഗസിനിലേക്ക് വേണ്ടി ഒരു കവിത എഴുതണം."

"പക്ഷേ അതിനും എനിക്ക് പ്രാക്ടീസ് വേണം."

"നീ ഒരു കാര്യം ചെയ്യ്. പ്രണയലേഖനം എഴുതിക്കൊണ്ട് പ്രാക്ടീസ് ചെയ്തോ."

"എഴുതിയിട്ട് ഇപ്പോൾ ആർക്കു കൊടുക്കാനാണ്,?"

"കാണാൻ കൊള്ളാവുന്ന ഏതെങ്കിലും പെൺകുട്ടികൾക്ക് കൊടുക്ക്. ആരും അത് വാങ്ങാൻ തയ്യാറായില്ലെങ്കിൽ നീ അത് എനിക്ക് തന്നോ."

അവൾ തമാശയ്ക്ക് പറഞ്ഞതാണെങ്കിൽ കൂടി അവ എന്നിൽ ഒരു ശാന്തമായ സന്തോഷം ജ്വലിപ്പിച്ചു. കുറച്ചുനേരത്തേക്ക് ഞാൻ തരിച്ച് നിന്ന് പോയിട്ടുണ്ടാവും.

പിന്നെ ഞാനാ വിഷയത്തിൽ നിന്നും തെന്നി മാറിക്കൊണ്ടാണ് അവളോട് സംസാരിച്ചത്.

## പതിനാല്

സീതയുടെ ആവശ്യപ്രകാരം ഞാൻ മാഗസിനിലേക്ക് അയക്കാൻ വേണ്ടി വീണ്ടുമൊരു കവിത കൂടി തയ്യാറാക്കി. അത് അവളെക്കുറിച്ചുള്ള ഒരു കവിതയായിരുന്നു. അവളുടെ സൗന്ദര്യത്തിന്റെ ശാന്തമായ പ്രഭയെക്കുറിച്ചും, അവളുടെ ഹൃദയത്തിൽ വസിച്ചിരുന്ന മാധുര്യത്തെക്കുറിച്ചും, അവൾക്ക് മാത്രമുള്ള അപൂർവവും, വ്യക്തവുമായ ഗുണങ്ങളെക്കുറിച്ചുമായിരുന്നു.

പതിവ് പോലെ കോളേജ് മാഗസിനിലേക്ക് എന്റെ കവിത തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ കൊല്ലത്തേക്കാളും വലിയൊരു പ്രശസ്തി എനിക്ക് ആ കവിത നേടിത്തന്നു. പലരും എന്നെ അഭിനന്ദിച്ചു. അതിൽ അധികം പേരും എന്നോട് ചോദിച്ചത് ആ പെൺകുട്ടി ആരാണെന്നാണ്. അവരോടൊക്കെ പലതും പറഞ്ഞു കൊണ്ടാണ് ഞാൻ ഒഴിഞ്ഞു മാറിയത്. പക്ഷേ ആ പെൺകുട്ടി സീതയാണെന്ന് സത്യക്ക് മനസ്സിലായിട്ടുണ്ടായിരുന്നു. ഇക്കാര്യം ആരോടും പറയരുതെന്ന് അവനെക്കൊണ്ട് ഞാൻ സത്യം ചെയ്യിപ്പിച്ചിട്ടുണ്ട്.

ഇതേ സംശയം തന്നെയായിരുന്നു സീതക്കും. ഞാനതെന്റെ ഭാവന വെച്ചുകൊണ്ട് എഴുതിയതാണെന്ന് അവളോട് പറഞ്ഞു.

"ഭാവനയാണെങ്കിൽ കൂടി അതിലൊരു സ്ത്രീ സാന്നിധ്യമുണ്ട്. നിന്റെ മനസ്സിലായത്തിൽ പതിഞ്ഞ ഏതോ ഒരു പെൺകുട്ടിയെ അതിൽ കാണാൻ കഴിയുന്നുണ്ട്."

"അങ്ങനെയൊന്നുമില്ല. ഞാൻ ചില സാഹിത്യത്തിൽ നിന്നും കണ്ടെത്തിയ സ്ത്രീ കഥാപാത്രങ്ങളെ കുറിച്ചാണ് എഴുതിയത്," ഞാൻ പറഞ്ഞു.

"നീയെന്തിനാണ് എന്നോട് കള്ളം പറയുന്നത്. നീ കള്ളം പറഞ്ഞാൽ അതെനിക്ക് പെട്ടെന്ന് മനസ്സിലാവും."

അവളോട് ഒരുവിധത്തിലും പിടിച്ചുനിൽക്കാൻ കഴിയില്ലെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ അത് അവളാണെന്ന് പറഞ്ഞാൽ അതോടെ ഞങ്ങളുടെ ഫ്രണ്ട്ഷിപ്പ് നശിക്കും. അതുകൊണ്ട് ആ പെൺകുട്ടി ആരാണെന്നുള്ള കാര്യം പിന്നെ പറഞ്ഞു തരാമെന്ന് പറഞ്ഞ്, അവളെ ഒരുവിധത്തിൽ ഞാൻ സമാധാനിപ്പിച്ച് നിർത്തിയിട്ടുണ്ട്. സന്ദർഭം ഒത്തുവരുന്ന ഒരു സമയത്ത് വേണം അവളെ ഈ കാര്യം പറഞ്ഞു മനസ്സിലാക്കാൻ.

***

ഞാൻ കോളേജിൽ ഉള്ള ഒരു സാഹിത്യ ക്ലബ്ബിൽ ചേർന്നിട്ടുണ്ട്. ആ ക്ലബ്ബിലെ അംഗങ്ങൾ എഴുതുന്ന കവിതകൾ ഇടയ്ക്കിടെ കോളേജ് വീക്കിലിയിൽ പ്രസിദ്ധീകരിക്കാറുണ്ട്. സീതയെ കുറിച്ചല്ലാതെ മറ്റേന്തിനെയെങ്കിലും കുറിച്ച് ഒരു കവിത എഴുതിയാൽ പിന്നെ സീതയുടെ ചർച്ച അതിനെക്കുറിച്ചായിരിക്കുമല്ലോ. ഇതോർത്തു കൊണ്ടായിരുന്നു ഞാനാ ക്ലബ്ബിൽ ചേർന്നത്. ആ ക്ലബ്ബിലെ പ്രധാന അംഗമായിരുന്ന മാരൻ ഒരു നല്ല വ്യക്തിയായിരുന്നു. അവൻ ഒരു സ്ഥിതിസമത്വവാദിയായിരുന്നു. അവന്റെ കവിതകളിലെല്ലാം വിപ്ലവം നിറഞ്ഞു നിൽക്കുന്നത് കാണാൻ പറ്റുമായിരുന്നു. ഏതൊരു ഇന്ത്യക്കാരന്റെയും ചോര തിളക്കുന്ന വിധത്തിലുള്ളവയായിരുന്നു അവന്റെ കവിതകൾ.

വളരെ പക്വത നിറഞ്ഞ ഒരാളായിരുന്നു അവൻ. എല്ലാ കാര്യങ്ങളും വളരെ ഗൗരവത്തോടെ എടുക്കുന്ന ഒരു വ്യക്തി. എന്നോട് അവൻ ഒരു ഗുരുനാഥനെ പോലെയായിരുന്നു പെരുമാറിയിരുന്നത്. അവന്റെ അറിവും സിദ്ധാന്തങ്ങളും എല്ലാം അവൻ എനിക്ക് പറഞ്ഞു തരുമായിരുന്നു. തൂലിക ചലിപ്പിച്ചു കൊണ്ട് ഇന്ത്യയുടെ സ്വാതന്ത്ര്യ പോരാട്ടത്തിൽ പങ്കാളിയാകാനായിരുന്നു അവന്റെ ആഗ്രഹം. അവന്റെ അറിവും ആശയവും തലയിൽ കയറിയതോടെ ഞാൻ പ്രണയ

കവിതകൾ വിട്ടുകൊണ്ട്, അടിച്ചമർത്തപ്പെട്ടവരുടെ കവിതകൾ വായിക്കാൻ തുടങ്ങി.

എന്റെ അമ്മച്ചിയുടെ മരണത്തെ അടിസ്ഥാനമാക്കി കൊണ്ട് ഞാൻ ഒരു കവിത എഴുതി. ഉയർന്ന സമൂഹം ഞങ്ങളോട് കാണിച്ച അനീതിയും, ഞാൻ ഉൾപ്പെടെ താഴ്ന്നവർ അനുഭവിക്കുന്ന വേദനകളുമായിരുന്നു അതിലെ പ്രധാന ആശയം. മാരന് എന്റെ കവിത വല്ലാതെ അങ്ങ് ഇഷ്ടപ്പെട്ടു. അവൻ കോളേജ് ആഴ്ചപ്പതിപ്പിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു.

ആ കവിത എനിക്ക് വീണ്ടും ബഹുമതികൾ നേടിത്തന്നു. പതിവുപോലെ എന്റെ ഈ കവിതയിൽ ഒളിച്ചിരിക്കുന്ന ആശയം സീത വ്യാഖ്യാനിച്ചെടുത്തു.

"ഇതിൽ നീ താഴ്ന്ന സമൂഹമനുഭവിക്കുന്ന കഷ്ടപ്പാടുകളെ കുറിച്ച് വർണ്ണിക്കുന്നുണ്ടെങ്കിലും പകുതി വരെയെങ്കിലും നീ അനുഭവിച്ച കാര്യങ്ങളെക്കുറിച്ച് ഇതിൽ വിശദീകരിക്കുന്നുണ്ട്. ഇതിൽ നീ എഴുതിയിരിക്കുന്നത് നിന്റെ അമ്മച്ചിയുടെ മരണത്തെ കുറിച്ചല്ലേ?" അവൾ ചോദിച്ചു.

"അതെ" നേരിയ ഒരു വിരഹത്തോടെ ഞാൻ പറഞ്ഞു.

അവളെന്റെ കൈ തലോടിക്കൊണ്ട് ക്ഷമചോദിച്ചു.

"എനിക്ക് മനസ്സിലാവുന്നുണ്ട് നിന്റെ വിഷമം. ഞാൻ ഇതേക്കുറിച്ച് ചോദിക്കാൻ പാടില്ലായിരുന്നു."

"അത് സാരമില്ല. നീ എന്റെ കവിതയെ വ്യാഖ്യാനിക്കുകയല്ലേ ചെയ്തത്."

"എനിക്ക് നിന്നെ ഓർക്കുമ്പോൾ അഭിമാനം തോന്നുന്നു. നിനക്ക് വലിയൊരു എഴുത്തുകാരനാവാനുള്ള ഭാവിയുണ്ട്. ഏത് ജോലിക്ക് പോയാലും നീ എഴുത്ത് ഉപേക്ഷിക്കരുത്."

അതെന്റെ മനസ്സിൽ വല്ലാതെ അങ്ങ് തറച്ചു. ഇതുവരെ എനിക്ക് ആരും നൽകാത്തൊരു പ്രചോദനമായിരുന്നു അവൾ എനിക്ക് നൽകിയത്.

പിന്നീട് ഞാൻ രണ്ടു മൂന്ന് കവിതകളും കൂടി പ്രസിദ്ധീകരിച്ചു. അങ്ങനെ കോളേജിൽ അല്പം അറിയപ്പെടുന്ന ഒരു എഴുത്തുകാരനായി ഞാൻ മാറി. പക്ഷേ അതെനിക്കൊരു വിപത്തായിട്ടാണ് ഭവിച്ചത്. ഞാനും സീതയും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ചില പെൺകുട്ടികൾ എന്നെ വന്ന് അഭിനന്ദിക്കും. അത് സീതയ്ക്ക് ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. അവളെ കൈവിട്ടു പോകുമോ എന്നുള്ളൊരു ആധി എനിക്കുണ്ട്. എന്തായാലും എന്റെ പ്രണയം അവളോട് തുറന്നുപറയണം.

***

മാരനും ഞാനും ഇപ്പോൾ നല്ല ചങ്ങാത്തത്തിലാണ്. അവൻ എന്നെയും, സാഹിത്യ ക്ലബ്ബിലുള്ള ചിലരെയും അവന്റെ ഗ്രാമത്തിലേക്ക് ക്ഷണിച്ചിരുന്നു. വളരെ വിശാലമായ ഒരു ഗ്രാമായിരുന്നു അവന്റേത്. ഗ്രാമം മനോഹരമാണെങ്കിലും അവിടെ ജീവിക്കുന്നവരുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. പനയോല കൊണ്ട് മേഞ്ഞ, ചെറിയ വീടുകളാണ് അവിടെ അധികവും. അവന്റെ വീടും അത്തരത്തിലുള്ള ഒന്നായിരുന്നു. അവിടെ അവനും അവന്റെ അമ്മയും രണ്ട് സഹോദരിമാരുമാണ് താമസിക്കുന്നത്. അവന്റെ പിതാവ് ചെറുപ്പത്തിൽ തന്നെ മരിച്ചിരുന്നു.

വളരെ സന്തോഷത്തോടെയായിരുന്നു അവന്റെ അമ്മ ഞങ്ങളെ സ്വീകരിച്ചത്. ഞങ്ങൾക്ക് വേണ്ടി അവർ ഭക്ഷണം ഒക്കെ തയ്യാറാക്കി വെച്ചിരുന്നത്.

മാരന്റെ മട്ടും നടപ്പും കണ്ടാൽ, ഒരു ദരിദ്ര കുടുംബത്തിൽ നിന്നും വന്നതാണെന്ന് തോന്നുകയില്ല. കാരണം അത്രയ്ക്കും ഊർജ്ജവും ആത്മവിശ്വാസവുമായിരുന്നു അവനുള്ളത്. ഭാവി കാര്യങ്ങളെക്കുറിച്ചോർത്തുകൊണ്ട് ഞാൻ ഭയപ്പെടുകയാണ്. എന്നാൽ മാരന്റെ മുഖത്ത് അത്തരത്തിലുള്ളൊരു വേവലാതിയും കാണാൻ കഴിയില്ല. എന്തിലേറെ പറയണം അവൻ തന്റെ ദാരിദ്ര്യത്തെ മറയ്ക്കാൻ പോലും ശ്രമിക്കുന്നില്ല. അതുപോലെ, അത്തരത്തിലുള്ളൊരു

സാഹചര്യത്തിൽ ജനിക്കേണ്ടി വന്നതിൽ അവനൊരു ദുഃഖവും ഇല്ലായിരുന്നു.

ആ ഗ്രാമത്തിൽ താമസിക്കുന്ന എല്ലാവരും അങ്ങനെ തന്നെയായിരുന്നു. ദുർഭിക്ഷത്തിന്റെ നടുക്ക് താമസിക്കുന്നവരാണെങ്കിൽ കൂടി, അവരെല്ലാവരും സന്തോഷം കണ്ടെത്താൻ ശ്രമിക്കുന്നുണ്ടായിരുന്നു.

അന്ന് അവൻ ഞങ്ങളെ അവിടെ നടക്കുന്ന ഒരു തെരുവ് നാടകം കാണിക്കാൻ വേണ്ടി കൊണ്ടുപോയിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യക്കാരോട് കാണിക്കുന്ന ക്രൂരതകളെ കുറിച്ചുള്ളതായരുന്നു ആ നാടകം. വളരെ രസകരമായ ഒരു നാടകമായിരുന്നു അത്.

ചുരുക്കിപ്പറഞ്ഞാൽ മാരൻ എനിക്ക് മറക്കാൻ പറ്റാത്ത ചില അനുഭവങ്ങളായിരുന്നു അന്ന് സമ്മാനിച്ചത്.

## പതിനഞ്ച്

മാരൻ ശരിയല്ലാത്ത മാർഗ്ഗത്തിലൂടെയാണ് ഇപ്പോൾ നടക്കുന്നത്. അവൻ എന്നെ രഹസ്യമായി കാണണമെന്ന് പറഞ്ഞപ്പോൾ തന്നെ എനിക്ക് എന്തോ പന്തികേട് തോന്നിയിരുന്നു.

ബ്രിട്ടീഷുകാരുടെ ഭരണത്തിനെതിരെ എഴുതുന്ന ഒരു മഞ്ഞ പത്രം ഉണ്ട്. അതിലേക്ക് ചില കവിതയും കഥകളും എഴുതാൻ വേണ്ടി പറയാനായിരുന്നു അവൻ എന്നെ വിളിച്ചത്. അതുപോലെ, ഞങ്ങളുടെ കോളേജിലുള്ള ചിലരെയൊക്കെ ചേർത്തുകൊണ്ട് അവൻ ഒരു ചാര സംഘടന നിർമ്മിക്കാൻ പോകുന്നുണ്ട്. അതിൽ ചേരാൻ വേണ്ടി അവൻ എന്നെ നിർബന്ധിച്ചിരുന്നു. ഞാൻ അതിനൊന്നും സമ്മതിക്കാത്ത മട്ടിലായിരുന്നു അവന് മറുപടി നൽകിയത്. അതവന് ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല.

ഇക്കാര്യം ഞാൻ സീതയോട് പറഞ്ഞിരുന്നു. അവളും എന്റെ പക്ഷത്തു തന്നെയാണ് നിന്നത്.

"അവനിപ്പോളുള്ളൊരു ആവേശത്തിന്റെ പുറത്താണ് ഇത്തരം കാര്യങ്ങൾ എല്ലാം ചെയ്യാൻ ശ്രമിക്കുന്നത്. നീ അതിലൊന്നും ചെന്ന് ചാടേണ്ട" അവൾ പറഞ്ഞു.

"എനിക്കല്ലെങ്കിലും ഇതിലൊന്നും താൽപര്യമില്ല. എങ്ങനെയെങ്കിലും പഠിച്ച് രക്ഷപ്പെടാൻ വേണ്ടിയാണ് ഞാൻ ഇങ്ങോട്ട് വന്നത്."

"അത് നന്നായി. എന്റെയോരു അഭിപ്രായത്തിൽ നീ സാഹിത്യ ക്ലബ്ബിൽ നിന്നും വിട്ടുനിൽക്കുന്നതായിരിക്കും നന്നാവുക"

"അത് വേണോ?" ഞാൻ അവളോട് ചോദിച്ചു.

"അവൻ ഒരു നല്ല പ്രാസംഗികനാണ്. ഒരാളുടെ മനസ്സ് മാറ്റാൻ അവന് സാധിക്കും. അതുകൊണ്ട് നീ അവനിൽ നിന്നും വിട്ടുനിൽക്കുന്നതായിരിക്കും നന്നാവുക"

"അത് ശരി തന്നെ. പക്ഷേ ഞാൻ ആ ക്ലബ്ബിൽ ഒന്ന് ഫെയ്മസായി വരുകയായിരുന്നു."

"ഓ നിന്റെ ആരാധികമാർക്ക് അത് ഇഷ്ടപ്പെടില്ലല്ലേ" അവൾ അല്പം കുശുമ്പോടുകൂടിയായിരുന്നു അത് പറഞ്ഞത്.

പിന്നെ അവളാ സംഭാഷണം തുടരാൻ താല്പര്യപ്പെട്ടില്ല.

"നീ പറഞ്ഞതാണ് ശരി, ആ ക്ലബ്ബ് വിടുന്നതായിരിക്കും നന്നാവുക" അവളെ സമാധാനിപ്പിക്കാൻ വേണ്ടി ഞാൻ പറഞ്ഞു.

"എനിക്ക് വേണ്ടി നീ ആ ക്ലബ്ബ് ഉപേക്ഷിക്കുകയോന്നും വേണ്ട"

അവൾ വീണ്ടും, കുത്തുവാക്കുകൾ പറഞ്ഞുകൊണ്ട് എന്നെ തളർത്തി. അവൾ ദേഷ്യത്തോടെ എഴുന്നേറ്റു പോകാൻ തുടങ്ങിയപ്പോൾ ഞാനവളോട് എന്നോടൊപ്പം ഡിന്നർ കഴിക്കാൻ വരുമോ എന്ന് ചോദിച്ചു. അത് അവളിൽ ഒരു ആശ്ചര്യം സൃഷ്ടിച്ചു.

സാധാരണ കമിതാക്കളാണ് ഡിന്നർ കഴിക്കാൻ പോവാറ്. ഇവിടെ ഞാൻ ചെലവ് തരാം എന്ന് പറഞ്ഞുകൊണ്ടാണ് അവളെ വിളിച്ചത്. കവിത പ്രസിദ്ധീകരിച്ച സമയങ്ങളിലെല്ലാം അവൾ എന്നോട് ചിലവിനെ കുറിച്ച് ചോദിക്കാറുണ്ടായിരുന്നു. അവൾക്ക് മാത്രം ചിലവ് ചെയ്യുന്നത് കൊണ്ട്, അവൾ അതിന് സമ്മതിക്കില്ലെന്നായിരുന്നു ഞാൻ കരുതിയത്. പക്ഷേ അവൾ അതിന് സമ്മതം മൂളി.

ഞാനന്ന് ഡിന്നറിന് വേണ്ടിയുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തി. ഞാൻ ജോലി ചെയ്യുന്ന ഹോട്ടലിൽ, രാഘവനെന്ന് പേരുള്ള ഒരാളുണ്ട്. അദ്ദേഹത്തിന്റെ പാചകം ഗംഭീരമാണ്. ഞാൻ അദ്ദേഹത്തിനോട് ഈ കാര്യത്തെക്കുറിച്ച് ഒരു സൂചന നൽകിയിരുന്നു. അദ്ദേഹം ആവേശത്തോടെ അതിനുവേണ്ടിയുള്ള എല്ലാ കാര്യങ്ങളും സജ്ജമാക്കി തരാം എന്നു പറഞ്ഞു.

ഞങ്ങളുടെ ഹോട്ടലിൽ കമിതാക്കൾ ഇരിക്കുന്ന ഒരു പ്രത്യേക സ്ഥലമുണ്ട്. അവിടെ വെച്ചാണ് കാൻഡിൽ നൈറ്റ് ഡിന്നർ നടക്കാറ്. അവിടെയുള്ള ഒരു തീൻമേശയിലായിരുന്നു ഞങ്ങൾ കാൻഡിൽ നൈറ്റ് ഡിന്നറിന് വേണ്ടിയുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു വെച്ചത്.

അവളുടെ വരവും കാത്ത് ഞാൻ കുറെ സമയം അവിടെ ഇരുന്നു. അവളോട് എന്റെ പ്രണയം എങ്ങനെയാണ് അവതരിപ്പിക്കേണ്ടതെന്നോർത്തുള്ള വേവലാതിയിലായിരുന്നു ഞാൻ അപ്പോൾ.

അവളുടെ വരവ് കണ്ടതോടെ, എന്റെ മനസ്സിലുള്ള ചിന്തകൾ എല്ലാം പെട്ടെന്ന് മാഞ്ഞുപോയി.

അവൾ ഒരു നീല സാരിയായിരുന്നു അണിഞ്ഞത്. മുടിയുടെ അലങ്കാര രീതിയിൽ അവൾ ചെറിയ മാറ്റം വരുത്തിയിട്ടുണ്ട്.
മുഖത്തിലാണെങ്കിൽ, അന്നെന്നില്ലാത്ത ഒരു പ്രസന്നത. ശരിക്കും ഒരു

ദേവത മുന്നിൽ പ്രത്യക്ഷപ്പെട്ടത് പോലെയാണ് എനിക്കപ്പോൾ തോന്നിയത്.

അവളെ കണ്ടപ്പോൾ ഞാൻ അറിയാതെ തന്നെ എഴുന്നേറ്റ് നിന്നുപോയി. എന്റെ പെരുമാറ്റം കണ്ടപ്പോൾ അവൾക്ക്  ആശ്ചര്യം തോന്നി.

"നീയെന്താ ഇതുവരെ എന്നെ കണ്ടിട്ടില്ലേ?" അവൾ ചോദിച്ചു.

"കണ്ടിട്ടുണ്ട് പക്ഷേ ഇങ്ങനെ ഇതുവരെ കണ്ടിട്ടില്ല"

അവൾ ഒരു നാണച്ചിരിയോടെ കസേരയിൽ വന്നിരുന്നു.

രാഘവേട്ടൻ ഞങ്ങൾക്ക് വേണ്ടി തയ്യാറാക്കിയിരുന്നു സ്പെഷ്യൽ ഡിഷ് ഞങ്ങളുടെ തീൻമേശയിൽ വെച്ച് തന്നു. അദ്ദേഹം അവളെ നോക്കിക്കൊണ്ട് ചിരിച്ചു. അവളും ചിരിച്ചു.

"ഇവൻ നല്ലൊരു ചെറുപ്പക്കാരനാണ്," അദ്ദേഹം എന്റെ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു. മറ്റെന്തെങ്കിലും പറയാൻ മുതിരുന്നതിനു മുൻപേ ഞാൻ അദ്ദേഹത്തോട് അരുതെന്ന രീതിയിൽ തലയാട്ടി.

പിന്നെ അദ്ദേഹം ഒന്നും പറയാൻ നിന്നില്ല. ഒരു നിറഞ്ഞ പുഞ്ചിരി തന്നുകൊണ്ട് അദ്ദേഹം പോയി.

"അദ്ദേഹം എന്തിനാണ് അങ്ങനെ പറഞ്ഞത്," അവൾ ചോദിച്ചു.

"അദ്ദേഹം എന്നെ പൊക്കി പറഞ്ഞതാണ്,"

"അത് എന്നോട് പറയേണ്ട കാര്യം എന്താ?"

"അതെനിക്കറിയില്ല" ഞാൻ തപ്പി തടഞ്ഞു കൊണ്ട് പറഞ്ഞു.

"ഓക്കേ. പക്ഷേ, ഇത്രയും സെറ്റപ്പിൽ നീ എന്തിനാണ് എനിക്ക് ചിലവ് തരുന്നത്,"

"അത് പറയാം നീ ആദ്യം ഭക്ഷണം കഴിക്ക്,"

ഞങ്ങൾ ഇരുവരും ഭക്ഷണം കഴിക്കാൻ തുടങ്ങി. സീതയ്ക്ക് ആ ഡിഷുകൾ വളരെ ഇഷ്ടപ്പെട്ടിരുന്നു. ഇടയ്ക്കിടെ രാഘവേട്ടന്റെ കൈപ്പുണ്യത്തെ കുറിച്ച് അവൾ പൊക്കി പറയുന്നുണ്ടായിരുന്നു.

ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ, അവൾ തന്റെ ചോദ്യം വീണ്ടും ആവർത്തിച്ചു.

"നിനക്ക് ഞാൻ എഴുതിയ കവിതയിലെ സുന്ദരി ആരാണെന്ന് അറിയണ്ടേ. അത് മറ്റാരുമല്ല നീ തന്നെയാണ്. ഞാനെന്തുകൊണ്ടാണ് നിന്നെ കുറിച്ച് എഴുതിയതെന്ന് എനിക്കറിയില്ല. ആ ഒരു നിമിഷത്തിൽ നീയാണ് എന്റെ മനസ്സിൽ കയറി വന്നത്. ഇത് നിന്നോട് പറയണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു, പക്ഷേ എന്തോ എനിക്ക് ധൈര്യം വന്നില്ല. ഇത് കാരണം നമ്മുടെ ഫ്രണ്ട്ഷിപ്പ് തകരാൻ പാടില്ല."

ഞാൻ എല്ലാ ഊർജ്ജവും സംഭവിച്ചു കൊണ്ട്, ഒറ്റ ശ്വാസത്തിൽ ആയിരുന്നു അത് പറഞ്ഞു തീർത്തത്. ഞാൻ പറഞ്ഞത് കേട്ടതും, അവൾ തന്റെ മുല്ലമൊട്ടു പോലുള്ള പല്ലുകൾ കാട്ടിക്കൊണ്ട് ചിരിക്കാൻ തുടങ്ങി.

"നിനക്ക് എന്നോട് ഇഷ്ടമായിരുന്നു എന്ന് എനിക്ക് പണ്ടേ മനസ്സിലായിട്ടുണ്ട്. നിന്റെ എല്ലാ കാര്യവും വായിച്ചെടുക്കുന്ന എനിക്ക്, നിനക്കെന്നോടുള്ള പ്രണയം മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നാണോ നീ കരുതിയത്,"

"അപ്പോൾ നിനക്ക് എന്നെ ഇഷ്ടമാണോ?" ഞാൻ അവളോട് ആശ്ചര്യത്തോടെ ചോദിച്ചു.

"നിനക്ക് അത് ഇതുവരെ മനസ്സിലായില്ലേ"

എനിക്ക് സന്തോഷം അടക്കി നിർത്താൻ കഴിഞ്ഞില്ല. വിചിത്രവും അത്ഭുതകരവുമായ ഒരു വികാരം എന്റെ ഉള്ളിൽ ആഴത്തിൽ ഉണർന്നു. കരയണോ ചിരിക്കണോ എന്ന അവസ്ഥയിലായിരുന്നു

ഞാൻ അപ്പോൾ. ഒടുവിൽ ഞാൻ രണ്ടും കൂടി ഒരുമിച്ച് അങ്ങ് ചെയ്തു. ഞാൻ ചിരിക്കുന്നുണ്ടെങ്കിലും എന്റെ കണ്ണ് നിറയുന്നുണ്ടായിരുന്നു.

"നീ എന്താണീ കാണിക്കുന്നത്. കണ്ണുതുടക്കി" അവൾ പറഞ്ഞു.

"ഇത് ആനന്ദാശ്രുവാണ്."

അത് കേട്ടപ്പോൾ അവൾ വീണ്ടും ചിരിച്ചു, ഒരു നിമിഷം ലോകം അപ്രത്യക്ഷമായി. എനിക്ക് കാണാൻ കഴിഞ്ഞത് അവളുടെ മനോഹരമായ മുഖത്തെ പ്രകാശപൂരിതമാക്കിയ ആ ചിരി മാത്രമാണ്.

***

വാക്കുകൾ കൊണ്ട് പൂർണ്ണമായി പകർത്താൻ കഴിയാത്ത ഒന്നാണ് പ്രണയം. എന്നിരുന്നാലും, നിങ്ങൾ അത് കണ്ടെത്തുമ്പോൾ, അതിന്റെ താളത്തിൽ സംസാരിക്കാനും അതിന്റെ നിശബ്ദതയിൽ ശ്വസിക്കാനും നിങ്ങൾ പഠിക്കും. ഞാൻ അവളോട് സംസാരിക്കുമ്പോഴെല്ലാം, ലോകം വീഴുന്നതായി തോന്നും. ശബ്ദം മങ്ങുന്നു, വായു നിശ്ചലമാകുന്നു, ഒരു നിമിഷത്തേക്ക് സമയം തന്നെ നീങ്ങാൻ മറന്നുപോയതായി തോന്നും.

എന്റെ പ്രണയം വിജയിച്ചതിൽ ഏറ്റവും കൂടുതൽ സന്തോഷിച്ചിരുന്നത് സത്യയായിരുന്നു. ഇനി അവർക്ക് എവിടെയെങ്കിലും പോകണമെങ്കിൽ ഞങ്ങളെ കൂടെ കൂട്ടാമല്ലോ.

ഒഴിവു ദിവസങ്ങളിൽ ഞങ്ങളെല്ലാം ഒരുമിച്ചു പാർക്കിലും ബീച്ചിലുമെല്ലാം പോവാൻ തുടങ്ങി. ചില സമയത്ത് നാടകം കാണാനും പോവും. മനസ്സിൽ നിന്നും ഒരിക്കലും മറക്കാൻ പറ്റാത്ത നിമിഷങ്ങൾ ആയിരുന്നു അതെല്ലാം.

ഞങ്ങളുടെ പ്രണയം ഒരു കവിത പോലെയായിരുന്നു. എനിക്ക് മറക്കാൻ പറ്റാത്ത പ്രണയ നിമിഷങ്ങൾ എല്ലാം കൂട്ടിയിണക്കിക്കൊണ്ട് ഞാനൊരു കവിത എഴുതുകയും ചെയ്തു. വൈകാതെ തന്നെ അത് പ്രസിദ്ധീകരിച്ചു. അത് മുൻപത്തെപ്പോലെ ഒരു വിജയമായി മാറി.

പ്രണയ കവിതകൾ ഞാൻ വീണ്ടും രചിക്കാൻ തുടങ്ങിയത് മാരന് ഇഷ്ടപ്പെട്ടില്ലായിരുന്നു. അവന്റെ സംഘത്തിൽ ചേരാത്തതിന്റെ ദേഷ്യം വേറെയുമുണ്ടായിരുന്നു. ഇപ്പോൾ അവൻ എന്നോട് മിണ്ടാറില്ല.

***

പ്രണയത്തിന്റെ അനന്തരഫലങ്ങൾ എന്താണെന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി തുടങ്ങിയിട്ടുണ്ട്. എന്റെ പരീക്ഷാഫലം നിരാശാജനകമായിരുന്നു, സീതയെ കണ്ടുമുട്ടിയതുമുതൽ, എന്റെ പഠനം എനിക്ക് ഇനി പിന്തുടരാൻ കഴിയാത്ത ഒരു പാതയിലേക്ക് നീങ്ങിയതുപോലെയാണ് തോന്നുന്നത്.

എന്റെ മാർക്കിനെ കുറിച്ച് ഞാൻ സീതയോട് പറഞ്ഞിരുന്നു. അവളെന്നെ സമാധാനിപ്പിക്കുമെന്നായിരുന്നു ഞാൻ കരുതിയത്. പക്ഷേ അവളെന്നെ കുറ്റപ്പെടുത്തുകയാണ് ചെയ്തത്.

"ഞാനെന്തു പ്രതീക്ഷിച്ചാ നിന്റെ കൂടെ ഇറങ്ങി വരുക. വീട്ടിൽ നിന്നും സമ്മതം വാങ്ങിക്കൊണ്ട് നമുക്കെന്തായാലും കല്യാണം കഴിക്കാൻ പറ്റില്ല. നിനക്കൊരു പണി കിട്ടും എന്ന പ്രതീക്ഷയിലാണ് ഞാൻ നിൽക്കുന്നത്."

"നീ വിഷമിക്കേണ്ട ഞാൻ എങ്ങനെയെങ്കിലും, ഏതെങ്കിലും ഒരു ജോലിയിൽ കയറി പറ്റും." അവളെ സമാധാനിപ്പിക്കാൻ വേണ്ടി ഞാൻ പറഞ്ഞു.

"എന്റെ പഠനം തീരാൻ ഇനി രണ്ടുകൊല്ലം കൂടിയേ ഉള്ളൂ അതിനിടയിൽ നീ എവിടെയെങ്കിലും കയറിപ്പറ്റണം. നമ്മൾ ഇനി ഭാവിയെക്കുറിച്ച് സീരിയസായി ചിന്തിക്കേണ്ടതുണ്ട്."

അവൾ പറഞ്ഞത് നേരായിരുന്നു. ഞാൻ ഇതുവരെ ഭാവിയെക്കുറിച്ച് ചിന്തിച്ചിട്ടേയില്ല. ഇനിയെങ്കിലും ഭാവിയെ കുറിച്ച് ചിന്തിച്ചു തുടങ്ങണം.

അടുത്ത എക്സാമിന് നല്ല രീതിയിൽ പഠിച്ച് മാർക്ക് ഉണ്ടാക്കണം. ആ എക്സാം കഴിഞ്ഞാലുടൻ എന്റെ പഠനം പൂർത്തിയാവും. സീതയ്ക്ക് ഇനിയുമുണ്ട് രണ്ടുകൊല്ലം. പക്ഷേ എന്റെ കലാലയ ജീവിതത്തിന്റെ തിരശ്ശീല വീഴാറായിട്ടുണ്ട്. കാലം വളരെ പെട്ടെന്നാണ് ഓടിപ്പോകുന്നത്.

## പതിനാറ്

അങ്ങനെ നല്ല കുറെ ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് കലാലയ ജീവിതത്തിന് തിരശ്ശീല വീണു. സീതയെ കാണാൻ വേണ്ടി ഞാൻ ഇടയ്ക്കിടെ കോളേജിലേക്ക് പോകാറുണ്ട്. പതിവ് പോലുള്ളൊരു പ്രണയ സല്ലാപമല്ല ഇപ്പോൾ നടക്കാറ്. ഭാവി പദ്ധതികളെ കുറിച്ചുള്ള ചർച്ചകളാണ്. അത്യാവശ്യം മാർക്ക് വാങ്ങി ജയിച്ചത് കൊണ്ട് എന്തെങ്കിലും ജോലി കിട്ടും എന്നാണ് എന്റെ പ്രതീക്ഷ. സീതയ്ക്കാണ് എന്നെക്കാൾ കൂടുതൽ പ്രതീക്ഷയുള്ളത്. അവൾ എനിക്ക് മോട്ടിവേഷൻ ക്ലാസ്സൊക്കെ എടുക്കാൻ തുടങ്ങിയിട്ടുണ്ട്.

സത്യയുടെ കാര്യമാണ് ഇതിലും കഷ്ടം. അവൻ ഒരു വിഷയത്തിൽ തോറ്റിരുന്നു. സിമി അവനോട് മിണ്ടാതായപ്പോൾ, അവൻ വളരെ കഷ്ടപ്പെട്ടുകൊണ്ട് ആ വിഷയം എഴുതിയെടുത്തു. ഇപ്പോഴാണ് സിമി അവനോട് മിണ്ടിത്തുടങ്ങിയത്. എനിക്ക് മോട്ടിവേഷൻ ആണെങ്കിൽ, അവന് ഉപദേശങ്ങളാണ് അവൾ നൽകാറ്. അതൊരു കണക്കിന് നന്നായി. അവനിപ്പോൾ പണ്ടത്തെപ്പോലെയുള്ള മടിയൊന്നുമില്ല. അവനാണ് ജോലി അന്വേഷിച്ചു പോകാൻ വേണ്ടി എന്നെ നിർബന്ധിക്കാറ്. അങ്ങനെ ഞങ്ങൾ ചില കമ്പനികളിൽ എല്ലാം പോയിരുന്നു. നിർഭാഗ്യവശാൽ അവിടെയൊന്നും ഞങ്ങൾക്ക് ജോലി ലഭിച്ചില്ല.

ഇവിടെത്തന്നെ ഒരു ജോലി നോക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. നാട്ടിൽ പോയി കഴിഞ്ഞാൽ പിന്നെ തിരിച്ചുവരാനോ ജോലി അന്വേഷിക്കാനോ, ഒന്നും തോന്നില്ല.

***

ജോലിക്ക് വേണ്ടിയുള്ള അലച്ചിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. പല സ്ഥലങ്ങളിലും ഇപ്പോൾ പുതിയ ആളുകളെ നിയമിക്കുന്നില്ല. ഒഴിവുള്ള സ്ഥലങ്ങളിലാണെങ്കിൽ വെള്ളക്കാരെ മാത്രമേ കേറ്റുന്നുള്ളൂ. ഒട്ടുമിക്ക ഉയർന്ന പണികളെല്ലാം അവർക്കായി ഒഴിച്ച് വെച്ചതാണ്. ദാരിദ്ര്യം രൂക്ഷമായതുകൊണ്ട് ഇപ്പോൾ എല്ലാവരും ജോലിക്ക് വേണ്ടി അലയുകയാണ്. അതുകൊണ്ട് ഞങ്ങൾക്ക് ഇപ്പോൾ ഇന്ന ജോലി തന്നെ വേണമെന്നില്ല, എന്ത് ജോലി കിട്ടിയാലും തരക്കേടില്ലെന്ന അവസ്ഥയിലാണ് ഞങ്ങൾ ഇപ്പോൾ നിൽക്കുന്നത്.

***

ബ്രിട്ടൻ ഇന്ത്യൻ ആർമിയിലേക്ക് സൈനികരെ ആവശ്യമുണ്ടെന്ന പത്രവാർത്ത കണ്ടപ്പോൾ ഞങ്ങൾ അതൊന്ന് പരീക്ഷിച്ചു കളയാമെന്ന് കരുതി. ആർമിയിൽ ചേരാൻ എനിക്ക് താല്പര്യമില്ലായിരുന്നു. പക്ഷേ എന്തുചെയ്യാൻ, എന്റെ മുന്നിൽ മറ്റൊരു മാർഗവും ഇല്ലല്ലോ.

ആർമി സെലക്ഷനിൽ ആദ്യം ഫിസിക്കൽ ടെസ്റ്റ് ആയിരുന്നു. ഓട്ടവും ചാട്ടവുമായിരുന്നു അതിൽ പ്രധാനം. അതുപോലെ അവർ ഹൈറ്റും വെയിറ്റും നോക്കുന്നുണ്ട്. അത്യാവശ്യം കായിക ബലം ഉണ്ടായതുകൊണ്ട് ഞങ്ങൾ ഫിസിക്കൽ ടെസ്റ്റ് പാസായി. പിന്നെയുണ്ടായിരുന്നത്  റിട്ടൺ ടെസ്റ്റ് ആയിരുന്നു. പൊതു വിജ്ഞാനം എത്രത്തോളമുണ്ടെന്ന് അറിയാനുള്ള ഒരു ടെസ്റ്റായിരുന്നു അത്. പത്രവും പുസ്തകങ്ങളും വായിക്കുന്നതുകൊണ്ട് എനിക്കറിയാവുന്ന ഒട്ടുമിക്ക ചോദ്യങ്ങൾക്കും ഞാൻ ഉത്തരം നൽകിയിരുന്നു. പിന്നെ അതിൽ പ്രധാനമായി വന്നിരുന്നത് ഇംഗ്ലീഷ് ഭാഷയെ കുറിച്ചുള്ള ചില ചോദ്യങ്ങൾ ആയിരുന്നു. ഇംഗ്ലീഷിൽ കവിതകൾ എഴുതുന്നതുകൊണ്ട്

എനിക്കത് വലിയ പ്രയാസമായി തോന്നിയില്ല. ചുരുക്കത്തിൽ പറയുകയാണെങ്കിൽ ആ ടെസ്റ്റിൽ വിജയിക്കാനാണ് സാധ്യത.

***

വൈകാതെ തന്നെ ഞങ്ങളെ തേടിക്കൊണ്ട് രണ്ടു കത്തുകൾ എത്തി. അതിൽ ഞങ്ങളെ ആർമിയിലേക്ക് തിരഞ്ഞെടുത്ത വിവരമായിരുന്നു ഉള്ളത്. അതറിഞ്ഞ ഉടനെ സത്യ സന്തോഷത്തോടെ തുള്ളിച്ചാടാൻ തുടങ്ങി. അവനെന്നെക്കാളും റാങ്ക് കുറവായിരുന്നു. പക്ഷേ അതൊന്നും അവനെ നിരാശനാക്കിയില്ല. ഭാഗ്യം ഒടുവിൽ തന്നെ നോക്കി പുഞ്ചിരിച്ചുവെന്ന് വിശ്വസിച്ച ഒരാളുടെ നിശബ്ദ സന്തോഷം അവനിൽ ഉണ്ടായിരുന്നു. എനിക്കും അങ്ങനെ തന്നെ അനുഭവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു. എന്നാൽ ഉള്ളിന്റെ ഉള്ളിൽ, ഇത് ഞാൻ ശരിക്കും ആഗ്രഹിച്ച ജോലിയല്ലെന്ന തോന്നൽ എനിക്ക് മാറ്റാൻ കഴിഞ്ഞില്ല.

"നിനക്കെന്താ ഒരു സന്തോഷം ഇല്ലാത്തത്. നീ പട്ടാളത്തിൽ ചേരുന്നില്ല?" എന്റെ മുഖം ശ്രദ്ധിച്ചുകൊണ്ട് സത്യ ചോദിച്ചു.

"ഞാൻ അതിനെക്കുറിച്ചാണ് ആലോചിക്കുന്നത്."

"കിട്ടിയ അവസരത്തെ തട്ടി തെറിപ്പിക്കരുത്. ഇതിലും നല്ലൊരു ജോലി ഇനി നമുക്ക് കിട്ടിയെന്ന് വരില്ല."

സത്യ പറഞ്ഞതിലും കാര്യമുണ്ടായിരുന്നു. ദാരിദ്ര്യം രൂക്ഷമായ ഈയൊരു അവസ്ഥയിൽ തൊഴിലില്ലായ്മയും രൂക്ഷമാവാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഞാൻ ആർമിയിൽ ചേരാൻ തന്നെ തീരുമാനിച്ചു.

എനിക്ക് ജോലി കിട്ടിയ കാര്യം ഞാൻ സീതയോട് പറഞ്ഞു. അവൾക്ക് വളരെ സന്തോഷമായി. ഞാൻ പട്ടാളത്തിൽ ചേരുന്നതിൽ അവൾക്കെതിർപ്പൊന്നുമില്ലായിരുന്നു.

"എന്റെ അച്ഛൻ ആദ്യം പട്ടാളത്തിലായിരുന്നു. ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞതിനുശേഷം ആണ് അദ്ദേഹം പോലീസിൽ ചേർന്നത്. നിനക്ക് പട്ടാളത്തിൽ  ഉയർന്ന ഒരു പദവി  ലഭിച്ചാൽ. ഞാൻ വേണമെങ്കിൽ നമ്മുടെ ബന്ധത്തെക്കുറിച്ച് വീട്ടിൽ ഒരു സൂചന  നൽകാം."

"അങ്ങനെയാണെങ്കിൽ അവർ അതിന് സമ്മതിക്കുമോ?" ഞാൻ ചോദിച്ചു.

"അറിയില്ല. വേണമെങ്കിൽ ഞാൻ ഒന്ന് ചോദിച്ചു നോക്കാം. പക്ഷേ അതിനു മുന്നേ. നീയൊരു ഉയർന്ന സ്ഥാനത്ത് എത്തണം."

അവളെന്നെ തന്ത്രപൂർവ്വം പ്രോത്സാഹിപ്പിക്കുകയാണെന്ന് എനിക്ക് മനസ്സിലായി. എന്നിരുന്നാലും അതെനിക്കൊരു ആവേശം നൽകിയിരുന്നു.

ഞങ്ങൾ അന്ന് കുറെ നേരം സംസാരിച്ചിരുന്നു.  ട്രെയിനിങ് തുടങ്ങി കഴിഞ്ഞാൽ പിന്നെ ഇങ്ങനെ സംസാരിക്കാൻ കഴിയില്ലല്ലോ.

"ട്രെയിനിങ് കഴിഞ്ഞാൽ ഇവിടേക്ക് വരാൻ പറ്റുമെങ്കിൽ വരണം. പിന്നെ കത്തെഴുതാൻ മറക്കേണ്ട" പോകാൻ നേരത്ത് അവൾ പറഞ്ഞു. ഞാൻ എല്ലാത്തിനും തലയാട്ടിക്കൊണ്ട് അവിടുന്ന് മടങ്ങി.

***

ദില്ലിയിൽ വെച്ചായിരുന്നു ഞങ്ങളുടെ ട്രെയിനിങ്. അവിടെ ഞങ്ങളെപ്പോലെ പുതുതായി ആർമിയിൽ ചേരാൻ വേണ്ടി വന്ന വിവിധ ദേശക്കാരുമുണ്ടായിരുന്നു.

"നമ്മുടെ ജീവിതം രക്ഷപ്പെടാൻ പോവുകയാണ്," അവിടത്തെ അന്തരീക്ഷം കണ്ടുകൊണ്ട് സത്യ പറഞ്ഞു.

ആദ്യത്തെ ദിവസം വലിയ കുഴപ്പമില്ലായിരുന്നു. പേരും വിലാസവും എല്ലാം എഴുതിയെടുത്ത ശേഷം. അവർ ഞങ്ങൾക്ക് തങ്ങാനുള്ള ക്യാമ്പുകൾ കാണിച്ചു തന്നു. പിറ്റേദിവസം പുലർച്ചെ തന്നെ സർജൻ ഞങ്ങളെ വിളിച്ചുണർത്തിക്കൊണ്ട് ഗ്രൗണ്ടിന് ചുറ്റം ഓടിപ്പിച്ചു.

ആ മരം കോച്ചുന്ന തണുപ്പിൽ, ഞങ്ങൾ വരിവരിയായി ഓടാൻ തുടങ്ങി. പലരും കുഴഞ്ഞു വീണിരുന്നു. അവർക്കെല്ലാം ഓട്ടത്തിന്റെ എണ്ണം കൂട്ടി കിട്ടി. ഭാഗ്യത്തിന് ഞാൻ കുഴഞ്ഞു വീണില്ല. പക്ഷേ സത്യ വീണു.

പിന്നെ അങ്ങോട്ട് ബുദ്ധിമുട്ട് നിറഞ്ഞ പരിശീലനങ്ങൾ ആയിരുന്നു. പോസ്റ്റിന്റെ മുകളിൽ കെട്ടിയിട്ട കയറിൽ കയറുക, മുൾകമ്പികളുടെ ഇടയിലൂടെ നുഴഞ്ഞു നീങ്ങുക, തോക്ക് എടുത്തു കൊണ്ട് ഓടുക. അങ്ങനെ വെള്ളം ആവിയാക്കുന്ന തരത്തിലുള്ള എല്ലാ പരിശീലങ്ങളും ഉണ്ടായിരുന്നു. അതിൽ എന്തിലെങ്കിലും ഒന്ന് പിഴവ് വരുത്തിയാൽ, അപ്പം കിട്ടും ഒരു അടി.

ഞങ്ങൾക്ക് പരിശീലനം നൽകുന്ന ചില സർജന്മാരൊന്നും കുഴപ്പമില്ല. പക്ഷേ ചിലരുണ്ട് പ്രത്യേകിച്ച് വെള്ളക്കാർ. തനിക്ക് എല്ലാം അറിയാം എന്നൊരു ഭാവമാണ് അവർക്കുള്ളത്. എന്തെങ്കിലും ഒരു തെറ്റ് ചെയ്താൽ പിന്നെ അവരുടെ നാക്കാണ് ആദ്യം പ്രവർത്തിക്കുക. ചില സമയം അവരുടെ കയ്യിലുള്ള ലാത്തിയും പ്രവർത്തിക്കും. അതുപോലെ പരിശീലത്തിനിടയിൽ സംസാരിച്ചാൽ അതിന് പ്രത്യേക പണിഷ്മെൻറ് വേറെയും കിട്ടും. അത്തരത്തിലുള്ള ഒരു പണിഷ്മെൻറ് സത്യ എനിക്ക് വാങ്ങി തന്നു.

തോക്ക് കയ്യിലേന്തി കൊണ്ട് ഗ്രൗണ്ട് ചുറ്റും ഓടുക, അതായിരുന്നു ഞങ്ങൾക്ക് കിട്ടിയ പണിഷ്മെൻറ്. ഓട്ടത്തിനിടയിലും സത്യ ദേഷ്യത്തോടെ ഓരോന്ന് പിറുപിറുക്കുന്നുണ്ടായിരുന്നു.

"നീയല്ലേ പറഞ്ഞത് നമ്മുടെ ജീവിതം രക്ഷപ്പെടാൻ പോവുകയാണെന്ന്," ഞാൻ അൽപ്പം രൂക്ഷമായി കൊണ്ട് അവനോട് ചോദിച്ചു.

"രക്ഷപ്പെടാൻ ഇത്രയും കഷ്ടപ്പെടണമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചില്ല" ദയനീയ സ്വരത്തോടെ അവൻ പറഞ്ഞു.

പിന്നെ അങ്ങോട്ട് ചോര നീരാവുന്ന പരിശീലനങ്ങളായിരുന്നു. ഒരു ഇരുമ്പിനെ വാൾ ആക്കുന്നത് പോലെ അവർ ഞങ്ങളെ ഉരുക്കിയെടുത്തു.

ആദ്യമൊക്കെ രാവിലെ എഴുന്നേൽക്കാൻ മടിയായിരുന്നു. പിന്നെ പിന്നെ ആ സമയമാകുമ്പോഴേക്കും, തനിയെ എഴുന്നേറ്റു പോകും. വെള്ളിയാഴ്ച ആകാൻ വേണ്ടിയാണ് ഞങ്ങൾ കാത്തു നിൽക്കുക. കാരണം അന്ന് അത്താഴത്തിന്റെ കൂടെ ഇറച്ചിക്കറിയുണ്ടാവും.

***

എന്റെ ശരീരം ഇപ്പോൾ ഉരുക്ക് പോലെയായി മാറിയിട്ടുണ്ട്. ശരീരത്തിൽ വന്ന മാറ്റം എന്നെ ആവേശം കൊള്ളിച്ചിരുന്നു. ഇപ്പോൾ താല്പര്യത്തോടെയാണ് ഞാൻ ഒട്ടുമിക്ക പരിശീലനങ്ങളും ചെയ്യാറ്.

അതിൽ വെടിവെപ്പായിരുന്നു എനിക്ക് കൂടുതൽ ഇഷ്ടം. കൃത്യമായി ലക്ഷ്യത്തിൽ  വെടിവെക്കുക എന്ന് പറയുന്നത് നിസ്സാര കാര്യമല്ല. വളരെ ശ്രദ്ധയോടെ വേണം കുറി വെക്കാൻ. അല്ലെങ്കിൽ ബുള്ളറ്റ് വെറുതെ പായാക്കി എന്ന് പറഞ്ഞുകൊണ്ട് സർജന്മാർ കടിച്ചുകീറാൻ വരും. സത്യയാണ് അവരുടെ പ്രധാന ഇര. കുരങ്ങന്റെ കയ്യിൽ പൂമാല കിട്ടിയ അവസ്ഥയാണ് അവന് തോക്ക് കിട്ടിയാൽ പിന്നെ. ലക്ഷ്യമൊന്നും നോക്കാതെ ചറപറ വെടിവെക്കും.

സംഭവം വളരെ ബുദ്ധിമുട്ട് നിറഞ്ഞ പരിശീലനങ്ങൾ ആണെങ്കിൽ കൂടി ഞങ്ങൾക്ക് ഇപ്പോൾ അതൊരു ഹരമായി മാറിയിട്ടുണ്ട്. രാത്രി സമയങ്ങളിൽ ഉയർന്ന ഉദ്യോഗസ്ഥരെ കളിയാക്കലാണ് ഞങ്ങളുടെ പ്രധാന വിനോദം. ക്യാബിനിൽ എത്തിക്കഴിഞ്ഞാൽ പിന്നെ കളിചിരി

തന്നെയായിരിക്കും. ഏതെങ്കിലും ഒരു ഓഫീസർ വരുന്ന ശബ്ദം കേട്ടാൽ പിന്നെ എല്ലാവരും നിശബ്ദത പാലിക്കും.

പെൺസാന്നിധ്യമില്ലാത്തതാണ് പലരുടെയും കുഴപ്പം. ഓഫീസർമാരുടെ കയ്യിലുള്ള മാഗസിനുകൾ അടിച്ചുമാറ്റുന്ന ചില വീരന്മാരുമുണ്ട് ഞങ്ങളുടെ കൂട്ടത്തിൽ. അതിലധികം നഗ്ന സുന്ദരികളടെ ചിത്രങ്ങൾ ആയിരിക്കുമുണ്ടാവുക. പലരുടെയും മനസ്സിനെ ഒന്ന് തണുപ്പിക്കാൻ അത് ഉപകരിച്ചിരുന്നു. ആ പറഞ്ഞ കൂട്ടത്തിൽ ഞാനും ഉൾപ്പെടുന്നുണ്ട്. ഇതെല്ലാം ഒരു കുസൃതിയായിട്ടായിരുന്നു ഞങ്ങൾ കണ്ടിരുന്നത്.

***

പരിശീലനങ്ങളിലെല്ലാം ഞങ്ങൾ മികവ് കാണിച്ചതോടെ, ഞങ്ങളെ റാങ്കിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ചു. ഞാനടങ്ങുന്ന ഒരു ചെറിയ സംഘം സർജൻമാരായി. ഞങ്ങളിൽ ഉയർന്ന മറ്റൊരു കൂട്ടവുമുണ്ടായിരുന്നു. ബാക്കിയുള്ളവരെല്ലാം പ്രൈവറ്റ്മാരായിരുന്നു. അതിൽ ഉയർന്ന പ്രൈവറ്റിന്റെ കൂട്ടത്തിലായിരുന്നു സത്യ.

രാവിലെ എല്ലാവർക്കും ഒരേ പരിശീലനം ആയിരിക്കും. പിന്നെ ഞങ്ങളെ ചേരിതിരിക്കും. ഞങ്ങൾക്ക് പ്രധാനമായി മേപ്പ് നോക്കി പഠിക്കാനും, ഇംഗ്ലീഷ് സംസാരിക്കാനും, പ്രൈവറ്റുമാരെ നിയന്ത്രിക്കാനുമുള്ള ക്ലാസുകൾ ആയിരുന്നു കിട്ടിയിരുന്നത്.

അതുപോലെ ചില സമയം ഞങ്ങളെ ചേരിതിരിച്ചുകൊണ്ട് ഗുസ്തി കൂടിപ്പിക്കും. അത് ചിലപ്പോൾ സീരിയസാകാറുണ്ട്. ഞാനും സത്യയും ഏറ്റുമുട്ടുമ്പോൾ അത് തമാശയായിട്ടാണ് മാറുക. അത് ഞങ്ങൾക്ക് പ്രത്യേക  പണിഷ്മെൻറ് നൽകി തരും.

***

പരിശീലനങ്ങൾ കുറഞ്ഞതോടെ ഇപ്പോൾ ഫ്രീ ടൈം കിട്ടാറുണ്ട്. സീതക്ക് കത്തെഴുതാൻ വേണ്ടിയാണ് ഞാൻ ഈ സമയം ഉപയോഗിക്കാറ്. യഥാർത്ഥത്തിൽ ഞങ്ങൾക്ക് കത്തെഴുതാനുള്ള അനുമതി ഒന്നുമില്ല. എന്നാൽ ഞങ്ങൾക്ക് പരിശീലനം നൽകുന്ന ക്യാപ്റ്റൻ ഒരു നല്ല മനുഷ്യനായത് കൊണ്ട് ഞങ്ങൾക്ക് കത്തെഴുതാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. വിനയ് സിംഗ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. സാധാരണ ഉയർന്ന ഉദ്യോഗസ്ഥരിൽ കാണപ്പെടുന്ന ഒരു പൊങ്ങച്ചവും ഗമയൊന്നും അദ്ദേഹത്തിനില്ലായിരുന്നു. അദ്ദേഹത്തിന്റെ ക്ഷമ നശിക്കുന്ന കാര്യം ചെയ്താൽ മാത്രമേ അദ്ദേഹം ദേഷ്യപ്പെടുകയുള്ളൂ. കടന്നൽ കുത്തിയ മുഖവുമായി നടക്കുന്ന ഉയർന്ന ഉദ്യോഗസ്ഥരെല്ലാം ശരിക്കും അദ്ദേഹത്തെ കണ്ടുപഠിക്കണം. ഞങ്ങൾക്ക് എന്തെങ്കിലും ആവശ്യം വന്നാൽ ഞങ്ങൾ ആദ്യം സമീപിക്കുന്നത് അദ്ദേഹത്തെയായിരുന്നു. അത്രയ്ക്കും ആരാധനയും ബഹുമാനവുമായിരുന്നു ഞങ്ങൾക്ക് അദ്ദേഹത്തോട്.

## പതിനേഴ്

ഞങ്ങളുടെ പരിശീലനങ്ങളെല്ലാം കഴിഞ്ഞിരിക്കുകയാണ് ഇപ്പോൾ ഞങ്ങളെ ഓരോ സ്ഥലത്തേക്ക് പോസ്റ്റ് ചെയ്യാനുള്ള തത്രപ്പാടിലാണ് ഇവിടെയുള്ളവർ. എനിക്കും സത്യക്കും എങ്ങനെയെങ്കിലും മദ്രസിൽ പോസ്റ്റിങ്ങ് ഏർപ്പെടുത്തി തരണമെന്ന് ഞാൻ വിനയ് സിംഗിനോട് പറഞ്ഞിട്ടുണ്ട്. അതിന്റെ കാരണം കൂടി വിശദീകരിച്ചപ്പോൾ, അദ്ദേഹം ശ്രമിക്കാം എന്നാണ് പറഞ്ഞത്.

***

വിനയ് സിംഗിന്റെ പരിശ്രമം വിജയം കണ്ടിരിക്കുന്നു. ഞങ്ങൾക്ക് മദ്രസിൽ തന്നെയാണ് പോസ്റ്റിംഗ് ലഭിച്ചത്. വിനയ് സിംഗിന് വലിയൊരു നന്ദി സമർപ്പിച്ചുകൊണ്ട് ഞങ്ങൾ മദ്രസിലേക്ക് തിരിച്ചു.

മദ്രസിൽ ഉള്ള ബ്രിട്ടൻ ഇന്ത്യൻ ക്യാബിലാണ് ഇപ്പോൾ ഞങ്ങൾ ഉള്ളത്. അതിർത്തിയിൽ കാവൽ നിൽക്കലും, ഉയർന്ന ഓഫീസർക്ക് എസ്കോർട്ട് പോവലും ആണ് ഞങ്ങളുടെ പ്രധാന ജോലി. എനിക്ക് ഇടയ്ക്കിടെ തുറമുഖത്തേക്ക് പോകേണ്ടി വരും. ഇവിടെയുള്ള ഭക്ഷണസാധനങ്ങൾ എല്ലാം ബ്രിട്ടനിലേക്ക് പോകുന്ന ചരക്കുകപ്പലിൽ കേറ്റി കൊടുക്കാറുണ്ട്. അതിന്റെയെല്ലാം ലിസ്റ്റ് ശരിയാണോ എന്ന് നോക്കുന്നതായിരുന്നു എന്റെ മറ്റൊരു പണി.

ഞാൻ യൂണിഫോമിൽ നടക്കുമ്പോൾ, ഒരു പുതിയ തരം അഭിമാനം എന്നിൽ ഉയർന്നുവന്നു. എനിക്ക് ഇതുവരെ തോന്നിയിട്ടുള്ളതിനേക്കാൾ ശക്തവും ശുദ്ധവുമായിരുന്നു അത്.

ഈ സമയങ്ങളിൽ പലരും എന്നെ പേടിയോടെ ആയിരുന്നു നോക്കിയിരുന്നത്. ചിലരെല്ലാം ബഹുമാനം കാണിക്കും. ചുരുക്കം ചിലർ മാത്രം പുച്ഛിക്കും. അതൊന്ന് കണ്ണുരുട്ടിയാൽ തീരാവുന്ന പ്രശ്നം മാത്രമേ ഉണ്ടായിരുന്നുള്ളൂ. സീനിയർ ഓഫീസർമാർ പൊങ്ങച്ചം കാണിക്കുന്നതിന്റെ പൊരുൾ ഇപ്പോഴാണ് എനിക്ക് മനസ്സിലാവുന്നത്.

***

കാത്ത് കാത്ത് ഒരു ലീവ് കിട്ടിയ സമയത്താണ് ഞാൻ സീതയെ കാണാൻ വേണ്ടി കോളേജിലേക്ക് പോയത്. ഞാനൊരു ഉയർന്ന നിലയിൽ എത്തിയതിന്റെ അഭിമാനമായിരുന്നു എന്നെ പഠിപ്പിച്ച അധ്യാപകർക്ക്. സീതയും എന്നെ കാണുമ്പോൾ അഭിമാനിക്കും എന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ അവൾ ആദ്യം എന്നിൽ വന്ന മാറ്റമാണ് ശ്രദ്ധിച്ചത്.

"നീയാകെ കോലം കെട്ടിരിക്കുന്ന."

"നീ എന്താണ് കരുതിയത് ആർമികാർക്കെല്ലാം മുടി നീട്ടി വളർത്തി ചുള്ളനായി നടക്കാൻ പറ്റുമെന്നാണോ" ഞാൻ അല്പം അമർഷത്തോടെ അവളോട് ചോദിച്ചു.

"അങ്ങനെയല്ല ഞാൻ ഉദ്ദേശിച്ചത്. ഇത് വല്ലാത്തൊരു മാറ്റമായിപ്പോയി എന്നാണ് ഞാൻ ഉദ്ദേശിച്ചത്."

സംഭവം അവൾ തമാശയ്ക്ക് പറഞ്ഞതാണെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ അവളെ കളിയാക്കാൻ വേണ്ടി ഞാനത് സീരിയസായി എടുക്കാൻ.

"ഈയൊരു കോലത്തിൽ മാത്രമേ ഇനി എന്നെ കാണാൻ പറ്റും. നിനക്ക് ഈ രൂപം ഇഷ്ടമായില്ലെങ്കിൽ ഇനി ഞാൻ ഇങ്ങോട്ട് വരുന്നില്ല."

ഞാൻ പിണങ്ങി പോകാൻ ശ്രമിച്ചപ്പോൾ അവൾ എന്നെ പുറകിൽ നിന്നും കെട്ടിപ്പിടിച്ചു. അത് ഞാൻ പ്രതീക്ഷിച്ചിരുന്നു.

"രൂപം മാറിപ്പോയെങ്കിലും. നിനക്ക് ഇപ്പോഴാണ് ഒരു പൗരുഷം വെച്ചത്."

അവൾ എന്നെ പൊക്കി പറഞ്ഞതാണെങ്കിൽ കൂടി അവളുടെ സംസാരത്തിൽ ഞാൻ പെട്ടെന്ന് അലിഞ്ഞു പോയി. ഞങ്ങൾ ഇണങ്ങിക്കഴിഞ്ഞാൽ പിന്നെ വാതോരാതെ സംസാരിക്കും. കത്തിലെഴുതാത്ത കുറേ കാര്യങ്ങൾ ഉണ്ടായിരുന്നു എനിക്ക് അവളോട് പറയാൻ. അന്ന് നേരം വൈകുന്നത് വരെ ഞങ്ങൾ സംസാരിച്ചിരുന്നു. ഇനി വീണ്ടും കണ്ടുമുട്ടാമെന്ന് പറഞ്ഞുകൊണ്ട്, ഞങ്ങൾ വിട പറഞ്ഞു.

***

ദാരിദ്ര്യവും തൊഴിലില്ലായ്മയും രൂക്ഷമായതോടെ ഇവിടുത്തെ ജനങ്ങൾ ബ്രിട്ടൻ ഭരണകൂടത്തിനെതിരെയുള്ള സമരങ്ങൾ ശക്തിപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. സ്വാതന്ത്ര്യം എന്നുപറയുന്നത്

ഇപ്പോൾ ഏതൊരു ഇന്ത്യക്കാരനിലും ആവേശം കൊള്ളിക്കുന്ന ഒരു ഘടകമായി മാറിയിട്ടുണ്ട്. ഇതോടെ ഞങ്ങളുടെ പണി ഇരട്ടിയായി. സമരം ചെയ്യുന്നവരെയും ഒളിപ്പോര് നടത്തുന്നവരെയും പിടികൂടേണ്ട ദൗത്യം ഇപ്പോൾ ഞങ്ങൾക്കുമുണ്ട് .

മദ്രസിൽ വെച്ച് നടന്ന ഒരു സമരത്തിന്റെ പ്രധാന കണ്ണികളെ ഞങ്ങൾ പിടികൂടിയിരുന്നു. ആ കൂട്ടത്തിൽ മാരനും ഞങ്ങളുടെ കോളേജിൽ പഠിച്ച രണ്ട് വിദ്യാർത്ഥികളുമുണ്ടായിരുന്നു.

അവരെ ടാങ്കറിൽ കൊണ്ടുപോകുന്ന സമയത്ത്. മാരൻ എന്നെ പുച്ഛത്തോടെ നോക്കുന്നുണ്ടായിരുന്നു.

"നിന്റെ ഈ അവസ്ഥ കണ്ടിട്ട് എനിക്ക് സങ്കടം തോന്നുന്നുണ്ട്,"

ഞാൻ അവനോട് പറയാൻ വിചാരിച്ച കാര്യമായിരുന്നു അവൻ എന്നോട് പറഞ്ഞത്. വീണ്ടും എന്തോ പറയാൻ വേണ്ടി അവൻ ഒരുങ്ങിയതായിരുന്നു. അപ്പോഴേക്കും അവന്റെ എതിർവശത്തിരുന്ന വെള്ളക്കാരൻ സർജന്റ്, അയാളുടെ തോക്കിന്റെ തുമ്പുകൊണ്ട് അവന്റെ മുഖത്തടിച്ചു. എനിക്ക് അത് നോക്കി നിൽക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ.

അവൻ അടികൊണ്ടൊരു ഭാവം പോലും കാണിക്കാതെ വീണ്ടും എന്നെ നോക്കി പുച്ഛിച്ചു.

ക്യാമ്പിൽ എത്തിയശേഷം അവരെയെല്ലാം മുട്ടുകുത്തി ഇരിപ്പിക്കാൻ വേണ്ടി ക്യാപ്റ്റൻ പറഞ്ഞു. ഞാൻ ആദ്യം കരുതിയത് അവരെ ജയിലിടാൻ വേണ്ടിയായിരിക്കും കൊണ്ടുവന്നതെന്നാണ്. എന്നാൽ അവരെ കൊല്ലാൻ വേണ്ടിയായിരിക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല.

ക്യാപ്റ്റൻ ഞങ്ങളോട് അവരുടെ മുന്നിൽ ചെന്നു നിൽക്കാൻ വേണ്ടി ആജ്ഞാപിച്ചു. നിർഭാഗ്യവശാൽ ഞാൻ ചെന്നു നിന്നത് മാരന്റെ മുന്നിലായിരുന്നു. അപ്പോൾ അവന്റെ മുഖത്ത് പേടി അല്ലായിരുന്നു.

എന്റെ അവസ്ഥ ഓർത്തുകൊണ്ടുള്ള സഹതാപവും, പുച്ഛവും ആയിരുന്നു.

ക്യാപ്റ്റൻ അവരെ കൊല്ലാൻ വേണ്ടി ഓർഡർ ഇട്ടു. എല്ലാവരും സമയം കളയാതെ തങ്ങളുടെ മുന്നിൽ നിന്നവരെ എല്ലാം വെടിവെച്ചു കൊന്നു. ഞാൻ അല്പം സമയം എടുത്തു കൊണ്ടായിരുന്നു മാരനെ കൊന്നത്. അതും അവനെ അഭിമുഖീകരിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ കണ്ണുകൾ ചിമ്മി കൊണ്ടായിരുന്നു വെടിവെച്ചിരുന്നത്.

എന്റെ പ്രവർത്തി കണ്ട് ക്യാപ്റ്റന് ദേഷ്യം വന്നു. പക്ഷേ അദ്ദേഹം എന്റെ നേർക്ക് ശബ്ദം ഉയർത്തിയില്ല. പകരം എന്നെ രൂക്ഷമായി നോക്കി കൊണ്ടുപോവുകയാണ് ചെയ്തത്.

അന്നെനിക്ക് ഉറക്കം വന്നില്ല. കണ്ണടയ്ക്കുമ്പോൾ മാരന്റെ ചിരിച്ചു നിൽക്കുന്ന മുഖമാണ് മനസ്സിൽ വന്നത്. അവനെ കൊല്ലേണ്ടി വന്നതിൽ എനിക്ക് വലിയ വിഷമം ഉണ്ടായിരുന്നു. ശരിക്കും ഞാൻ അവനെ മാത്രമല്ല കൊന്നത്, അവനെ പ്രതീക്ഷിച്ചു കഴിയുന്ന അവന്റെ അമ്മയെയും രണ്ട് പെങ്ങമ്മാരെയും ഞാൻ ഇതിനോടകം കൊന്നിരിക്കുന്നു. അവരുടെ ശാപം ഏറ്റു കഴിഞ്ഞാൽ പിന്നെ എന്റെ ജീവിതം ഒരിക്കലും പച്ചപിടിക്കില്ല.

## പതിനെട്ട്

പിന്നെയും ഞങ്ങൾ സമരത്തിന് ചുക്കാൻ പിടിച്ച ഒരു കൂട്ടം ആളുകളെ പിടികൂടിയിരുന്നു. ഈ പ്രാവശ്യം അവരെയെല്ലാം കൊല്ലേണ്ട ദൗത്യം ക്യാപ്റ്റൻ എന്നെയായിരുന്നു ഏൽപ്പിച്ചത്. എന്റെ മനസ്സിലെ ദയയും, കാരുണ്യവും ഇല്ലാതാക്കാനുള്ള ശ്രമമായിരുന്നു അദ്ദേഹം നടത്തിയത്.

ഞാൻ കൊന്നവരുടെ കൂട്ടത്തിൽ ചിലരൊക്കെ എന്നെ ദയനീയമായി നോക്കുന്നുണ്ടായിരുന്നു. 'എന്നെ കൊല്ലരുത്,' എന്ന് അവർ എന്നോട് പറയാതെ പറഞ്ഞിരുന്നു. ഞാൻ തീർത്തും നിസ്സഹായനായിരുന്നു. ഞാൻ അപ്പോൾ മടിച്ചുനിന്നിരുന്നെങ്കിൽ, ആ വെള്ളക്കാരൻ രണ്ടാമതൊന്ന് ആലോചിക്കാതെ എന്നെ കൊന്നേനെ. മനുഷ്യത്വത്തിന്റെ ഒരു അംശം പോലുമില്ലാത്ത ഒരു മനുഷ്യനായിരുന്നു ഞങ്ങളുടെ ക്യാപ്റ്റൻ.

***

പിന്നെ, അവിടെ കൊണ്ടുവരുന്ന ഒട്ടുമിക്ക ആളുകളെയും കൊല്ലേണ്ട ചുമതല എനിക്കായിരുന്നു. ഒട്ടും മടികൂടാതെ ഞാൻ അവരെയെല്ലാം കൊന്നൊടുക്കി. എന്റെ മനസ്സിലെ മനുഷ്യത്വം ഇല്ലാതായെന്ന് മനസ്സിലാക്കിയപ്പോൾ, ക്യാപ്റ്റൻ ഈ ദൗത്യം മറ്റൊരാളെ ഏൽപ്പിച്ചു. അവനും എന്നെപ്പോലെ തന്നെയായിരുന്നു. ആളുകളെ കൊല്ലുന്നതിൽ അവനും വിഷമമുണ്ടായിരുന്നു.

ഞാൻ ചെയ്ത തെറ്റുകൾക്കെല്ലാം എങ്ങനെ പരിഹാരം കാണണമെന്ന് എനിക്കറിയില്ല.

***

അപ്രതീക്ഷിതമായി ഞങ്ങളെ ദില്ലിയിലേക്ക് വിളിച്ചപ്പോൾ തന്നെ, എനിക്കൊരു സംശയം തോന്നിയിരുന്നു. എല്ലാവർക്കും അതെ സംശയം തന്നെയായിരുന്നു. ഞങ്ങൾ യുദ്ധത്തിൽ പങ്കെടുക്കേണ്ടി വരുമോ എന്ന സംശയം.

ഞങ്ങളെയെല്ലാം വരിവരിക്ക് നിർത്തിക്കൊണ്ട്, വിനയ് സിംഗ് തന്റെ പ്രസംഗം ആരംഭിച്ചു.

"ബ്രിട്ടന് ഇപ്പോൾ നമ്മുടെ സഹായം ആവശ്യമാണ്. അതുകൊണ്ട് നമ്മൾ ബ്രിട്ടന് വേണ്ടി യുദ്ധക്കളത്തിലേക്ക് ഇറങ്ങാൻ പോവുകയാണ്. ബ്രിട്ടൻ ഇന്ത്യൻ ആർമി യുദ്ധത്തിൽ, ഇറങ്ങിയാൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാമെന്ന് ബ്രിട്ടൻ ഭരണകൂടം വാക്കു നൽകിയിട്ടുണ്ട്."

ഞങ്ങൾ അത്ഭുതത്തോടെ പരസ്പരം നോക്കി പോയി. അത്തരത്തിലുള്ള ചർച്ചകളിൽ ഞങ്ങൾക്ക് പിറുപിറുക്കാനോ ചോദ്യങ്ങൾ ചോദിക്കാനോ ഉള്ള അനുവദിയിലായിരുന്നു. അതുകൊണ്ട് ഞങ്ങൾ മുഖഭാവങ്ങളിലൂടെ ആയിരുന്നു സന്ദേശങ്ങൾ കൈമാറിയത്. ഞങ്ങളുടെ ശ്രദ്ധ തെറ്റിയത് കണ്ട് വിനയ് സിംഗ് ഉച്ചത്തിൽ അലറി. ഞങ്ങളോട് അറ്റൻഷനായി നിൽക്കാൻ വേണ്ടി അദ്ദേഹം ആജ്ഞാപിച്ചു.

"ഞാൻ പറഞ്ഞത് സത്യം തന്നെയാണ്. ഇവിടെ നമ്മൾ ബ്രിട്ടന് വേണ്ടി മാത്രമല്ല നമ്മുടെ സ്വന്തം രാജ്യത്തിനും കൂടി വേണ്ടിയാണ് പോരാടാൻ പോകുന്നത്. അതുകൊണ്ട് ബ്രിട്ടൻ ഇന്ത്യൻ ആർമിയിലുള്ള എല്ലാവരും യുദ്ധത്തിൽ പങ്കെടുത്തേ മതിയാവൂ. ബ്രിട്ടൻ എന്ന് പറയുന്നത് ഒരു വലിയ ശക്തിയാണ്, അതുകൊണ്ട് വിജയം നമുക്ക് തന്നെയായിരിക്കും. സോ സോൾജിയേഴ്സ് ആർ യു റെഡി ഫോർ ദ വാർ."

"യസ് സാർ" ഞങ്ങളെല്ലാവരും കൂടി പറഞ്ഞു.

"ആർ യു റെഡി," കേൾക്കാത്ത മട്ടിൽ വിനയ് സിംഗ് ചോദിച്ചു.

"യസ് സാർ" ഞങ്ങൾ ഉറക്കെ അലറി.

പിറ്റേ ദിവസത്തെ പത്രത്തിലായിരുന്നു ഇന്ത്യയുടെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം വന്നത്. അപ്പോഴാണ് പലരും ഇതേക്കുറിച്ച് അറിഞ്ഞത്.

ആയിരകണക്കിന് ആളുകലായിരുന്നു ആ സമയം ബ്രിട്ടൻ ഇന്ത്യൻ ആർമിയിലേക്ക് ചേരാൻ വന്നത്. അതിൽ പലരും പട്ടിണി മാറ്റാൻ

വേണ്ടിയായിരുന്നു വന്നത്. യുദ്ധത്തിൽ പങ്കെടുക്കുന്നതിലൂടെ തന്റെ ജീവിതം മെച്ചപ്പെടും എന്ന പ്രതീക്ഷയാണ് പലർക്കും. എന്തിലേറെ പറയണം, ഞാൻ തന്നെ ആ പ്രതീക്ഷയിൽ ആണ് നിൽക്കുന്നത്.

ഇംഗ്ലണ്ടിലേക്ക് പോകുന്ന ഒരു കൂട്ടത്തിന് പരിശീലനം നൽകേണ്ട ചുമതല എനിക്കായിരുന്നു. ആ കൂട്ടത്തിൽ പതിനേഴ്, പതിനാറ് വയസ്സ് പ്രായം വരുന്ന നരിന്ത് പിള്ളേരുമുണ്ടായിരുന്നു. വയസ്സ് കൂട്ടി പറഞ്ഞുകൊണ്ടാണ് അവർ ആർമിയിൽ കയറിപ്പറ്റിയത്. ഇപ്പോൾ ഒട്ടുമിക്ക ആളുകളെയും ആർമിയിൽ എടുക്കുന്നുണ്ട്. ആ കൂട്ടത്തിൽ എങ്ങനെയൊക്കെയോ കേറി പറ്റിയവരായിരുന്നു ഇവരും. ദാരിദ്ര്യവും പട്ടിണിയും തന്നെയാണ് ഇവരെ ആർമിയിൽ ചേരാൻ പ്രേരിപ്പിച്ചത്. പക്ഷേ ഇത്ര ചെറുപ്പത്തിൽ തന്നെ ഒരു കൊലയാളി ആകാൻ ഞാൻ അവരെ സമ്മതിച്ചില്ല. ഞാൻ ഈ കാര്യം നേരെ വിനയ് സിംഗിനോട് ചെന്ന് പറഞ്ഞു. അദ്ദേഹം ഇടപെട്ടതുകൊണ്ട് പതിനേഴ് വയസ്സിന് താഴെയുള്ള എല്ലാവരെയും ആർമിയിൽ നിന്നും പുറത്താക്കി. പതിനേഴ് വയസ്സുള്ളവരെ ആർമിയിൽ നിർത്തണമെന്നായിരുന്നു വെള്ളക്കാരുടെ ഓർഡർ. അത് മാറ്റാൻ വിനയ് സിംഗിന് സാധിച്ചില്ല.

പതിനേഴ് വയസ്സുള്ളവരെല്ലാം, തങ്ങൾ രക്ഷപ്പെട്ടെന്ന് കരുതിക്കൊണ്ട് അപ്പോൾ സന്തോഷിക്കുകയായിരുന്നു. അവരെയെല്ലാം ഒരു അറവുമാടായിട്ടാണ് വെള്ളക്കാർ കണ്ടതെന്ന് അവർക്കറിയില്ലല്ലോ.

എന്റെ ടീമിലുള്ള ഒട്ടുമിക്ക ആളുകളുടെ അവസ്ഥ അതുതന്നെയായിരുന്നു. ജീവിൻ രക്ഷപ്പെടുത്താനുള്ള കഴിവുകൾ ഒന്നും അവർക്കില്ലായിരുന്നു. നല്ല രീതിയിൽ ട്രെയിനിങ് ലഭിച്ചാൽ മാത്രമേ അവർ രക്ഷപ്പെടുകയുള്ളൂ. പക്ഷേ അതിനു മാത്രമുള്ള സമയം ഞങ്ങളുടെ പക്കിൽ ഇല്ലായിരുന്നു. അതുമാത്രമല്ല ഏത് തരത്തിലുള്ള യുദ്ധമാണ് ഞങ്ങൾ നേരിടാൻ പോകുന്നതെന്ന് എനിക്ക്

അറിവുണ്ടായിരുന്നില്ല. ഈ കാര്യത്തെക്കുറിച്ച് ഞാൻ വിനയ് സിംഗിനോട് ചോദിച്ചിരുന്നു.

"ഏത് തരത്തിലുള്ള യുദ്ധം ആയിരിക്കും നമ്മൾ നേരിടാൻ പോകുന്നതെന്ന് പറയാൻ കഴിയില്ല. നമ്മുടെ പക്കിൽ ആൾബലം കൂടുതലാണെങ്കിൽ നമ്മൾ വിജയിക്കും. അല്ലെങ്കിൽ നമ്മൾ തോൽക്കും. ഒരു കാരണവശാലും കീഴടങ്ങരുത്. കീഴടങ്ങിയാൽ അവർ നമ്മളെ ഇഞ്ചിഞ്ചായി കൊല്ലും."

അദ്ദേഹം പറഞ്ഞത് കേട്ടപ്പോൾ ഞാൻ ആകെ തളർന്നു പോയി. തിരിച്ചു വരാൻ കഴിയുമെന്ന പ്രതീക്ഷയായിരുന്നു എനിക്കുണ്ടായിരുന്നത്. എന്റെ മുഖം വാടിയത് കണ്ടുകൊണ്ട് അദ്ദേഹം തുടർന്നു.

"പ്രതീക്ഷയാണ് നമ്മുടെ വലിയ ആയുധം. നമ്മൾ യുദ്ധത്തിൽ ജയിക്കും എന്ന വിശ്വാസം നമുക്ക് വേണം. ബ്രിട്ടൻ ആർമിക്ക് വേണ്ടിയാണ് നമ്മൾ യുദ്ധം ചെയ്യുന്നത്. ബ്രിട്ടൻ ആർമി എന്ന് പറയുന്നത് വലിയൊരു ശക്തിയാണ്. അതുകൊണ്ട് നീ പേടിക്കേണ്ട. നമ്മൾ ഈ യുദ്ധത്തിൽ ജയിക്കും."

അദ്ദേഹം ആ പറഞ്ഞത് എനിക്ക് വല്ലാത്തൊരു ആവേശം നൽകി. ഊർജ്ജം തിരിച്ചു കിട്ടിയതോടെ, ഞാനെന്റെ ടീമിന് നല്ല രീതിയിൽ പരിശീലനം നൽകി. ജീവൻ നിലനിർത്താൻ വേണ്ടിയുള്ള പരിശീലനങ്ങളായിരുന്നു ഞാൻ അവർക്ക് പ്രധാനമായി നൽകിയത്.

സത്യ മറ്റൊരു ടീമിലെ പ്രൈവറ്റ് സോൾജിയർ ആയിരുന്നു. എന്നെക്കാളും ആവേശമനായിരുന്നു അവന്. എല്ലാവരെയും പോലെ അവനും യുദ്ധത്തിൽ ജയിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നു.

***

ഇംഗ്ലണ്ടിലേക്ക് പോകുന്നതിനു മുൻപായി ഞാനും സത്യയും, ഞങ്ങളുടെ കാമുകിമാരെ കാണാൻ വേണ്ടി മദ്രാസിലേക്ക് ചെന്നിരുന്നു. അന്ന് ഞങ്ങളുടെ കോളേജിനടുത്തുള്ള ഒരു അമ്പലത്തിൽ ഉത്സവം ആയിരുന്നു. ഞങ്ങൾ നാലുപേരും ആ ഉത്സവം കാണാൻ വേണ്ടി അവിടേക്ക് പോയിരുന്നു.

വളരെ വ്യത്യസ്തവും മനോഹരവുമായ ഒരു ഉത്സവമായിരുന്നു അവിടുത്തേത്. താളമേളങ്ങളും വാദ്യകോശങ്ങളും നിറഞ്ഞ ഒന്ന്. എന്റെ അത്രയും നേരത്തെ വേവലാതികളെല്ലാം ഒരു നിമിഷം ഇല്ലാതായതുപോലെ എനിക്ക് തോന്നി. ഞങ്ങൾ കളിചിരിയോടെ അവിടമെല്ലാം ചുറ്റി കണ്ടു. ആ ഇരവ് എനിക്ക് മറക്കാൻ പറ്റാത്ത അത്രയും സന്തോഷം നൽകിയിരുന്നു. കണ്ണിനും കാതിനും കുളിർമയേകുന്ന ഒരു അന്തരീക്ഷമായിരുന്നു അവിടെ ഉണ്ടായിരുന്നത്.

സമയം അതിവേഗം കുതിച്ചപ്പോൾ എന്റെ ഉള്ളിലെ ആദി വീണ്ടും തിരിച്ചു വന്നു. ഞങ്ങൾ രണ്ടുദിവസത്തിനകം ഇംഗ്ലണ്ടിലേക്ക് വണ്ടി കയറും. ഈ കാര്യം ആദ്യം തന്നെ സീതയോട് പറയണമെന്നായിരുന്നു ഞാൻ കരുതിയത്. പക്ഷേ തുടക്കം തന്നെ ഇത് പറഞ്ഞ് അവളുടെ സന്തോഷമില്ലാതാക്കണ്ടല്ലോ.

സത്യയും ഈ കാര്യം സിമിയോട് പറഞ്ഞില്ലായിരുന്നു. പോകുന്നതിന് തലേദിവസം പറയാം എന്നായിരുന്നു അവൻ കരുതിയിരുന്നത്. എന്നാൽ ഞാൻ അത്രയും വൈകിപ്പിച്ചില്ല. ഞാനും സീതയും ഒറ്റയ്ക്കായ സമയത്ത് തന്നെ ഞാൻ ഈ കാര്യം അവളോട് പറഞ്ഞു. അവളുടെ ഉള്ളിൽ വിഷമം തോന്നിയെങ്കിലും അവൾ അത് പുറത്തു കാണിച്ചില്ല.

വെടിക്കെട്ടിന്റെ സമയമായപ്പോൾ സീത എന്നെ പിടിച്ചു കൊണ്ട് ഒരു മലമുകളിലേക്ക് കയറി. അവിടുന്ന് നോക്കിയാൽ ഉത്സവം അരങ്ങേറുന്ന അമ്പലവും, പരിസരവും വ്യക്തമായി കാണാൻ സാധിക്കും. കുറച്ചുനേരം ഞങ്ങൾ ആ മനോഹരമായ കാഴ്ച

ആസ്വദിച്ചു. പിന്നെ അല്പസമയം ഞങ്ങൾ മുഖത്തോട് മുഖം നോക്കി നിന്നു.

"എനിക്കുവേണ്ടി നീ തിരിച്ചു വരണം."

അത് പറഞ്ഞുകൊണ്ട് അവൾ എന്റെ ചുണ്ടിൽ ഒരു ചുംബനം നൽകി. ആ നിമിഷം, വെടിക്കെട്ടുകൾ ഞങ്ങളുടെ തലയ്ക്കു മുകളിലൂടെ പൊട്ടിത്തെറിച്ചു. ആയിരം പൂക്കുന്ന നക്ഷത്രങ്ങൾ പോലെ അവ രാത്രിയിൽ നിറങ്ങൾ വിതറി. ആ വെളിച്ചത്തിൽ, ഞാൻ അത് കണ്ടു. ഇരുട്ടിലൂടെ ജ്വലിക്കുന്ന പ്രത്യാശയുടെ ഒരു തിളക്കം.

## പത്തൊമ്പത്

സീതയോടും മദ്രാസിൽ എനിക്ക് പരിചയമുള്ളവരോടും, വിട പറഞ്ഞുകൊണ്ട് ഞങ്ങൾ ഇംഗ്ലണ്ടിലേക്ക് വണ്ടി കയറി. എണ്ണിയാൽ ഒടുങ്ങാത്തത്ര സൈനികർ ഉണ്ടായിരുന്നു ആ യാത്രയിൽ.

അത് ഒരു നീണ്ട യാത്രയായിരുന്നു. എന്റെ ജീവിതത്തിൽ ഇതുവരെ ഞാൻ അത്രയും നീണ്ട ഒരു യാത്ര ചെയ്തിരുന്നില്ല. ആദ്യം എല്ലാവരും യുദ്ധത്തെ കുറിച്ചായിരുന്നു സംസാരിച്ചിരുന്നത്. പിന്നെ യാത്രയുടെ മടുപ്പ് അസഹിനീയമായപ്പോൾ ഞങ്ങൾ ചീട്ടു കളിക്കാനും തമാശകൾ പറയാനും തുടങ്ങി.

ഇംഗ്ലണ്ടിലെ അതിർത്തി വരെ മാത്രമേ ട്രെയിൻ യാത്ര ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം ഞങ്ങളെ പല കഷ്ണങ്ങളായി തിരിച്ചു കൊണ്ട് ഓരോ സ്ഥലത്തേക്ക് പറഞ്ഞയച്ചു. ഭാഗ്യത്തിന് ഞാനും സത്യയും ഒരേ ടീമിൽ ആയിരുന്നു. ഞങ്ങളെ നിയന്ത്രിക്കേണ്ട ചുമതല വിനയ് സിംഗിനായിരുന്നു.

പിന്നെ അങ്ങോട്ട് വലിയ ട്രക്കുകളിലായിരുന്നു ഞങ്ങളുടെ യാത്ര. ഒരു ട്രക്കിൽ കൊള്ളാവുന്നത്ര ആളുകളെ കുത്തിനിറച്ചിരുന്നു.

അതിനകത്ത് നിന്ന് ശ്വാസം കഴിക്കാൻ വളരെ ബുദ്ധിമുട്ടിയിരുന്നു. ആ വണ്ടിയാണെങ്കിൽ ഇഴഞ്ഞ് ഇഴഞ്ഞ് ആണ് സഞ്ചരിച്ചിരുന്നത്.

അനന്തമായ വയലുകൾക്കിടയിലൂടെയുള്ള നീണ്ടുകിടക്കുന്ന പാതയോരങ്ങളിലൂടെ ആയിരുന്നു ഞങ്ങൾ സഞ്ചരിച്ചിരുന്നത്. അത്തരത്തിലുള്ള സ്ഥലങ്ങൾ ഞാൻ ഇതിനു മുമ്പ് കണ്ടിട്ടില്ലായിരുന്നു. മറ്റൊരു ലോകത്തേക്ക് കാലെടുത്തുവച്ചതുപോലെയാണ് എനിക്ക് തോന്നിയത്. പക്ഷേ കാഴ്ചകൾ കണ്ടിരിക്കാൻ എന്റെ ശരീരം എന്നെ അനുവദിച്ചില്ല. എപ്പോഴും ഞാൻ ഒന്ന് മയങ്ങിപ്പോയി.

സ്വപ്നത്തിലും ഞാൻ സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. വണ്ടി എവിടെയോ ചെന്ന് നിർത്തിയപ്പോഴാണ് ഞാൻ ഉണർന്നത്. അപ്പോൾ ഞാൻ എന്റെ കൂടെയിരുന്നവരെ ഒന്ന് നോക്കി. ഞാൻ ശരിക്കും ഞെട്ടിപ്പോയി, കാരണം ഞാൻ വെടിവെച്ച് കൊന്ന നിരപരാധിയായ മനുഷ്യരായിരുന്നു എന്റെ അരികിൽ ഇരുന്നിരുന്നത്. അവരുടെ നിർജീവമായ കണ്ണുകൾ എന്റെ മുഖത്ത് ഉറപ്പിച്ചിരുന്നു. വിളറിയ മുഖവുമായി മാരനും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. അവരെല്ലാം എന്നെ നോക്കിക്കൊണ്ട് പൈശാചികമായി ചിരിക്കുകയായിരുന്നു. പെട്ടെന്ന് ഞാൻ ഞെട്ടി ഉണർന്നു പോയി.

അപ്പോൾ വണ്ടി എവിടെയോ നിർത്തിയിട്ടതായിരുന്നു. ചിലരെല്ലാം വണ്ടിയിൽ നിന്നും പുറത്തിറങ്ങിയിരുന്നു. ബാക്കിയുള്ളവരെല്ലാം നല്ല ഉറക്കത്തിലായിരുന്നു.

ഞാൻ വണ്ടിയിൽ നിന്നും പുറത്തേക്കിറങ്ങി നോക്കി. ഞങ്ങളുടെ വണ്ടി കൂടാതെ സത്യ സഞ്ചരിച്ചിരുന്ന വണ്ടിയും അവിടെ നിർത്തിയിട്ടിരുന്നു. വണ്ടികൾക്ക് എന്തോ തകരാറു പറ്റിയത് കൊണ്ടായിരുന്നു അവർ, വണ്ടികൾ അവിടെ നിർത്തിവെച്ചത്. കുറച്ചാളുകൾ വണ്ടികൾ നന്നാക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു.

സത്യ വിശാലമായ പാടങ്ങൾ നോക്കി നിൽക്കുകയായിരുന്നു. എന്നെ കണ്ടതും അവൻ ആവേശത്തോടെ കൈവീശി. ഞാനവന്റെ അരികിലേക്ക് ചെന്നു.

"നോക്കടാ എന്ത് മനോഹരമായ പ്രദേശം" അവൻ ചുറ്റും നോക്കിക്കൊണ്ട് പറഞ്ഞു.

അവൻ പറഞ്ഞത് നേരായിരുന്നു. വിശാലമായ പാടങ്ങളും അതിമനോഹരമായ കാടുകളും ആയിരുന്നു അവിടെ. സായാഹ്ന സൂര്യന്റെ വെളിച്ചത്തിൽ അവയെല്ലാം അരുണിമതൂകി നിൽക്കുകയായിരുന്നു.

"ഇവിടെയുള്ള ആളുകൾ എത്ര വൃത്തിയോടെയാണ് ഇതെല്ലാം സൂക്ഷിക്കുന്നത്. യുദ്ധം കഴിഞ്ഞിട്ട് വേണം നമുക്ക് ഇവിടെ ഒരു വീട് നിർമ്മിക്കാൻ."

അവന്റെ സംസാരം കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി.

"മനുഷ്യൻ ഇവിടെ എങ്ങനെ യുദ്ധം നേരിടും എന്ന് ആലോചിക്കുമ്പോളാണ് അവന്റെ ഒരു വീട് നിർമ്മാണം" ഞാൻ രൂക്ഷമായി കൊണ്ട് പറഞ്ഞു.

"ശാന്തനാവു സുഹൃത്തേ ഈ പ്രകൃതി ഭംഗി കാണുമ്പോൾ നിനക്കൊരു പ്രതീക്ഷ തോന്നുന്നില്ല?"

അവൻ പറഞ്ഞതുപോലെ, ഇത്രയും ശാന്തമായ ഒരു സ്ഥലത്ത് എങ്ങനെയാണ് യുദ്ധം നടക്കുന്നതെന്ന് ഞാൻ ചിന്തിച്ചു പോയി. എന്റെ ചിന്തകൾ നശിക്കാൻ കുറെ സമയം വേണ്ടി വന്നില്ല.

എന്തോ ശബ്ദം കേട്ടപ്പോളാണ് ഞങ്ങൾ ഇരുവരും മുകളിലേക്ക് നോക്കിയത്.

"ഹായ് ജെറ്റ്" സത്യ പറഞ്ഞു.

മൂന്ന് ജെറ്റുകൾ ഞങ്ങൾക്ക് നേരെ ചീറിപ്പാഞ്ഞു വരുന്നുണ്ടായിരുന്നു. അതിലൊരു ജെറ്റ് ഞങ്ങൾ വന്നിരുന്ന വണ്ടിയുടെ മുകളിലേക്ക് രണ്ടു ബോംബുകൾ നിക്ഷേപിച്ചു കൊണ്ടായിരുന്നു പോയത്.

എല്ലാം പെട്ടെന്നായിരുന്നു. ജെറ്റ് പോയതും, ബോംബ് വീണതും, അത് പൊട്ടിത്തെറിച്ചതും, ബും.

ഞാൻ കണ്ണു തുറന്നു നോക്കിയപ്പോൾ, ഞാനും സത്യയും പാടത്ത് വീണു കിടക്കുകയായിരുന്നു. ഞങ്ങളുടെ മുന്നിലായി പൊട്ടിത്തെറിച്ച വാഹനത്തിന്റെ ഭാഗങ്ങളും, ആ വാഹനത്തിൽ ഒന്നുമറിയാതെ കിടന്നിരുന്ന പാവം പട്ടാളക്കാരുടെ ശരീര ഭാഗങ്ങളുമായിരുന്നു ഉണ്ടായിരുന്നത്. അത്രനേരം ഞങ്ങൾ ആസ്വദിച്ചുകൊണ്ടിരുന്ന ശാന്തിയും, സമാധാനവും ഒരടിക്കില്ലാതായി.

വാഹനത്തിൽ നിന്നും പുറത്തിറങ്ങിയവർ മാത്രമാണ് ആ ദുരന്തത്തെ അതിജീവിച്ചത്. അതിലും ചിലർക്ക് മാരകമായ പരിക്കുകൾ പറ്റിയിരുന്നു.

നടക്കാൻ പറ്റാത്തവരെ അവിടെ കിടത്തിക്കൊണ്ട് ഞങ്ങൾ സഹായം തേടിക്കൊണ്ട് മുന്നോട്ട് നീങ്ങി. ബ്രിട്ടനിലെ ഉദ്യോഗസ്ഥർ നിൽക്കുന്ന ചെക്ക് പോസ്റ്റുകൾ ലക്ഷ്യമാക്കി കൊണ്ടായിരുന്നു ഞങ്ങൾ നടന്നത്.

ഗ്രാമങ്ങൾ താണ്ടി കൊണ്ട് വേണം അവിടെയെത്താൻ. ഞങ്ങൾ കുറേ ദൂരം നടന്നിട്ടുണ്ടാവും. പലരും കുഴഞ്ഞിരുന്നു. ഒരിറ്റു വെള്ളം കുടിക്കാൻ പോലും ഞങ്ങൾക്ക് വകയില്ലായിരുന്നു. ആ ഭാഗത്ത് ആകെ കുറച്ചു വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവയെലാം അടച്ചുപൂട്ടി ഇരിക്കുകയായിരുന്നു. അകത്ത് ആളുണ്ടെങ്കിൽ കൂടി, കതക് തുറക്കാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല.

ത്രിസന്ധ്യ ആയതോടുകൂടി ഞങ്ങൾ വെള്ളത്തിനുള്ള അലച്ചിൽ ഉപേക്ഷിച്ചു. എങ്ങനെയെങ്കിലും പട്ടണത്തിൽ എത്തണമെന്ന ലക്ഷ്യത്തോടെ യാത്ര തുടർന്നു.

ദൂരെ നിന്നെല്ലാം യുദ്ധം നടക്കുന്നതിന്റെ ശബ്ദകോലാഹലങ്ങൾ കേൾക്കാമായിരുന്നു. പള്ളിപ്പെരുന്നാളിന് വെടിക്കെട്ട് നടക്കുമ്പോൾ, ആകാശത്തുണ്ടാവുന്ന മിന്നൽ പ്രതിഭാസം പോലെ അതെല്ലാം ദൂരെ നിന്ന് കാണാനും കഴിഞ്ഞിരുന്നു.

***

അങ്ങനെ പാടവും മലയും താണ്ടി കൊണ്ട് ഒടുവിൽ ഞങ്ങൾ പട്ടണത്തിൽ എത്തി.

പട്ടണത്തിലെ ചെക്ക് പോസ്റ്റിന്റെ അരികിൽ ചില ഇംഗ്ലീഷ് സൈനികർ നിൽപ്പുണ്ടായിരുന്നു. ഞങ്ങളെ ആദ്യം കണ്ടപ്പോൾ അവർ വെടിവെക്കാനായിരുന്നു ഒരുങ്ങിയത്. ഞങ്ങളോടൊപ്പമുണ്ടായിരുന്ന ബ്രിട്ടീഷ് സോൾജിയറിനെ കണ്ടപ്പോഴാണ് അവർ തോക്കുകൾ താഴെ വച്ചത്.

അവരുടെ അരികിലേക്ക് നടന്നു ചെല്ലാനുള്ള ഊർജ്ജം ഞങ്ങൾക്കില്ലായിരുന്നു. പലരും കുഴഞ്ഞ് വീണിരുന്നു. അപ്പോൾ അവിടെ നിന്നിരുന്ന ഒരു സോൾജിയർ വെള്ളവുമായി ഞങ്ങളുടെ അരികിലേക്ക് വന്നു. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ബ്രിട്ടീഷ് സോൾജിയറിനാണ് അവൻ ആദ്യം വെള്ളം നൽകിയത്. അവരും നമ്മുടെ പക്ഷമാണ്, അവർക്കും വെള്ളം കൊടുക്കണമെന്ന് അയാൾ പറഞ്ഞതുകൊണ്ട് മാത്രമാണ് അവർ ഞങ്ങൾക്ക് വെള്ളം നൽകിയത്.

ഒരുപക്ഷേ ഞങ്ങളുടെ കൂടെ ആ വെള്ളക്കാരൻ ഇല്ലായിരുന്നെങ്കിൽ, ഞങ്ങളുടെ അവസ്ഥ എന്തായിരിക്കും എന്ന് ഞാൻ അപ്പോൾ ചിന്തിച്ചിരുന്നു.

ക്ഷീണം മാറിയതിനുശേഷം ആണ് ഞങ്ങൾ പട്ടണത്തിലേക്ക് പ്രവേശിച്ചത്. അവിടുത്തെ സ്ഥിതി വളരെ പരിതാപകരമായിരുന്നു. പല കെട്ടിടങ്ങളും ഇടിഞ്ഞു പൊളിഞ്ഞു കിടക്കുകയായിരുന്നു. പലരും മുറിവേറ്റ ആളുകളുമായി ആശുപത്രിയിലേക്ക് ഓടുകയായിരുന്നു. വെള്ളക്കാരൻ സർജന്റിനെ പിന്തുടർന്നുകൊണ്ട് ഞങ്ങളും ആശുപത്രിയിലേക്ക് പ്രവേശിച്ചു. ആശുപത്രിക്കുള്ളിലെ കാഴ്ച വളരെ ദയനീയമായിരുന്നു. കാലും കയ്യും നഷ്ടപ്പെട്ടവർ, തലയിൽ നിന്നും ശരീരത്തിൽ നിന്നും രക്തം ഒലിക്കുന്നവർ. അങ്ങനെ കുറെ വാവിട്ടു

കരയുന്ന മനുഷ്യർ ആയിരുന്നു അവിടെ ഉണ്ടായിരുന്നത്. ഡോക്ടർമാരും നേഴ്സുമാരും എല്ലാം തിരക്കിട്ട ഓട്ടത്തിലായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഞങ്ങളെയൊന്നും നോക്കാനുള്ള സമയം പോലും അവർക്കില്ലായിരുന്നു. വർഗ്ഗസ്നേഹം ഉള്ളതുകൊണ്ട് ഡോക്ടർമാർ വെള്ളക്കാരൻ സർജന്റിന് കിടക്കാനുള്ള ഒരു കിടക്ക തയ്യാറാക്കി കൊടുത്തു. അതിനുശേഷം അവർ സർജന്റിന് ഒരു ട്രിപ്പ് നൽകി. എനിക്കും സത്യക്കും വിനയ് സിംഗിനും കുഴപ്പങ്ങൾ ഒന്നുമില്ലായിരുന്നു, പക്ഷേ ഞങ്ങളുടെ ഒപ്പം വന്ന നാലുപേർക്ക് സാരമായ പരിക്കുണ്ടായിരുന്നു.

ഞങ്ങൾക്ക് ആദ്യം ചികിത്സ ലഭിക്കില്ലെന്നാണ് ഞാൻ കരുതിയത്. എന്നാൽ അല്പം വൈകിയാണെങ്കിലും അവർ ഞങ്ങൾക്ക് വേണ്ടിയുള്ള ചികിത്സകൾ നൽകി.

അന്നെനിക്ക് ഉറക്കം വന്നില്ല. രോഗികളുടെ കരച്ചിലും ആർപ്പുവിളികളും കേട്ടുകൊണ്ട് ഉറങ്ങുക എന്ന് പറയുന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. ഓരോ മിനിറ്റ് കഴിയുമ്പോഴും പുതിയ പുതിയ രോഗികളുമായി കുറേ ആളുകൾ അവിടേക്ക് ഒഴുകിയെത്തുണ്ടായിരുന്നു. അവരുടെ എല്ലാം രൂപം കാണുമ്പോൾ തന്നെ ഭയമാവും. അത്രയും ഭീകരമായ അവസ്ഥയിലായിരുന്നു ഒട്ടുമിക്ക ആളുകളും.

പിറ്റേദിവസം രാവിലെയും ഞങ്ങൾ ആശുപത്രിയിൽ തന്നെയായിരുന്നു. സർജന്റിന് ഊർജ്ജം തിരിച്ചു കിട്ടിയപ്പോഴാണ്, പ്രധാന ക്യാപ്റ്റനുമായി ബന്ധപ്പെട്ട് ഞങ്ങളെ അവിടുന്ന് നീക്കം ചെയ്തത്.

ആശുപത്രിയിൽ നിന്നത് കൊണ്ട്, ഏത് തരത്തിലുള്ള യുദ്ധമാണ് ഞങ്ങൾ നേരിടാൻ പോകുന്നതെന്ന് കാണാതെ തന്നെ ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു.

ഞങ്ങളെ നേരെ കൊണ്ടുപോയത് യുദ്ധക്കളത്തിലേക്കായിരുന്നു. നിലം കുഴിച്ചുണ്ടാക്കിയ ഒരു സ്ഥലതായിരുന്നു ഞങ്ങളുടെ ക്യാമ്പുകൾ ഉണ്ടായിരുന്നത്. ഞങ്ങൾക്ക് മുൻപേ എത്തിപ്പെട്ട ചില ഇന്ത്യൻ സൈനികർ ഉണ്ടായിരുന്നു അവിടെ.

ഞങ്ങളുടെ കൂടെ വന്നവരെ പറ്റിയുള്ള വിവരമൊന്നും ഞങ്ങൾക്ക് അപ്പോയും ലഭിച്ചില്ലായിരുന്നു. അവർക്കെല്ലാം വേണ്ട ചികിത്സ ലഭിച്ചിട്ടുണ്ടാവുമെന്ന വിശ്വാസത്തോടെ ഞങ്ങൾ യുദ്ധം നേരിടാൻ വേണ്ടി തയ്യാറെടുത്തു.

അത്യാവശ്യം വലിപ്പമുള്ള ഒരു മതിൽ കേറിക്കൊണ്ട് വേണം യുദ്ധക്കളത്തിലേക്കെത്താൻ. അവിടെ മൂടൽമഞ്ഞു കൊണ്ടും പുകപടലങ്ങൾ കൊണ്ടും മൂടപ്പെട്ടതായിരുന്നു. ബുള്ളറ്റിൽ നിന്നും രക്ഷപ്പെടണമെങ്കിൽ ഇടവിട്ട് ഇടവിട്ട് സ്ഥാപിച്ച ചാക്കിൻ കൂട്ടത്തിന്റെ മറവിൽ ഇരിക്കണം. ചില ഭാഗങ്ങളിലാണെങ്കിൽ കമ്പിവേലികളുമുണ്ട്. അതിൽ പെട്ടു കഴിഞ്ഞാൽ പിന്നെ നോക്കേണ്ട. എവിടെയൊക്കെയാണ് കമ്പിവേലികൾ ഉള്ളതെന്ന് ഞങ്ങൾക്ക് ക്യാപ്റ്റൻ പറഞ്ഞു തന്നിരുന്നു. എന്നാൽ മൂടൽമഞ്ഞും പൊടിയും കാരണം ഒന്നും വ്യക്തമായി കാണാൻ പറ്റിയിരുന്നില്ല. അതിനിടയിലാണെങ്കിൽ, കാതടപ്പിക്കുന്ന വെടിയൊച്ചയും.

ഞാനും സത്യം ഒരുമിച്ചായിരുന്നു മുകളിലേക്ക് കയറിയത്, എന്നാൽ പിന്നെ ഞാൻ അവനെ കണ്ടില്ല. ആദ്യം തന്നെ ഞാൻ ജീവൻ രക്ഷിക്കാൻ വേണ്ടി ഒരു ചാക്കു കൂട്ടത്തിന്റെ മറവിൽ ചെന്നിരുന്നു. ചാക്കിന്റെ തുച്ഛം തെറിപ്പിച്ചു കൊണ്ട് ചില ഉണ്ടകൾ ചീറിപ്പായുന്നുണ്ടായിരുന്നു. മുകളിലേക്ക് നോക്കാൻ ശ്രമിച്ചിരുന്നെങ്കിൽ എന്റെ കഥ അപ്പോൾ കഴിഞ്ഞേനെ.

ഞാൻ അല്പം നേരം അനങ്ങാതെ അവിടെത്തന്നെയിരുന്നു. അതുകണ്ട എന്റെ എതിർവശത്ത് ഇരിക്കുന്ന ഒരു സർജന്റ് എന്നോട് അവരെ തിരിച്ചു വെടി വെക്കാൻ വേണ്ടി ആജ്ഞാപിച്ചു. ഞാൻ മെല്ലെ

തലപൊക്കി നോക്കി. അവ്യക്തമായ രൂപങ്ങളായിരുന്നു അപ്പോൾ എനിക്ക് കാണാൻ കഴിഞ്ഞത്.

ആദ്യത്തെ പ്രാവശ്യം എന്റെ ലക്ഷ്യം പിഴച്ചു. രണ്ടാമത്തെ പ്രാവശ്യം എനിക്ക് രണ്ടു പേരെ കൊല്ലാൻ സാധിച്ചു. സർജന്റ് ആണെങ്കിൽ യാതൊരു പേടിയും ഇല്ലാതെ എഴുന്നേറ്റു കൊണ്ട് വെടിവെക്കാൻ തുടങ്ങിയിരുന്നു.

സർജന്റിന് ആവേശം മൂത്തപ്പോൾ, ഞങ്ങളോട് മുൻപോട്ട് പോകാൻ വേണ്ടിയുള്ള നിർദ്ദേശം നൽകി. എവിടെ നിന്നൊക്കെയാണ് വെടിയുണ്ട വരുന്നതെന്ന് ഊഹിക്കാൻ പോലും പറ്റാത്ത ഒരു അവസ്ഥയായിരുന്നു. ഞങ്ങളുടെ കൂട്ടത്തിലെ പലരും വെടിയേറ്റ് കൊണ്ട് നിലത്ത് വീഴുന്നുണ്ടായിരുന്നു. ജീവൻ നിലനിർത്താൻ വേണ്ടി ഞാൻ കണ്ണിൽപ്പെടുന്നവരെയെല്ലാം വെടിവെച്ചു വീഴുതി.

യുദ്ധത്തിന്റെ വേലിയേറ്റം അവർക്കെതിരെ തിരിഞ്ഞെന്ന് മനസ്സിലാക്കിയ അവർ, നിരാശയോടെ ഞങ്ങളുടെ മേൽ ബോംബുകൾ വർഷിക്കാൻ തുടങ്ങി. അതിലൊന്ന് ഞാൻ നിന്നിരുന്ന സ്ഥലത്തായിരുന്നു വന്ന് പതിഞ്ഞത്. ബോംബ് പൊട്ടിയതും ഞങ്ങൾ എല്ലാം പല ഭാഗങ്ങളിലേക്കായി തെറിച്ചുവീണു. ഞാൻ വീണ സ്ഥലത്ത് ഏതോ പട്ടാളക്കാരന്റെ ചിന്നഭിന്നമായ തലയും കൈയും വന്നു പതിച്ചു. ആ കാഴ്ച പറഞ്ഞറിയിക്കാൻ കഴിയാത്തത്ര ഭയാനകമായിരുന്നു.

ഞാനെങ്ങനെയൊക്കെ അവിടെ നിന്നും ഇഴഞ്ഞ് നീങ്ങി കൊണ്ട് മറ്റൊരു ചാക്കിൻ കൂട്ടത്തിന്റെ മറവിൽ കിടന്നു.

എനിക്ക് ഊർജ്ജം വീണ്ടുകിട്ടിയപ്പോൾ, **ഞാൻ എഴുന്നേറ്റു കൊണ്ട് ശത്രുക്കളെ വധിക്കാൻ തുടങ്ങി.** അവരെയെല്ലാം കൊല്ലണമെന്നുള്ളൊരു ആഗ്രഹം എനിക്കില്ലായിരുന്നു. ജീവൻ നിലനിർത്താൻ വേണ്ടിയായിരുന്നു ഞാൻ അവരെ കൊന്നൊടുക്കിയത്. എല്ലാവരുടെയും അവസ്ഥ ഇതുതന്നെയായിരുന്നു.

ആൾബലം കൂടുതലായതുകൊണ്ട് അവരെ തുരത്താൻ ഞങ്ങൾക്ക് കഴിഞ്ഞു. അന്ന് രാത്രിയോടെ യുദ്ധം അവസാനിച്ചു. ജീവൻ തിരിച്ച് കിട്ടിയ സന്തോഷത്തിൽ ഞങ്ങൾ ക്യാമ്പിലേക്ക് മടങ്ങി.

രാത്രി ഉറങ്ങാൻ കിടന്ന സമയത്ത് എനിക്ക് സത്യയുടെ യുദ്ധാനുഭവങ്ങൾ കേൾക്കേണ്ടിവന്നു. അവൻ എത്ര പേരെ കൊന്നിട്ടുണ്ടെന്ന് എണ്ണി തിട്ടപ്പെടുത്തി വെച്ചിരുന്നു. അവന്റെ വീരക്കഥകൾ കേൾക്കാൻ പറ്റിയ ഒരു മാനസികാവസ്ഥയിൽ ആയിരുന്നില്ല ഞാൻ അപ്പോൾ. ക്ഷീണം കാരണം ഞാൻ പതിയെ ഉറക്കത്തിലേക്ക് വീണു തുടങ്ങിയിരുന്നു.

ആ രാത്രിയിൽ ഞാൻ കണ്ട സ്വപ്നം, രക്തത്തിൽ കുതിർന്നിരുന്നു. ഓരോ കോണിലും അക്രമത്തിന്റെ ദുർഗന്ധം വമിച്ചു. ചോരയും, വെടിയുണ്ടകളും, നിലത്ത് ചിതറിക്കിടക്കുന്ന നിർജീവമായ കുറെ അജ്ഞാത രൂപങ്ങളും. സ്വസ്ഥമായൊരു ഉറക്കം വരുമ്പോഴേക്കും ക്യാപ്റ്റൻ ഞങ്ങളെ ഉണർത്തി.

രാത്രിയിലെ നിർത്താതെയുള്ള തണുപ്പ് എന്റെ അസ്ഥികളിലേക്ക് ഇരച്ചുകയറിയിരുന്നു, പനി പിടിച്ച ഒരു വിറയലിൽ ഞാൻ ഉണർന്നു.

അതിർത്തിയിൽ കാവൽ നിർത്താൻ വേണ്ടിയായിരുന്നു ക്യാപ്റ്റൻ ഞങ്ങളെ വിളിച്ചുണർത്തിയത്. എല്ലാവരും ശബ്ദത്തിൽ അതിന് തയ്യാറാണെന്ന് പറഞ്ഞു. എന്റെ ശബ്ദത്തിന് കട്ടി കുറവായിരുന്നു. അത് ക്യാപ്റ്റന് ഒട്ടും ഇഷ്ടപ്പെട്ടില്ല. ഞാൻ അയാളെ കളിയാക്കുകയാണെന്ന് കരുതി അയാൾ എന്റെ അടുത്തേക്ക് ഓടിവന്ന് എന്റെ മുഖത്ത് ശക്തമായി അടിച്ചു. അയാളുടെ ശബ്ദം കോപത്താൽ മൂർച്ചയുള്ളതായി.

"വീണ്ടും കമാൻഡ് നൽകൂ."

ഞാൻ എന്നെത്തന്നെ ഉറപ്പിച്ചു, ശബ്ദം ഉയർത്തി, കഴിയുന്നത്ര ഉച്ചത്തിൽ കമാൻഡ് നൽകി. ഇത്തവണ, ക്യാപ്റ്റന്റെ മുഖഭാവം

കുറഞ്ഞു. ഒടുവിൽ അദ്ദേഹം തൃപ്തനാണെന്ന് ഒരു മങ്ങിയ തലയാട്ടൽ എന്നോട് പറഞ്ഞു.

ക്യാപ്റ്റനായി പോയി അല്ലെങ്കിൽ അയാളെ ഞാൻ എടുത്ത് നിലത്തിട്ട് അരച്ചെനെ. ഒട്ടുമിക്ക വെള്ളക്കാരുടെയും സ്വഭാവം ഇതുതന്നെയാണ്. തങ്ങൾ വലിയ ആരോ ആണെന്നാണ് വിചാരം. ശരിക്കും ഇവർക്കെതിരെ ആയിരുന്നു ഞങ്ങൾ യുദ്ധം ചെയ്യേണ്ടത്. പറഞ്ഞിട്ടെന്തു കാര്യം ഇവരുടെ ആജ്ഞകൾ അനുസരിച്ചല്ലേ പറ്റൂ.

അവിടെ രാത്രിയിരുന്ന സംഘത്തെ മാറ്റിക്കൊണ്ട് ഞങ്ങൾ അവിടെ കാവൽ നിന്നു. നേരം പുലരുന്നവരെ ഞങ്ങൾ ഒരേ ഇരിപ്പ് തന്നെ ഇരുന്നു. ചിലരെല്ലാം ഉറങ്ങുന്നുണ്ടായിരുന്നു.

രാവിലെ ആയതോടെ ചില നുഴഞ്ഞുകേറ്റക്കാരെല്ലാം ഞങ്ങളുടെ കൂടാരം ലക്ഷ്യമാക്കിക്കൊണ്ട് വരാൻ തുടങ്ങി. വെടിയൊച്ച കേട്ടതോടെ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന മറ്റു സംഘങ്ങളും അതിർത്തിയിലേക്കെത്തി. ആൾബലം കൂടുന്നത് കണ്ട് അവർ പ്രത്യേകതരത്തിലുള്ളൊരു പുക ഞങ്ങളുടെ അരികിലേക്ക് എറിയാൻ തുടങ്ങി. ആ പുക ശ്വസിച്ചു കഴിഞ്ഞാൽ പിന്നെ എല്ലാം രണ്ടായിട്ടാണ് കാണുക. എവിടെ നിന്നൊക്കെയോ പലതരത്തിലുള്ള ശബ്ദങ്ങളും കേൾക്കാൻ പറ്റും.

ഞങ്ങളുടെ സ്വബോധം മെല്ലെ നഷ്ടപ്പെടാൻ തുടങ്ങിയിരുന്നു. അതിനിടയിൽ ചില ബോംബുകൾ ഞങ്ങളുടെ അരികിലേക്ക് പറന്നുവീണു. അത് പൊട്ടിത്തെറിച്ചപ്പോൾ ഞാൻ ആകാശത്ത് പറക്കുകയാണെന്ന് എനിക്ക് തോന്നിപ്പോയി. ഭാഗ്യത്തിന് ഞാൻ തെറിച്ചു വീണത് ഒരു ചാക്കിൻ കൂട്ടത്തിന്റെ അരികിലേക്കായിരുന്നു. അവിടെ കിടന്നുകൊണ്ട് ഞാൻ ആകാശത്തേക്ക് നോക്കി. ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി കൊണ്ട് ഒരു രൂപമായി വന്നിരുന്നു. ആ രൂപത്തിന് രണ്ട് ചുവന്ന കണ്ണുകളുമുണ്ടായിരുന്നു. അതൊരു

ചെകുത്താനായിരുന്നു. ഞാൻ കാണുന്നത് യാഥാർഥ്യമാണോ അതോ മിഥ്യയാണോ എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല.

ഞാൻ അവശതയോടെ ചാക്കുപിടിച്ചുകൊണ്ട് എഴുന്നേറ്റ് നിൽക്കാൻ ശ്രമിച്ചു. അപ്പോഴാണ് തീ തുപ്പുന്ന ഒരു ഡ്രാഗണെ ഞാൻ കണ്ടത്. അതിന് പിന്നിലായി കുറെ വികൃത രൂപങ്ങളും. ഞാൻ സ്വബോധം വീണ്ടെടുക്കാൻ ശ്രമിച്ചപ്പോഴാണ്, അതൊരു മാസ്കണിഞ്ഞ മനുഷ്യനാണെന്ന് മനസ്സിലായത്. അയാളുടെ കയ്യിലൊരു തീ തെറിപ്പിക്കുന്ന ഉപകരണവുമുണ്ടായിരുന്നു. അയാളെപ്പോലെ മാസ്കണിഞ്ഞ കുറെ പേരായിരുന്നു അയാളുടെ പിന്നിൽ ഉണ്ടായിരുന്നത്.

ഭാഗ്യത്തിന് ഞങ്ങളെ രക്ഷിക്കാൻ വേണ്ടി അപ്പോൾ ഞങ്ങളുടെ കൂട്ടത്തിലുണ്ടായരുന്ന ചില മാസ്കണിഞ്ഞ രൂപങ്ങൾ എത്തി. അവർ ഞങ്ങളെ തൂക്കിയെടുത്തു കൊണ്ട് ക്യാമ്പിനിലേക്ക് കൊണ്ടുപോയി.

ക്യാമ്പിൽ എത്തിയ ഉടനെ ചില ഡോക്ടർമാർ ഞങ്ങളെ പരിശോധിക്കാൻ തുടങ്ങി. അവരുടെയൊന്നും വ്യക്തമായ രൂപമല്ല ഞാൻ അപ്പോൾ കണ്ടിരുന്നത്. കുറുക്കന്റെ തലയുള്ള മനുഷ്യന്മാരെ പോലെയായിരുന്നു എനിക്ക് അവരെ കണ്ടപ്പോൾ തോന്നിയത്. കൂട്ടത്തിൽ ചില ചെന്നായ്ക്കളുടെ തലകളുമുണ്ടായിരുന്നു.

അവരൊരു പ്രത്യേകതരത്തിലുള്ള മരുന്ന് ഞങ്ങളുടെ ശരീരത്തിലേക്ക് കുത്തിവച്ചു. അത് ഞങ്ങളെ മയക്കത്തിലേക്ക് വീഴ്ത്തി. അപ്പോൾ ഞാൻ വളരെ വിചിത്രമായൊരു സ്വപ്നമായിരുന്നു കണ്ടത്. ചെന്നായയുടെ മുഖമുള്ള ക്യാപ്റ്റൻ എന്നോട് മുയലിന്റെ മുഖമുള്ള മനുഷ്യരെ കൊല്ലാൻ വേണ്ടി പറയുന്നു. അപ്പോൾ ഞാൻ കണ്ണ് ചിമ്മി കൊണ്ട് തുരുതുരാ വെടിവെക്കുന്നു. ഇതെലാം കണ്ടുകൊണ്ട് ഒരു കുറുക്കന്റെ മുഖമുള്ള മനുഷ്യൻ ചിരിക്കുന്നുണ്ടായിരുന്നു.

ബോംബ് പൊട്ടുന്ന ശബ്ദം കേട്ടപ്പോളാണ് ഞാൻ എഴുന്നേറ്റത്. ചിലർ എനിക്കു മുൻപേ എഴുന്നേറ്റിരുന്നു. അവർ എങ്ങോട്ടെന്നില്ലാതെ തോക്ക് ചൂണ്ടി നിൽക്കുകയായിരുന്നു. വെടിവെപ്പിന്റെയും ബോംബെറിന്റെയും ശബ്ദങ്ങൾ കേൾക്കുന്നുണ്ടെന്നല്ലാതെ ഞങ്ങൾക്കൊന്നും ദൃശ്യമായിരുന്നില്ല.

അപ്പോഴാണ് ഡോക്ടർ അവിടേക്ക് വന്നത്.

“കൂൾ ഡൗൺ. ഇതെല്ലാം നിങ്ങളുടെ തോന്നലാണ്. ആ പുക ശ്വസിച്ചത് കൊണ്ടാണ് നിങ്ങൾക്ക് ഇത്തരത്തിലുള്ള ഹാലൂസിനേഷൻ വരുന്നത്” അദ്ദേഹം പറഞ്ഞു.

ഞങ്ങൾക്ക് ഡോക്ടർ പറഞ്ഞ കാര്യത്തോട് പൂർണ്ണമായി യോജിക്കാൻ കഴിഞ്ഞില്ല. പിന്നെ പിന്നെ ഞങ്ങൾ സ്വബോധത്തിലേക്ക് തിരിച്ചു വന്നപ്പോഴാണ് സംഗതി മനസ്സിലായത്.

ആരോഗ്യം വീണ്ടെടുത്തത് കൊണ്ട് ഞങ്ങളെ വീണ്ടും അതിർത്തിയിലേക്ക് പറഞ്ഞയച്ചു. ഞങ്ങളെല്ലാവരും മാസ്ക്കണിഞ്ഞു കൊണ്ടായിരുന്നു അവിടേക്ക് പോയത്. അവിടെ ഘോരമായ യുദ്ധം നടക്കുകയായിരുന്നു. എന്നാൽ വ്യക്തമായി ഒന്നും കാണാൻ കഴിഞ്ഞില്ല. അന്തരീക്ഷം മുഴുവനും പുക പടർന്നു പിടിച്ചിരുന്നു. പോരാത്തതിന് മൂടൽമഞ്ഞും.

അന്ന് രാത്രി ആയപ്പോഴും യുദ്ധം അവസാനിച്ചില്ല. വിനയ് സിംഗ് ഞങ്ങളോട് അതിർത്തിയുടെ മുൻപിലേക്ക് പോകാൻ വേണ്ടി പറഞ്ഞു. അവിടെ ചാക്കിൻ കൂട്ടത്തിന്റെ മറവിലായി ഒരു ചെറിയ ഓവ് നിർമ്മിച്ചിരുന്നു. അവിടെ ഇരുന്നു കൊണ്ടു വേണം എതിരാളികളെ വകവരുത്താൻ. ഏറ്റവും അപകടം പിടിച്ചൊരു മേഖലയായിരുന്നു അത്. ജീവൻ നിലനിർത്താൻ വേണ്ടി ഞാൻ വളരെ കഷ്ടപ്പെട്ടിരുന്നു.

ആൾബലം കൂടുതലായതുകൊണ്ട്, ഞങ്ങൾക്ക് അവരെ വെട്ടി നിരത്താൻ സാധിച്ചു. എന്നാൽ ഞങ്ങളുടെ കൂട്ടത്തിലുള്ള വിനയ് സിംഗ് എന്ന വലിയ ജീവൻ അതിനിടയിൽ ഞങ്ങൾക്ക് നഷ്ടമായി.

യുദ്ധം ജയിച്ചതിൽ അന്ന് എല്ലാവരും സന്തോഷിച്ചു. അവരുടെ സന്തോഷത്തിൽ ഞങ്ങൾക്ക് പങ്കുചേരാൻ കഴിഞ്ഞില്ല. ഞങ്ങളുടെ നേതാവ് ഉൾപ്പെടെ, ഞങ്ങളുടെ കൂട്ടത്തിലെ ഭൂരിഭാഗം പേരും ആ യുദ്ധത്തിൽ മരണപ്പെട്ടിരുന്നു. അവരെയെല്ലാ സ്മരിച്ചു കൊണ്ടായിരുന്നു ഞങ്ങൾ അന്ന് അന്തിയുറങ്ങിയത്.

പതിവുപോലെ, ആ രാത്രിയും ഉറക്കം എന്നെ വിട്ടുപോയി. സ്വപ്നമാണോ അതോ ഉണർന്നിരിക്കുകയാണോ എന്ന് ഉറപ്പില്ലാതെ ഞാൻ ബോധത്തിന്റെ വക്കിലേക്ക് വഴുതി വീണു. ഒടുവിൽ ഞാൻ കിടക്കയിൽ നിന്ന് എഴുന്നേറ്റപ്പോൾ, അസ്വസ്ഥതമായൊരു ഭീതിയിലേക്കായിരുന്നു ഞാൻ ആഴ്ന്നിറങ്ങിയത്.

അവിടെ എനിക്ക് ചുറ്റും ചോര ഒലിക്കുന്ന കുറെ രൂപങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്. അത് യഥാർത്ഥമല്ലെന്നും ഞാൻ എന്റെ സ്വന്തം മനസ്സിൽ കുടുങ്ങിയിരിക്കുകയാണെന്നും ഞാൻ എന്നെത്തന്നെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. ഞാൻ ഉണരാൻ കൂടുതൽ പാടുപെടുന്തോറും അവ എന്റെ അരികിലേക്കായി അടുത്തുതുടങ്ങിരുന്നു. ആ പേടിസ്വപ്നത്തിൽ നിന്ന് എന്നെത്തന്നെ കീറിമുറിക്കാൻ ഞാൻ കഠിനമായി പാടുപെട്ടു. ഒടുവിൽ അവർ എന്റെ അടുത്ത് എത്തിയപ്പോഴാണ് ഞാൻ ശ്വാസം കിട്ടാതെ ഉണർന്നത്.

പിന്നെ എനിക്ക് ഉറക്കം വന്നില്ല. പുലർച്ച ആകാൻ ആയപ്പോഴേക്കും ക്യാപ്റ്റൻ ഞങ്ങളുടെ ക്യാമ്പിലേക്ക് വന്നു. അദ്ദേഹം ഞങ്ങളെ വീണ്ടും അതിർത്തിയിൽ കാവൽ നിൽക്കാനായി നിയോഗിച്ചു.

അന്നു നേരം വെളുക്കുന്നത് വരെ, ഞങ്ങൾ അതിർത്തിയിൽ മരിച്ചുകിടക്കുന്നവരുടെ ശവത്തിന് കാവൽ നിന്നു. കുറച്ച് സമയം കഴിഞ്ഞപ്പോൾ, ക്യാപ്റ്റനും കുറെ പട്ടാളക്കാരും ഞങ്ങളുടെ അരികിലേക്ക് വന്നു. തുടർന്ന് അവർ, ഞങ്ങളോട് അവരെ പിന്തുടരാൻ വേണ്ടി പറഞ്ഞു.

അതിർത്തിയുടെ അപ്പുറത് ശത്രുക്കൾ നിർമ്മിച്ച ക്യാമ്പിനുകൾ ഉണ്ടായിരുന്നു. അത് ലക്ഷ്യം വെച്ചു കൊണ്ടായിരുന്നു ഞങ്ങൾ

നീങ്ങിയത്. പോകുന്ന വഴിക്ക് ക്യാപ്റ്റൻ ചില ശവങ്ങളെ തട്ടി നോക്കുന്നുണ്ടായിരുന്നു.

ഞങ്ങൾ അവിടെ എത്തിയ സമയത്ത്, അവരുടെ ക്യാമ്പിനിൽ ഒരുവൻ ഒളിച്ചിരിപ്പുണ്ടായിരുന്നു. ഞങ്ങളുടെ കൂടെയുണ്ടായിരുന്നവർ, ഒരു കടന്നൽകൂട്ടം പോലെ അവന് ചുറ്റും കൂടി. പിന്നെ അവരെല്ലാം ചേർന്ന്, അവനെ പൊതിരെ തല്ലാൻ തുടങ്ങി. എനിക്ക് അവനെ ഒറ്റവെടിക്ക് കൊല്ലാനായിരുന്നു ആഗ്രഹം. കാരണം അങ്ങനെ തല്ലുകൊണ്ട് ചാവുന്നതിലും ഭേദം അതായിരുന്നു.

അവനെപ്പോലെ യുദ്ധത്തിനിടയിൽ പരിക്കേറ്റ ഒരാളും കൂടി ഉണ്ടായിരുന്നു. യാതൊരു ദാക്ഷിണ്യവും കൂടാതെ, അവർ അയാളെയും കൊന്നു. എന്നിട്ട് അവരെ രണ്ടുപേരെയും അവർ തല കീഴായി ഒരു മരത്തിന്റെ മുകളിൽ കെട്ടിത്തൂക്കിയിട്ടു. ഇനി ആരും ഈ അതിർത്തി കടക്കാൻ ശ്രമിക്കരുതെന്ന് പറഞ്ഞുകൊണ്ട് അവർ അട്ടഹസിച്ചു.

"നമ്മൾ ബ്രിട്ടന്റെ ഭാഗത്തായത് നന്നായി" ഈ കാഴ്ച കണ്ടുനിൽക്കെ, സത്യ എന്നെ നോക്കിക്കൊണ്ടു പറഞ്ഞു.

ക്യാമ്പിനുള്ളിലെ ചില രേഖകളെല്ലാം എടുത്ത ശേഷം ക്യാപ്റ്റൻ ഞങ്ങളോട് തിരിച്ചു പോകാൻ വേണ്ടി പറഞ്ഞു.

അന്ന് രാത്രി മദ്യവും മാംസവും അടങ്ങുന്ന ഒരു വലിയ സൽക്കാരമായിരുന്നു അവർ ഞങ്ങൾക്ക് ഒരുക്കി തന്നത്. മദ്യത്തിന്റെ ലഹരിയിൽ ചിലരെല്ലാം പാടാനും ആടാനും തുടങ്ങി. അന്ന് ശരിക്കും ഒരു ഉല്ലാസപരിതമായ രാത്രിയായിരുന്നു.

ഒരു സംഘം ഇവിടം വിട്ടുപോയി. പക്ഷേ ഞങ്ങൾക്ക് അവരുടെ കൂടെ പോകാൻ കഴിഞ്ഞില്ല. ഇവിടെ കാവൽ നിൽക്കേണ്ട ഡ്യൂട്ടി

ഞങ്ങൾക്കായിരുന്നു ക്യാപ്റ്റൻ തന്നിരുന്നത്. നുഴഞ്ഞുകയറ്റക്കാരുടെ ശല്യം ഒന്നുമില്ലാത്തതുകൊണ്ട് ഇപ്പോൾ വലിയ ബുദ്ധിമുട്ടൊന്നുമില്ല.

## ഇരുപത്

അത്രമാത്രമായിരുന്നു ഡാനിയുടെ ഡയറിയിൽ ഉണ്ടായിരുന്നത്. സത്യ സീരമായി ഡയറി എഴുതുന്ന കൂട്ടത്തിലായിരുന്നില്ല. അവന്റെ ജീവിതത്തിൽ നടന്ന കുറച്ച് കാര്യങ്ങൾ മാത്രമേ അവന്റെ ഡയറിയിൽ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ആ ഡയറിയിൽ ചില ആളുകളുടെ പേരുകളും മേൽവിലാസങ്ങളുമുണ്ടായിരുന്നു. അതിൽ നിന്നും ഞങ്ങൾക്ക് സീതയുടെ മേൽവിലാസം ലഭിച്ചിരുന്നു.

ഡാനിയുടെ ബാക്കി കഥ സത്യയുടെ കൈവശമുണ്ടോ എന്നറിയാൻ വേണ്ടി ഞങ്ങൾ വീണ്ടും സത്യയുടെ വീട്ടിലേക്ക് ചെന്നിരുന്നു. അന്നാണ് ഞങ്ങൾക്ക് മറ്റൊരു കാര്യം മനസിലായത്. സത്യ വിവാഹം ചെയ്തത് സിമിയെ അല്ലായിരുന്നു. കല്യാണി എന്ന് പേരുള്ള ഒരു സ്ത്രീയെ ആയിരുന്നു. സത്യ സിമിയെ കല്യാണം കഴിക്കാത്തതിന്റെ കാരണം അറിയാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു.

അറിഞ്ഞോ അറിയാതെയോ ഡാനിയുടെ കഥയും അതിലെ കഥാപാത്രങ്ങളും, എന്റെ മനസ്സിലൊരു ഇടം നേടിയിരുന്നു. പക്ഷേ അവരുടെ ജീവിതത്തിന് എന്തുപറ്റി എന്ന് അറിയാൻ വേണ്ടി അല്ലല്ലോ ഞങ്ങൾ അവിടേക്ക് ചെന്നത്. മാത്രവുമല്ല സത്യയുടെ പഴയ കാമുകിയെ കുറിച്ച് ചോദിക്കുന്നത് തന്നെ വളരെ മോശമായ കാര്യമാണ്. അതുകൊണ്ട് ഞങ്ങൾ വന്ന കാര്യത്തെക്കുറിച്ച് മാത്രമേ സത്യയുടെ മകനോട് ചോദിച്ചിരുന്നുള്ളൂ. അപ്പോഴാണ് ഒരു മാഗസിന് വേണ്ടി സത്യ തയ്യാറാക്കിയ ഒരു കുറുപ്പിനെ കുറിച്ച് അയാൾ പറയുന്നത്. പക്ഷേ സത്യ ആ കുറിപ്പ് കംപ്ലീറ്റ് ചെയ്തില്ലായിരുന്നു. അതിനിടയിലാണ് സത്യക്ക് സുഖമില്ലാതായത്. പിന്നെ കുറച്ചു ദിവസങ്ങൾക്ക് ശേഷം സത്യ മരണപ്പെടുകയും ചെയ്തു.

അയാൾ ഞങ്ങൾക്കാ കുറിപ്പ് വായിക്കാനായി നൽകി. അതിൽ ഡാനിയുടെ ഡയറിയിൽ എഴുതിയിരുന്ന കഥയുടെ ബാക്കി പത്രം ഉണ്ടായിരുന്നു. അതാണ് ഞാൻ ഇനി വിവരിക്കാൻ പോകുന്നത്.

**സത്യയുടെ കുറുപ്പ്**

ഇനിയൊരു നുഴഞ്ഞു കേറ്റം ഉണ്ടാവില്ലെന്ന വിശ്വാസമായിരുന്നു ഞങ്ങൾക്ക്. ഇതുകാരണം ഞങ്ങൾ കാവൽ നിൽക്കുന്ന കാര്യത്തിൽ അല്പം  മടുപ്പ് കാണിച്ചിരുന്നു. അങ്ങനെയിരിക്കെ അപ്രതീക്ഷിതമായി ഒരു സംഘം, ഞങ്ങൾ കാവൽ നിന്നിരുന്ന അതിർത്തിയിൽ നുഴഞ്ഞു കയറി. രാത്രിയായതുകൊണ്ട് ഞങ്ങളെല്ലാം കൂടാരത്തിൽ കിടന്നുറങ്ങുകയായിരുന്നു. അവർ പെട്ടെന്ന് ഞങ്ങളുടെ കൂടാരത്തിലേക്ക് പ്രവേശിച്ചുകൊണ്ട് ഒരു മിന്നൽ ആക്രമണം നടത്തി. അവർക്കെതിരെ ആക്രമണം നടത്താൻ ശ്രമിച്ചവരെയെല്ലാം അവർ കൊന്നൊടുക്കി. ഞാനടക്കം, മിച്ചം വന്നവരെയെല്ലാം അവർ ബന്ധനസ്ഥരാക്കി.

ഞങ്ങളെ കീഴ്പ്പെടുത്തിയ സന്തോഷത്തിൽ, അവർ ആഘോഷം തുടങ്ങി. ഞങ്ങളുടെ പക്കിലുള്ള മദ്യവും ഭക്ഷണവും എല്ലാം അവർ അകത്താക്കി. ഒരാഴ്ചത്തേക്ക് കുടിക്കാൻ വെച്ചിരുന്ന മദ്യക്കുപ്പികളെല്ലാം അവർ ആ രാത്രി കൊണ്ട് കുടിച്ചു തീർത്തു. തുടർന്ന് അവർ ആടാനും പാടാനും തുടങ്ങി.

അവരുടെ കൂട്ടത്തിൽ കാമം മൂത്ത് നിൽക്കുന്ന ചില പിശാചുക്കളുണ്ടായിരുന്നു. അതിലൊരുവൻ ഞങ്ങളുടെ കൂട്ടത്തിലുള്ള ഒരു പയ്യനെ ബലമായി പിടിച്ചു കൊണ്ട് മേശയുടെ മുകളിൽ കിടത്തി. എന്നിട്ട് യാതൊരു ലജ്ജയും കൂടാതെ ഞങ്ങളുടെ കൺമുമ്പിൽ വെച്ച് അവനെ പീഡിപ്പിച്ചു.

ആ പയ്യന്റെ ശരീരവും, അവന്റെ കരച്ചിലും, ആ ക്രൂരൻ ആസ്വദിക്കുന്നുണ്ടായിരുന്നു. അവന്റെ കയപ്പ് തീർന്നപ്പോൾ, അവന്റെ

ഒപ്പമുള്ളവന് ആവേശം കൂടി. അവൻ ലക്ഷ്യം വെച്ചത് എന്നെയായിരുന്നു.

അവൻ എന്നെ മേശപ്പുറത്ത് കിടത്തിക്കൊണ്ട്, അവന്റെ കാമവെറി എന്നിൽ തീർക്കാൻ തുടങ്ങി. അവന്റെ പരാക്രമണം കണ്ടുനിൽക്കാൻ ഡാനിക്ക് കഴിഞ്ഞിരുന്നില്ല. അവൻ എഴുന്നേറ്റു വന്നുകൊണ്ട് എന്നെ പീഡിപ്പിച്ചു കൊണ്ടിരുന്ന ക്രൂരനെ പൊതിരെ തല്ലി. ഡാനിയുടെ കൈകൾ ബന്ധിപ്പിക്കപ്പെട്ടതായിരുന്നെങ്കിലും, അവനെക്കൊണ്ട് ആകുന്ന വിധത്തിൽ എല്ലാം അവൻ അവരെ നേരിട്ടിരുന്നു.

ഡാനിയുടെ കൈകൾ സ്വതന്ത്രമായതോടെ അവൻ, അവരെ കീഴ്പ്പെടുത്തി. അതിനിടയിൽ ആ സംഘത്തിലുള്ള മറ്റുചിലർ അവിടേക്ക് വന്നു. അവർക്കും ഡാനി വേണ്ടുവോളം കൊടുത്തു. ആയൊരു നിമിഷം ഡാനി ഞങ്ങളെയെല്ലാം രക്ഷപ്പെടുത്തുമെന്ന ഒരു തോന്നൽ എനിക്കുണ്ടായിരുന്നു. പക്ഷേ ഏതൊരു മനുഷ്യനെയും ആയുധം കൊണ്ട് കീഴ്പ്പെടുത്താൻ പറ്റുമല്ലോ. ഇവിടെയും അതുതന്നെയാണ് സംഭവിച്ചത്. അവർ തോക്കിന്റെ പുറകുവശം കൊണ്ട്, ഡാനിയേ തല്ലി അവശനാക്കി.

എന്നെ ഭക്ഷിച്ച ക്രൂരൻ ദേഷ്യത്തോടെ, ഡാനിയെ എടുത്ത് മേശയുടെ മുകളിൽ കിടത്തി പറഞ്ഞറിയിക്കാനാവാത്ത ക്രൂരതയോടെ അവൻ ഡാനിയുടെ മേൽ തന്റെ കോപം ചൊരിഞ്ഞു. ഞാൻ അവനെ തടയാൻ ശ്രമിച്ചപ്പോൾ, ആ കൂട്ടത്തിലെ ഒരാൾ എന്റെ തലയിൽ ശക്തമായി അടിച്ചു. ഇരുട്ട് എന്റെ കാഴ്ചയെ വിഴുങ്ങി. പിന്നെ എനിക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല. പക്ഷേ ആ രാക്ഷസന്മാരുടെ അട്ടഹാസങ്ങൾ ഞാൻ കേൾക്കുന്നുണ്ടായിരുന്നു. പതിയെ ആ ശബ്ദങ്ങളും നിലച്ചു തുടങ്ങി.

***

അത്രമാത്രമായിരുന്നു ആ കുറിപ്പിൽ ഉണ്ടായിരുന്നത്. എന്നെ സ്തംഭിച്ചു നിർത്താൻ അത് തന്നെ ധാരാളമായിരുന്നു.

ഡാനിയുടെ ജീവിതത്തിൽ ഇത്രയും വലിയൊരു ദുരന്തം അരങ്ങേറുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. അതിനുശേഷം ഡാനിക്ക് എന്താണ് സംഭവിച്ചതെന്ന് എനിക്ക് അറിയേണ്ടിയിരുന്നു. അതിനുള്ള ഉത്തരം അവിടെ നിന്നും ലഭിക്കില്ലെന്ന് ഞങ്ങൾക്കറിയാമായിരുന്നു. അതുകൊണ്ട് ഞങ്ങൾ തിരികെ ലണ്ടനിലേക്ക് മടങ്ങാൻ തീരുമാനിച്ചു.

ലണ്ടനിലേക്ക് തിരിക്കുന്നതിന് മുമ്പേ ഞങ്ങൾ സീതയെ കാണാൻ വേണ്ടി പോയിരുന്നു. സീതയുടെ മേൽവിലാസം ശരിയായതുകൊണ്ട്, അവരെ ഞങ്ങൾക്ക് പെട്ടെന്ന് തന്നെ കണ്ടെത്താൻ സാധിച്ചു.

സീത ഇപ്പോൾ അവളുടെ സഹോദരിക്കൊപ്പമാണ് താമസം. അവർ ഇതുവരെയായിട്ടും കല്യാണം കഴിച്ചില്ലായിരുന്നു. അത് എനിക്കൊരു ഷോക്കായി തോന്നിയിരുന്നു.

ഡാനി മരിച്ച വിവരം അറിഞ്ഞിട്ട് കൂടി അവർ മറ്റൊരാളെ വിവാഹം ചെയ്യാൻ ഒരുക്കമല്ലായിരുന്നു. അവർ ശിഷ്ടകാലം, തനിച്ച് ജീവിക്കാൻ ആയിരുന്നു തീരുമാനിച്ചത്.

ഇക്കാര്യങ്ങളെല്ലാം സീതയുടെ സഹോദരിയുടെ മകളായിരുന്നു ഞങ്ങൾക്ക് പറഞ്ഞു തന്നത്. ഞങ്ങൾ അവിടെ പോയ സമയത്ത് സീത അവിടെ ഇല്ലായിരുന്നു. പനി കാരണം സീതയെ ആശുപത്രിയിൽ ആക്കിയതായിരുന്നു.

തുടർന്ന് ഞങ്ങൾ അവരെ കാണാൻ വേണ്ടി ആശുപത്രിയിൽ ചെന്നു. അവരുടെ ആരോഗ്യം അല്പം മെച്ചപ്പെട്ടിരുന്നു. അതുകൊണ്ട് ഞങ്ങൾ നടന്ന സംഭവങ്ങളെല്ലാം അവരോട് വിശദമായി പറഞ്ഞുകൊടുത്തു. ആ സമയം അവർ ഞങ്ങളെ അത്ഭുതത്തോടെ ആയിരുന്നു നോക്കിയിരുന്നത്. ഞങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം അവർ പൂർണമായി വിശ്വസിച്ചില്ലെന്ന് എനിക്ക് ഉറപ്പായിരുന്നു.

"ഞങ്ങൾ പറഞ്ഞതെല്ലാം നേരാണ്. ഒരു കെട്ടുകഥ ചമച്ചുകൊണ്ട് ഞങ്ങൾക്ക് ലണ്ടനിൽ നിന്നും ഇവിടേക്ക് വരേണ്ട ആവശ്യമില്ലല്ലോ" അവരുടെ സംശയം മാറ്റാൻ വേണ്ടി ഞാൻ പറഞ്ഞു.

"നിങ്ങൾ പറഞ്ഞതെല്ലാം എനിക്ക് പൂർണമായി വിശ്വസിക്കാൻ പറ്റുന്നില്ല" അവർ പറഞ്ഞു.

"അതേ മാം ഞങ്ങൾ പറഞ്ഞതെല്ലാം സത്യമാണ്. എന്റെ സഹോദരന്റെ ജീവൻ ഇപ്പോൾ അപകടത്തിലാണ്," ജൂലി പറഞ്ഞു.

"നിങ്ങൾ പറഞ്ഞത് നേരാണോയെന്നറിയാൻ വേണ്ടി, നിങ്ങളുടെ കൂടെ ലണ്ടനിലേക്ക് വരാൻ എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ ഈ ഒരു അവസ്ഥയിൽ എനിക്ക് എന്തായാലും വരാൻ കഴിയില്ല."

"നിങ്ങൾ സുഖം പ്രാപിച്ചു കഴിഞ്ഞാൽ, ഉടനെ ലണ്ടനിലേക്ക് വരണം. അതിനുവേണ്ടിയുള്ള എല്ലാ ഏർപ്പാടുകളും ഞങ്ങൾ ഇപ്പോൾ തന്നെ ചെയ്തുവെക്കുന്നുണ്ട്."

സുഖമായി കഴിഞ്ഞാലുടനെ ലണ്ടനിലേക്ക് വരാമെന്ന് അവർ സമ്മതിച്ചു. ലണ്ടനിലേക്ക് അവരെ അയക്കുന്ന ചുമതല ഞങ്ങൾ അവരുടെ സഹോദരി പുത്രിക്കായിരുന്നു നൽകിയത്. അവൾ യാതൊരു മടിയും കൂടാതെ അതിന് സമ്മതം മൂളുകയും ചെയ്തു.

ലണ്ടനിൽ തിരികെയെത്തിയ ഉടനെ ഞങ്ങൾ ഫാദർ ഗബ്രിയേലിന്, ഡാനിയുടെ ജീവിതത്തിൽ നടന്ന സംഭവങ്ങളെ കുറിച്ചെല്ലാം വിശദമായി പറഞ്ഞുകൊടുത്തു. ഡാനി എങ്ങനെയാണ് മരണപ്പെട്ടതെന്നത് ഒരു ചോദ്യചിഹ്നമായി നിൽക്കുന്നത് കൊണ്ട് അദ്ദേഹം ഡാനിയുടെ മരണത്തെക്കുറിച്ച് വിശദമായി അന്വേഷിക്കാൻ തീരുമാനിച്ചു. രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത ഒട്ടുമിക്ക ആർമിക്കാരെയും അദ്ദേഹം പോയി കണ്ടു. ഒടുവിൽ ആർമിക്കാരനായ ഒരു ഡോക്ടറിൽ നിന്നും ഡാനിയുടെ മരണത്തെപ്പറ്റി അദ്ദേഹത്തിന് അറിയാൻ കഴിഞ്ഞു.

അന്നു തന്നെ അദ്ദേഹം ഞങ്ങളെ കാണാൻ വേണ്ടി മന്ദിരത്തിലേക്ക് വന്നിരുന്നു. ഡാനി എങ്ങനെയാണ് മരണപ്പെട്ടതെന്ന് അദ്ദേഹം ഞങ്ങൾക്ക് വിവരിച്ചു തന്നു.

വളരെ കഷ്ടപ്പെട്ടുകൊണ്ടായിരുന്നു ബ്രിട്ടീഷ് ആർമി, അതിർത്തിയിൽ നുഴഞ്ഞുകയറിയ ആ കൂട്ടത്തെ തുരത്തി ഓടിച്ചിരുന്നത്. അവർ പിടിച്ചു വെച്ച കുറച്ചു പട്ടാളക്കാരെ മാത്രമേ അവർക്ക് രക്ഷപ്പെടുത്താൻ കഴിഞ്ഞിരുന്നുള്ളൂ. ആ കൂട്ടത്തിൽ ഡാനിയും സത്യയും ഉണ്ടായിരുന്നു. അവരെ ചികിത്സിക്കാൻ വേണ്ടി, ജൂലി ഇപ്പോൾ താമസിക്കുന്ന മന്ദിരത്തിലേക്കായിരുന്നു കൊണ്ടുവന്നത്. ആ കാലത്ത് ആർമിക്കാരെ ചികിത്സിക്കാൻ വേണ്ടിയായിരുന്നു ഈ മന്ദിരം ഉപയോഗിച്ചിരുന്നത്.

ചികിത്സിക്കാൻ കൊണ്ടുപോകുന്ന സമയത്ത് തന്നെ ഡാനിയുടെ അവസ്ഥ വളരെ മോശമായിരുന്നു. ഡാനിയുടെ സ്ഥിതി വളരെ മോശമായതുകൊണ്ടും, ബെട്ടുകൾ ഒഴിവില്ലാത്തതുകൊണ്ടും, അവർ ഡാനിയെ ഫാദർ ഡേവിസിന്റെ മുറിയിലായിരുന്നു കിടത്തിയിരുന്നത്. രണ്ടുദിവസം അവൻ ജീവനുവേണ്ടി പോരാടി. മൂന്നാം ദിവസമായപ്പോൾ അവൻ മരണപ്പെട്ടു. യുദ്ധം കാരണം, ചികിത്സയ്ക്കിടയിൽ മരണപ്പെടുന്ന സൈനികരെ എല്ലാം അവർ മന്ദിരത്തിന്റെ അടുത്തുള്ള ഒരു പറമ്പിലായിരുന്നു കുഴിച്ചിടാറ്. ഡാനിയേയും അവർ അവിടെ തന്നെയായിരുന്നു കുഴിച്ചിട്ടത്. അവിടെയാണ് ഇപ്പോൾ ലാബ്രിന്ത് നിർമ്മിച്ചിരിക്കുന്നത്.

ഡാനിയേ കുറിച്ചുള്ള കഥകൾ എല്ലാം വിവരിച്ചു കഴിഞ്ഞ ശേഷം ഫാദർ ചില നിർദ്ദേശങ്ങൾ ഞങ്ങൾക്ക് നൽകി.

"ഡാനി എങ്ങനെയാണ് മരണപ്പെട്ടതെന്ന് നിങ്ങൾക്ക് ഇപ്പോൾ മനസ്സിലായിട്ടുണ്ടാവും. അവന്റ ആത്മാവിന് ശാന്തി ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് എനിക്ക് വ്യക്തമായി അറിയില്ല. സാധാരണ ദുർമരണം സംഭവിക്കുന്ന ഒരു വ്യക്തിയുടെ ആത്മാവിന് മോശം

ലഭിക്കാറില്ല. ഇവിടെ ഡാനിയുടെത് ഒരു ദുർമരണം ആണ്. മാത്രവുമല്ല അവൻ ഫാദർ ഡേവിസിന്റെ മുറിയിൽ വെച്ചാണ് മരണപ്പെടുന്നത്. ആ മുറിയിൽ വെച്ചായിരുന്നു ഫാദറിന്റെ അനുയായികൾ, ഫാദറിന്റെ ആത്മാവിനെ വിളിച്ചുവരുത്തിയിരുന്നത്. അതുകൊണ്ട് ആയൊരു മുറി അന്നേ ഒരു നെഗറ്റീവ് സ്പെയ്സായിട്ട് മാറിയിരുന്നു. ഒരുപക്ഷേ ഈ കാരണങ്ങൾ കൊണ്ടാവാം ഡാനിയുടെ ആത്മാവിന് ശാന്തി ലഭിക്കാതിരുന്നത്."

"എന്തായാലും ആ ആത്മാവിനെ പരലോകത്തേക്ക് പറഞ്ഞയക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഡാനിക്ക് ദൈവവിശ്വാസം ഇല്ലാത്തതുകൊണ്ട് അവൻ ഒരിക്കലും നന്മ വശം സ്വീകരിക്കുകയില്ല. ഞാനടങ്ങുന്ന ളോഹ അണിഞ്ഞ അച്ചന്മാരോട് അവന് പണ്ടുമുതലേ വെറുപ്പാണ്. അതുപോലെ ഇംഗ്ലീഷുകാരോടും അവനു പകയുണ്ട്. അവൻ ആരോടൊക്കെ, എങ്ങനെയൊക്കെ പ്രതികാരം ചെയ്യും എന്ന് പറയാൻ പറ്റില്ല. നമ്മൾ ഇപ്പോൾ നേരിടാൻ പോകുന്നത് ശക്തിയാർന്ന ഒരു സാത്താനെയാണ്. അതുകൊണ്ട്, അതിനനുസരിച്ചുള്ള ഒരുക്കങ്ങൾ വേണം നമുക്ക് നടത്താൻ. ഇക്കുറി വലിയൊരു എക്സോസിസം നടത്താനാണ് ഞാൻ വിചാരിക്കുന്നത്. ഇതൊരു ദിവസം കൊണ്ട് തീർന്നെന്ന് വരില്ല ചിലപ്പോൾ കുറേ ദിവസങ്ങൾ എടുത്തെന്ന് വരാം. ജപമാലയുടെ ശക്തിയും പരിശുദ്ധ കന്യാമറിയത്തോടുള്ള ഭക്തിയുമാണ് നമ്മൾ ഇനി പ്രയോജനപ്പെടുത്തേണ്ടത്."

അദ്ദേഹം ഒരു ദീർഘശ്വാസം വിട്ടുകൊണ്ട് തുടർന്നു. "ഭൂതോച്ചാടനത്തിൽ എന്നെ സഹായിക്കാൻ ഫാദർ ഡേവിഡ് അടങ്ങുന്ന നാലു പുരോഹിതന്മാറുണ്ടാവും. ഈ പ്രാവശ്യം ജൂലി ഭൂതോച്ചാടനത്തിൽ പങ്കെടുക്കാതിരിക്കുന്നതായിരിക്കും നല്ലത്. ഭൂതോച്ചാടനം മുടക്കാൻ ഡാനി തന്നാൽ കഴിയുന്നതെല്ലാം ചെയ്യും. ജാക്കിനെ വെച്ചുകൊണ്ട് അവൻ നമ്മളുടെ സിമ്പതി നേടിയെടുക്കാൻ ശ്രമിച്ചെന്ന് വരാം. അല്ലെങ്കിൽ ജാക്കിനെ വെച്ചുകൊണ്ട് അവൻ നമ്മളെ ഭീഷണിപ്പെടുത്തിയെന്നും വരാം. എന്തായാലും ജൂലിയെ

സമ്മർദ്ദത്തിൽ ആക്കാൻ ഡാനിക്ക് സാധിക്കും. അതുകൊണ്ട് ജൂലി ഈ എക്സോസിസത്തിൽ നിന്നും വിട്ടുനിൽക്കണം."

"ഞാൻ വിട്ടുനിൽക്കാം. പക്ഷേ എന്റെ സഹോദരനെ, ഒരു പോറലും കൂടാതെ താങ്കൾ എനിക്ക് തിരിച്ചു നൽകണം."
ജൂലി വികാരഭരിതയായി.

"നീ വിഷമിക്കേണ്ട, നിനക്ക് പകരം ഞാൻ ഉണ്ടാവും. എക്സോസിസം നടത്തുമ്പോൾ എന്തായാലും ഒരു ഡോക്ടറിന്റെ സാന്നിധ്യം വേണ്ടതല്ലേ."

ഞാൻ പറഞ്ഞത് കേട്ടപ്പോഴാണ് അവൾക്ക് അല്പം ആശ്വാസം തോന്നിയത്. എന്റെ കോൺഫിഡൻസ് കണ്ടിട്ട് ഫാദറിനും അത്ഭുതം തോന്നിയിരുന്നു.

അന്ന് ഫാദർ പുറപ്പെടുന്നതിനു മുൻപായി. എന്നെ ഒറ്റയ്ക്ക് കാണണമെന്ന് പറഞ്ഞിരുന്നു. അതനുസരിച്ച്, പിറ്റേ ദിവസം ഞാൻ ഫാദറിനെ കാണാൻ വേണ്ടി പള്ളിയിൽ പോയിരുന്നു.

എന്നോട് മാത്രമായി ഫാദറിന് ചില കാര്യങ്ങൾ സംസാരിക്കാൻ ഉണ്ടായിരുന്നു. അതുകൊണ്ടായിരുന്നു അദ്ദേഹം എന്നെ കാണണമെന്ന് പറഞ്ഞത്. പള്ളിയിലെ പൂന്തോട്ടത്തിലൂടെ നടക്കുമ്പോൾ അദ്ദേഹം അതിനെക്കുറിച്ച് സംസാരിച്ചു തുടങ്ങി.

"ഞാൻ ജൂലിയോട് അത് പറയാനുള്ള പ്രധാന കാരണം എന്താണെന്ന് വെച്ചാൽ, രണ്ടുവർഷം മുമ്പ് ഞാനൊരു പത്ത് വയസ്സുകാരിയെ എക്സോസിസം ചെയ്തിരുന്നു. എക്സോസിസം നടത്തുന്നത് കാണണമെന്ന് അവളുടെ അമ്മ വാശി പിടിച്ചപ്പോൾ ഞങ്ങൾക്ക് അവരെയുമാ എക്സോസിസത്തിൽ പങ്കെടുത്തേണ്ടിവന്നു. ആ കുട്ടിയുടെ ദേഹത്ത് കുടികൊള്ളുന്ന ആത്മാവ് ആ കുട്ടിയെ വെച്ചുകൊണ്ട് അവളുടെ അമ്മയെ ഭീഷണിപ്പെടുത്തി. അതുകാരണം അവളുടെ അമ്മ ഞങ്ങളെ എക്സോസിസം പൂർത്തീകരിക്കാൻ അനുവദിച്ചില്ല. തന്മൂലം ആ കുട്ടി മരണപ്പെടുകയും ചെയ്തു. ഒരുപക്ഷേ അന്ന് ഞങ്ങൾക്കാ എക്സോസിസം പൂർത്തീകരിക്കാൻ

കഴിഞ്ഞിരുന്നുവെങ്കിൽ, ആ കുട്ടിയുടെ ജീവന് ഒരു ആപത്തും പറ്റില്ലായിരുന്നു."

അദ്ദേഹം ഒരു നേർത്ത വിരഹത്തോടെ തുടർന്നു. "ഈ സംഭവം എന്നെ വല്ലാതെ തളർത്തിയിരുന്നു. പിന്നെ എന്റെ ഗുരുക്കന്മാരുടെ സഹായത്തോടെയാണ് ഞാൻ വീണ്ടും എക്സോസിസം നടത്താൻ പ്രാപ്തനായത്. ഇവിടെയും അത്തരത്തിലുള്ളൊരു അനിഷ്ടവും സംഭവിക്കാതിരിക്കാൻ വേണ്ടിയാണ് ഞാൻ അങ്ങനെയൊക്കെ പറഞ്ഞത്. ഭൂതോച്ചാടനം നടക്കുന്ന വേളയിൽ, ഒരാളുടെ മനസ്സൊന്ന് പതറിയാൽ പിന്നെ അത് ആ ആത്മാവ് കുടികൊള്ളുന്ന ആളുടെ ജീവനുതന്നെ ആപത്തായി മാറിയേക്കും. അതുകൊണ്ട് നിനക്ക് പേടിയുണ്ടെങ്കിൽ ഈ എക്സോസിസത്തിൽ നിന്നും പിന്മാറുന്നതായിരിക്കും നല്ലത്."

"ഫാദർ പറഞ്ഞതിന്റെ സീരിയസ്നസ് എനിക്ക് മനസ്സിലാവുന്നുണ്ട്. പക്ഷേ ഞാൻ എന്തും നേരിടാൻ തയ്യാറാണ്. എന്റെ മനസ്സിന് ഒരു ഇളക്കം പോലും തട്ടാതെ ഞാൻ നോക്കും."

"നല്ലത്," ഫാദർ എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പറഞ്ഞു.

ഞാൻ ജൂലിയോട് ഫാദർ പറഞ്ഞു തന്ന കാര്യത്തെക്കുറിച്ച് വിശദമായി പറഞ്ഞുകൊടുത്തു. അപ്പോഴാണ് അവൾക്ക് കാര്യങ്ങളുടെ കിടപ്പുവശത്തെക്കുറിച്ച് ശരിക്കും മനസ്സിലായത്.

ജാക്കിയുടെ അവസ്ഥ മോശമായതുകൊണ്ട്. അവളെ ചികിത്സിക്കാൻ വേണ്ടി, ഞാൻ അവളെ ഭ്രാന്താശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരുന്നു. അവൾക്ക് ഒറ്റയ്ക്ക് നിൽക്കാൻ മടി ഉള്ളതുകൊണ്ട്. ഞാൻ ജൂലിയോട് എക്സോസിസം കഴിയുന്നത് വരെ അവളുടെ കൂടെ നിൽക്കാൻ വേണ്ടി പറഞ്ഞു.

എക്സോസിസം നടത്താൻ ഒരുങ്ങുന്നതിനു മുൻപായി ഞങ്ങൾ ആ മന്ദിരത്തിൽ ഒത്തുകൂടിയിരുന്നു. ഫാദർ ഡേവിഡിനെ കൂടാതെ മറ്റു

മൂന്ന് അച്ചന്മാരും ഉണ്ടായിരുന്നു ഞങ്ങളുടെ ഒപ്പം. ഫാദർ ഗബ്രിയേൽ എക്സോസിസത്തിനെ സംബന്ധിച്ചുള്ള കാര്യങ്ങളെക്കുറിച്ച് പറയാൻ തുടങ്ങി.

"നമ്മൾ ഒക്ടോബർ മുപ്പത്തിയൊന്നാം തീയതിയാണ് എക്സോസിസം നടത്താൻ പോകുന്നത്. സെലിറ്റിക്സ് വിശ്വാസമനുസരിച്ച് പുതുവർഷം പിറവി എടുക്കുന്നതിന്റെ തലേദിവസം, അതായത് ഒക്ടോബർ മുപ്പത്തി ഒന്നിന് മനുഷ്യരുടെ ലോകവും പരലോകവും തമ്മിലുള്ള അതിർത്തി നഷ്ടപ്പെടും. എന്തുകൊണ്ടും ഡാനിയുടെ ആത്മാവിനെ പരലോകത്തേക്ക് അയയ്ക്കാൻ പറ്റിയൊരു ദിവസമാണ് അത്. ഡാനിയുടെ ആത്മാവ് ഭയപ്പെടുന്ന ഒരു സ്ഥലത്ത് വെച്ച് വേണം നമുക്കീ എക്സോസിസം നടത്താൻ."

"ഫാദർ ഡേവിസിന്റെ മുറി അതിന് അനുയോജ്യമായിരിക്കും" ഞാൻ പറഞ്ഞു.

"അതെ. പക്ഷേ അതിലും ഉപരി അനുയോജ്യമായ സ്ഥലമാണ്, ലാബ്രിന്ത്. അവിടെയാണ് ഡാനിനെ അടക്കം ചെയ്തത്. അതുകൊണ്ട് നമ്മൾ അവിടെ വെച്ചായിരിക്കും ആദ്യം എക്സോസിസം നടത്തുക. അവിടുന്ന് എന്തെങ്കിലും തടസ്സം വന്നാൽ നമ്മൾ അവനെ ഫാദർ ഡേവിസിന്റെ മുറിയിലേക്ക് കൊണ്ടുപോകും. അതിനുമുമ്പായി നമുക്ക് ഡാനിയുടെ അസ്ഥി കുഴിച്ചെടുക്കണം. അത് എന്തിനാണെന്നുള്ള കാര്യം ഞാൻ പിന്നെ പറഞ്ഞു തരുന്നുണ്ട്. ഇനി ഞാൻ പറയാൻ പോകുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഡാനി ശക്തിയാർന്ന ഒരു സാത്താനാണ്. എക്സോസിസം മുടക്കാൻ വേണ്ടി അവൻ എന്തും ചെയ്യും. നമ്മുടെ ബലഹീനത ചൂഷണം ചെയ്തുകൊണ്ട് അവൻ നമ്മളെ തളർത്താൻ ശ്രമിക്കും. ഒരു കാരണവശാലും നമ്മൾ തളരാൻ പാടില്ല."

"അതുപോലെ സാത്താന്റെ ശക്തിയെ നിയന്ത്രിക്കാൻ പറ്റുന്ന, മാന്ത്രിക വൃത്തത്തിനുള്ളിൽ ആയിരിക്കും നമ്മൾ അവനെ ഇരുത്തുക. ഒരു കാരണവശാലും ആരും ആ വൃത്തം മായ്ച്ചുകളയരുത്. നിങ്ങൾ

അങ്ങനെ ചെയ്യില്ലെന്ന് എനിക്കറിയാം. പക്ഷേ നിങ്ങളെ അനുസരണമുള്ളവരാക്കാൻ അവൻ തന്നാലാവുന്നതെല്ലാം ചെയ്യും. അവനെ ആ വലയത്തിൽ ഇരുത്തിയാലും, അവന്റെ ശക്തി പൂർണ്ണമായി നശിക്കുന്നില്ലെന്നോർക്കണം. അവന് പല മായ കാഴ്ചകളും കാണിച്ചുകൊണ്ട് നമ്മളെ ഭയപ്പെടുത്താൻ സാധിക്കും. അവന്റെ ഏതൊരു ആക്രമത്തെയും നേരിടാൻ നിങ്ങൾ തയ്യാറെടുക്കണം. പിന്നെ ഒരു കാര്യം. ഡാനിയെ മാത്രമല്ല ലാബ്രിന്തിൽ അടക്കം ചെയ്തിരിക്കുന്നത്. രണ്ടാം ലോകമഹായുദ്ധത്തിൽ ഈ മന്ദിരത്തിൽ വെച്ച് മരണമടിഞ്ഞ പല സൈനികരെയും അവിടെ തന്നെയാണ് അടക്കം ചെയ്തത്. മുൻപ് ഞാൻ പറഞ്ഞതുപോലെ. ഒക്ടോബർ മുപ്പത്തി ഒന്നാം തീയതിയിൽ മരിച്ചവരുടെ ലോകവും നമ്മുടെ ലോകവും തമ്മിലുള്ള അതിർത്തി വളരെ ദുർബലമായിരിക്കും. അതുകൊണ്ട് നമുക്ക് അവിടെ അസ്വസ്ഥരായ ആത്മാക്കളെ കണ്ടുമുട്ടാൻ കഴിയും, അതിനാൽ എല്ലാവരും കുരിശുമാല കഴുത്തിൽ അണിയുന്നത് നല്ലതായിരിക്കും."

അദ്ദേഹത്തിന്റെ വിശദീകരണം കേട്ടപ്പോളാണ്, ഞങ്ങൾ നേരിടാൻ പോകുന്ന ആപത്തിന്റെ തീവ്രത എത്രമാത്രമുണ്ടെന്ന് എനിക്ക് മനസ്സിലായത്.

ചർച്ച അവസാനിപ്പിക്കുന്നതിനു മുമ്പ്, സീതയെക്കുറിച്ച് എന്തെങ്കിലും വിവരം ലഭിച്ചോ എന്ന് അച്ഛൻ എന്നോട് ചോദിച്ചു.

"അവർ സുഖം പ്രാപിച്ചു കഴിഞ്ഞാൽ അറിയിക്കാം എന്നാണ് പറഞ്ഞത്," ഞാൻ പറഞ്ഞു.

"ഡാനിയുടെ വീക്ക്നെസ്സാണ് സീത. ഒരുപക്ഷേ അവർ പറയുന്നത് ഡാനി കേട്ടെന്നു വരാം. അതിനാൽ അവരോട് കഴിയുന്നത്ര വേഗത്തിൽ ഇവിടേക്ക് വരാൻ പറയണം. ഇനി അവർ വന്നില്ലെങ്കിലും, ഒക്ടോബർ മുപ്പത്തി ഒന്നാം തീയതിയിൽ നമ്മൾ എക്സോസിസം നടത്തും" ഫാദർ ഗബ്രിയേൽ പറഞ്ഞു.

ഫാദർ പറഞ്ഞ കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് ഞാൻ സീതയ്ക്ക് ഒരു കമ്പി അയച്ചു. എന്നാൽ സീതയിൽ നിന്നും തിരിച്ചൊരു വിവരവും ലഭിച്ചില്ലായിരുന്നു.

## ഇരുപത്തിയൊന്ന്

അങ്ങനെ മുപ്പത്തി ഒന്നാം തീയതി ഞങ്ങൾ പറഞ്ഞുറപ്പിച്ചത് പോലെ, എക്സോസിസത്തിന് വേണ്ടിയുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തി.

ഡോക്ടറുടെ മാർഗനിർദേശപ്രകാരം ഞങ്ങൾ ഡാനിയുടെ ശവക്കുഴി കണ്ടെത്തി. തുടർന്ന് ഞങ്ങളാ കുഴിമാടം തോണ്ടിക്കൊണ്ട് ഡാനിയുടെ അസ്ഥി പുറത്തെടുത്തു. ഫാദർ ഗബ്രിയേൽ അവ ഒരു പാത്രത്തിലാക്കി ഫാദർ ഡേവിഡ്സിന്റെ മുറിയിൽ സുരക്ഷിതമായി സൂക്ഷിച്ചു. രാത്രിയായപ്പോൾ ഞങ്ങൾ ജാക്കിനെ ബോധം കെടുത്തിക്കൊണ്ട് അവനെ ലാബ്രിന്തിലേക്ക് കൊണ്ടുവന്നു. അവിടെ ഫാദർ ഗബ്രിയേൽ ഒരുക്കിവെച്ച മന്ത്ര വലയത്തിനുള്ളിലെ കസേരയിൽ ഞങ്ങൾ അവനെ ബന്ധനസ്ഥനാക്കി ഇരുത്തി.

ഫാദർ ഗബ്രിയേൽ ജാക്കിനെ അഭിമുഖീകരിച്ചായിരുന്നു നിന്നത്. മറ്റു നാലച്ചന്മാരും അവന്റെ ഇരുവശങ്ങളിലായിട്ടായിരുന്നു നിന്നത്. ഞാൻ ഫാദർ ഗബ്രിയേലിന്റെ അടുത്തായിരുന്നു നിന്നിരുന്നത്.

"ദ പവർ ഓഫ് ക്രൈസ് കമ്പൽസ് യു" ഫാദർ ഗബ്രിയേൽ പ്രാർത്ഥന ചൊല്ലാൻ തുടങ്ങി.

ഞങ്ങളെല്ലാം അതേറ്റുചൊല്ലി.

ജാക്ക് ഒരു ദീർഘനിശ്വാസം വിട്ടുകൊണ്ട് കോപം അടക്കി, പതുക്കെ കണ്ണുകൾ തുറന്നു. അവന്റെ കൃഷ്ണമണികൾ ഇരുണ്ട കാർമേഘങ്ങൾ പോലെയായി മാറിയിരുന്നു.

"ഹലോ ഫാദർ" അവൻ ചുറ്റും നോക്കിക്കൊണ്ട് തുടർന്നു. "ഗ്രേറ്റ്, നിങ്ങൾ വീണ്ടും ഒരു കൊലപാതകം ചെയ്യാൻ പോകുകയാണോ. ഇതിനുമുമ്പ് ഒരു പിഞ്ചുകുട്ടിയെ കൊന്നത് നിങ്ങൾക്ക് ഓർമ്മയില്ലേ?"

ഫാദർ അവന് ചെവി കൊടുക്കാതെ, പ്രാർത്ഥനയിൽ മാത്രം ശ്രദ്ധിച്ചു.

"ഫാദർ എന്നെ ഓർമ്മയില്ലേ. നിങ്ങളാണ് എന്നെ കൊന്നത്,"

ജാക്കിന്റെ ചുണ്ടുകളായിരുന്നു ചലിച്ചത്, പക്ഷേ പുറത്തുവന്ന ശബ്ദം ഒരു കൊച്ചു പെൺകുട്ടിയുടെ അതിലോലമായ, വേട്ടയാടുന്ന ശബ്ദമായിരുന്നു.

ആ ശബ്ദം കേട്ടതും, ഫാദർ സ്തംഭിച്ചു നിന്നു പോയി.

"നിങ്ങളാണ് എന്റെ ജീവൻ നശിപ്പിച്ചത്. ഇപ്പോൾ ഞാൻ നരകത്തിൽ കിടന്ന് നരകിക്കുകയാണ്."

"എന്നോട് ക്ഷമിക്കൂ. ഞാൻ മനപ്പൂർവം നിന്നെ കൊന്നതല്ല" ഫാദർ പെട്ടെന്ന് വികാരഭരിതനായി.

"ഇല്ല ഫാദർ നിങ്ങളോട് ഞാൻ ഒരിക്കലും ക്ഷമിക്കില്ല. എനിക്ക് നിങ്ങളെ കൊല്ലാൻ ഉള്ള ദേഷ്യമുണ്ട്," ജാക്ക് രൂക്ഷമായി കൊണ്ട് പറഞ്ഞു.

അത് ഫാദർ ഗബ്രിയേലിനെ വല്ലാതെ തളർത്തി.

"ഫാദർ അത് നിങ്ങളെ തളർത്താൻ നോക്കുകയാണ്. നിങ്ങൾ തളരരുത്," ഫാദർ ഡേവിഡ് പറഞ്ഞു.

അപ്പോഴാണ് ഫാദർ ഗബ്രിയേൽ വീണ്ടും പ്രാർത്ഥന ചൊല്ലാൻ ആരംഭിച്ചത്.

"ഫാദർ, ഞാൻ നിങ്ങളുടെ കഴുത്ത് കടിച്ചു പറിച്ചു കൊണ്ട് നിങ്ങളുടെ ചോര കുടിക്കും" ജാക്ക് അലറി കൊണ്ട് പറഞ്ഞു.

ഫാദർ അവൻ പറയുന്നതൊന്നും ശ്രദ്ധിക്കാതെ, ബൈബിളിലെ വചനം വായിക്കുകയായിരുന്നു. പെട്ടെന്ന് എവിടെനിന്നോ ഒരു പെൺകുട്ടി

പ്രത്യക്ഷപ്പെട്ടുകൊണ്ട് ഫാദറിന്റെ കയ്യിൽ കയറി പിടിച്ചു. ഫാദറിന്റെ കണ്ണുകളിൽ ഭീതി നിഴലിച്ചെങ്കിലും, വിറയ്ക്കുന്ന ദൃഢനിശ്ചയത്തോടെ അദ്ദേഹം കുരിശ് ഉയർത്തി അവളുടെ നെറ്റിയിൽ അമർത്തി. പൊടുന്നനെ ആ കുട്ടിയുടെ രൂപം കത്തിച്ചാരമായി.

"ഓൾ യു ഹോളി എയ്ഞ്ചൽസ് ആൻഡ് ആർക്കെയ്ഞ്ചൽസ്," ഫാദർ ഊർജ്ജം വീണ്ടെടുത്തുകൊണ്ട് പ്രാർത്ഥിക്കാൻ തുടങ്ങി.

"പ്രേ ഫോർ ആസ്," ഞങ്ങളെല്ലാം ഫാദറിനൊപ്പം ആവേശത്തോടെ ഒത്തുചോല്ലി.

"സെന്റ് മൈക്കിൾ"

"പ്രേ ഫോർ ആസ്,"

എന്റെ ഉയർന്ന ശബ്ദം കേട്ടപ്പോൾ, ജാക്കിന്റെ കണ്ണുകൾ എന്നിൽ ഉടക്കി. ഒരു ഇരയെ കിട്ടിയ വേട്ടക്കാരനെ പോലെ അവൻ എന്നെ ഉറ്റുനോക്കാൻ തുടങ്ങി.

"ഹലോ ഡാളിംഗ്. നിനക്ക് എന്നെ ഓർമ്മയില്ലേ."

എന്നെ മുൻപ് സ്നേഹിച്ചിരുന്ന ക്രിസ്റ്റഫർ എന്ന പയ്യന്റെ സ്വരത്തിലായിരുന്നു ജാക്കത് പറഞ്ഞിരുന്നത്. ബുദ്ധിക്ക് അല്പം സ്ഥിരതക്കുറവുള്ളൊരു ചെറുക്കനായിരുന്നു ക്രിസ്റ്റഫർ. അവൻ പലരോടായി പ്രണയം അഭ്യർത്ഥിക്കുമായിരുന്നു. അതിൽ പലരും അവന്റെ പ്രണയം അവഗണിക്കുകയാണ് ചെയ്തത്. ചിലരെല്ലാം അവനെ പ്രണയിക്കുന്നത് പോലെ അഭിനയിച്ച് അവനെ പറ്റിക്കുകയും ചെയ്തിട്ടുണ്ട്. അത് അവനെ വല്ലാതെ തളർത്തിയിരുന്നു. ഇതു കാരണം അവൻ ആരോടും കൂട്ടുകൂടാറില്ലായിരുന്നു. അവൻ ഏകാകിയായി നടക്കുന്നത് കണ്ടപ്പോൾ ഞാൻ അവനോട് അല്പം സൗഹൃദപരമായി പെരുമാറാൻ ശ്രമിച്ചിരുന്നു. അവനത് പ്രണയമാണെന്ന് കരുതി എന്നെ സ്നേഹിക്കാൻ തുടങ്ങി. എനിക്ക് അവനെ ഇഷ്ടമില്ലെന്നറിഞ്ഞപ്പോൾ, അവൻ വയലൻഡാവാൻ തുടങ്ങി. പിന്നെ എനിക്ക് അവന്റെ അരികിലേക്ക് പോവാൻ തന്നെ

ഭയമായിരുന്നു. അവന്റെ ശല്യം കാരണം പിന്നീട് അവന്റെ മാതാപിതാക്കൾ അവനെ ഒരു ഭ്രാന്താശുപത്രിയിൽ ചേർക്കുകയായിരുന്നു. പിന്നെ കുറെ വർഷത്തോളം എനിക്ക് അവനെ കുറിച്ചുള്ള വിവരമൊന്നും ലഭിച്ചില്ലായിരുന്നു. അങ്ങനെയിരിക്കെയാണ് അവൻ ആത്മഹത്യ ചെയ്ത വിവരം ഞാൻ അറിഞ്ഞത്.

അവൻ സുഖം പ്രാപിച്ചു വീട്ടിൽ തിരിച്ചെത്തിയിരുന്നു. എല്ലാവരോടും വലിയ സന്തോഷത്തിൽ തന്നെയായിരുന്നു അവൻ പെരുമാറിയിരുന്നത്. എന്നിട്ടും, ആർക്കും മനസ്സിലാകാത്ത കാരണങ്ങളാൽ, അവൻ സ്വയം ജീവിതം അവസാനിപ്പിക്കുകയായിരുന്നു. ഞാൻ ഒരു സൈക്യാട്രിസ്റ്റാകാൻ തീരുമാനിച്ചതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഈ സംഭവമായിരുന്നു.

വർഷങ്ങൾക്കുശേഷം വീണ്ടും അവന്റെ ശബ്ദം കേട്ടപ്പോളാണ് എനിക്കീ പഴയ കാര്യങ്ങൾ എല്ലാം ഓർമ്മ വന്നത്.

"ഞാൻ ആത്മഹത്യ ചെയ്യാൻ കാരണം നീയാണ്. പലരും എന്റെ സ്നേഹത്തെ തള്ളിപ്പറഞ്ഞിട്ടുണ്ട്. പക്ഷേ നീ അങ്ങനെ ചെയ്യുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല" ജാക്ക് വീണ്ടും അവന്റെ സ്വരത്തിൽ സംസാരിച്ചു.

"ഞാൻ നിന്നെ ഒരു ഫ്രണ്ടായിട്ടാണ് കണ്ടത്," ഞാൻ പറഞ്ഞു.

"ഡോണ്ട് ലിസൻ ടു ഹിം" ഫാദർ ഗബ്രിയേൽ എന്നോടായി പറഞ്ഞു.

"ജാക്ക് നിന്നെ സ്നേഹിക്കുന്നുണ്ട്. അവനെയും നീ വഞ്ചിക്കുകയാണെന്നറിഞ്ഞാൽ, അവനത് താങ്ങാൻ പറ്റിയെന്നു വരില്ല. അവനും എന്നെപ്പോലെ ആത്മഹത്യ ചെയ്യും, ഇല്ലെങ്കിൽ ഞാൻ അവനെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിക്കും."

"നോ.." എന്റെ വികാരത്തെ എനിക്ക് നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നില്ല. ഞാനവനോട് അങ്ങനെ ചെയ്യരുതെന്ന് പറഞ്ഞു.

ഞാൻ തളരുന്നത് കണ്ട ഫാദർ ഗബ്രിയേൽ പ്രാർത്ഥനയുടെ വേഗത കൂട്ടി. ജാക്ക് കോപത്തോടെ, തന്നെ ബന്ധിച്ച കയറുകൾ അഴിക്കാനുള്ള ശ്രമം നടത്താൻ തുടങ്ങി.

"ഇൻ ദ നെയിം ഓഫ് ഗോഡ്, ഐ കമാൻഡ് യു, ലീവ് ദിസ് ബോഡി" ഫാദർ ഗബ്രിയേൽ കുരിശ് അവന്റെ നേർക്കു നീട്ടിക്കൊണ്ട് പറഞ്ഞു.

പെട്ടെന്ന് ജാക്ക് തന്റെ പരാക്രമങ്ങളെല്ലാം നിർത്തിയ ശേഷം, ഫാദറിനെ നോക്കിക്കൊണ്ട് പൈശാചികമായി ചിരിക്കാൻ തുടങ്ങി. അവന്റെ മാറ്റം ഞങ്ങളെയെല്ലാം അമ്പരിപ്പിച്ചിരുന്നു.

"ഷാൾ വി പ്ലേ എഗൈൻ" അവൻ ഉച്ചത്തിൽ അലറി.

ഇടിമുഴക്കം അലറുന്നതുവരെ വരെ അവൻ പറഞ്ഞതിന്റെ പൊരുൾ, ഞങ്ങൾക്കാർക്കും മനസ്സിലായിരുന്നില്ല. അപ്രതീക്ഷിതമായി ആകാശം തുറന്നു. പെട്ടെന്ന് മഴ ഭൂമിയിലേക്ക് ആഞ്ഞടിച്ചു. ഭയത്തിന്റെ ഒരു തണുത്ത തിരമാല ഞങ്ങളെയെല്ലാം കീഴടക്കി.

മഴപെയ്യാൻ തുടങ്ങിയതോടെ ഞങ്ങളുടെ പദ്ധതികൾ എല്ലാം പൊടുന്നനെ ഇല്ലാതായി. ജാക്കിന് ചുറ്റും വരച്ച ആ മാന്ത്രിക വലയം മഴ കാരണം മാഞ്ഞു പോകാൻ തുടങ്ങിയിരുന്നു.

"നമുക്ക് ഈ എക്സോസിസം ഇവിടെവെച്ച് പൂർത്തീകരിക്കാൻ പറ്റുമെന്ന് എനിക്ക് തോന്നുന്നില്ല. നീ എത്രയും പെട്ടെന്ന് ഫാദർ ഡേവിസിന്റെ മുറിയിൽ വെച്ച ഡാനിയുടെ അസ്ഥി ഉപ്പ് ചേർത്തുകൊണ്ട് കത്തിക്കണം. അതോടൊപ്പം നിന്റെ കയ്യിലുള്ള പുസ്തകത്തിലെ രണ്ടാം അധ്യായം ചൊല്ലുകയും ചെയ്യണം" ഫാദർ ഗബ്രിയേൽ എന്റെ കയ്യിൽ കുരിശ് നൽകിക്കൊണ്ട് പറഞ്ഞു. അപ്പോഴേക്കും ജാക്ക് തന്നെ ബന്ധിപ്പിച്ച കയറുകൾ പൊട്ടിച്ചു കളഞ്ഞിരുന്നു.

"സമയം കളയാതെ വേഗം ചെല്ല്, " അത് പറഞ്ഞുകൊണ്ട് ഫാദർ ഗബ്രിയേൽ തന്റെ കുരിശുമാല ഊരിക്കൊണ്ട് ജാക്കിന്റെ അടുത്തേക്ക് നീങ്ങി.

ഞാൻ ഫാദറിന്റെ ആജ്ഞ അനുസരിച്ചുകൊണ്ട് മുന്നോട്ടു നടന്നു. ഫാദറിന്റെ ശബ്ദം എന്റെ പിന്നിൽ ഉയർന്നു, കഠിനവും അടിയന്തിരവുമായ താളത്തിൽ പ്രാർത്ഥനകൾ മുഴങ്ങി.

ജാക്കിന്റെ ഭ്രാന്തമായ നിലവിളി കേട്ടപ്പോളാണ് ഞാൻ തിരിഞ്ഞു നോക്കിയത്. എന്റെ രക്തം മരവിപ്പിക്കുന്ന ഒരു കാഴ്ചയാണ് ഞാൻ അപ്പോൾ അവിടെ കണ്ടത്.

ജാക്ക് ഫാദറിന്റെ ദേഹത്തേക്ക് ചാടി വീണുകൊണ്ട്, അദ്ദേഹത്തിന്റെ കഴുത്ത് കടിച്ചു പറക്കുകയായിരുന്നു. ഒരു ചെന്നായയെപ്പോലെ അവൻ ഫാദറിന്റെ കഴുത്ത് പച്ചക്ക് ഭക്ഷിക്കാൻ തുടങ്ങിയിരുന്നു.

അവനു ചുറ്റും കൂടി നിന്ന അച്ചന്മാരെല്ലാം അവന്റെ പരാക്രമം കണ്ട് പുറകോട്ട് നീങ്ങി.

ഫാദർ മരിച്ചെന്ന് കണ്ടപ്പോൾ അവൻ ചോരയൂറുന്ന പല്ലുമായി എഴുന്നേറ്റു. അവന്റെ തീഷ്ണമായ കണ്ണുകൾ ലക്ഷ്യം വെച്ചത് എന്നെയായിരുന്നു.

"എത്രയും വേഗം ഫാദർ ഡേവിസിന്റെ മുറിയിലേക്ക് ചെല്ല്, " ഫാദർ ഡേവിഡ് വിളിച്ചു പറഞ്ഞു. മറ്റുള്ളവർ ജാക്കിന് ചുറ്റും കൂടി, അവരുടെ ശബ്ദങ്ങൾ നിരാശയോടെ പ്രാർത്ഥനയിൽ ഉയർന്നു.

പെട്ടെന്ന് എവിടെ നിന്നൊക്കെയോ ജീവനുള്ള സൈനികരുടെ മൃതദേഹം പ്രത്യക്ഷപ്പെടാൻ തുടങ്ങി. വിളറിയ മുഖങ്ങളും ശൂന്യമായ കണ്ണുകളും ഉള്ള പട്ടാളക്കാർ. അവരെല്ലാം അച്ചന്മാരുടെ അരികിലേക്കായിരുന്നു അടുത്തുകൊണ്ടിരുന്നത്.

എന്റെ അവസാന ശക്തിയും സംഭരിച്ച്, ഞാൻ ആ ലാബ്രിന്തിന്റെ പുറത്തേക്കോടി. എന്നെ പിന്തുടർന്നു കൊണ്ട് ജാക്കും വിരുന്നുണ്ടായിരുന്നു.

ദൈവകൃപയാൽ ഞാൻ എങ്ങനെയൊക്കെയോ ആ മന്ദിരത്തിന്റെ അകത്തു കയറി പറ്റി. ഇതിനിടയിൽ ചില വിചിത്ര രൂപങ്ങൾ എന്റെ

മുന്നിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഫാദർ തന്ന കുരിശിന്റെ സഹായത്തോടെയാണ് ഞാനവയെ തുരത്തിയോടിച്ചത്.

ഫാദർ ഡേവിസിന്റെ മുറിയിൽ എത്തിയതും ഞാൻ നേരെ ഡാനിയുടെ അസ്ഥി വെച്ചിരുന്ന മേശയുടെ അരികിലേക്ക് ചെന്നു. എന്നെ പിന്തുടർന്നുകൊണ്ട് ജാക്കും അകത്തേക്ക് പ്രവേശിച്ചിരുന്നു. പക്ഷേ അവന് എന്റെ അടുത്തേക്ക് വരാൻ കഴിഞ്ഞിരുന്നില്ല.

ഫാദർ ഡേവിസിന്റ മുറിയുടെ മുകൾഭാഗത്തായി ഫാദർ ഗബ്രിയേൽ, മാന്ത്രിക വൃത്തം വരച്ചിരുന്നു. ലാബ്രിന്തിൽ വെച്ച് എക്സോസിസം മുടങ്ങുകയാണെങ്കിൽ ആ മുറിയിൽ വെച്ച് വീണ്ടും എക്സോസിസം നടത്താൻ വേണ്ടിയായിരുന്നു ഫാദർ അങ്ങനെ ചെയ്തിരുന്നത്. ആ കെണിയിൽ അവൻ വന്നു കുടുങ്ങും എന്ന് ഫാദറിന് അറിയാമായിരുന്നു.

ഡാനിയുടെ ആത്മാവിനെ ഇല്ലാതാക്കേണ്ടത് അപ്പോൾ എന്റെ ഉത്തരവാദിത്തമായി മാറിയിരുന്നു. ആ ഒറ്റ ചിന്ത കൊണ്ട് തന്നെ, ഞാൻ അകപ്പെട്ടിരുന്ന ഭീതിയുടെ ചുഴിയിൽ നിന്നും എനിക്ക് കരകയറാൻ കഴിഞ്ഞിരുന്നു.

ഫാദർ ഗബ്രിയേൽ പറഞ്ഞതുപോലെ ഞാൻ ഡാനിയുടെ അസ്ഥി ഉപ്പുചേർത്തുകൊണ്ട് കത്തിക്കാൻ ഒരുങ്ങി.

"നീയത് കത്തിച്ചാൽ, ജാക്കിനെ ഞാൻ കൊല്ലും " അത് പറഞ്ഞുകൊണ്ട് അവൻ തന്റെ നഖം കൊണ്ട് ഞരമ്പ് മുറിക്കാൻ തുനിഞ്ഞു.

"അരുത് ഡാനി. നീയൊരു നല്ലവനാണ്. നീ ഇത്തരത്തിലുള്ള ക്രൂരതകൾ ചെയ്യാൻ പാടില്ല. ജാക്ക് നിന്നോട് എന്ത് തെറ്റാണ് ചെയ്തത്. നീ അവനെ വെറുതെ വിടണം."

ജാക്കിന്റെ ജീവനുവേണ്ടി അവനോട് യാചിക്കുകയല്ലാതെ എനിക്കപ്പോൾ മറ്റൊരു വഴിയും ഉണ്ടായിരുന്നില്ല.

"എന്റെ മനസ്സിലെ നന്മകളെല്ലാം നശിച്ചതാണ്. ഇപ്പോൾ എന്റെ മനസ്സിൽ പാകയാണുള്ളത്. ഒടുങ്ങാത്ത പക"

"ആരോടാണ്, നിന്റെ ജീവിതമില്ലാതാക്കിയവരെല്ലാം അന്നേ മരിച്ചതാണ്. ഇനി ആരോടാണ് നിനക്ക് പക തീർക്കേണ്ടത്."

"എല്ലാവരോടും"

"നിന്റെ ഉള്ളിൽ ഒരു നന്മ വശം ഉണ്ടെന്ന് എനിക്കറിയാം. നിന്നെ ഇപ്പോഴും ഒരു ധീരയോദ്ധാവായി കാണുന്ന ഒരാളുണ്ട്. സീത, അവരെ ഓർത്തെങ്കിലും നീ ഈ ശരീരം വിട്ടു പോകണം."

"നീയെന്റെ മനസ്സ് മാറ്റാൻ ശ്രമിക്കുകയാണോ?"

ഞാൻ ആവുന്നത്ര പറഞ്ഞിട്ടും അവന്റെ മുഖത്ത് യാതൊരു ഭാവ മാറ്റവും ഉണ്ടായിരുന്നില്ല. എന്നാൽ ഡാനി എന്നൊരു വിളി കേട്ടപ്പോളാണ്, അവന്റെ മുഖം പെട്ടെന്ന് മാറിയത്. അവനെപ്പോലെ തന്നെ ഞാനും ആ നിമിഷം അത്ഭുതപ്പെട്ടിരുന്നു. കാരണം ഫാദർ ഡേവിസിന്റെ മുറിയുടെ മുന്നിലായി സീത നിൽക്കുന്നുണ്ടായിരുന്നു.

"ഡാനി ഇത് ഞാനാണ്," അവർ പറഞ്ഞു.

ആ സമയം ജാക്കിന്റെ കണ്ണ് നിറയുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു.

"സീത" ജാക്ക് വികാരഭരിതനായി ചോദിച്ചു.

സീത അതെ എന്ന രീതിയിൽ തലയാട്ടി.

അവരുടെ കണ്ണുകൾ തമ്മിൽ എന്തൊക്കെയോ സന്ദേശങ്ങൾ കൈമാറുന്നുണ്ടായിരുന്നു. ഒരു നീണ്ട മൗനത്തിനുശേഷം സീത വീണ്ടും സംസാരിക്കാൻ തുടങ്ങി.

"നിന്നെ ഞാൻ കുറെ നാൾ കാത്തിരുന്നു. ഒടുവിൽ നീ മരിച്ചെന്ന് അറിഞ്ഞിട്ടുകൂടി ഞാൻ മറ്റൊരാളെ വിവാഹം കഴിക്കാൻ

തയ്യാറായിരുന്നില്ല. കാരണം നീ എന്റെ കൂടെ എപ്പോഴും ഉണ്ടാവും എന്ന പ്രതീക്ഷയായിരുന്നു എനിക്കി. നിന്നെ വീണ്ടും കാണും എന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. പക്ഷേ ഇങ്ങനെ കാണേണ്ടി വന്നതിൽ എനിക്ക് ദുഃഖമുണ്ട്."

"നീ ദുഃഖിക്കേണ്ട ഇതെന്റെ രണ്ടാം ജന്മമാണ്,"

"മറ്റൊരാളുടെ ജീവൻ നശിപ്പിച്ചു കൊണ്ടാണ് നീ ഇപ്പോൾ ജീവിക്കാൻ ശ്രമിക്കുന്നത്. എനിക്കറിയാവുന്ന ഡാനി അങ്ങനെ ഒരിക്കലും ചെയ്യില്ല. നീ മരിച്ചതാണ് ആ സത്യം മനസ്സിലാക്കിക്കൊണ്ട് നീ ആ ശരീരം വിടണം."

"ഞാൻ നിന്റെ പഴയ ഡാനി അല്ല. എന്നിൽ ഇപ്പോൾ അവശേഷിക്കുന്നത് പ്രതികാരം മാത്രമാണ്."

"ജീവിച്ചിരുന്ന കാലത്ത്, നീച പ്രവർത്തികൾ ചെയ്തത് കാരണമാണ് നീ മരണപ്പെട്ടത്. അത് നിനക്കറിയാം. ഇപ്പോൾ നീ വീണ്ടും നീച പ്രവർത്തികൾ ചെയ്യാനാണ് ശ്രമിക്കുന്നത്. നീ നിന്റെ അമ്മയ്ക്ക് നൽകിയ വാക്കിനെ ഓർത്തെങ്കിലും, നീ ഇനി നീച പ്രവർത്തി ചെയ്യാൻ ഒരുങ്ങരുത്."

അവരുടെ വാക്ക്, അവനെ തളർത്തുന്നുണ്ടായിരുന്നു.

"നീ കർമ്മം പൂർത്തീകരിച്ചോ. ഇനി ഡാനി നിന്നെ തടയില്ല" സീത എന്നെ നോക്കിക്കൊണ്ട് പറഞ്ഞു.

ഞാൻ ഉടനടി ഡാനിയുടെ അസ്ഥി ഉപ്പ് ചേർത്തുകൊണ്ട് കത്തിച്ചു.

അത് ഡാനിയുടെ ആത്മാവിനെ വീണ്ടും പ്രകോപിച്ചു. അവൻ തന്റെ കോപം പൂണ്ട കണ്ണുകൾ കൊണ്ട് എന്നെ തീഷ്ണമായി നോക്കി. ഞാൻ അത് വകവെക്കാതെ ആ ബുക്കിലുള്ള അധ്യായം ചൊല്ലാൻ തുടങ്ങി. അപ്പോൾ അവൻ തന്റെ കൈകൾ ഉയർത്തിക്കൊണ്ട്, ചുമരോട് ചാരിവച്ച അലമാര എന്റെ ദേഹത്തേക്ക് മറിച്ചിടാൻ ശ്രമിച്ചു.

ആ അലമാര എന്റെ ദേഹത്ത് വീണെന്നാണ് ഞാൻ കരുതിയത്. പക്ഷേ അത് ആരോ താങ്ങി നിർത്തിയത് പോലെ, എന്റെ അരികിൽ വന്നു നിൽക്കുകയായിരുന്നു.

സീതയുടെ രൂപം ഫാദർ  ഡേവിസിന്റെ രൂപമായി മാറിയപ്പോൾ ആണ് എനിക്ക് സംഭവങ്ങളെല്ലാം മനസ്സിലായത്. എന്നെപ്പോലെ ജാക്കും ആ പ്രതിഭാസം കണ്ടു അത്ഭുതപ്പെട്ടിരുന്നു. (ഫാദർ ഡേവിസ് ആയിരുന്നു സീതയുടെ രൂപത്തിൽ വന്ന് ഡാനിയെ തളർത്തിയത്.)

അലമാര വീണ്ടും പഴയ സ്ഥാനത്തേക്ക് നീക്കിവെച്ച ശേഷം, ഫാദർ ഡേവിസ് ഞാൻ ചൊല്ലിക്കൊണ്ടിരുന്ന അധ്യായത്തിന്റെ ബാക്കി ചൊല്ലാൻ തുടങ്ങി. ഞാനും അദ്ദേഹത്തോടൊപ്പം അത് ഏറ്റുചൊല്ലി.

ഡാനിയുടെ ആത്മാവ് ഒരു അലർച്ചയോടെ, ജാക്കിന്റെ ശരീരത്തിൽ നിന്ന് വേർപെട്ട് മുകളിൽ വരച്ചുവെച്ചിരുന്ന മന്ത്രക്കളത്തിലേക്ക് നീരാവിയായി ലയിച്ചു ചേരുന്നത് ഞാൻ കണ്ടു. അടുത്ത നിമിഷം, ജാക്ക് ബോധമറ്റ് നിലത്ത് വീണു.

ഘോരമായ ആ അന്തരീക്ഷം പെട്ടെന്ന് ശാന്തമായി. അതോടൊപ്പം തന്നെ ഫാദർ  ഡേവിസിന്റെ രൂപവും അപ്രത്യക്ഷമായി.

ഞാൻ ഓടിച്ചെന്ന് ജാക്കിനെ ഉയർത്തിക്കൊണ്ട് എന്റെ മടിയിൽ ഇരുത്തി. അവന്റെ മുഖത്ത് തട്ടിക്കൊണ്ട് ഞാൻ അവനെ ഉറക്കെ വിളിച്ചു. ആദ്യം ഒന്നും അവൻ പ്രതികരിച്ചിരുന്നില്ല. വീണ്ടും അവനെ തട്ടി വിളിച്ചപ്പോളാണ് അവൻ ഉണർന്നത്. അവൻ ആകെ പേടിച്ച് ഇല്ലാതായിരുന്നു. ഞാനവനെ എന്റെ മാറോടു ചേർത്തുകൊണ്ട് ആശ്വസിപ്പിച്ചു.

***

എല്ലാ ഭീകരതകളും അവിടെ അവസാനിച്ചു, ആ നിമിഷം മുതൽ നിശബ്ദത തിരിച്ചുവന്നു. ദീർഘവും ക്രൂരവുമായ ഒരു

യുദ്ധത്തിനുശേഷം നിലനിൽക്കുന്ന കനത്തതും വേദനാജനകവുമായ സമാധാനം പോലെ, ദിനങ്ങൾ എല്ലാം കടന്നുപോയി.

ഫാദർ ഗബ്രിയേൽ അടങ്ങുന്ന അച്ചന്മാരുടെ മരണം, ഒരു സാധാരണ മരണമാക്കി തീർക്കാൻ, ഭൂതോച്ചാടനം നടത്തുന്ന സംഘത്തിന് സാധിച്ചു. ഞങ്ങൾ അനുഭവിച്ച ഭീകരമായ സംഭവങ്ങൾ ഒന്നും പുറംലോകം അറിയേണ്ടെന്ന നിബന്ധന അവർക്കുണ്ടായിരുന്നു. ഈ സംഭവങ്ങളെക്കുറിച്ച് പത്രത്തിൽ വന്നാൽ തന്നെ, അതാരും വിശ്വസിക്കാൻ പോകുന്നില്ലെന്നത് മറ്റൊരു സത്യമായിരുന്നു.

ജാക്കിനെ പഴയ അവസ്ഥയിലേക്ക് കൊണ്ടുവരാൻ ഞങ്ങൾക്ക് കുറച്ചു ദിവസങ്ങൾ വേണ്ടിവന്നു. എന്തിലേറെ പറയണം ഞാൻ തന്നെ ആ ഭീതിയിൽ നിന്നും കരകയറാൻ വളരെ പ്രയാസപ്പെട്ടിരുന്നു.

ഇത്ര ചെറുപ്പത്തിൽ തന്നെ വലിയ ദുരന്തങ്ങളെല്ലാം അതിജീവിച്ച ജാക്കിനെ ഞങ്ങൾക്ക് ഒരു ഉന്മേഷവാനായ ചെറുപ്പക്കാരൻ ആക്കി മാറ്റാൻ സാധിച്ചു. ഇപ്പോൾ അവൻ ഉയർന്ന പഠനത്തിനുവേണ്ടി ഓക്സ്പോട്ടിലേക്ക് പോയിരിക്കുകയാണ്. ജാക്കിയുടെ അവസ്ഥയും ഇപ്പോൾ മെച്ചപ്പെടുന്നുണ്ട്. ഞങ്ങളുടെ ത്യാഗത്തിനും പ്രാർത്ഥനയ്ക്കും എല്ലാം ഇപ്പോൾ ഫലം കണ്ടുകൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല ഇപ്പോൾ ഏതുതരത്തിലുള്ള കേസുകളും കൈകാര്യം ചെയ്യാൻ ഞാൻ പ്രാപ്തയാണ്.

ചുരുക്കി പറയുകയാണെങ്കിൽ ഒടുവിൽ എല്ലാം നല്ലരീതിയിൽ അവസാനിച്ചു. ഒറ്റയടിക്ക് അല്ല, മറിച്ച് മൃദുവായി, നിശബ്ദമായി, ഒരു നീണ്ട രാത്രിക്ക് ശേഷമുള്ള പ്രഭാത വെളിച്ചം പോലെ.

**ജാക്കിന്റെ ഡയറി**

എന്റെ ബിരുദ പഠനം അവസാനിച്ചിരിക്കുന്നു. നീണ്ട അഞ്ചു വർഷങ്ങൾക്ക് ശേഷം ഞാൻ നാട്ടിലെത്തി. ഞാൻ വരുന്ന വിവരം ജൂലിയോട് പറഞ്ഞില്ലായിരുന്നു.

എന്റെ അപ്രതീക്ഷിതമായ വരവ് അവളെ ശരിക്കും ഞെട്ടിച്ചിരുന്നു. അവൾ എന്തു പറയണമെന്നറിയാതെ ആയിപ്പോയി.

ഞാൻ ഉത്സാഹത്തോടെ എന്റെ വിശേഷങ്ങളെല്ലാം അവൾക്ക് പറഞ്ഞു കൊടുത്തു. കത്തിൽ എഴുതാത്ത കുറെ കാര്യങ്ങൾ അവൾക്ക് എന്നോടും പറയാനുണ്ടായിരുന്നു.

ജാക്കിയുടെ അവസ്ഥ മെച്ചപ്പെട്ടെന്ന് കേട്ടപ്പോൾ എനിക്ക് വളരെ സന്തോഷമായി. പക്ഷേ എന്റെ സന്തോഷത്തെ തകർക്കുന്ന ഒരു കാര്യം അവൾക്കു പറയാനുണ്ടായിരുന്നു.

"ഈ കാര്യം നിന്നോട് മുൻപേ പറയണമെന്ന് ഞാൻ കരുതിയതായിരുന്നു. എന്നാൽ അത് നിന്റെ പഠനത്തെ ബാധിക്കുമല്ലോ എന്നോർത്തുകൊണ്ട് ഞാൻ പറയാതിരുന്നതാണ്. ഞാനിവിടെ ഒറ്റയ്ക്കല്ല താമസിക്കുന്നത്. എന്റെ കൂടെ ഒരു കുസൃതി പയ്യനുമുണ്ട്. നിന്നെ അറിയിക്കാതെ അവനെ ഞാൻ ഏതെങ്കിലും അനാഥയത്തിൽ ചേർക്കാനായിരുന്നു വിചാരിച്ചിരുന്നത്. എന്നാൽ, എന്തോ എനിക്ക് അതിന് മനസ്സ് വന്നില്ല."

അവൾ പറഞ്ഞു തീരുന്നതിനു മുൻപേ എനിക്ക് അവൻ ആരാണെന്ന് മനസ്സിലായി.

ജാക്കിയുടെ മകൻ. അതായത് എന്റെ മകൻ.

ജാക്കി പ്രഗ്നൻറ് ആയ വിവരം അവർ എന്നിൽ നിന്നും ഒളിപ്പിച്ചതായിരുന്നു. പക്ഷേ ആ വിവരം ഞാൻ അറിഞ്ഞിരുന്നു. എന്നാൽ ഞാൻ ഇതുവരെ ആ കാര്യത്തെക്കുറിച്ച് അവരോട് ചോദിച്ചില്ലായിരുന്നു. അവനെ ഏതെങ്കിലും അനാഥാലയത്തിൽ ചേർത്തിട്ടുണ്ടാവും എന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നത്. എന്നാൽ

അവൻ അവളോടൊപ്പം ഇവിടെ താമസിക്കുന്നുണ്ടെന്ന കാര്യം എനിക്കറിയില്ലായിരുന്നു.

ആ സമയത്ത് ഞാൻ അൽപ്പം വികാരഭരിതനായി.

“നീ എന്തിനാണ് വിഷമിക്കുന്നത്. നീയൊരു തെറ്റും ചെയ്തില്ലല്ലോ” എന്റെ മുഖം വാടുന്നത് കണ്ടുകൊണ്ട് ജൂലി പറഞ്ഞു.

“അവൻ എന്റെ മകനാണ്. ഞാനിതുവരെ അവനെ അങ്ങനെയാണ് കണ്ടത്. നീയും അങ്ങനെയേ കാണാവൂ. അവൻ മുകളിലെ മുറിയിൽ നിന്നും കളിച്ചു കൊണ്ടിരിക്കുകയാണ്. നീ അവനെ പോയി ഒന്ന് കാണണം. നീ അവന്റെ മാമൻ ആണെന്ന്, നീ അവനോട് പറയണം”

എനിക്ക് അവനെ കാണാൻ ആഗ്രഹമില്ലായിരുന്നു. എങ്കിലും ജൂലി പറഞ്ഞതുപോലെ, അവൻ എന്തു പിഴച്ചു. അവനും എന്നെപ്പോലെ ഒരു തെറ്റും ചെയ്തില്ലല്ലോ.

അതുകൊണ്ട്, ഞാൻ നേരെ അവനെ കാണാൻ വേണ്ടി മുകളിലേക്ക് പോയി. മുകളിലുള്ള വാതിൽക്കൽ, ഉയരമുള്ളതും ഉറച്ചതുമായ ഒരു നിഴൽ എന്നെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു.

എന്നെ നയിച്ച ജിജ്ഞാസ ഒരു നിമിഷം കൊണ്ട് അപ്രത്യക്ഷമായി. എന്നിട്ടും, വിറയ്ക്കുന്ന ചുവടുകളോടെ, ഞാൻ എന്നെത്തന്നെ ആ മുറിയിലേക്ക് തള്ളി.

അവൻ എന്റെ വരവ് കാത്തു നിൽക്കുന്നതുപോലെ, വാതിലിന്റെ മുൻപിലായി നിൽക്കുകയായിരുന്നു.

എന്നെ കണ്ടയുടനെ, അവൻ പുഞ്ചിരിച്ചു. ഓമനത്തം തുളുമ്പുന്ന അവന്റെ മുഖത്ത് തെളിഞ്ഞത് ഒരു പൈശാചികമായ ചിരിയായിരുന്നു.

ആ ചിരി ഞാൻ എവിടെയോ കണ്ടിട്ടുണ്ടായിരുന്നു. അല്ല, ഞാൻ എപ്പോഴോ അങ്ങനെ ചിരിച്ചിട്ടുണ്ട്.

**-The £nd-**

---

## പ്രൊഫൈൽ

ABHIJITH KUMAR V R

വിലാസം:  ശ്രീ ശിവ ഹൗസ് ചെങ്കുന്നത്ത്, കരുമല പി.ഒ, ബാലുശ്ശേരി, കോഴിക്കോട്

pin: 673612

email:  abithak42@gmail.com

ഫോൺ:  7907768667